കടവല്ലൂർ
അറിവിന്റെ മാമാങ്കം

ക്ളൈമാക്സ് തേടുന്ന
ഒരു പ്രണയകഥ

മലയാളി മറക്കാത്ത കിടിലൻ
'കുതിരവട്ടം' പ്രയോഗങ്ങൾ

സമാധാനത്തിന്റെ
മാലാഖമാർ

MARCH | VOL.04 | ISSUE 03

# മലയാളി.com magazine 2025



# ഹിംസയുടെ താണ്ഡവം
# ലഹരി, അക്രമം, കൊല

ഷാബാസ് വധവും വെഞ്ഞാറമ്മൂട്ടിലെ കൂട്ടക്കൊലയും.

നമ്മുടെ കുട്ടികൾക്ക് എന്ത് പറ്റി ? സിനിമയിലെ അക്രമം അതിര് വിടുന്നോ?

ജോസഫ് എബ്രഹാമിന്റെ നോവൽ
**ഒന്നാമത്തെ ദിവ്യ രഹസ്യം**
തുടങ്ങുന്നു

ബാബു ഇരുമലയുടെ
ശ്രദ്ധേയമായ കഥ:
**അണ്ടർ പാത്ത്**

പ്രിന്റെക്സ് അജിത്തിന്റെ
**തൃശ്ശിവപേരൂർ കഥകൾ**
തുടങ്ങുന്നു


MALABAR
GOLD & DIAMONDS
Malabar
With you
In all your
Celebrations
Assured Gold
Coins on
Diamond & Precious
Gem Jewellery
*T&C Apply

മലയാളി.com Magazine
DIGITAL MAGAZINE
2025
MARCH
VOL/04
ISSUE/3

Contact: mag@emalayalee.com | www.emalayalee.com

# സഹാനുഭൂതിയുടെ പാഠങ്ങൾ

ഹിംസയുടെ കലി അടങ്ങുന്നില്ല. അത് ചുറ്റിക കൊണ്ടുള്ള കൊലപാതകങ്ങളിലും നഞ്ചക്ക് കൊണ്ടുള്ള ശിരസു പിളർക്കലിലും അവസാനിക്കുന്നില്ല.ഡംമ്പലും കോമ്പസ്സും കൊണ്ടുള്ള ക്രൂരവും ഹീനവുമായ ആക്രമണങ്ങൾ , ദിവസങ്ങളോളം വെള്ളം പോലും കൊടുക്കാതെയുള്ള ആക്രമണങ്ങൾ എന്നിങ്ങനെ അവ തുടരുന്നു .സഹജീവികളെ സ്നേഹിക്കാൻ പഠിക്കേണ്ട ബാല്യ കൗമാര പ്രായത്തിൽ കൊലയാളികളായി മാറുന്ന ഈ അൽഫ ജനറേഷനെ എങ്ങനെയാണ് വിശേഷിപ്പിക്കേണ്ടത് ? കലികാലത്തിലെ നികൃഷ്ട ജന്മങ്ങൾ എന്നോ ? എന്താണ് ഈ തലമുറയ്ക്ക് പറ്റിയത് ? സാമ്പത്തിക സ്ഥിതിയിലെ മാറ്റവും അണുകുടുംബങ്ങളും ഒറ്റ സന്തതിയുള്ള കുടുംബവും അതിന്റെ സാമൂഹികമായ പ്രത്യാഘാതം അഭിമുഖീകരിക്കുകയാണോ ?അക്രമത്തെ പ്രോത്സാഹിപ്പിക്കുന്ന സിനിമകളും ദൃശ്യമാധ്യമങ്ങളുമാണോ ഇതിനു പ്രേരണ നൽകുന്നത് ?അതോ ലഹരിയുടെ പിടിയിൽ അമർന്നു പോകുകയാണോ നമ്മുടെ പുതിയ തലമുറ ?ഒരു പക്ഷെ എല്ലാം ചേർന്ന് ഈ ബാല്യ കൌമാരത്തെ തടങ്കലിൽ ആക്കുകയാണ് .

ആക്രമണ വാസന പൊതുവേ മനുഷ്യമനസ്സിൽ ഉൾചേർന്നിരിക്കുന്നതാണ് .ഹിംസയുടെ ബീജം ജീനുകളിൽ വഹിച്ചു കൊണ്ടാണ് നമ്മുടെ ജനനം തന്നെ .നിലനിൽപ്പിനായുള്ള പോരാട്ടത്തിൽ ഓരോ മൃഗവും മറ്റൊരു മൃഗത്തെ കടിച്ചു കീറും. തന്റെ മേഖല സംരക്ഷിക്കാനോ ഇണയെ വിട്ടുകൊടുക്കാതിരിക്കാനോ ഭക്ഷണത്തിനോ മാത്രമാണ് മൃഗങ്ങൾ ഹിംസക്ക് ഒരുങ്ങുന്നത്.ഒരു കാരണവുമില്ലാതെ അവർ ഒട്ടേറെ പേരെ കൊലപ്പെടുത്തില്ല .ഇവിടെ മുതിർന്നവരെ അനുകരിച്ചു കളത്തിൽ തന്നെ കൊന്നൊടുക്കി പ്രതികാരം ചെയ്യുകയാണ് നമ്മുടെ കൗമാര പ്രായക്കാർ .ഷാബാസ് വധക്കേസിലോ സിദ്ധാർത്തിന്റെ അറുംകൊലയിലോ യാതൊരു കുറ്റബോധവുമില്ലാതെ പ്രതികൾ പ്രവർത്തിക്കുകയായിരുന്നു .സഹാനുഭൂതിയോ ചെറുതായൊരു വിട്ടുകൊടുക്കലോ പോലുമില്ലാതെ സ്വന്തം അഹന്ത നഞ്ചക്കാക്കി പ്രതിയോഗികളെ ഉന്മൂലനം ചെയ്യുന്ന പ്രവണതക്ക് പിന്നിലാരാണ് ? ആരുടെ ആശയങ്ങളും സിദ്ധാന്തങ്ങളും ആണിവരെ ഈ പ്രായത്തിൽ സ്വാധീനിക്കുന്നത് ?

സമൂഹത്തിനു ഇതിൽ നിന്നു ഒഴിയാനാവില്ല . ഓരോ ക്രൂരതയും ഒരു സമ്മാനം പോലെ കരുതുന്ന രാഷ്ട്രീയ നേതൃത്വവും ഹിംസക്ക് ആഹ്വാനം ചെയ്യുന്ന മതസംഘടനകളും തങ്ങളുടെ അടുത്ത തലമുറയിൽ സഹാനുഭൂതി എന്ന വികാരം ഇല്ലാതാക്കുകയാണ് .അതിനു പുറമെയാണ് കുട്ടികൾക്ക് മാതാപിതാക്കളിൽ നിന്ന് ലഭിക്കുന്ന പാഠങ്ങൾ .യു എസിൽ പലപ്പോഴും കുട്ടികൾ കൊല നടത്തുമ്പോൾ അവർക്ക് പിന്നിൽ ആരുമില്ല. അവിടെ തോക്കാണ് പ്രധാന വില്ലൻ .ഇവിടെ അക്രമങ്ങളും കൊലകളും കൂട്ടായും ചിലപ്പോൾ രക്ഷിതാക്കളുടെ അറിവോടെയും ചെയ്യുന്നു .അതിനു തടയിടാതെ അവരെ രാഷ്ട്രീയ നേതൃത്വം സംരക്ഷിക്കുന്നു.

ദൃശ്യസാമൂഹിക മാധ്യമങ്ങളുടെ സ്വാധീനം ഒരു പരിധി വരെ കൌമാരക്കാരെ ബാധിക്കുന്നുണ്ടാകും . ഗയിമുകളിലും കൊലയാളി പരമ്പരകളിലും അഭിരമിക്കുന്നവരാണ് ഇന്നത്തെ തലമുറ .കൊലക്കായി വാട്സാപ്പ് ഗ്രൂപ്പ് സൃഷ്ടിച്ചവരാണ് ഈ കുട്ടികുട്ടവാളികൾ . പിടിക്കപെട്ടപ്പോൾ സമർഥമായി തേങ്ങാനും അവർ മടിച്ചില്ല .ആ സാമർത്ഥ്യം കാട്ടിയവർക്കോ സുഹൃത്തുക്കൾക്കോ ഇരയെ ആശുപത്രിയിലാക്കാനുള്ള ശ്രദ്ധ പോലും ഉണ്ടായില്ല . നമ്മൾ ഒരു അയാഥാർത്ഥ ലോകത്താണോ ജീവിക്കുന്നത് ? സിനിമയോ സീരിയലോ അല്ല അവരുടെ ഊതി വീർപ്പിച്ച അഹന്തയും കുറ്റവാസനയുമാണ് ഇത്തരം കൊലപാതകങ്ങൾക്ക് പിന്നിൽ .

ലഹരിയാണ് മറ്റൊരു സ്വാധീനം .അത് കുട്ടികളുടെ ലോകത്ത് ഒരു നിറസാന്നിധ്യം ആയിട്ടില്ല എന്നതാണ് ആശ്വാസകരം. എങ്കിലും കണക്കുകൾ ഞെട്ടിപ്പിക്കുന്നതാണ് .ഒരു ലക്ഷത്തോളം പേർ മയക്കു മരുന്ന് കേസുകളിൽ പെട്ടിരിക്കുന്നു എന്നത് ആശങ്കയുണ്ടാക്കുന്ന വസ്തുതയാണ് .ലഹരിയുടെയും മയക്കുമരുന്നിന്റെയും കരാള ഹസ്തങ്ങൾ എല്ലാവരെയും ഗ്രസിക്കുകയാണ് ഒരു സമൂഹം എന്ന നിലയിൽ ഏറെ ആശങ്കപ്പെടേണ്ട അവസരമാണ് ഇത് .

ഏതായാലും ഇനിയെങ്കിലും നമുടെ കുട്ടികളെ മത്സര പരീക്ഷകൾക്ക് ഇരുത്തുന്നതിനു മുൻപേ സ്നേഹത്തിന്റെയും സഹാനുഭൂതിയുടെയും പാഠങ്ങൾ മാതാപിതാക്കളും അധ്യാപകരും പഠിപ്പിക്കട്ടെ.യാഥാർത്ഥ്യബോധവും വരും വരായ്കകളെ കുറിച്ചുള്ള വിവേചന ബോധവും അവർ പഠിക്കട്ടെ. കുടുതൽ ക്രിയാൽമകവും സർഗ്ഗാല്മകവും ആകട്ടെ അവരുടെ പ്രവർത്തനങ്ങൾ.


*സ്നേഹത്തോടെ,*

**ഇ-മലയാളി പത്രാധിപസമിതി**

## EDITORIAL BOARD

**George Joseph** Editor-in-Chief | **Sunil Tristar** Managing Editor | **P.S. Joseph** Executive Editor | **Antony Kanayamplackal** Senior Editor | **Anju** Design | **Abhi** Cover

# CONTENTS


05 മുഖലേഖനം : ഹിംസയുടെ താണ്ഡവം
**ലഹരി**
ഏ എസ് ശ്രീകുമാർ

07 **അക്രമം**
ഷാബാസ് വധക്കേസ്

09 **കൊല**
വെഞ്ഞാറൻമൂട് കൂട്ടക്കൊല
ഏറ്റുമാന്നൂരെ കൂട്ട ആല്മഹത്യ

12 **സിനിമയിലെ അക്രമം**
എസ് സുന്ദർദാസ്
കൃഷ്ണേന്ദു കലേഷ്
അഹമ്മദ് ഷെരിഫ്

19 നോവൽ : ആരംഭം
**ഒന്നാമത്തെ ദിവ്യരഹസ്യം**
ജോസഫ് എബ്രഹാം
അവതരണം :
ജോർജ് ജോസഫ് കെ

33 കോളം: പ്രിന്റെക്സ് അജിത്തിന്റെ
**തൃശ്ശിവപേരൂർ കഥകൾ**
ആരംഭം

41 ചെറുകഥ
**അണ്ടർ പാത്ത്**
ബാബു ഇരുമല

52 സംസ്കാരം / ചരിത്രം
**കടവല്ലൂർ : അറിവിന്റെ മാമാങ്കം**
വിജയ് സി എച്ച്

58 ചെറുകഥ
**അരപ്പട്ടകെട്ടിയ ആണുങ്ങൾ**
അനു ചന്ദ്ര

67 കോളം : മധുശാലയിൽ – 2
**ക്ലൈമാക്സ് തേടുന്ന ഒരു പ്രണയകഥ**
എസ് സുന്ദർദാസ്

71 ചെറുകഥ
**വ്യാധി**
അനിൽ ഉത്തമന്തിൽ

79 സംഗീതം / എന്റെ സംഗീത യാത്രകൾ – 3
**കണ്ണൂർ രാജൻ**
എസ് രാജേന്ദ്ര ബാബു

85 ചെറുകഥ
**ഒരു രൂപ തരുമോ ? ഒരു രൂപ**
പി വി വിശ്വനാഥൻ





93 സിനിമ / ഓർമ്മ
**കുതിരവട്ടം പപ്പു**
ആന്റണി കണയംപ്ലാക്കൽ

95 ചെറുകഥ
**സമാധാനത്തിന്റെ മാലാഖമാർ**
ദിലീപൻ ശ്രീധരൻ

100 കവിത
**മഹാശിവരാത്രി**
രമ സമന്വായി
**ഒരാൾ**
സോയ നായർ
**ഗജേന്ദ്ര മോക്ഷം (തുടർച്ച)**
ജേക്കബ് ജോൺ (ജെ സി ജെ )

105 പുസ്തകലോകം
**കല്ത്താമരപൂവിന്റെ കവിത**
രാമകൃഷ്ണൻ കുമരനല്ലൂർ

106 ചിത്രലോകം
ബാബു സേവ്യർ




# രാസലഹരിയിൽ തകരുന്ന നാട്!

**എ.എസ് ശ്രീകുമാർ**

കേരളത്തിൽ ലഹരി വസ്തുക്കളുടെ ഉപയോഗവും തൻമൂലമുണ്ടാവുന്ന കൊലപാതകങ്ങൾ ഉൾപ്പെടെയുള്ള അക്രമ സംഭവങ്ങളും അനിയന്ത്രിതമായി വർധിക്കുകയാണ് . കഴിഞ്ഞ രണ്ട് മാസത്തിനിടെ ദൈവത്തിന്റെ സ്വന്തം നാട്ടിൽ നടന്ന 63 കൊലപാതകങ്ങളിൽ 30 എണ്ണവും ലഹരി ഉപയോഗവുമായി ബന്ധപ്പെട്ടതാണെന്ന് പേലീസ് വ്യക്തമാക്കുന്നു.

50 കൊലപാതകങ്ങൾ വീടിനുള്ളിൽ നടന്നതോ സുഹൃത്തുക്കൾ തമ്മിലുള്ള വഴക്കിനെ തുടർന്നുണ്ടായതോ ആണ്. 2025-ൽ ഇതുവരെ നടന്ന കുറ്റകൃത്യങ്ങളിൽ 20 ശതമാനവും ലഹരി ഉപയോഗിച്ച ശേഷം ഉണ്ടായതാണ്. നാട്ടിൽ അനുദിനം വിവിധയിനം ലഹരി വസ്തുക്കളുടെ ഡിമാന്റ് വർധിച്ചുവരുകയുമാണ്.

> **കഴിഞ്ഞ രണ്ട് മാസത്തിനിടെ ദൈവത്തിന്റെ സ്വന്തം നാട്ടിൽ നടന്ന 63 കൊലപാതകങ്ങളിൽ 30 എണ്ണവും ലഹരി ഉപയോഗവുമായി ബന്ധപ്പെട്ടതാണെന്ന് പേലീസ് വ്യക്തമാക്കുന്നു. 50 കൊലപാതകങ്ങൾ വീടിനുള്ളിൽ നടന്നതോ സുഹൃത്തുക്കൾ തമ്മിലുള്ള വഴക്കിനെ തുടർന്നുണ്ടായതോ ആണ്.**

സപ്ലൈ ചെയ്യാൻ ലഹരി ലോബികളും റെഡി.

ഈയൊരു പശ്ചാത്തലത്തിൽ രാഷ്ട്രീയ വിജോജിപ്പും വിദ്വേഷവുമെല്ലാം മറന്ന് ഭരണ-പ്രതിപക്ഷ കക്ഷികൾ പ്രതിരോധം തീർക്കാൻ ഒന്നിക്കുകയാണത്രേ. കഞ്ചാവിനും ലഹരിക്കും അടിമയായി സ്കൂൾ കുട്ടികൾ ചേരിതിരിഞ്ഞ് പരസ്പരം ആക്രമിക്കുന്നത് നിത്യസംഭവങ്ങളായിരിക്കെ അതിന് തടയിടേണ്ടത് സാമൂഹികമായ അനിവാര്യതയാണ്. ഇല്ലെങ്കിൽ ഒരു തലമുറ തന്നെ സുബോധം മറഞ്ഞ് നശിക്കും.നിസ്സാര കാര്യങ്ങളിൽ പോലും വേഗത്തിൽ പ്രകോപിതരായി കൂട്ടത്തിലൊരുവനെ കൊല്ലാൻപോലും മടിക്കാത്ത മാനസികാവസ്ഥയിലേയ്ക്ക് കേരള കൗമാരം അപകടകരമാംവിധം വളർന്നിരിക്കുന്നു. രാസലഹരിയിൽ ഇവർ ചെയ്തുകൂട്ടുന്ന കുറ്റകൃത്യത്തിന്റെ ഗൗരവം അപ്പോൾ അവർ അറിയുന്നില്ല. പിന്നീട് ബോധത്തിലേയ്ക്ക് മടങ്ങി വരുമ്പോഴേയ്ക്കും കാര്യങ്ങൾ കൈവിട്ടുപോയിരിക്കും. കൗമാര-യൗവനങ്ങളുടെ ഞെട്ടിപ്പിക്കുന്ന പരാക്രമ സംഭവങ്ങൾ കണ്ടും കേട്ടുമാണ് ഒരോ ദിവസവും പുലരു




ന്നത്. സ്വന്തം കൂടപിറപ്പുകളെ പീഡിപ്പിച്ചും, രക്ഷിതാക്കളെ കൊലയ്ക്ക് കൊടുത്തും നാടിന് ഭീഷണിയായി മാറുന്ന ഇവരെ ഇന്ന് നയിക്കുന്നത് ലഹരി എന്ന വിപത്താണ്.

കേരളത്തിലേക്ക് കഞ്ചാവും മറ്റ് മയക്കുമരുന്നുകളും ഒഴുകിയെത്തുന്നത് അയൽ സംസ്ഥാനങ്ങളിൽ നിന്നാണ്. ഇക്കൊല്ലം ജനുവരി 22 മുതൽ മാർച്ച് 1 വരെ കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ നിന്ന് 1.31 കിലോഗ്രാം എം.ഡി.എം.എയും 153.56 കിലോഗ്രാം കഞ്ചാവും ഉൾപ്പെടെയുള്ള  ലഹരിമരുന്നുകൾ പോലീസ് പിടിച്ചെടുത്തിട്ടുണ്ട്. പിടിക്കപ്പെടാത്തതിന്റെ കണക്ക് ഇതിന്റെ ഇരട്ടിയിലേറെയായിരിക്കുമല്ലോ. ബ്രൗൺ ഷുഗർ, ഹെറോയിൻ, ഹാഷിഷ് ഓയിൽ, വിവിധതരം മയക്കുമരുന്ന് ഗുളികകൾ തുടങ്ങിയവയുടെ കണക്കും പോലീസിന്റെ പക്കലുണ്ട്. ഈ കാലയളവിൽ പോലീസ് 2,854 പേരെ അറസ്റ്റ് ചെയ്യുകയും 17,246 പേരെ പരിശോധിക്കുകയും 2,762 കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തു.

''നഗരങ്ങളിലും ഗ്രാമങ്ങളിലും ലഹരിവസ്തുക്കൾക്ക് ഒരുപോലെ ആവശ്യക്കാരുണ്ട്. രക്ഷിതാക്കളുടെ തലത്തിൽത്തന്നെ ഇതിനെതിരെയുള്ള ബോധവൽക്കരണമുണ്ടാവണം...'' ക്രമസമാധാന വിഭാഗം എ.ഡി.ജി.പി മനോജ് എബ്രഹാം പറയുന്നതിങ്ങനെ. കുട്ടികളെ ലഹരിയിൽ നിന്നും അക്രമങ്ങലിൽ നിന്നുമൊക്കെ പിന്തിരിപ്പിക്കാൻ ശ്രമിക്കുന്നതിനെ ''തന്ത വൈബ്...'' എന്നാണ് വിശേഷിപ്പിക്കുന്നത്. വിശ്വസാഹിത്യ പ്രതിഭകൾ പോലും നടത്താത്ത പദപ്രയോഗങ്ങളാണ് സഹപാഠിയുടെ തലതല്ലിപ്പൊളിക്കുന്നവരുടെയും മൂക്കിന്റെ പാലം ഇടിച്ച് തകർക്കുന്നവരുടെയും നാവിൽ നിന്നുതിർന്നു വീഴുന്നത്.

ആൺകുട്ടികൾ മാത്രമല്ല, പെൺകുട്ടികളും ലഹരി മാഫിയയുടെ അടിമകളാണെന്ന വസ്തുത ഭീതിയോടെ നമുക്ക് അംഗീകരിക്കേണ്ടിയിരിക്കുന്നു. ലഹരിക്കടിമയായവരിൽ പലരും പിന്നീട് ലഹരി മാഫിയയുടെ ഏജന്റുമാരായും വിൽപനക്കാരായും മാറിക്കഴിഞ്ഞിരിക്കും. സെലിബ്രിറ്റികളെന്ന് മേനിനടിക്കുന്നവരെ ഉപയോഗിച്ചുള്ള ലഹരി കടത്തും വ്യാപകമാണ്. എന്നാലിവർക്കൊക്കെ ഇവിടുത്തെ നിയമ സംവിധാനങ്ങളിലെ പഴുതുകളിലൂടെ എളുപ്പത്തിൽ പുറത്തു കടക്കാമെന്ന അമിത ആത്മവിശ്വാസമുണ്ട്. ലഹരി വ്യാപനത്തിന്റെ ഒരു കാരണം ഈ ചിന്തയാണ്.

**ഇക്കൊല്ലം ജനുവരി 22 മുതൽ മാർച്ച് 1 വരെ കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ നിന്ന് 1.31 കിലോഗ്രാം എം.ഡി.എം.എയും 153.56 കിലോഗ്രാം കഞ്ചാവും ഉൾപ്പെടെയുള്ള  ലഹരിമരുന്നുകൾ പോലീസ് പിടിച്ചെടുത്തിട്ടുണ്ട്. പിടിക്കപ്പെടാത്തതിന്റെ കണക്ക് ഇതിന്റെ ഇരട്ടിയിലേറെയായിരിക്കുമല്ലോ.**

ലഹരി ഉപയോഗം സംബന്ധിച്ച് 2024-ൽ 87,702 മയക്കുമരുന്ന് കേസുകളാണ് റിപ്പോർട്ട് ചെയ്തിരുന്നത്. ഇതിൽ 87,389 കേസുകളിലായി 94,886 പേരെ പ്രതി ചേർക്കുകയും 93,599 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തുവെന്ന് നിയമസഭയിൽ മുഖ്യമന്ത്രി പിണറായി വിജയൻ വെളിപ്പെടുത്തിയിരുന്നു. കേന്ദ്ര സർക്കാരിന്റെ പ്രസ് ഇൻഫർമേഷൻ ബ്യൂറോ കഴിഞ്ഞ മാസം പത്താം തീയതി പ്രസിദ്ധീകരിച്ച കണക്കുകൾ പ്രകാരം 2024-ൽ 25,000 കോടി വിലമതിപ്പുള്ള മയക്കുമരുന്നുകൾ പിടിച്ചെടുത്തിട്ടുണ്ട്. ഇത് 2023-ൽ 16,100 കോടിയായിരുന്നു. ദേശീയ തലത്തിൽ ഒരു വർഷക്കാലയളവിൽ 55 ശതമാനം വർദ്ധനയാണ് ഉണ്ടായിരിക്കുന്നത്.

കേരളത്തിൽ പിടിച്ചെടുത്ത മയക്കുമരുന്നിന്റെ മൂല്യം 100 കോടിക്കു താഴെയാണ്. താരതമ്യേന ഇത് കുറവാണെങ്കിലും ശിക്ഷാ നിരക്ക് ഇന്ത്യയിൽ ഏറ്റവും ഉയർന്നതാണ്. ഐക്യ രാഷ്ട്രസഭയുടെ കണക്കുകൾ പ്രകാരം ലോകമെമ്പാടും 2011-ൽ 24 കോടി ആളുകൾ ലഹരി ഉപയോഗിച്ചിരുന്നപ്പോൾ 2021-ൽ അത് 296 കോടിയായി വർധിച്ചു. ആഗോളതലത്തിലെ വൻ വർധന. 1,173 ശതമാനത്തിന്റെ വർധനയാണെന്നും മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞിരുന്നു.

ഏതായാലും ലഹരി വിപത്തിനെ ചെറുക്കാൻ ഭരണ-പ്രതിപക്ഷങ്ങൾ ഒന്നിച്ചതിനെ നെഗറ്റീവായി കാണുന്നില്ല. ഒന്നിച്ചതുകൊണ്ട് മാത്രം ഒന്നുമാകില്ല. എന്താണ് പ്ലാൻ ഓഫ് ആക്ഷൻ എന്ന് വ്യക്തമാകേണ്ടതുണ്ട്. ഭരണ-പ്രതിപക്ഷങ്ങളും  വീടും സ്കൂളും രക്ഷിതാക്കളും ദേവാലയങ്ങളും സംഘടനകളുമെല്ലാം ചേർന്നുള്ള കൂട്ടായ മുന്നേറ്റത്തിലൂടെ നമ്മുടെ കുട്ടികളോടും വേണ്ടപ്പെട്ടവരോടും ലഹരിയോട് ''നോ...'' പറയാൻ ഒന്ന് നിർബന്ധിച്ച് നോക്കാം... ചിലപ്പോൾ രക്ഷപെട്ടേക്കാം...




# ക്രൂരതയുടെ ചോരച്ചാലുകളൊഴുകുന്നു

എ.എസ് ശ്രീകുമാർ

**കേരളത്തിലെ വിവിധയിടങ്ങളിൽ വിദ്യാർത്ഥികൾ ഉൾപ്പെട്ട അക്രമ സംഭവങ്ങൾ വർധിച്ചുവരികയാണ്. ഷഹബാസ് വധം ഉൾപ്പെടെ ഏതാനും ആഴ്ചകൾക്കുള്ളിൽ അരങ്ങേറിയ കൊടിയ അക്രമങ്ങൾ കുട്ടികളിൽ വളർന്നുവരുന്ന ക്രിമിനൽ സ്വഭാവത്തിന്റെ നേർ സാക്ഷ്യങ്ങളാണ്. കോട്ടയത്തെ ഗവൺമെന്റ് നേഴ്സിങ് കോളേജിൽ നടന്ന റാഗിങ് ഗുണ്ടാസംഘങ്ങളെ നാണിപ്പിക്കുന്ന വിധത്തിലുള്ളതായിരുന്നു.**

***പേനയും പെൻസിലും പുസ്തകങ്ങളും ഇരിക്കേണ്ട കൈകളിൽ നഞ്ചക്കും കത്തിയും ഇടിക്കട്ടയുമാണ്. പെട്ടെന്നുണ്ടാകുന്ന പ്രകോപനത്തിൽ അപ്പുറത്ത് നിൽക്കുന്നത് സഹപാഠിയെന്നോ സുഹൃത്തെന്നോ അധ്യാപകനെന്നോ നോട്ടമില്ലാതെ കുട്ടികൾ കലിപ്പ് തീർക്കുകയാണ്. ചോരയ്ക്ക് പകരം ചോര എന്നതാണ് ഇത്തരം കുട്ടികളുടെ മനോഭാവം***

കോഴിക്കോട് താമരശ്ശേരിയിലെ മുഹമ്മദ് ഷഹബാസിനെ കൊലപ്പെടുത്തിയ സംഭവത്തിൽ ഒന്നാം പ്രതിയുടെ പിതാവിന് ക്വട്ടേഷൻ ബന്ധമുണ്ടെന്ന ഞെട്ടിപ്പിക്കുന്ന വിവരം പുറത്ത്. സംഭവ സ്ഥലത്ത് ഇയാൾ ഉണ്ടായിരുന്നുവെന്നാണ് വിവരം. ഇയാളുടെ വീട്ടിൽ നടത്തിയ പരിശോധനയിൽ ഷഹബാസിനെ കൊലപ്പെടുത്താൻ ഉപയോഗിച്ച നഞ്ചക് കണ്ടെത്തി. പ്രമാദമായ ടി.പി ചന്ദ്രശേഖർ വധക്കേസിലെ പ്രതിയായ ടി.കെ രജീഷിനൊപ്പം ഇയാൾ നിൽക്കുന്ന ഫോട്ടോയും പുറത്തുവന്നിട്ടുണ്ട്. ഇയാളുടെ രാഷ്ട്രീയ ബന്ധം വ്യക്തമായ സ്ഥിതിക്ക് ഷഹബാസിന്റെ വേദനിക്കുന്ന കുടുംബത്തിന് നീതി ലഭിക്കുമോ എന്ന് സംശയിക്കുന്നവരെ കുറ്റപ്പെടുത്താനാവില്ല.

കൊലക്കേസ് പ്രതികളായ അഞ്ച് പേരുടെ വീടുകളിലാണ് ഒരേ സമയം പോലീസ് പരിശോധന നടന്നത്. ഒന്നാം പ്രതിയുടെ വീട്ടിൽ രാവിലെ 11 മണിയോടെ അന്വേഷണ സംഘം എത്തിയെങ്കിലും വീട് പൂട്ടിയ നിലയിലായിരുന്നു. മാതാപിതാക്കളെ വിളിച്ചുവരുത്തിയ ശേഷം നടത്തിയ റെയ്ഡിലാണ് ഷഹബാസിന്റെ തലച്ചോറ് തകർക്കാൻ ഉപയോഗിച്ച നഞ്ചക് കണ്ടെത്തിയത്. മറ്റിടങ്ങളിൽ നിന്ന്

കണ്ടെടുത്ത നാല് മൊബൈൽ ഫോണുകളും ഒരു ലാപ്ടോപ്പും ശാസ്ത്രീയ പരിശോധനക്ക് അയച്ചു. കൂടുതൽ ആളുകളുടെ പങ്ക് കണ്ടെത്താനായി പൊലീസ് സി.സി.ടി.വി ദൃശ്യങ്ങൾ ശേഖരിച്ച് പരിശോധിച്ചുവരികയാണ്.

കേരളത്തിലെ വിവിധയിടങ്ങളിൽ വിദ്യാർത്ഥികൾ ഉൾപ്പെട്ട അക്രമ സംഭവങ്ങൾ വർധിച്ചുവരികയാണ്.

ഹബാസ് വധം ഉൾപ്പെടെ ഏതാനും ആഴ്ചകൾക്കുള്ളിൽ അരങ്ങേറിയ കൊടിയ അക്രമങ്ങൾ കുട്ടികളിൽ വളർന്നുവരുന്ന ക്രിമിനൽ സ്വഭാവത്തിന്റെ നേർ സാക്ഷ്യങ്ങളാണ്. കോട്ടയത്തെ ഗവൺമെന്റ് നേഴ്സിങ് കോളേജിൽ നടന്ന റാഗിങ് ഗുണ്ടാസംഘങ്ങളെ നാണിപ്പിക്കുന്ന വിധത്തിലുള്ളതായിരുന്നു. പ്രതികളായ സാമുവൽ ജോൺസൺ, എൻ.എസ് ജീവ, റിജിൽ ജിത്ത്, രാഹുൽ രാജ്, എൻ.വി വിവേക് എന്നിവരുടെ ജാമ്യാപേക്ഷ ഇന്ന് കോട്ടയം ജില്ലാ സെഷൻസ് കോടതി തള്ളി. മദ്യം വാങ്ങാൻ പണം നൽകാത്തിനാണ് ജൂനിയർ വിദ്യാർത്ഥിയെ ഇവർ കോമ്പസും ഡമ്പൽസും ഉപയോഗിച്ച് മർദിച്ചത്.

റാഗിങ്ങിനെ തുടർന്ന് തൃപ്പൂണിത്തുറയിൽ വിദ്യാർഥി ഫ്ളാറ്റിൽനിന്ന് ചാടി മരിച്ച സംഭവമുണ്ടായത് രണ്ടാഴ്ച മുമ്പാണ്. തിരുവനന്തപുരം വെള്ളറട വാഴിച്ചൽ ഇമ്മാനുവൽ കോളജിലെ ഒന്നാംവർഷ ബി.കോം വിദ്യാർഥി എസ്.ആർ ആദിഷിനെ അതിക്രൂരമായി മർദികേസിൽ സഹപാഠി ജെജിതിൻ (18) അറസ്റ്റിലായതും നമ്മൾ കണ്ടു. ഒറ്റപ്പാലത്തെ സ്വകാര്യ ഐ.ടി. ഐയിലെ ക്ലാസ് മുറിയിൽവച്ച് സഹപാഠി കിഷോറിന്റെ മർദനമേറ്റ കെ.ജെ സാജന് (20) മൂക്കിന് രണ്ട് ഓപറേഷൻ നടത്തേണ്ടി വന്നു. പത്താം ക്ലാസ്സുകാരുടെ യാത്രയയപ്പിന് ലഹരിപ്പാർട്ടി നടത്തിയ സംഭവത്തിൽ കഞ്ചാവ് ഉപയോഗിച്ച വിദ്യാർത്ഥികളെ പോലീസ് പിടികൂടിയത് അടുത്ത നാളിലാണ്.

മൊബൈൽ ഫോൺ പിടിച്ചുവാങ്ങിയതിന് സ്കൂൾ പ്രിൻസിപ്പലിനുനേരെ കൊലവിളി നടത്തുന്ന ഒരു കൊച്ചു പയ്യന്റെ ദൃശ്യം ഈയിടെ വാട്ട്സ് ആപ്പിലും ഫെയ്സ് ബുക്കിലും പ്രചരിച്ചിരുന്നു. ഇങ്ങനെ കൗമാരക്കാരായ സ്കൂൾ

**കേരളത്തിലെ വിവിധയിടങ്ങളിൽ വിദ്യാർത്ഥികൾ ഉൾപ്പെട്ട അക്രമ സംഭവങ്ങൾ വർധിച്ചുവരികയാണ്. കോട്ടയത്തെ ഗവൺമെന്റ് നേഴ്സിങ് കോളേജിൽ നടന്ന റാഗിങ് ഗുണ്ടാസംഘങ്ങളെ നാണിപ്പിക്കുന്ന വിധത്തിലുള്ളതായിരുന്നു. മദ്യം വാങ്ങാൻ പണം നൽകാത്തിനാണ് ജൂനിയർ വിദ്യാർത്ഥിയെ ഇവർ കോമ്പസും ഡമ്പൽസും ഉപയോഗിച്ച് മർദിച്ചത്.**

-കോളേജ് വിദ്യാർത്ഥികൾ തമ്മിൽ സംഘം ചേർന്ന് കായികമായി ഏറ്റുമുട്ടുന്ന സംഭവങ്ങൾ ഓരോ ദിവസവും നമ്മൾ കാണുകയും കേൾക്കുകയും ചെയ്യുന്നു. പേനയും പെൻസിലും പുസ്തകങ്ങളും ഇരിക്കേണ്ട കൈകളിൽ നഞ്ചക്കും കത്തിയും ഇടിക്കട്ടയുമാണ്. പെട്ടെന്നുണ്ടാകുന്ന പ്രകോപനത്തിൽ അപ്പുറത്ത് നിൽക്കുന്നത് സഹപാഠിയെന്നോ സുഹൃത്തെന്നോ അധ്യാപകനെന്നോ നോട്ടമില്ലാതെ കുട്ടികൾ കലിപ്പ് തീർക്കുകയാണ്.

ചോരയ്ക്ക് പകരം ചോര എന്നതാണ് ഇത്തരം കുട്ടികളുടെ മനോഭാവം. കേരളത്തിൽ ആഭ്യന്തര വകുപ്പ് എന്നൊരു വകുപ്പ് എന്തിനാണെന്ന് മനസിലാവുന്നില്ല. മുഖ്യമന്ത്രി കൈകാര്യം ചെയ്യുന്ന ആഭ്യന്തര വകുപ്പിന്റെ വീഴ്ചകൾക്ക് ബലികൊടുക്കപ്പെടുന്നത് കൗമാര ജീവനുകളാണ്. കേരള പോലീസ് എന്നത് കുറ്റവാളികളെ സംരക്ഷിക്കാനും കുറ്റകൃത്യങ്ങൾക്ക് കൂട്ടുനിൽക്കാനുമുള്ള സർക്കാർ സംവിധാനമായി മാറിയെന്ന ആരോപണത്തിന് കാലപ്പഴക്കമുണ്ട്. ഭരണ സംവിധാനവും നിയമപാലകരും അധ്യാപകരും രക്ഷിതാക്കളും വിദ്യാർത്ഥി സംഘടനകളും സന്നദ്ധപ്രവർത്തകരും ഒരുമിച്ചിറങ്ങിയാൽ ഇതിന് അറുതിവരുമോ..?

അടുത്ത കാലത്തായി കേരളത്തിൽ നടക്കുന്ന ചില കുറ്റകൃത്യങ്ങൾ ഞെട്ടിക്കുന്നതാണെന്നും ഇതു സംബന്ധിച്ച് പഠനം നടത്തണമെന്നുമാണ് മുഖ്യമന്ത്രി പറയുന്നത്. ആഭ്യന്തര വകുപ്പ് കൈകൈകര്യം ചെയ്യുന്ന പിണറായി വിജയൻ വ്യക്തമായ ഒരു പോലീസ് ഓപറേഷന് മുതിരാത്തതെന്തുകൊണ്ടാണെന്നറിയില്ല. കഞ്ചാവുമായി പിടികൂടിയ മകനെ രക്ഷിക്കാനുള്ള ഓട്ടത്തിലാണ് കായംകുളം എം.എൽ.എ യു പ്രതിഭ. മകനെ പിടിച്ച എക്സൈസ് ഉദ്യോഗസ്ഥരെ പൂട്ടാനാണ് ഈ ഭരണകക്ഷി എം.എൽ.എ ഇറങ്ങിത്തിരിച്ചിരിക്കുന്നത്. ഇക്കാര്യത്തിൽ മുഖ്യമന്ത്രിക്ക് മിണ്ടാട്ടമില്ല. പിടിക്കപ്പെട്ടത് ഏതെങ്കിലും പ്രതിപക്ഷ കക്ഷിയുടെ എം.എൽ.എയുടെ മകനായിരുന്നെങ്കിൽ കാണാമായിരുന്നു അവരുടെ ധാർമിക രോഷവും പുകിലുമൊക്കെ.

കേരളത്തിൽ ഈയിടെ അടുപ്പിച്ചടുപ്പിച്ച് നടന്ന കൊലപാതകങ്ങൾ സമാനതകളില്ലാത്തതാണ്. സ്ത്രീ പീഡനങ്ങളും കൊലപാതകങ്ങളും കവർച്ചകളുമൊക്കെ സ്ഥിരംവാർത്തകളായി മാറി. മലയാളിയുടെ കുറ്റവാസനകളിൽ ഏതു പട്ടികയിലാണ് ഇതെല്ലാം ഉൾപ്പെടുത്തേണ്ടതെന്ന് ഒരു നിശ്ചയവുമില്ല. രാഷ്ട്രീയക്കാർ ക്രൂരവും പൈശാചികവുമെന്നൊക്കെ വിശേഷിപ്പിച്ച് അപലപിക്കും. മലയാളിയുടെ മനസ്സിൽ പ്രതികാരം ഉറങ്ങിക്കിടക്കുന്നുണ്ട്. മിടുക്കൻമാരെന്ന് സ്വയം മേനിനടിക്കുന്നവരുടെ കാണാത്ത മുഖമാണ് നമ്മെ ഇപ്പോൾ നടുക്കുന്നത്.

പരിഷ്കൃതമെന്നും സംസ്കാരസമ്പന്നമെന്നും സാക്ഷരമെന്നുമൊക്കെ പറയുന്ന നമ്മുടെ സമൂഹത്തിൽ നിന്നു തുടർച്ചയായി ക്രൂരതയുടെ ചോരച്ചാലുകളൊഴുകുന്നതിനെ വിധിവൈപരീത്യം എന്നല്ലാതെ എന്ത് വിശേഷിപ്പിക്കാൻ..? നിമിഷാർധങ്ങളിൽ ആവർത്തിക്കുന്ന കൊലപാതകങ്ങളും മറ്റു കുറ്റകൃത്യങ്ങളും സമാധാനം ആഗ്രഹിക്കുന്നവരുടെ ഉറക്കം കെടുത്തിക്കൊണ്ടേയിരിക്കുന്നു. ഇവിടെ നിലനിൽക്കുന്ന നിയമവാഴ്ചയില്ലായ്മയും അരക്ഷിതാവസ്ഥയും എത്രമേൽ ഭയാനകമാണെന്നു വിളിച്ചുപറയുന്ന ക്രൂരസംഭവങ്ങൾ തുടർച്ചയായി ഉണ്ടാവുന്നത് അതീവഗൗരവത്തോടെ കാണേണ്ടതുണ്ട്. പൊതുജനങ്ങൾക്കു നീതിന്യായ വ്യവസ്ഥയിലുള്ള വിശ്വാസം ശക്തമാകണമെങ്കിൽ ക്രമസമാധാന പാലനം കുറ്റമറ്റതാവുകതന്നെ വേണം.

ഹിംസയുടെ താണ്ഡവം /
വെഞ്ഞാറന്മൂട് കൂട്ടക്കൊല



# നമ്മുടെ യുവാക്കൾക്ക് എന്തു പറ്റുന്നു ?

ആശങ്കയുടെ നിഴൽപ്പാടുകൾ അവസാനിക്കുന്നില്ല

ഇരകളുടെ എണ്ണത്തിൽ കൂടത്തായി കേസ് പോലെ വരില്ല എങ്കിലും നിഷ്ഠൂരതയുടെയും കൊല ചെയ്ത രീതിയുടെയും കാര്യത്തിൽ സമാനതകൾ ഇല്ലാത്തതാണ് വെഞ്ഞാറന്മൂട് നടന്ന കൂട്ടക്കൊല .14 വർഷം കൊണ്ടു സയനൈഡ് ഉപയോഗിച്ചു നിശബ്ദമായാണ് ജോളി തൻറെ ആറു ബന്ധുക്കളെ വക വരുത്തിയതെങ്കിൽ ഒറ്റ രാത്രി കൊണ്ടു ആലുവയിലെ മാഞ്ഞൂരാൻ കുടുംബത്തിലെ ആറുഅംഗങ്ങളെ കൊലപ്പെടുത്തിയ ആന്റണി കേസുമായാണ് ഇതിനു കുടുതൽ സാമ്യം .പണവും പ്രതികാര ബോധവുമായിരുന്നു അവിടെയും വില്ലൻ .

ലഹരി കൊണ്ടോ കടബാധ്യത മൂലമുള്ള ക്രോധം കൊണ്ടോ തിരുവനന്തപുരം വെഞ്ഞാറമൂട്ടിൽ ഫെബ്രുവരി 24 നു ഒരു രാത്രിക്കും പകലിനുമിടയിൽ അഫാൻ എന്ന 23 കാരൻ ചുറ്റിക കൊണ്ടടിച്ചു കൊന്നത് അഞ്ചു ഉറ്റവരെ .45 കിലോമിറ്ററിനുള്ളിൽ മൂന്നു വീടുകളിൽ കഴിഞ്ഞവരെയാണ് യാതൊരു പതർച്ചയുമില്ലാതെ ജീവിതത്തിലേക്ക് പ്രവേശിക്കേണ്ട പ്രായത്തിൽ ഉള്ള പ്രതി അഫാൻ കൊലപ്പെടുത്തിയത്.അമ്മൂമ്മയും ഇളയച്ഛനും ഭാര്യയും ഇങ്ങനെ നിഷ്ഠൂരമായി കൊലപ്പെടുത്തിയവരിൽ ഉൾപ്പെടുന്നു . അമ്മയെ ഗുരുതരമായി പരിക്കേല്പിച്ചുവെങ്കിലും ക്യാൻസർ ബാധിതയായ അവർ ചികിത്സയിൽ തിരിച്ചു വരവിൻറെ പാതയിലാണ്.മരിച്ചവരിൽ പ്രതി അഫാന്റെ കാമുകി 21 കാരി ഫർസാനയും 13കാരനായ കുഞ്ഞനുജനും ഉൾപ്പെടുന്നു .ക്രൂരമായി കൊലപ്പെടുത്തിയതിനു ശേഷം . ഒൻപതാം ക്ലാസുകാരൻ അഫ്സാന്റെ മൃതദേഹത്തിന് ചുറ്റും 500 രൂപയുടെ നോട്ടുകൾ വിതറി.അഫ്സാന്റെ മൃതദേഹം സ്വീകരണമുറിയിലാണ് കണ്ടെത്തിയത്. നിലത്തുകിടക്കുന്ന നിലയിലായിരുന്നു. അഫാനും അഫ്സാനും തമ്മിൽ 10 വയസിന്റെ പ്രായവ്യത്യാസമാണുള്ളത്. പിതാവ് വിദേശത്തായതിനാൽ അച്ഛന്റെ കരുതലോടെയാണ് അഫാൻ കുഞ്ഞനുജനെ സ്നേഹിച്ചിരുന്നതെന്നും അഫ്സാനെ ചേർത്തിരുത്തി അഫാൻ ബൈക്ക് ഓടിച്ചു പോകുന്നത് സ്ഥിരം കാഴ്ചയായിരുന്നുവെന്നും നാട്ടുകാർ പറയുന്നു. അഫ്സാന്റെ പഠനകാര്യത്തിലും അഫാൻ ശ്രദ്ധിച്ചിരുന്നു. കൊലപാതകത്തിന് മുമ്പ് അനുജനെ ഹോട്ടലിൽ കൂട്ടിക്കൊണ്ടു പോയി കുഴിമന്തി വാങ്ങിച്ചു കൊടുത്തു. കുഴിമന്തിയുടെ ബാക്കിയും ശീതളപാനീയവും വീടിന്റെ വരാന്തയിലെ കസേരയിൽ രാത്രിയിലും ഇരിപ്പുണ്ടായിരുന്നു. കാൻസർ രോഗിയായ അമ്മയുടെ പ്രയാസവും കുടുബത്തിന്റെ കടബാധ്യതയും അനുജനെ ബാധിക്കാതിരിക്കാൻ അഫാൻ ശ്രദ്ധിച്ചിരുന്നുവെന്ന് ബന്ധുക്കൾ പറയുന്നു. കാമുകി ഫർസാനയെ കസേരയിൽ ഇരുത്തി ചുറ്റിക കൊണ്ടടിച്ചു കൊലപ്പെടുത്തുകയായിരുന്നു .ഇനി എങ്ങനെ ജീവിക്കും എന്ന് ഫർസാനചോദിച്ചതാണ് കൊലക്ക് പ്രകോപനമെന്നു പ്രതി പറയുന്നു.മുത്തശിയെകൊന്നു അവരുടെ ആഭരണം പണയം വെയ്ക്കാനും അതിൽ ഒരു പങ്കു കടക്കാരന് അയച്ചു കൊടുക്കാനും ഈ യുവാവ് ഇതിനിടെ സമയം കണ്ടെത്തി . ദുരൂഹമായ ഒരു കൊലപാതക പരമ്പരയാണ് നാട്ടിൽ ജീവിത സുരക്ഷിതത്വത്തിൽ അല്ലൽ അറിയാതെ അത് വരെ കഴിഞ്ഞു വന്നിരുന്ന യുവാവ് നടത്തിയത്

എന്താണ് അഫാനെ ഇത്തരമൊരു കൃത്യത്തിനു പ്രേരിപ്പിച്ചത് ? സൗദിയിൽ ജോലി ചെയ്തിരുന്ന അച്ഛന് സാമ്പത്തിക ബുദ്ധിമുട്ടുകളും തൊഴിൽപരമായ പ്രശ്നങ്ങളും ഉണ്ടെങ്കിലും തൻറെ കടം മകൻ പറയുന്ന പോലെ 75 ലക്ഷമല്ല 15 ലക്ഷം മാത്രമേ ഉള്ളൂ എന്ന് അദ്ദേഹം പറയുന്നു.അച്ഛനെ സഹായിക്കാത്തതിനെ ചൊല്ലിയായിരുന്നു കൊല എങ്കിൽ അഫാൻ യാഥാർത്യ ബോധത്തിൽ നിന്ന് വളരെ അകലെയായിരുന്നു എന്ന് വേണം കരുതാൻ .

സ്വയം ഇത്ര കടം ഉണ്ടാക്കിയതെങ്കിൽ അഫ്ഫാന്റെ ഇതുവരെയുള്ള ജീവിതത്തെ പറ്റിയും കൂട്ടുകെട്ടുകളെ പറ്റിയും സംശയം ഉയരാം .അമ്മ ഷെമിയെയും ,ക്രൂരമായി ചുറ്റിക കൊണ്ടു നിരവധി വട്ടം അടിച്ചിട്ടും അവർ രക്ഷപെട്ടു -അനുജനെയും കൊലപ്പെടുത്തി സ്വയം മരിക്കാനാണ് ശ്രമമെന്ന് സൂചിപ്പിക്കുമ്പോഴും അയാളുടെ മാനസിക നിലയെപറ്റി വല്ലാതെ സംശയം ഉയരുന്നു .ലഹരി ഒരു വില്ലൻ അല്ലെങ്കിൽ multiple personality disorder ആണോ ഇതിനു കാരണമായത് ?ഒരു ദിവസം നീണ്ടു നിന്നു ആ ക്രോധം എന്നതും കൃത്യം നടത്തിയ ശേഷം സ്വമേധയാ പോലീസിൽ കീഴടങ്ങിയെന്നതും ആ മാനസിക നിലയെപറ്റി വലിയ സംശയം ഉയർത്തുന്നു .ലഹരി അല്ല വില്ലനെങ്കിൽ മാനസികാരോഗ്യം പ്രതിക്കൂട്ടിൽ ആകാം .പക്ഷെ കൊടും ക്രിമിനൽ സ്വഭാവവും ഇത്തരമൊരു പ്രവർത്തനത്തിന് പിന്നിൽ ഉണ്ടാകാം.എന്തായാലും .പോലീസിനു ഈ കേസ് വലിയ വെല്ലുവിളിയാകും ഈ കേസ് എന്നുറപ്പ്.നമ്മുടെ യുവത്വത്തിൻറെ പോക്കിനെപറ്റി ഇത് നമുക്ക് വലിയ ആശങ്കയാണ് നൽകുന്നത്

● ഹിംസയുടെ താണ്ഡവം /
ഏറ്റുമാനൂർ കൂട്ട ആല്മഹത്യ



# ആല്മാക്കളുടെ നിലവിളി

സ്ത്രീ സുരക്ഷിതത്വം എപ്പോഴും അവഗണിക്കപെടുന്നു

വിദ്യാസമ്പന്നയും ഭർത്തൃമതിയുമായ ഒരു സ്ത്രീ പത്തും പതിനൊന്നും വയസ്സുള്ള രണ്ടു പെൺകുട്ടികളുമായി തീവണ്ടിപ്പാതയിൽ കൈകോർത്തു പിടിച്ചു മരണം കാത്തിരിക്കുകയാണെങ്കിൽ അത് ചെറിയ പ്രകോപനം കൊണ്ടാകില്ല.തനിക്കും തൻറെ പെണ്മക്കൾക്കും ഇനി ജീവിക്കാൻ കഴിയാനാവാത്ത വിധം തൻറെ ചുറ്റുപാടുകൾ മാറിയിരിക്കുന്നു എന്ന തിരിച്ചറിവിൽ മാത്രമേ ,വല്ലാത്ത നിസ്സഹായാവസ്ഥയിൽ മാത്രമേ അവർ അങ്ങനെ ചെയ്യൂ .ഇറാക്കിൽ ജോലി ചെയ്യുന്ന ഭർത്താവിനെയും വൈദികനായ ഭർതൃ സഹോദരനെയും പറ്റി വരുന്ന ആരോപണങ്ങൾ അത്ര സുഖകരമല്ല .വലിയ മാനസിക സംഘർഷങ്ങളിലൂടെ കടന്നു പോകുന്ന സ്ത്രീയെയും കുട്ടികളെയും സംരക്ഷിക്കുന്നതിൽ രണ്ടു കുടുംബവും സമൂഹവും പരാജയപ്പെട്ടു .ട്രെയിൻ കയറി വികൃതമാക്കപ്പെട്ട ആ മൂന്നു മൃതദേഹങ്ങൾ നമ്മോടു പറയുന്നതും അത് തന്നെയാണ്

കോട്ടയം ഏറ്റുമാനൂർ മനക്കപ്പാടത്തിനു സമീപം അമ്മയും രണ്ടു പെൺകുട്ടികളും ട്രെയിനിന് മുന്നിൽ ചാടി ജീവനൊടുക്കാൻ കാരണം കുടുംബപ്രശ്നമെന്ന് പൊലീസിന്റെ പ്രാഥമിക നിഗമനം. പാറോലിക്കൽ സ്വദേശി ഷൈനി കുര്യൻ, മക്കളായ ഇവാന (10) അലീന (11) എന്നിവരാണ് മരിച്ചത്.ഫെബ്രുവരി 28 നു രാവിലെ അഞ്ചരയോടെയാണ് സംഭവം. ചിന്നിച്ചിതറിയ നിലയിലാണ് മൂന്നു പേരുടെയും മൃതദേഹം റെയിൽവേ ട്രാക്കിൽ നിന്ന് കണ്ടെത്തിയത്. തുടക്കത്തിൽ മൃതദേഹങ്ങൾ തിരിച്ചറിയാൻ കഴിഞ്ഞിരുന്നില്ല. തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് ഇവരെ തിരിച്ചറിഞ്ഞത്.

**നഴ്സിംഗ് ബിരുദധാരി ആണെങ്കിലും ഭർത്താവ് അവരെ ജോലിക്ക് പോകാൻ അനുവദിക്കുമായിരുന്നില്ല . പ്രായം ചെന്ന ഭർത്താവിന്റെ മാതാപിതാക്കളെ നോക്കാനായിരുന്നു അവരെ നിയോഗിച്ചിരുന്നത്**

തൊടുപുഴ സ്വദേശിയായ ഭർത്താവുമായി പിണങ്ങിക്കഴിഞ്ഞിരുന്ന ഷൈനി 9 മാസമായി സ്വന്തം വീട്ടിലാണ് താമസിക്കുന്നത്. ഷൈനിയുടെ ഭർത്താവ് ഇറാഖിലാണ്. . നിർത്താതെ ഹോണടിച്ചെങ്കിലും അമ്മയും മക്കളും ട്രാക്കിൽ നിന്ന് മാറിയില്ലെന്ന് ലോക്കോ പൈലറ്റ് പറഞ്ഞു. 2009 ഇൽ ആയിരുന്നു ഷൈനിയുടെ വിവാഹം . ഷൈനിയെ ശാരീരികമായി പീഡിപ്പിച്ചതിന് ഭർത്താവിനെതിരെ ഡോമെസ്ടിക് വയലൻസ് കേസ് ഫയൽ ചെയ്തിരുന്നു.നഴ്സിംഗ് ബിരുദധാരി ആണെങ്കിലും ഭർത്താവ് അവരെ ജോലിക്ക് പോകാൻ അനുവദിക്കുമായിരുന്നില്ല .പ്രായം ചെന്ന ഭർത്താവിന്റെ മാതാപിതാക്കളെ നോക്കാനായിരുന്നു അവരെ നിയോഗിച്ചിരുന്നത് . കുടുംബവീട്ടിൽ തിരികെ എത്തിയപ്പോൾ സ്ഥിരമായി ജോലിക്ക് അപേക്ഷിച്ചുവെങ്കിലും ഒരു ജോലിയും ലഭിച്ചില്ല എന്ന് നിർമാണ തൊഴിലാളിയായ അച്ഛൻ കുര്യാക്കോസ് പറയുന്നു . വിവാഹമോചന കേസ് നടക്കുന്നതിനിടയിലാണ് മരണം. രാവിലെ പള്ളിയിലേക്ക് പോകുന്നുവെന്ന് പറഞ്ഞാണ് ഷൈനി മക്കളുമായി വീട്ടിൽ നിന്നിറങ്ങിയത് .

നിലമ്പൂർ-കോട്ടയം എക്സ്പ്രസിന് മുന്നിലാണ് മൂവരും ജീവനൊടുക്കിയത്. ട്രെയിൻ വരുമ്പോൾ മൂവരും കെട്ടിപ്പിടിച്ച് ട്രാക്കിൽ ഇരിക്കുകയായിരുന്നുവെന്ന് ലോക്കോ പൈലറ്റ് പറഞ്ഞു. ഹോൺ മുഴക്കിയിട്ടും മാറിയില്ല. ലോക്കോ പൈലറ്റാണ് റെയിൽവേയിലും പൊലീസിലും വിവരം അറിയിച്ചത്.

പോലിസ് സമയത്തിനു നടപടി സ്വീകരിക്കുകയോ ഒരു ജോലി കൊടുക്കാൻ അധികൃതർ -പല ആശുപത്രികളും കൃസ്ത്യൻ സഭയുടെ കീഴിലാണ് -തയാറാകുകയോ ചെയ്തിരുന്നെങ്കിൽ ഇത്തരം ഒരു നിസ്സഹായാവസ്ഥ അവർക്കുണ്ടാകുമായിരുന്നില്ല .സ്ത്രീ സുരക്ഷിതത്വത്തെ പറ്റി നാം വാചാലരാകുമെങ്കിലും യാഥാർത്ഥ്യം മറ്റൊന്നാണ് എന്ന് ഈ കുരുന്നുകളുടെ ദുർവിധി നമ്മെ ഓർമ്മിപ്പിക്കുന്നു


Lakshmi classic
bride's
collections
പട്ടിന്റെ
ഏറ്റവും മഹത്തായ
മേൽവിലാസം....
Lakshmi Silks
THE AUTHENTIC SILK PEOPLE
T.B ROAD, KOTTAYAM
NRI CUSTOMER CARE SERVICE
+91 88916 51904
+91 88911 51907

● മുഖലേഖനം

**പുതിയ സാങ്കേതികതകൾ ഉപയോഗിച്ച് അക്രമരംഗങ്ങൾ ചിത്രീകരിക്കുമ്പോൾ ഉണ്ടാകുന്ന സ്വാഭാവികത പലപ്പിക്കേണ്ട ഒന്നല്ല. മോശം സിനിമ മോശമായി സമൂഹത്തെ ബാധിക്കാം . എന്നാൽ ഒരു സിനിമയുടെ സ്വാധീനം അടുത്ത സിനിമ കാണുന്നതുവരെയാണ്.**








## ഹിംസയുടെ താണ്ഡവം/സിനിമയിലെ ഹിംസ

# സിനിമയാണോ കൊടുംവില്ലൻ?

◉ എസ് സുന്ദർദാസ്

കുറച്ചുകാലമായി കേരളത്തിൽ ആരെങ്കിലും ഒരു കൊല നടത്തി എവിടെയെങ്കിലും കുഴിച്ചുമൂടിയാൽ അതിനെ മാധ്യമങ്ങൾ 'ദൃശ്യം മോഡൽ കൊല'; എന്ന വിശേഷിപ്പിക്കും. ദൃശ്യം എന്ന സിനിമയാണോ ആ കൊലകളുടെയൊക്കെ വഴികാട്ടി അഥവാ പ്രചോദനം? അതിനുമുമ്പും അത്തരം കൊലകളും കുഴിച്ചുമൂടലും ഒക്കെ നമ്മുടെ നാട്ടിൽ നടന്നിട്ടുണ്ട്. എന്നാൽ ഇപ്പോൾ പുതിയ ഒരു ബോധോദയം പോലെ അത്തരം കൊലകളൊക്കെ 'ദൃശ്യം മോഡൽ കൊല'കളാകുന്നു. വാസ്തവത്തിൽ അവിചാരിതമായി ജോ



സുകുട്ടിയും ഭാര്യയും രണ്ട് പെൺമക്കളും അടങ്ങുന്ന ഒരു കുടുംബം നേരിടേണ്ടിവന്ന ഒരു ദുരന്ത സാഹചര്യവും അതിനെ മറികടക്കാൻ ജോസുകുട്ടി നടത്തുന്ന ശ്രമങ്ങളുമാണ് ദൃശ്യത്തിന്റെ കഥാതന്തു.

അതിൽ കൊല നടത്താനുള്ള

**അക്രമങ്ങളുടെയും കൊലകളുടെയും ഭീകരത പ്രകടിപ്പിക്കുന്ന പല സിനിമകളും ലോകത്തും ഇന്ത്യയിലും കേരളത്തിലും ഉണ്ടായിട്ടുണ്ട്. മലയാളത്തിൽ സമീപകാലത്തെ രണ്ട് ഉദാഹരണങ്ങളാണ് റൈഫിൾ ക്ലബ്ബും മാർക്കോയും. പ്രത്യേകിച്ചും മാർക്കോ എന്ന ഉണ്ണിമുകുന്ദൻ സിനിമ.**

ഒരാഹ്വാനവുമില്ല. വാസ്തവത്തിൽ അക്രമങ്ങളുടെയും കൊലകളുടെയും ഭീകരത പ്രകടിപ്പിക്കുന്ന പല

**ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ചാണ് ഇന്ന് സിനിമയിൽ അക്രമം/ഭീകരത സൃഷ്ടിക്കുന്നത്. പ്രോസ്തെറ്റിക്സ് ഉപയോഗിച്ചുള്ള മേക്കപ്പ് ഇന്നൊരു നിർണായക ഘടകമാണ്. സയൻസ് ഫിക്ഷനുകളിലും മറ്റും ഇത് ധാരാളമായി കാണാം. അക്രമം എത്രത്തോളം പ്രകടമാക്കാം എന്നത് കലാകാരന്റെ ഔചിത്യബോധം അനുസരിച്ചായിരിക്കും. സിനിമയിലായാലും ചിത്രകലയിലായാലും സാഹിത്യത്തിലായാലും ഈ ഔചിത്യബോധം പ്രധാനമാകുന്നു**

സിനിമകളും ലോകത്തും ഇന്ത്യയിലും കേരളത്തിലും ഉണ്ടായിട്ടുണ്ട്. മലയാളത്തിൽ സമീപകാലത്തെ രണ്ട് ഉദാഹരണങ്ങളാണ് റൈഫിൾ ക്ലബ്ബും മാർക്കോയും. പ്രത്യേകിച്ചും മാർക്കോ എന്ന ഉണ്ണിമുകുന്ദൻ സിനിമ.


അക്രമവും ഭീകരതയും ചിത്രീകരിക്കുന്ന സിനിമകൾ നിശ്ശബ്ദ ചിത്രങ്ങളുടെ കാലം മുതൽതന്നെ ഉണ്ടായിട്ടുണ്ട് . പിൽക്കാല സിനിമകളിലെല്ലാം അതാതുകാലത്ത് ലഭ്യമാകുന്ന സാങ്കേതികവിദ്യകൾ ഇതിനായി ഉപയോഗിച്ചു. ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ചാണ് ഇന്ന് സിനിമയിൽ അക്രമം/ഭീകരത സൃഷ്ടിക്കുന്നത്. പ്രോസ്തെറ്റിക്സ് ഉപയോഗിച്ചുള്ള മേക്കപ്പ് ഇന്നൊരു നിർണായക ഘടകമാണ്. സയൻസ് ഫിക്ഷനുകളിലും മറ്റും ഇത് ധാരാളമായി കാണാം. അക്രമം എത്രത്തോളംപ്രകടമാക്കാം എന്നത് കലാകാരന്റെ ഔചിത്യബോധം അനുസരിച്ചായിരിക്കും. സിനിമയിലായാലും ചിത്രകലയിലായാലും സാഹിത്യത്തിലായാലും ഈ ഔചിത്യബോധം പ്രധാനമാകുന്നു. ഒരുയുദ്ധത്തിന്റെ ഭീകരതയാണ് പിക്കാസോയുടെ പ്രശസ്തമായ ഗേർണിക്ക എന്ന ചിത്രം ആവിഷ്കരിക്കുന്നത്. സ്പെയിനിലെ ആഭ്യന്തരയുദ്ധത്തിനിടെ, 1937 ഏപ്രിൽ 26-ന് നാസി ജർമ്മനിയുടേയും ഫാസിസ്റ്റ് ഭരണത്തിലിരുന്ന ഇറ്റലിയുടേയും പോർവിമാനങ്ങൾ ബാസ്ക് പ്രവിശ്യയിലെ ഗേർണിക്ക പട്ടണം ബോംബിട്ടു നശിപ്പിച്ചതിനോട് പ്രതികരിച്ചാണ് പിക്കാസോ ഈ ചിത്രം വരച്ചത്. എന്നാൽ അതിൽ ബോംബ്, തോക്ക്, പട്ടാളം എന്നിവയുടെ ഒന്നും ദൃശ്യങ്ങളില്ല. സത്യജിത് റേയുടെ ';അശാനി സാങ്കേത്' എന്ന സിനിമ രണ്ടാം ലോകയുദ്ധകാലത്തെ കുറിച്ചാണെങ്കിലും അതിൽ ഒരു വെടിയൊച്ച പോലും മുഴങ്ങുന്നില്ല.

സാഹിത്യത്തിലാണെങ്കിൽ ഇതിഹാസകൃതിയായ മഹാഭാരതത്തെപ്പോലെ അക്രമം ചിത്രീകരിച്ച മറ്റേത് കൃതിയുണ്ട്?

കൈകാലുകളും ശിരസ്സും വെട്ടിവീഴ്ത്തുന്ന രക്തപങ്കിലമായ എത്രയോ രംഗങ്ങൾ. അപ്പോൾ അക്രമങ്ങളെയും ദുരന്തങ്ങളെയും ഭീകരതയെയും പല രീതിയിൽ ചിത്രീകരിക്കാം. മാർക്കോ യിലെ ഹൈലൈറ്റുകളിൽ ഒന്ന് ജഗദീഷ് അവതരിപ്പിക്കുന്ന കഥാപാത്രത്തിന്റെ ഒരു കൈ വെട്ടിമാറ്റുന്നതാണ്. വെട്ടിമാറ്റിയ കൈ സിനിമയിൽ വീണ്ടും വീണ്ടും കാണിക്കുന്നുണ്ട്. ഇത്ര സ്വഭാവീകതയോടെ ഇത് അവതരിപ്പിക്കുവാൻ മുമ്പ് കഴിയുമായിരുന്നില്ല. ഇതുകണ്ടപ്പോൾ എനിക്ക് ഓർമവന്നത് പഴയ ഉണ്ണിയാർച്ച സിനിമയിൽ ചതിയൻ ചന്തുവിന്റെ വെട്ടിയെടുത്ത തലയുമായി വരുന്ന ആരോമുണ്ണിയെയും കണ്ണപ്പനുണ്ണിയെയും ആണ്. വെട്ടിയെടുത്ത ആ തലയുടെ രൂപം ഓർത്താൽ ചിരിവരും. പ്രോസ്തെറ്റിക്സ് എന്ന കല സിനിമയിൽ അത്രയൊന്നും വികസിച്ചിട്ടില്ലാത്ത കാലമായിരുന്നല്ലോ അത്. മഹാഭാരതയുദ്ധത്തിൽ കൗരവരോടൊപ്പം നിന്ന് പോരാടിയ രാജാവായിരുന്നു ഭൂരിശ്രവസ്സ്.

യുദ്ധത്തിൽ ഭൂരിശ്രവസ്സിന്റെ കൈ അർജുനൻ അമ്പെയ്ത് മുറിച്ചുവീഴ്ത്തുന്നുണ്ട്. പിന്നീട് ഭൂരിശ്രവസ്സിന്റെ മൃതദേഹം കാണാനെത്തിയ പത്നി ആ കൈ എടുത്ത് മടിയിൽവെച്ച് കരയുന്നുണ്ട് ';പൂരിച്ച ഖേദാൽ കരം മടിയിൽചേർത്തു/ഭൂരിശ്രവസ്സിൻ പ്രണയിനി കേഴുന്നു' എന്ന് എഴുത്തച്ഛൻ) . ചില സിനിമകളിൽ ആ രംഗം ചിത്രീകരിച്ചതിലെ പരിമിതികളും ഓർക്കുന്നു. പുതിയ സാങ്കേതികതകൾ ഉപയോഗിച്ച് അക്രമരംഗങ്ങൾ ചിത്രീകരിക്കുമ്പോൾ ഉണ്ടാകുന്ന സ്വാഭാവികത അപലപിക്കേണ്ട ഒന്നല്ല.

നെറ്റ്ഫ്ലിക്സിൽ സ്ട്രീം ചെയ്യുന്ന ദക്ഷിണ കൊറിയൻ ടെലിവിഷൻ പരമ്പര സ്ക്വിഡ് ഗെയിം ഹുവാങ് ഡോങ്-ഹ്യൂക്ക് ആണ് രചനയും സംവിധാനവും നിർവ



ഹിച്ചത്. വെടിയുതിർക്കലും മരിച്ചുവീഴലുമാണ് ഈ സീരിയലിന്റെ സിംഹഭാഗവും. മരണം മിക്കവാറും ഉറപ്പാണെന്നറിഞ്ഞിട്ടും ധനാർത്തി മൂലം ആളുകൾ ആ മരണക്കളിയിൽ പങ്കെടുക്കുന്നു. ഒരിക്കൽ നേരിയ ഭാഗ്യത്തിന് മരണത്തിൽനിന്ന് രക്ഷപ്പെട്ടവർ പിന്മാറാതെ വീണ്ടും ആ കളിയിൽ ഭാഗ്യം തേടുന്നു. കോവിഡ് അനന്തരകാലഘട്ടത്തിലെ സാമ്പത്തിക തകർച്ചയുടെ പശ്ചാത്തലമാണ് ഈ സീരിയലിന്റേത്. സാമ്പത്തിക അരക്ഷിതാവസ്ഥയും ജീവിത നൈരാശ്യങ്ങളും മനുഷ്യനെ ഏതുതരം പതനത്തിലെത്തിക്കുന്നു എന്നാണ് ഈ സീരിയൽ കാണിക്കുന്നത്.



ജീവിതംകൊണ്ടുള്ള ഈ ചൂതാട്ടത്തിന്റെ സംഘാടകരുടെ ഗൂഢലക്ഷ്യങ്ങളും അനാവൃതമാകുന്നുണ്ട്. ഈ സീരിയൽ യുവാക്കളെ അക്രമത്തിന് പ്രേരിപ്പിക്കുന്നു എന്ന ആക്ഷേപം ശുദ്ധ അസംബന്ധമാണ്. നെറ്ഫ്ലിക്സിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ ജനപ്രിയ സീരിയലുകളിലൊന്നായ, 2021 -ൽ ആരംഭിച്ച സ്ക്വീഡ് ഗെയിമിന്റെ രണ്ട് സീസണുകൾ വന്നുകഴിഞ്ഞു. 2025 ജൂണിൽ മൂന്നാം സീസൺ ആരംഭിക്കും.

**ഒരു യുദ്ധത്തിന്റെ ഭീകരതയാണ് പിക്കാസോയുടെ പ്രശസ്തമായ ഗ്വേർണിക്ക എന്ന ചിത്രം ആവിഷ്കരിക്കുന്നത്. സ്പെയിനിലെ ആഭ്യന്തരയുദ്ധത്തിനിടെ, 1937 ഏപ്രിൽ 26 – ന് നാസി ജർമ്മനിയുടേയും ഫാസിസ്റ്റ് ഭരണത്തിലിരുന്ന ഇറ്റലിയുടേയും പോർവിമാനങ്ങൾ ബാസ്ക് പ്രവിശ്യയിലെ ഗ്വേർണിക്ക പട്ടണം ബോംബിട്ടു നശിപ്പിച്ചതിനോട് പ്രതികരിച്ചാണ് പിക്കാസോ ഈ ചിത്രം വരച്ചത്. എന്നാൽ അതിൽ ബോംബ്, തോക്ക്, പട്ടാളം എന്നിവയുടെ ഒന്നും ദൃശ്യങ്ങളില്ല. സത്യജിത് റേയുടെ 'അശാനി സാങ്കേത് എന്ന സിനിമ രണ്ടാം ലോകയുദ്ധകാലത്തെ കുറിച്ചാണെങ്കിലും അതിൽ ഒരു വെടിയൊച്ചപോലും മുഴങ്ങുന്നില്ല.**

2016 ൽ പുറത്തിറങ്ങിയ ഒരു ദക്ഷിണ കൊറിയൻ ഹൊറർ ചലച്ചിത്രമാണ് ട്രെയിൻ ടു ബുസാൻ. ചിത്രം സംവിധാനം നിർവഹിച്ചത് യിയോൻ സാങ്-ഹോ ആണ്. വൈറസ് ബാധയിലൂടെ സോംബികളാക്കപ്പെടുന്നവർ മറ്റുമനുഷ്യരെ കടിച്ച് രക്തം കുടിക്കുന്നതോടെ കടിയേറ്റവരും സോംബികളായിമാറുന്നതാകുന്നു.

ഒരു ട്രെയിനിൽ യാത്രചെയ്യുന്നവർക്കിടയിലേക്ക് ഒരു സോമ്പി വന്നെത്തുന്നതോടെ സംഭവിക്കുന്ന ഭീകരാന്തരീക്ഷമാണ് സിനിമയിൽ അനാവൃതമാകുന്നത്. സ്വയം രക്ഷപ്പെടാനുള്ള വെമ്പലിലും മാനുഷികമൂല്യങ്ങൾ ഉയർത്തിപ്പിടിക്കാൻ ശ്രമിക്കുന്ന ചില കഥാപാത്രങ്ങളാണ് ഈ സിനിമയുടെ ബലം. മെയ് 13 ന് ചലച്ചിത്രം കാൻ ചലച്ചിത്രമേളയിൽ പ്രദർശിപ്പിക്കപ്പെട്ടു. ഒരു കോടിയിലേറെ പ്രേക്ഷകരെ തീയറ്ററിൽ എത്തിക്കുന്നതിൽ വിജയിച്ച ചിത്രം ഈ നേട്ടം കൈവരിക്കുന്ന ആദ്യ കൊറിയൻ ചലച്ചിത്രമാണ്.

എന്നാൽ കഴിഞ്ഞമാസം നെറ്ഫ്ലിക്സിൽ റിലീസ് ചെയ്ത ജാപ്പനീസ് ചിത്രം 'ഡെമോൺ സിറ്റി' നോക്കുക. തന്റെ കുടുംബത്തെ ഉന്മൂലനം ചെയ്യാൻ ശ്രമിച്ച അധോലോക സംഘത്തിനെതിരെ പ്രതികാരം തീർക്കാൻ ഇറങ്ങിയ ഒരു വാടകക്കൊലയാളിയുടെ കഥയാണിത്.

കൊല്ലപ്പെട്ടു എന്നു കരുതിയ സ്വന്തം മകളെ ഗൂഢസംഘത്തിലെ ഒരാൾ തന്റെ മകളെന്ന നിലയിൽ വളർത്തുന്നത് അയാൾ തിരിച്ചറിയുന്നതും എന്നാൽ മകൾ സ്വന്തം പിതാവിനെ തിരിച്ചറിയാതെ മാറുന്നതും ഒടുവിൽ ഇരുവരും പരസ്പരം തിരിച്ചറിയുന്നതുമായ ചില വൈകാരിക മുഹൂർത്തങ്ങൾ ഒഴിച്ചാൽ ചിത്രത്തിലുടനീളം കൊലയോട് കൊല. ഒടുവിൽ നായകൻറെ തന്നെ ഒരു കൈ വെട്ടിവീഴ്ത്തപ്പെടുന്നുണ്ട്. ഈ ജനുസ്സിൽവരും ഉണ്ണിമുകുന്ദൻ ചിത്രം മാർക്കോ. അക്രമസംഭവങ്ങൾ സ്വാഭാവികമെന്നു തോന്നിക്കുംവിധം അവതരിപ്പിക്കുന്നതിലും ഒരു കലയുണ്ട്. അത് ആഗ്രഹിക്കുന്നവർ, ഇഷ്ടപ്പെടുന്നവർ ഇത്തരം ചിത്രങ്ങൾ കൊണ്ടാടും. എന്നാൽ അതുകൊണ്ട് സമൂഹത്തിൽ

പ്രത്യേകിച്ചും യുവാക്കളിൽ ഹിംസാപ്രവണത വർദ്ധിക്കും എർ

**മാർക്കോ യിലെ ഹൈലൈറ്റുകളിൽ ഒന്ന് ജഗദീഷ് അവതരിപ്പിക്കുന്ന കഥാപാത്രത്തിന്റെ ഒരു കൈ വെട്ടിമാറ്റുന്നതാണ്. വെട്ടിമാറ്റിയ കൈ സിനിമയിൽ വീണ്ടും വീണ്ടും കാണിക്കുന്നുണ്ട്. ഇത്ര സ്വഭാവികതയോടെ ഇത് അവതരിപ്പിക്കുവാൻ മുമ്പ് കഴിയുമായിരുന്നില്ല. ഇതുകണ്ടപ്പോൾ എനിക്ക് ഓർമവന്നത് പഴയ ഉണ്ണിയാർച്ച സിനിമയിൽ ചതിയൻ ചന്തുവിന്റെ വെട്ടിയെടുത്ത തലയുമായി വരുന്ന ആരോമുണ്ണിയെയും കണ്ണപ്പനുണ്ണിയെയും ആണ്. വെട്ടിയെടുത്ത ആ തലയുടെ രൂപം ഓർത്താൽ ചിരിവരും.**

ന്നൊക്കെ വാദിക്കുന്നത് ശരിയല്ല. സിനിമയെ സിനിമയായി മാത്രം കാണാൻ കഴിയാത്തവിധം മന്ദബുദ്ധികളൊന്നുമല്ല നമ്മുടെ യുവതലമുറ.

ഞാൻ ഇവിടെ ഓർത്തുപോകുന്നത് 1970 -80 കാലഘട്ടത്തിലെ ഹിന്ദി സിനിമകളാണ്. മിക്ക സിനിമകളിലും നായികയെ വില്ലൻ തട്ടിക്കൊണ്ടുപോകുന്നു. നായകൻ അതിസാഹസികമായി വില്ലന്റെ ഗൂഢകേന്ദ്രത്തിലെത്തി നായികയെ വീണ്ടെടുക്കുന്നു. നായകൻ വില്ലനെ വകവരുത്താൻ ശ്രമിക്കുന്ന അന്ത്യരംഗത്തിൽ പോലീസ് സംഘം ഓടിയെത്തി നായകനെ തടയുന്നു, ശിക്ഷ നടപ്പാക്കാൻ ഇവിടെ പോലീസും കോടതിയുമുണ്ടെന്ന് പ്രഖ്യാപിച്ച് വില്ലനെ കസ്റ്റഡിയിലെടുക്കുന്നു. മാർക്കോ സിനിമയ്ക്ക് ഇങ്ങനെ ഒരു അവസാനം നല്കിയാലോ? കൊലപാതകത്തിന് ശിക്ഷിച്ച് ജയിലിൽ പോയ പ്രതി ജാമ്യത്തിൽ പുറത്തുവന്ന് ഇരട്ടക്കൊലനടത്തുന്ന ഇക്കാലത്ത് മേല്പറഞ്ഞ അന്ത്യരംഗം അപഹാസ്യമാകില്ലേ?

മാത്രമല്ല യുവാക്കൾക്ക് മാതൃകയാക്കേണ്ട മുതിർന്നവർ അങ്ങനെ ചെയ്യുന്നുണ്ടോ? ഉന്നത ഉദ്യോഗസ്ഥർ കൈക്കൂലി വാങ്ങി പിടിയിലാകുന്ന വാർത്തകളാണ് നിത്യവും. അതിക്രൂരമായ രാഷ്ട്രീയകൊലപാതകങ്ങൾ കുറവാണോ? കുറ്റവാളികൾ പലപ്പോഴും രക്ഷപ്പെടുന്നു. ശിക്ഷിക്കപ്പെടുന്നവർ ജയിലിലും പരോളിലും സുഖമായി കഴിയുന്നു. അതുകൊണ്ട് രക്ഷിതാക്കളും അധ്യാപകരും രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥപ്രമുഖരും നല്ല മാതൃക കാട്ടട്ടെ.കുട്ടികൾ താനേ 'ഫാൾ ഇൻ ലൈൻ'; ആകും.

യുവതലമുറയിലെ വർദ്ധിച്ചുവരുന്ന അക്രമവാസനയുടെ കാരണങ്ങൾ സിനിമയിലല്ല, മറ്റെവിടെയെല്ലാമോ ആകണം തേടേണ്ടത്. കമ്പ്യൂട്ടർ/ഓൺലൈൻ ഗെയിമുകളും ഇന്റർനെറ്റിന്റെ വിവേചനരഹിതമായ ഉപയോഗവും പ്രധാനകാരണങ്ങളാകാം.

പാരന്റിംഗിന്റെയും വിദ്യാഭ്യാസ രീതിയുടെയും പ്രശ്നങ്ങളും കാണാ



തെ പോകരുത്. പഠനം സഹപാഠികൾ തമ്മിലുള്ള കിടമത്സരമാകുന്നതും അപകടമാകുന്നു. കലോത്സവ വേദികൾ പോലും സംഘര്ഷഭരിതമാകുന്നത് എന്തുകൊണ്ടാണ്?

അതുകൊണ്ട് സിനിമയെ കുറ്റം പറയുന്നതിൽ കാര്യമില്ല. മോശം സിനിമ മോശമായി സമൂഹത്തെ ബാധിക്കാം.

എന്നാൽ ഒരു സിനിമയുടെ സ്വാധീനം അടുത്ത സിനിമ കാണുന്നതുവരെയാണ്. എക്കാലത്തേയ്ക്കും സ്വാധീനമാകുന്ന സിനിമകൾ അപൂർവങ്ങളിൽ അപൂർവം. മാർക്കോപോലുള്ള സിനിമകൾ ആ വിഭാഗത്തിൽ പെടുന്നില്ല.

**നെറ്റ്ഫ്ലിക്സിൽ സ്ട്രീം ചെയ്യുന്ന ദക്ഷിണ കൊറിയൻ ടെലിവിഷൻ പരമ്പര സ്ക്വിഡ് ഗെയിം ഹുവാങ് ഡോങ്- ഹ്യൂക്ക് ആണ് രചനയും സംവിധാനവും നിർവഹിച്ചത്. വെടിയുതിർക്കലും മരിച്ചുവീഴലുമാണ് ഈ സീരിയലിന്റെ സിംഹഭാഗവും. മരണം മിക്കവാറും ഉറപ്പാണെന്നറിഞ്ഞിട്ടും ധനാർത്തിമൂലം ആളുകൾ ആ മരണക്കളിയിൽ പങ്കെടുക്കുന്നു. ഒരിക്കൽ നേരിയ ഭാഗ്യത്തിന് മരണത്തിൽനിന്ന് രക്ഷപ്പെട്ടവർ പിന്മാറാതെ വീണ്ടും ആ കളിയിൽ ഭാഗ്യം തേടുന്നു.**

# സിനിമ സ്വാധീനിക്കുന്നില്ല എന്ന തിയറിയിൽ ഞാൻ വിശ്വസിക്കുന്നില്ല



**കൃഷ്ണേന്ദു കലേഷ്**
പ്രാപ്പെട എന്ന ചിത്രത്തിന്റെ
സംവിധായകൻ

വാണിജ്യ സിനിമ എന്നത് ഇമോഷൻ ഉൽപ്പാദനത്തിലൂടെ മാത്രം വിജയസാധ്യത കൽപ്പിക്കുന്നവയാണ്. ഓഡിയോ വിഷ്വൽ സങ്കേതമായ ഇവയാണ് ഇവിടുത്തെ പോപ്പുലർ കൾച്ചറിനെ പലപ്പോഴും ഇന്ന് സ്ഥാപിക്കുന്നവ, സാഹിത്യത്തിലുപരി... Stalking ആണ് പ്രണയവിനിമയം എന്ന് കരുതിയ തൊണ്ണൂറുകളെ വിസ്മരിച്ചു കൂടാ, മുടി നീട്ടി സൈക്കിൾ ചെയിനുമായി വീരത്വം സ്ഥാപിച്ച അന്നത്തെ ആൽഫാ യുവതയെ കണ്ടില്ലെന്ന് വെച്ച് കൂടാ, അതിലും പതിന്മടങ്ങ് എഫെക്ടിൽ ഇന്നത്തെ റീലുകൾ മുഴുവനും ആൺ ഫാന്റസിയുടെ

> **കോമൺസെൻസിനെ എപ്രകാരം ഏതു ദിശയിലേക്ക് വേണമെങ്കിലും സ്വാധീനിക്കാൻ മാത്രം നവമാധ്യമങ്ങൾക്ക് ഇടം കൊടുത്ത ദേശമാണ് നമ്മുടേത്, എന്തിനേറെ, ക്രൈം ടൈം സീരിയൽ വഴി വർഗീയ കലാപം സൃഷ്ടിക്കപ്പെട്ട ചരിത്രം ഉള്ള നാടാണ് നമ്മുടേത്.**

ഓഡിയോ- വിഷ്വൽ പ്ലേ ഉള്ള സിനിമകളുടെ സ്വാധീനമുള്ളവയാണ്, അവയുടെ അപ്പുറം എന്നത് ലൈക്കുകൾക്കും ഷെയറുകൾക്കും വേണ്ടിയുള്ള പുരോഗമന പ്രിറ്റൻഷന്റെ അതിപ്രസരമുള്ള ക്യാപ്സ്യൂളുകളാണ്...

> **ഓഡിയോ വിഷ്വൽ സങ്കേതമായ വാണിജ്യ സിനിമയാണ് ഇവിടുത്തെ പോപ്പുലർ കൾച്ചറിനെ പലപ്പോഴും ഇന്ന് സ്ഥാപിക്കുന്നവ, സാഹിത്യത്തിലുപരി...Stalking ആണ് പ്രണയവിനിമയം എന്ന് കരുതിയ തൊണ്ണൂറുകളെ വിസ്മരിച്ചു കൂടാ, മുടി നീട്ടി സൈക്കിൾ ചെയിനുമായി വീരത്വം സ്ഥാപിച്ച അന്നത്തെ ആൽഫാ യുവതയെ കണ്ടില്ലെന്ന് വെച്ച് കൂടാ, അതിലും പതിന്മടങ്ങ് എഫെക്ടിൽ ഇന്നത്തെ റീലുകൾ മുഴുവനും ആൺ ഫാന്റസിയുടെ ഓഡിയോ – വിഷ്വൽ പ്ലേ ഉള്ള സിനിമകളുടെ സ്വാധീനമുള്ളവയാണ്, അവയുടെ അപ്പുറം എന്നത് ലൈക്കുകൾക്കും ഷെയറുകൾക്കും വേണ്ടിയുള്ള പുരോഗമന പ്രിറ്റൻഷന്റെ അതിപ്രസരമുള്ള ക്യാപ്സ്യൂളുകളാണ്...**

കോമൺസെൻസിനെ എപ്രകാരം ഏതു ദിശയിലേക്ക് വേണമെങ്കിലും സ്വാധീനിക്കാൻ മാത്രം നവമാധ്യമങ്ങൾക്ക് ഇടം കൊടുത്ത ദേശമാണ് നമ്മുടേത്, എന്തിനേറെ, ക്രൈം ടൈം സീരിയൽ വഴി വർഗീയ കലാപം സൃഷ്ടിക്കപ്പെട്ട ചരിത്രം ഉള്ള നാടാണ് നമ്മുടേത്.

Toxic Propaganda is real. അത്തരമൊരു സിനാരിയോവിൽ സിനിമ സ്വാധീനിക്കുന്നില്ല എന്ന തിയറിയറിൽ ഞാൻ വിശ്വസിക്കുന്നില്ല. സിനിമ അപ്രകാരം സ്വാധീനിച്ചു കൂടാ എന്നതാണ് തിയറി, പക്ഷെ നമ്മൾ അപ്രകാരം തയ്യാറായൊരു ജനതയല്ല എന്നതാണ് സാമൂഹിക യാഥാർത്ഥ്യം, അതിനാൽ തന്നെ പൊതുബോധ/ കാഴ്ചപ്പാടുകൾ രൂപീകരിക്കുന്നതിൽ സിനിമയ്ക്ക് ന്യായമായ പങ്കുണ്ട് ഇവിടെ.

● പ്രതിപക്ഷം / സിനിമയിലെ ഹിംസ

# നടുക്കുന്ന കൊലപാതകങ്ങളിൽ അത് നടപ്പാക്കിയവർ മാത്രമാണോ ഉത്തരവാദികൾ?



**അഹ്മദ് ശരീഫ് പി.**
240 Newstag .com
**എഡിറ്റർ**

മരം മുറിക്കുന്ന യന്ത്രവാൾകൊണ്ട് തലങ്ങും വിലങ്ങും മനുഷ്യരെ അറുത്തുകൊല്ലുക, ചോരയിൽ കുളിക്കുക, കണ്ണുകാണാത്ത ഒരു മനുഷ്യനെ പുകയുന്ന ആസിഡിൽ എറിഞ്ഞു വെന്തുരുകുന്നതുകണ്ട് ആസ്വദിക്കുക, കൈയും കാലും വെട്ടിയെടുത്ത് അതുമായി നർത്തനമാടുക -ഈയിടെ പുറത്തിറങ്ങിയ ചില സിനിമകളിൽ നിറഞ്ഞുനിൽക്കുന്ന ദൃശ്യങ്ങളാണ് ഇതെല്ലാം.

സാമൂഹിക പ്രതിബദ്ധതയുള്ള നിലപാട് പ്രകടിപ്പിച്ചിട്ടുള്ള സംവിധായകരും നമ്മുടെ വീട്ടിലെ പയ്യന്മാർ എന്ന കണക്കിൽ പ്രേക്ഷകലക്ഷങ്ങൾ ഇഷ്ടപ്പെടുന്ന അഭിനേതാക്കളുമാണ് മത്താപ്പൂ കത്തിക്കുന്ന ലാഘവത്തോടെ തോക്കും ബോംബും കത്തിയും വാളും ഉപയോഗിച്ച് കൈവിറക്കാതെ മനുഷ്യരെ കൊല്ലുന്നതിനെ ആഘോഷമാക്കുന്ന സിനിമകളുടെ മുന്നണിയിലും പിന്നണിയിലും പ്രവർത്തിച്ചിരിക്കുന്നത്.

ലോകത്തെമ്പാടും സാമൂഹിക മാറ്റത്തിന് പ്രേരകമായ ബഹുജന മാധ്യമവും കലാരൂപവുമാണ് സിനിമകൾ. സാമൂഹിക തിന്മകളെയും അനാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും വെല്ലുവിളിക്കുന്ന, ഭരണകൂടങ്ങളെ പിടിച്ചുലക്കാൻ പോലും പോന്ന സിനിമകൾ നമ്മുടെ നാട്ടിൽ തന്നെ വെള്ളിത്തിര നിറഞ്ഞാടിയിട്ടുണ്ട്. എന്നാൽ, ഇന്നിറങ്ങുന്ന സിനിമകൾ മനുഷ്യരെ കൊണ്ടുപോകുന്നത് എങ്ങോട്ടാണ്? സമീപകാലത്ത് കേരളത്തിൽ നടമാടിയ പല

> **തലങ്ങും വിലങ്ങും മനുഷ്യരെ വെട്ടിക്കൊല്ലുന്ന സിനിമകളെ നൂറുകോടി ക്ലബിലെത്തിക്കാൻ മത്സരിക്കുന്ന സാക്ഷര മലയാളിക്ക് ഈ തിന്മകളുടെ ഉത്തരവാദിത്തത്തിൽനിന്ന് ഓടിയൊളിക്കാനാവില്ലെന്ന് ഉറപ്പ്**

കൊലപാതകങ്ങളിലും കൊടും ക്രൂരതകളിലും മയക്കുമരുന്നിനൊപ്പം ചോരക്കളികൾ സെലിബ്രേറ്റ് ചെയ്യുന്ന സിനിമകളും പ്രേരകമായിട്ടുണ്ട് എന്ന് കാണാതിരിക്കാനാവില്ല. ചോരയിൽ മണ്ണുപറ്റും എന്നും മറ്റുമുള്ള ഡയലോഗുകൾ നമ്മുടെ വീട്ടിലെ കൊച്ചുകുഞ്ഞുങ്ങൾപോലും പറഞ്ഞു നടക്കുന്നുവെങ്കിൽ കൗമാരക്കാരിലും യുവജനങ്ങളിലും ആ ഡയലോഗുകളും അക്രമരംഗങ്ങളും ചെലുത്തുന്ന സ്വാധീനം എപ്രകാരമായിരിക്കും. ആർക്കും സംശയം തോന്നാത്ത വിധത്തിൽ കൊന്നു കുഴിച്ചു മൂടുന്നതിനെ 'ദൃശ്യം മോഡൽ' എന്നാണല്ലോ കുറെ വർഷമായി നമ്മൾ വിളിച്ചുവരുന്നതുതന്നെ. മോഷണവും ധീരകർമമായി ചിത്രീകരിക്കുന്നുണ്ട് ചില സിനിമകൾ. കവർച്ചക്കേസുകളിൽ പിടിയിലാവുന്ന പലരും പാഠപുസ്തകമായി ചൂണ്ടിക്കാട്ടുന്നത് അത്തരം ചില സിനിമകളെയാണ്. അക്രമത്തിനും മയക്കുമരുന്നിന്റെ ദൂഷ്യഫലങ്ങൾക്കുമെതിരിൽ ബോധവത്കരണം നടത്തുന്നതിന് ഉപയോഗിക്കാവുന്ന ഫലപ്രദമായ ഒരു മാധ്യമമാണ് സത്യത്തിൽ സിനിമ. പുകവലിയുടെയും ലഹരിയുടെയും ദൂഷ്യഫലങ്ങൾക്കെതിരായ പരസ്യ കാമ്പയിനുകളിൽ നമ്മുടെ താരങ്ങൾ അണിനിരക്കുന്നതിന് അതിന്റേതായ സ്വാധീനം ഉണ്ടാകുന്നുണ്ട് എന്നതും എടുത്തുപറയണം.

ഭരണാധികാരിക്ക് അലോസരം തോന്നിയേക്കുമെന്ന് സെൻസർ ബോർഡിലെ ഏതെങ്കിലുമൊരു അംഗത്തിന് തോന്നിയാൽ സർട്ടിഫിക്കറ്റ് അനുവദിക്കാതെ സിനിമകൾ തടഞ്ഞുവെക്കുന്ന നാട്ടിലാണ് തുടക്കം മുതൽ ഒടുക്കം വരെ വെടിവെപ്പും കൊള്ളിവെപ്പും അക്രമ ഡയലോഗുകളും കുത്തിനിറച്ച ചിത്രങ്ങൾക്ക് അനുമതി ലഭിക്കുന്നതും അവ അതിവേഗം ഹിറ്റായി മാറുന്നതും. നാട്ടിൽ നടക്കുന്ന നടുക്കുന്ന കൊലപാതകങ്ങളിൽ അത് നടപ്പാക്കിയവർ മാത്രമാണോ ഉത്തരവാദികൾ? തലങ്ങും വിലങ്ങും മനുഷ്യരെ വെട്ടിക്കൊല്ലുന്ന സിനിമകളെ നൂറുകോടി ക്ലബിലെത്തിക്കാൻ മത്സരിക്കുന്ന സാക്ഷര മലയാളിക്ക് ഈ തിന്മകളുടെ ഉത്തരവാദിത്തത്തിൽനിന്ന് ഓടിയൊളിക്കാനാവില്ലെന്ന് ഉറപ്പ്

# NEW CAR KEYS

## ARE KEY TO SAVING ON CAR INSURANCE

*Call me today to see*
*How much you can save with*
*Allstate's New Car Discount*



Allstate®

You're in good hands.

**Joseph V Thomas**
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com

CALL

**718 831 6500**


30 Plus years
in Insurance
Business

**We Offer 6 Hours Defensive Driving Course in NY/NJ**

● നോവൽ/
**ഒന്നാമത്തെ ദിവ്യ രഹസ്യം**




വര :
മറിയം ജാസ്മിൻ



ജോസഫ് എബ്രാഹം

# ഒരു എഴുത്തുകാരന്റെ പച്ചക്കൊടി

ജോസഫ് എബ്രാഹമിന്റെ ഒന്നാമത്തെ ദിവ്യ രഹസ്യം എന്ന ആദ്യത്തെ നോവൽ ഈ ലക്കത്തോടെ മാസികയിൽ തുടങ്ങുകയാണ് .ശ്രദ്ധേയനായ ഈ എഴുത്തുകാരന്റെ ബൈബിളിനെ ആശ്രയിച്ചുള്ള ഈ നോവൽ ഏറെ ചർച്ചകൾക്കും സർഗാല്മക വിമർശനങ്ങൾക്കും വഴിതെളിക്കും.പ്രശസ്ത എഴുത്തുകാരനായ ജോർജ് ജോസഫ് കെ നോവലിനെ വായനക്കാർക്ക് മുൻപിൽ അവതരിപ്പിക്കുന്നു . തുടർന്നു ആദ്യ ഭാഗങ്ങൾ വായിക്കാം . വര: മറിയം ജാസ്മിൻ

# വഴി വിളക്ക്

## വെളിപാടുകളുടെ ദിവ്യരഹസ്യം

ജോസഫിന്റെ ജീവിതം, ബൈബിളിൽ ഒന്നോ രണ്ടോയിടത്ത്, ചില വാക്യങ്ങളിൽ അദൃശ്യമായി കിടക്കുന്ന ഒന്നായിരുന്നു. അതിനപ്പുറത്തേക്ക് ആ കഥാപാത്രം ഒന്നുമല്ല. പക്ഷെ നോവലിസ്റ്റ് ജോസഫ് എബ്രഹാം അതിനെ കുഴിച്ചെടുത്തു ഈ നോവലിൽ അപാരമായ പാത്രസൃഷ്ടി നടത്തിയിരിക്കുന്നു. കാലം ചിലരെ ചിലത് ഏൽപ്പിക്കും, ഇവിടെ അത് ഏല്പിച്ചത് ജോസഫ് എബ്രാഹം എന്ന എഴുത്തുകാരനെ തന്നെയാണ്.

**ജോർജ് ജോസഫ്. കെ**

എല്ലാ നോവലുകളിലും പരീക്ഷണാത്മക സ്വഭാവം അറിഞ്ഞോ അറിയാതെ വന്നു ചേർന്നിട്ടുള്ള ഒരു കാലമാണിപ്പോൾ.

ആധുനിക / ഉത്തരാധുനിക കാലങ്ങളെ മറികടന്നിരിക്കുന്നു സാഹിത്യം. ഭാഷകൊണ്ട് വിസ്മയംതീർക്കുന്ന ആഖ്യാനത്തിലും വിഷയസ്വീകരണത്തിലും അത്യത്ഭുതങ്ങൾ സൃഷ്ടിക്കുന്ന നോവലുകളാണിപ്പോൾ നമ്മുടെ കൈളിലേക്കെത്തുന്നത്. വായനയിൽ നവീകരണം സൃഷ്ടിക്കാൻ ഇപ്പോഴുള്ള എഴുത്തുകാർ നിർവ്വഹിക്കുന്ന പങ്ക് വളരെ വലുതാണ്. സോഷ്യൽ മീഡിയയുടെ കുതിപ്പാർന്ന വളർച്ചയുടെ ഈ കാലഘട്ടത്തിൽ, കേരളത്തിലെ നമ്മുടെ വായനാസംസ്കാരം നിർണ്ണയിക്കാവുന്നതിലപ്പുറം വലുതാണ്. അതിപ്പോൾ മലയാളഭാഷയേയും മറികടന്ന് ലോകഭാഷകളിലേക്കും സഞ്ചരിക്കുകയാണ്.

ഭൂമിയിൽ വ്യത്യസ്ത ഭൂഖണ്ഡങ്ങളുള്ളതുപോലെ, സാഹിത്യസൃഷ്ടികളിൽ ഭാഷകളുടെ വൈവിധ്യവും രചനാരീതികളും നാം നിരന്തരം വായനയിലൂടെ മനസിലാക്കുന്നുണ്ട്. അവയിൽ ഉൾക്കൊണ്ടിരിക്കുന്ന സൗന്ദര്യാത്മക ചേതനയാകട്ടെ അവർണ്ണനീയവുമാണ്.

ഇവിടെയാണ് ജോസഫ് എബ്രാഹം തന്റെ ആദ്യ നോവൽ, 'ഒന്നാമത്തെ ദിവ്യരഹസ്യം' എഴുതിയതിന്റെ പ്രസക്തി. അദ്ദേഹം തന്റെ കൃതി മഹത്താണന്ന് അവകാശപ്പെടുന്ന ഒരാളല്ല. ആദ്യ നോവലെന്ന നിലയിൽ പലകുറവുകളും ഇതിൽ കണ്ടേക്കാമെന്നും അദ്ദേഹം സംഭാഷണത്തിൽ പറയുകയുണ്ടായി. ഇന്നത്തെ കാലത്ത്, പുതിയ എഴുത്തുകാരിൽ പലരും സ്വന്തം രചനകളെക്കുറിച്ച് വലിയ ഊറ്റം കൊള്ളുന്നവരല്ല, മറിച്ച് സന്ദേഹികളാണ്.

കാരണം, അവർ വായിച്ചു കൂട്ടിയ പുസ്തകങ്ങളുടെ മഹത്വം മുമ്പിൽ പരന്നു കിടക്കുന്നതു കൊണ്ടു തന്നെ. അവർ സ്വയം പുകഴുന്നവരേയല്ല.

പുരാണേതിഹാസങ്ങൾ മുതൽ ഈ കാലംവരെ എഴുതപ്പെട്ട സാഹിത്യകൃതികളിൽ, ഹൃദയത്തിലാഴത്തിൽ പതിയുന്ന മനുഷ്യജീവിത സ്പർശങ്ങളുടെ പലതരം അടരുകളിലൂടെ വായനക്കാരായ നാം കടന്നു പോയി ക്കൊണ്ടിരിക്കുകയാണ്.

ഈ കുറിപ്പെഴുതുമ്പോൾ എന്റെ മുമ്പിൽ മഹാപ്രപഞ്ചം പോലെ ഒരു പുസ്തകം തുറന്നിരിക്കുന്നു. പത്തുവയസു മുതൽ അറുപത്തിയെട്ടു വയസുവരെ മടുക്കാതെ പലയാവർത്തി വായിച്ച ബൈബിൾ, വെറും വിശുദ്ധ ഗ്രന്ഥം മാത്രല്ല, മറിച്ച് എത്രമാത്രം കാവ്യാത്മകമായ ആത്മീകാനുഭൂതിയാണ് എഴുത്തിൽ അതെനിക്കുണ്ടാക്കി തന്നത്.

എന്റെ എഴുത്തിന്റെ ഊറിക്കൂടലുകളിൽ ഉറവപൊട്ടിയ അക്ഷരങ്ങളും കഥാമുഹൂർത്തങ്ങളും മന്നയായി (പുറപ്പാടു കാലത്തെ മരുഭൂമിയിലെ ഇസ്രായേൽ മക്കളുടെ ഭക്ഷണം) എനിക്കു ലഭിച്ചത്, ശരിക്കും ബൈബിളിൽ നിന്നു തന്നെയാണ്. അതിലെ ആന്തരിക ചൈതന്യമാണ് എന്നിലെ എഴുത്തുകാരനെ വായനക്കാരുടെയിടയിൽ അല്പമെങ്കിലും ശ്രദ്ധിക്കാനിടയാക്കിയത്. അതുപോലെ ജോസഫ് എബ്രാഹാമിനും ഈ നോവൽ എഴുതാൻ ബൈബിൾ സഹായകമായിട്ടുണ്ടെന്ന് ഞാൻ കരുതുന്നു.

ഇന്ന് ലോകത്തുണ്ടായിട്ടുള്ള പല പ്രശസ്ത സാഹിത്യകൃതികളുടെ രചയിതാക്കളിലും ഈ ആന്തരീക ആത്മീയ ചൈതന്യം സ്വാധീനിച്ചിട്ടുണ്ടെന്ന് അവ വായിക്കുമ്പോൾ ആ സൃഷ്ടികൾ നമ്മെ സക്ഷ്യപ്പെടുത്തുന്നു. പൂർവ്വസൂരികളായ എഴുത്തുകാർ, ദസ്തേയവസ്കിയും, ടോൾസ്റ്റോയിയും, കസാൻദാക്കീസുമൊക്കെ ആ ചൈതന്യത്തെ തങ്ങളുടെ കൃതികളിൽ വേണ്ടുവോളം ആവാഹിച്ചിട്ടുണ്ട്.

ഞാൻ വായിച്ച പരിമിതമായ ചില മലയാളനോവലുകൾ ഓർക്കുമ്പോൾ സി.വി.ബാലകൃഷ്ണന്റെ 'ആയുസിന്റെ പുസ്തകം', റോസി തമ്പിയുടെ 'റബ്ബോനി',മോഹന്റെ 'അമ്മ കന്യ', കെ.ആർ മീരയുടെ 'സൂര്യനെ അണിഞ്ഞ സ്ത്രീ' തുടങ്ങി സാറാ ടീച്ചറുടെ 'പാപത്തറ'യും ഇപ്പോൾ പുതുതായി ഇറങ്ങിയ 'കറ'വരെ, ബൈബിളിന്റെ സ്വാധീനതയിൽ വിളഞ്ഞ കൃതികളാണ്.

ജോസഫ് എബ്രഹാമിൻറെ 'ഒന്നാമത്തെ ദിവ്യരഹസ്യവും' ബൈബിളിന്റെ ഭൂമികയിൽനിന്നും അടർത്തിയെടുത്ത സംഭവങ്ങളും കഥാപാത്രങ്ങളുമൊക്കെത്തന്നെ യാണ്.

ഇതിഹാസത്തിൽ നിന്നും എം.ടി രണ്ടാമൂഴത്തിലൂടെ പുതിയൊരു ഭീമനെ സൃഷ്ടിച്ചു. പി.കെബാല കഷ്ണൻ ഇനി ഞാൻ ഉറങ്ങട്ടെ എന്ന നോവലിലൂടെ കർണ്ണനേയും. അങ്ങനെ പല എഴുത്തുകാരും തങ്ങളുടെ രചനയ്ക്ക് ഉറവിടമാ യി ഇതിഹാസങ്ങളും മിത്തുകളും ഇതിനകം ഉപയോഗിച്ചു കഴിഞ്ഞു. ചരിത്രത്തേയും മിത്തിനേയും അവ ലംബിച്ചെഴുതിയ കൃതികളുടെ ഒരു സഞ്ചയം തന്നെ നമുക്കുണ്ട്. വി സ്താരഭയത്താൽ പല നോവലും വിടുന്നു. പലരുടേയും രചനകൾ ഒന്നിനൊന്ന് മെച്ചം തന്നെ.

ഒറിജനൽ കൃതികളിൽ നിന്നും അഡോപ്റ്റ് ചെയ്തു പുനർനിർ മ്മിക്കപ്പെടുന്ന മുഹൂർത്തങ്ങളും കഥാപാത്രങ്ങളും ഇന്ന് എഴുത്തു കാർക്ക് പുതിയ റോമെറ്റീരിയൽ തന്നെയായി മാറുന്നുണ്ട്. അവർ ക്കതിനെ മാറ്റിപ്പണിയുന്ന സു ഖകരമായ സർഗ്ഗാത്മക ലഹരി ലഭിക്കുന്നത് കൊണ്ടു കൂടിയാണ് അവരതിൽ മുഴുകുന്നത്, അതില വർ വിദഗ്ദ്ധ ശില്പികളുമാണ്.

സത്യം പറഞ്ഞാൽ ഈ നോ വൽ വായിച്ചപ്പോൾ എനിക്കു ചെ റിയൊരു വിഷമം തോന്നി. ഇത്ര യും നാളത്തെ എന്റെ ബൈബിൾ വായനയിൽ ഞാൻ എഴുതാനാഗ്ര ഹിച്ച ഒരു കഥാപാത്രമായിരുന്നു, കന്യകാമറിയത്തിന്റെ ഭർത്താവായ മരപ്പണിക്കാരൻ ജോസഫ്.

ജോസഫിന്റെ ജീവിതം, ബൈ ബിളിൽ ഒന്നോ രണ്ടോയിടത്ത്, ചില വാക്യങ്ങളിൽ അദൃശ്യമായി കിടക്കുന്ന ഒന്നായിരുന്നു. അതിന പ്പുറത്തേക്ക് ആ കഥാപാത്രം ഒന്നു മല്ല. പക്ഷെ നോവലിസ്റ്റ് ജോസഫ് എബ്രഹാം അതിനെ കുഴിച്ചെടു ത്തു ഈ നോവലിൽ അപാരമായ പാത്രസൃഷ്ടി നടത്തിയിരിക്കുന്നു. കാലം ചിലരെ ചിലത് ഏൽപ്പി ക്കും, ഇവിടെ അത് ഏല്പി ച്ചത് ജോസഫ് എബ്രാഹം എന്ന എഴുത്തുകാരനെ തന്നെയാണ്.

' ഒന്നാമത്തെ ദിവ്യരഹസ്യം '

എന്ന പേരിൽ പതിനാറ് അദ്ധ്യാ യങ്ങളിൽ ജോസഫ് എബ്രഹാം തന്റെ കന്നിനോവലിലൂടെ അത് മനോഹരമാക്കി എന്നറിഞ്ഞതിൽ സന്തോഷം.

ബൈബിളിൽ, ജോസഫ് ഒരു രണ്ടാം കെട്ടുകാരനാണന്നു നാം വായിക്കുന്നില്ല. അയാൾക്ക് ആദ്യ വിവാഹത്തിൽ ഡാനിയേൽ എന്ന ഒരു മകനുണ്ടന്നും നാം അറിയു ന്നില്ല. വെറോണിക്ക ഡാനിയേലി ന്റെ ഭാര്യയാണന്നും നാം ബൈബി ളിൽ വായിക്കുന്നില്ല.

ഈ നോവലിൽ മറിയത്തിന് 'മിരിയാം' എന്നാണ് പേര്. യേശു വിന് 'യേഷുവാ' എന്നും. (രണ്ടും ഹീബ്രുവിലുള്ള പേരുകളാണ് ).

രണ്ടു യൂദാസുമാരുണ്ട് ഈ നോവലിൽ. യേശുവിനെ ഒറ്റിക്കൊ ടുത്ത ഇസ്കറി യോത്താ യൂദാ സും, റോമൻ ഭരണകൂടത്തിനെതി രെ നിലകൊള്ളുന്ന 'കനായികൾ' എന്നു വിളിക്കുന്ന യഹൂദതീവ്രവാ ദിയായ കലാപകാരിയായ ഗലീലി യാക്കാരനായ മറ്റൊരു യൂദാസും. ഒറ്റുകാരനായ ഇസ്കറിയോത്താ യൂദാസും കലാപകാരികളായ യഹൂദതീവ്രവാദി സംഘത്തിൽ അംഗമായിരുന്നെന്ന നോവലിലെ വെളിപ്പെടുത്തലിലൂടെ ഇതുവ രെ കേട്ടും വായിച്ചു അറിഞ്ഞ ദ്രവ്യാഗ്രഹിയായ വഞ്ചകൻ എന്ന സങ്കല്പത്തെ മാറ്റിചിന്തിക്കാൻ വായനക്കാരനെ പ്രേരിപ്പിക്കുന്നു. അന്നത്തെ രാഷ്ട്രീയ കോലാഹല ങ്ങളുടെ ഒരു നേർച്ചിത്രം ജോസഫ് നോവലിൽ നന്നായി വരയുന്നുണ്ട്. യേശുവിൻറെ കുരിശുമരണത്തിനു പ്രധാന കാരണമായത് അന്നത്തെ രാഷ്ട്രീയഗൂഢാലോചനയുടെ ഫലമെന്ന ആഖ്യാനം തെല്ലൊരു അമ്പരപ്പോടു കൂടി മാത്രമേ സ്വീ കരിക്കാൻ കഴിയൂ. മഹാനായ അലക്സാണ്ടറും സീസറുമൊക്കെ ഈ നോവലിൽ, ചില ചരിത്രരേഖ കളിൽ വന്നു നിറയുന്നുമുണ്ട്.

മിരിയാമും ജോസഫും ഡാനി യേലും അനുഭവിക്കുന്ന ആത്മ സം ഘർഷങ്ങളാണ് ഈ നോവലിന്റെ കാതൽ. ഈ നോവലിലെ സംഭവ ങ്ങൾ പറഞ്ഞു പോകുന്നതിനിടയ് ക്ക് ജറുസലേം, ബേത്‌ലഹേം, റോം, ഈ ദേശങ്ങളുടെ പൂർവ്വചരിത്രം, രാജാക്കന്മാരും അവരുടെ അധി കാര പടയോട്ടങ്ങളും ഒക്കെ വിരസ മാകാതെ നോവൽ ഗാത്രത്തോട് കൂട്ടിച്ചേർക്കാൻ നോവലിസ്റ്റ് ശ്രമി ക്കുമ്പോൾ ചരിത്ര നാൾവഴികളുടെ ഒരു സമഗ്രചിത്രം വായനക്കാരന്റെ അറിവുമണ്ഡലങ്ങളെ വികസിപ്പി ക്കുന്നു.

റോമൻ ഭരണത്തിന്റെ ചരിത്രപ ശ്ചാത്തലത്തിൽ നോവലിലെ ചില സംഭവങ്ങൾക്ക് അനുബന്ധമായി യഹൂദജീവിതത്തിലുണ്ടായ മതപര വും രാഷ്ട്രീയവുമായ അധിനിവേശ ങ്ങൾ സ്പഷ്ടതയോടെ പ്രതിപാ ദിക്കുന്നത് കൊണ്ട് ക്രിസ്തുവിന് രണ്ടായിരം വർഷം മുമ്പത്തെ ജീവി തത്തിന്റെ തെളിമ നമുക്ക് കാണാ നാകുന്നുണ്ട്.

നല്ല സമരിയാക്കാരന്റെ കഥ പറ യുന്ന യേശു പറഞ്ഞ കഥയ്ക്കപ്പുറ ത്ത് കള്ളന്മാരുടെ പിടിച്ചുപറി രീതി എങ്ങനെയെന്ന് ഒരദ്ധ്യായത്തിൽ അവതരിപ്പിച്ചിട്ടുണ്ട്.

പ്രവാസത്തിന്റേയും പലായന ത്തിന്റെയും വീർപ്പുമുട്ടലുകളിൽ ഞെരിഞ്ഞമരുന്ന മിരിയാമിനേയും ഭർത്താവ് ജോസഫിനേയും അതി ഭാവുകത്വമില്ലാതെ തീവ്രതയോടെ അവതരിപ്പിക്കാൻ നോവലിസ്റ്റ് വി ജയിച്ചിട്ടുണ്ട്. എഴുത്തിന്റെ കയ്യ ടക്കത്താൽ അയത്നലളിതമായ ഭാഷാമികവിൽ ഒരു കൃത്രിമത്വവും ഇല്ലാതെ അവതരിപ്പിച്ചതുകൊണ്ട് വിരസതയില്ലാതെ വായനയെ മു ന്നോട്ട് പോകുന്നു.

ജോസഫിന്റെ ആദ്യ ഭാര്യയിലെ മകൻ ഡാനിയൽ തികച്ചും ക്രൂര

നായ ഒരു മകനാണ്. ജോസഫ് വിശുദ്ധിയും നീതിയും ദൈവഭയ വുമുള്ള ഒരു മനുഷ്യനാണ് ജീവി തത്തിൽ. നേരേ എതിർ ജീവിത മുള്ളവനാണ് മകൻ ഡാനിയേൽ. അപ്പന്റെ രണ്ടാം കെട്ടുകാരിയോടും (മിരിയാം) അവൾപെറ്റ യേഷുവാ യോടും (യേശു ) അവനു പകയാ ണ്. അതവൻ ഇടക്കിടെ തന്ത ജോ സഫിനോട് തീർക്കും.

അതിന്റെ ആത്മവേദനകളിൽ ജോസഫ് എന്ന പാവം മനുഷ്യ ന്റെ പിടച്ചിലുകൾ, യേശുവിനെ പ്രസവിക്കാനുള്ള യാത്രയുടെ ദുർ ഗ്ഗതിയാർന്ന സഞ്ചാരങ്ങളൊക്കെ വായനക്കാരനെ വല്ലാതെ സ്പ ർശിക്കുന്നുണ്ട്. മിരിയാമിന്റെ ഗർഭ ക്ളേശ യാത്രയിൽ അവരുടെ ഒപ്പം സഞ്ചരിക്കുന്ന കഴുതപോലും ഈ നോവലിലെ ഓർമ്മിക്കപ്പെടുന്ന കഥാ പാത്രമാണ്.

യഹൂദ പാരമ്പര്യങ്ങളുടെ പി ൻതുടർച്ചയിൽ ഒരു കുടുംബത്തി ന്റെ വിവാഹ ആചാരമര്യാദകളുടെ (പ്രത്യേകിച്ചും മിശിഹയുടെ വരവി നായി ദൈവം ഒരുക്കിയ പദ്ധതിക ളുടെ സാഫല്യം) രീതികൾ വായന ക്കാരന് പുതിയ അറിവുകളാണ്.

ജോസഫിന്റെ മാനസിക വിചാര ങ്ങളൂടെ ധാരയിലാണ് നോവലിന്റെ പേജുകൾ നീങ്ങുന്നത്.

അറേബ്യൻ പ്രകൃതിയുടെ നെ ടുനെഞ്ചിലൂടെ ചലിക്കുന്ന സാധാ രണക്കാരായ മനുഷ്യർ പൂർവ്വകാ ലത്തിന്റെ ഇരകളായിട്ട് അന്നും ഇപ്പോൾ ആധുനിക കാലത്തും മാറ്റമില്ലാതെ നിലകൊള്ളുന്നു.

ജോസഫിന്റെ വളർത്തു പുത്രന ായ യേഷുവ (യേശു)അത്ഭുതങ്ങൾ പ്രവർത്തിച്ച് മറ്റുള്ളവരെ സൗഖ്യ പ്പെടുത്തുമ്പോൾ തളർവാതരോഗി യായ അപ്പനോട് ഒന്നാം കെട്ടിലെ മകൻ ഡാനിയേൽ ചോദിക്കുന്ന ഒരു ചോദ്യമുണ്ട്.

''നാടുമുഴുവൻ സൗഖ്യം നൽകി ജാലവിദ്യകാണിക്കുന്ന നിങ്ങളുടെ ആ 'പാവം' മകൻ, നടുവൊടിഞ്ഞ പാമ്പിനെപ്പോലിഴയുന്ന സ്വന്തം അപ്പനെ എന്തുകൊണ്ട് സൗഖ്യമാ ക്കിയില്ല?'

ഒരു കുടുംബത്തിന്റെ സമാ ധാനം തകർക്കാൻ ഒരാൾ മതി. യേഷുവായ്ക്ക് (യേശുവിന് ) കാരി രുമ്പാണികൾ പണിതതും കുരിശു പണിതതും സ്വന്തം വീട്ടിൽ നിന്നാ യിരുന്നു.

ജോസഫ് ഈ നോവലിൽ പറ യുന്ന രാഷ്ട്രീയത്തിന് പല മാനങ്ങ ളുണ്ട്. ആധുനികലോകത്ത് കു ടുംബബന്ധങ്ങളുടെ വിള്ളലുകൾ മാത്രമല്ല; മതപരമായ വിള്ളലുകൾ മാത്രമല്ല, രാജ്യങ്ങളിലെ വിള്ളലു കൾക്കും നാം പാലൂട്ടി വളർത്തിയ വർ തന്നെ ചാരന്മാരും ശത്രുക്കളു മായി മാറുന്നു.

പുരാതനകാല ചരിത്രവും രാഷ്ട്രീയവും അധികാരവും കൂട്ടി ക്കുഴച്ചെടുത്ത നോവൽ അതിന്റെ അവസാനത്തിൽ സംഭവിക്കുന്ന ക്ലൈമാക്സ് കൊണ്ട് നമ്മെ ഞെ ട്ടിക്കും. ആ രണ്ടാം കെട്ടുകാരൻ, മരപ്പണിക്കാരൻ ജോസഫ്, ദൈവ പുത്രന്റെ വളർത്തച്ഛൻ അനുഭവിച്ച വേദനയുടെ ആഴക്കടലിന്റെയാ ഴം, അതിന്റെ ഉള്ളിലേക്കിറങ്ങാൻ ഞാൻ ഒരോ വായനക്കാരേയും ക്ഷണിക്കുന്നു.

# ആമുഖ കുറിപ്പ്

## ജോസഫ് എബ്രഹാം

ജോസഫ്, ഏറെ കൊണ്ടാടപ്പെടാത്ത ഒരു വ്യക്തി. ഒരു വിശുദ്ധനെന്ന നിലയിൽ വലിയൊരു സ്ഥാ നം ലഭിക്കേണ്ടിയിരുന്ന ആൾ. എങ്കിലും ചരിത്രത്തിലും ഐതി ഹ്യങ്ങളിലും, വിശ്വാസികളുടെ ആദരവിലും പിൻനിരയിലേക്ക് തള്ളപ്പെട്ട ജോസഫിൻറെ ജീവിതവും മരണവും എങ്ങിനെയാ യിരുന്നു? എവിടെയും വ്യക്തമായി എന്തെങ്കിലും രേഖപ്പെടുത്തി യതായി കാണുന്നില്ല. ഭാര്യയായ മിരിയാമിൻറെ (മറിയത്തിൻറെ) അത്യുന്നതമായ വ്യക്തിത്വത്തിൻറെ നിഴലിൽ മറയപ്പെട്ടുപേ ായ ജീവിതം. ഊർജ്ജസ്വലനായ തൊഴിലാളിയായിരുന്ന ജോസ ഫിനെ ഒരു വൈരാഗിയായ വൃദ്ധതാപസനും 'കന്യാവ്രതക്കാരു ടെ കാവൽക്കാരനായി' ചിത്രീകരിക്കുന്നത് മറിയത്തിന്റെ നിത്യക ന്യകാത്വമെന്ന വിശ്വാസ സങ്കൽപ്പത്തെ ഉറപ്പിക്കാനായിരുന്നോ?

ജോസഫ് വിശുദ്ധനോ ദൈവപുരുഷനോ എന്നുള്ള അന്വേഷ ണത്തിനൊന്നും ഇവിടെ തുനിയുന്നില്ല. അതുകൊണ്ട് തന്നെ ഈ നോവൽ ഒരു ആത്മീയ സത്യാന്വേഷണമല്ലായെന്നു പറഞ്ഞു കൊള്ളട്ടെ. ഇതൊരു യാത്രയാണ്. ജോസഫ് എന്ന മനുഷ്യൻ റെയൊപ്പം അദ്ദേഹത്തിന്റെ ഉള്ളറിയാനുള്ള സഞ്ചാരം. കുടുംബ ജീവിതത്തിലെയും വ്യക്തി ജീവിതത്തിലെയും സംഘർഷങ്ങൾ പേറിയുള്ള ജോസഫ് എന്ന സാധാരണ മനുഷ്യൻറെ യാത്രകൾ. അദ്ദേഹത്തിനൊപ്പം ചരിത്രത്തിൻറെയും, ഭാവനയുടേയും വഴി കളിലൂടെയുള്ള ഒരു ഭൗതീക സഞ്ചാരമാണ് ഇവിടെ ലക്ഷ്യം വയ്ക്കുന്നത്. ഒരു ആത്മീയയാത്രയുടെ തണൽ തേടുന്നവർക്ക് അതിനുള്ള വഹയും ഇതിൽനിന്നും കണ്ടെത്തുവാൻ കഴിയുമെ ന്ന് ഞാൻ കരുതുന്നു.

# ഒന്നാമത്തെ ദിവ്യ രഹസ്യം

## അധ്യായം -1

# അഗ്നിമേഘങ്ങൾ

ഉച്ചവെയിലിൽ ഭൂമി തിളച്ചുതൂവിക്കൊണ്ടിരിന്നു. പകലായിട്ടും എൻറെ മനസ്സിനൊട്ടും തെളിച്ചമില്ലായിരുന്നു. എന്തോ വലിയൊരു ആപത്തു ഗ്രസിച്ചപോലെ വാനം വീർപ്പടക്കിനിന്നു. കാരണമറിയാത്തൊരാധിയാൽ മനസ് പുകഞ്ഞു നീറിക്കൊണ്ടിരുന്നു.

പുറത്തെ ജനൽക്കാഴ്ചകൾ മാത്രമാണ് ഈ രോഗശയ്യയിലെ ആകെയൊരാശ്വാസം. തൊട്ടടുത്ത തെരുവിൽനിന്നും വലിയ ബഹളങ്ങൾ കേൾക്കുന്നുണ്ട്. എന്താണെന്നറിയാൻ വേണ്ടി കാതുകൾ കട്ടിലിന്നരികിലെ ജനലിനോട് ചേർത്തു വച്ചെങ്കിലും ഒന്നും വ്യക്തമായി കേൾക്കുന്നില്ല.


എവിടെയെങ്കിലും ഒരു ചെറിയ അനക്കമുണ്ടായാൽ മതി, ആകാംക്ഷ കൊണ്ട് ഹൃദയം പൊട്ടുമോയെന്ന ഭയമാണ്. ഈ മുറിയൊരു തടവുമുറിയാണ്. പുറം ലോകവുമായി ഒരു ബന്ധവുമില്ല. കിടന്ന കിടപ്പിൽ ആകെ വിളിക്കാനുള്ളത് അവളെ മാത്രമാണ്.

''മോളെ വെറോനിക്കാ, എന്താണതെന്നു നോക്കിക്കേ, പുറത്തുനിന്നും പതിവില്ലാത്ത ബഹളവും കരച്ചിലുമൊക്കെ കേൾക്കുന്നുണ്ടല്ലോ?''

മകൻ ഡാനിയലിന്റെ ഭാര്യയാണ് വെറോനിക്ക. അവളെ വിളിച്ചെങ്കിലും മറുപടിയോ അനക്കമോ ഒന്നും കേട്ടില്ല. വീട്ടിലിപ്പോൾ വേറെ ആരുമില്ലെന്നു തോന്നുന്നു.

അവളിപ്പോൾ എവിടെ പോയതായിരിക്കും?

വീടിനോട് ചേർന്നുള്ള ഡാനിയലിന്റെ പണിപ്പുരയിൽ നിന്നും കുറച്ചു മുമ്പുവരെ ഇരുമ്പ് പണികളുടെ തട്ടുംമുട്ടും കേൾക്കുന്നുണ്ടായിരുന്നു. ഇപ്പോഴാകട്ടെ ഒന്നും കേൾക്കുന്നില്ല. അവനും അവിടെയില്ലാന്നു തോന്നുന്നു.



അവൻ ഒരിക്കലും നന്നാകില്ല. പണികഴിഞ്ഞു കിട്ടിയ കാശുമായി മദ്യശാലയിലേക്ക് പോയിട്ടുണ്ടാകും. തന്റെ ജന്മത്തിൽ ഉരുവായ താന്തോന്നി. പലരും ചോദിക്കാറുണ്ട്: 'ജോസഫ്, നിന്നെപ്പോലെ നേരുള്ള ഒരുവന് എങ്ങനെ ഡാനിയലിനെപ്പോലെ നിഷേധിയായ ഒരു മകൻ ജനിച്ചു?'

അതിന് എന്തു മറുപടി പറയാൻ?

അല്ലെങ്കിലും ജീവിതത്തിലിന്നുവരെ സന്തോഷം എന്തെന്നറിഞ്ഞിട്ടില്ല. ജീവിതമെന്നും ഒരോരോ മണൽചുഴികളിൽപെടും. പിന്നെ അതിൽ നിന്നും കൈകാലിട്ടടിച്ച് രക്ഷപ്പെട്ടു വരുമ്പോൾ പിന്നെയും മറ്റൊരു ചുഴി

യിലേക്ക് നിപതിക്കും.

മകൻ ഡാനിയലിനെ കൂടെനിർത്തി മരപ്പണിയെല്ലാം പഠിപ്പിച്ചതാണ്. കാര്യം പറഞ്ഞാൽ നല്ലൊരു ആശാരിയാണവൻ. വീട് നിർമ്മിക്കുന്നതിൽ അവൻ കുറിക്കുന്ന അളവുകളും കണക്കുകളും കിറുകൃത്യമാണ്. മേൽക്കൂര അടിച്ചുകൂട്ടാൻനേരം അവൻറെ കണക്കിൽ പണിയുന്ന കഴുക്കോലും ശീലാന്തിയുമെല്ലാം കടുകിട മാറ്റമില്ലാതെ കൂട്ടിചേർക്കാൻ പറ്റും. കണക്കുകൂട്ടി നിലത്തിട്ടു പണിയുന്ന ഉരുപ്പടികൾ വീടിൻറെ മേൽക്കൂരയിൽ കയറ്റുമ്പോൾ കണക്കുകൾ പിഴക്കാൻ പാടില്ല. മരത്തിൽ മാത്രമല്ല അവൻറെ വിരുതുകൾ; കല്പണിയിലും അതിൻറെ പടുതയിലും പണിക്കുറ്റമില്ലാതെ ഉണ്ടാക്കിയിരിക്കും. അത്രയ്ക്ക് കേമനാണവൻ. പക്ഷെ, പറഞ്ഞിട്ടെന്തു കാര്യം? ആരെങ്കിലും മരപ്പണിക്ക് വിളിച്ചാലോ, വീടുണ്ടാക്കാൻ വിളിച്ചാലോ അവൻ പോകില്ല. അവനിഷ്ട്ടം ഇരുമ്പ് പണികളാണ്.

എന്നുവച്ച് ഇരുമ്പ് അനദാരികളുടെ പണിയല്ല. ഇരുമ്പുകൊണ്ടുള്ള പണിയായുധങ്ങളാണ് അവൻ ഉണ്ടാക്കുന്നതെങ്കിൽ സാരമില്ലായിരുന്നു. ഇതുപക്ഷേ അവൻ ഉണ്ടാക്കുന്നത് നശീകരണ ആയുധങ്ങളാണ്.

മനുഷ്യർ വെട്ടിയും കുത്തിയും പരസ്പരം ജീവനെടുക്കാനുള്ള യുദ്ധായുധങ്ങൾ ഉണ്ടാക്കുന്നതിലാണ് അവനു ഹരം. ആയുധങ്ങൾ പണിയുമ്പോൾ, അതിൻറെ മൂർച്ചകൂട്ടുമ്പോൾ, അവൻറെ കണ്ണുകളിൽ വന്യമാർന്നൊരു സംതൃപ്തി തിളങ്ങുന്നത് കാണാം.

താമസിക്കാൻ നല്ലൊരു ഭവനമൊരാൾക്ക് നിർമ്മിച്ചു കൊടുക്കുമ്പോൾ അയാളുടെ മുഖത്ത് കാണുന്ന സന്തോഷത്തിലാണ് ഏറെ സംതൃപ്തി. എന്നാൽ ഡാനിയലിങ്ങിനെയല്ല, മനുഷ്യനെ കൊല്ലാനുള്ള ഉപകരണങ്ങൾ ഉണ്ടാക്കുന്നതിലാണവനു തൃപ്തി.

റോമിനെതിരെ സമരം ചെയ്യുന്ന വിപ്ലവകാരികൾ കൊണ്ടുനടക്കുന്ന ഒരായുധമുണ്ട് 'സിക്കാ'എന്നാണതിന്റെ പേര്. വസ്ത്രത്തിനകത്ത് ഒളിപ്പിക്കാൻ മാത്രം വലിപ്പമുള്ള മൂർച്ചയേറിയ ഒരുതരം കഠാരയാണത്. ഒറ്റക്കുത്തിനു പ്രാണനെടുക്കാൻ പറ്റിയ ആയുധം. അതു നിർമ്മിക്കാനാണവനേറെയിഷ്ട്ടം.

**യേഷുവാ പുരോഹിതരുടെ മേധാവിത്വത്തിനെതിരായും അവരുടെ പൊള്ളത്തരങ്ങൾക്കെതിരെയും പോരടിച്ചുകൊണ്ടിരിക്കുന്നു. 'വെള്ളതേച്ച കുഴിമാടങ്ങൾ' എന്നു പറഞ്ഞു പുരോഹിതരെ പരിഹസിച്ചു, അതു ദൈവദൂഷണമാണെന്ന കുറ്റം ചുമത്തി അവനെ കല്ലെറിയാൻ അവർ ജനങ്ങളെ ഇളക്കി വിട്ടിരുന്നു. റോമൻ പടയാളികളുടെ സമയോചിതമായ ഇടപെടൽമൂലം അന്നു കുഴപ്പമൊന്നുമുണ്ടായില്ല. ഇനി ജറുസലേമിൽ പ്രവേശിക്കരുതെന്നു പറഞ്ഞു സൈനികർ അവനെ വിലക്കിയിരുന്നു.**

'കാനായികൾ' എന്നു വിളിക്കുന്ന യഹൂദ തീവ്രവാദികളുമായിട്ടാണ് അവനിപ്പോൾ ചങ്ങാത്തം. യഹോവയല്ലാതെ മറ്റാർക്കും തങ്ങളെ ഭരിക്കാൻ അവകാശമില്ലന്നു വിശ്വസിക്കുന്ന അക്കൂട്ടർ, റോമിന് തങ്ങളെ ഭരിക്കാൻ അവകാശമില്ലന്നും റോമക്കാർ പലസ്തീനാദേശം വിട്ടുപോകണമെന്ന ആവശ്യവുമായിട്ടാണ് സമരം ചെയ്യുന്നത്. യഹോവയുടെ കൽപ്പനകൾ മാത്രം അനുസരിച്ചു ജീവിക്കണം, വിജാതീയനായ സീസറിന്റെ കല്പനകൾ അനുസരിക്കാൻ യഹോവയുടെ തിരഞ്ഞടുക്കപ്പെട്ട ജനമായ ജൂതനു ബാധ്യതയില്ലന്നും വിശ്വസിക്കുന്നയിക്കൂട്ടർക്ക് ജനസ്വാധീനം വർദ്ധിച്ചു വരികയാണ്. റോമൻ ഭരണാധികാരികൾ ജനങ്ങളുടെമേൽ കനത്ത നികുതിഭാരം ചുമത്തുന്നത് വിപ്ലവകാരികൾക്ക് പിന്തുണ ഏറുന്നതിനു കാരണമാകുന്നുണ്ട്. സീസറിനു നികുതി നൽകരുതെന്ന കാനായികളുടെ ആഹ്വാനം, ജനങ്ങൾ മനസുകൊണ്ട് സ്വീകരിച്ചുവെങ്കിലും ചുങ്കം പിരിവുകാർ സൈനികരുമായി ചുങ്കം പിരിക്കാൻ വരുമ്പോൾ നികുതി കൊടുക്കുകയല്ലാതെയവർക്ക് മറ്റൊരു വഴിയില്ലായിരുന്നു. യഹൂദരായ ചുങ്കക്കാരും ഈ പിരിവു ജോലിക്കായി ഇറങ്ങിയിട്ടുണ്ട്. അത്തരം ചുങ്കക്കാർ ജനങ്ങൾക്കിടയിൽ എന്നും വെറുക്കപ്പെട്ടവരായിരുന്നു.

പുരോഹിതരാവട്ടെ എന്നും വിപ്ളവകാരികളെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു റോമൻ ചക്രവർത്തിമാരോടുള്ള എതിർപ്പായിരുന്നില്ല അതിനു കാരണം. ന്യായപ്രമാണം അനുസരിച്ചുള്ള ഒരു ഭരണക്രമം നിലവിൽ വരുന്നപക്ഷം സ്വാഭാവികമായും പുരോഹിതരായിരിക്കുമല്ലോ ഭരണം കയ്യാളുക?. അങ്ങിനെ സംഭവിക്കുന്ന പക്ഷം തങ്ങൾക്കു ലഭിക്കാനിടയുള്ള അധികാരങ്ങളും സ്ഥാനമാനങ്ങളും മോഹിച്ചാണ് അവർ വിപ്ലവകാരികളെ പിന്താങ്ങുന്നത്.

ഒന്നാലോചിച്ചാൽ എത്ര നികൃഷ്ടരാണീ പുരോഹിത വർഗം!.

റോമാക്കാർക്ക് എതിരെയുള്ള കലഹമെന്ന പേരിൽ നിരായുധരും നിഷ്കളങ്കരുമായ റോമക്കാരെയും റോമിനോട് കൂറു പുലർത്തുകയും അവർക്ക് വേണ്ടി ജോലി ചെയ്യുന്ന മറ്റുള്ളവരെയും കടന്നാക്രമിച്ചു കൊല്ലുന്ന കാനായികളായ വിപ്ലവകാരികളോട് ചേർന്നു നിൽക്കുന്ന പുരോഹിതരുമുണ്ട്. നിരപരാധികളുടെ രക്തം ചിന്തരുതെന്നു വിപ്ലവകാരികളോട് ഉപദേശിക്കാൻ ബാധ്യതയുള്ള പുരോഹിതർ, പക്ഷെ അതൊക്കെ വിസ്മരിക്കുന്നു. എന്നെങ്കിലും തങ്ങൾക്കു കിട്ടാൻനിടയുണ്ടെന്ന് സ്വപ്നം കാണുന്ന അധികാര സ്ഥാനത്തിനു വേണ്ടി ആക്രമണകാരികളായ കാനായികൾ ചിന്തുന്ന രക്തത്തിൽ കളങ്കപ്പെട്ട് 'കൊല്ലരുത്' എന്ന ന്യായപ്രമാണം തന്നെ അവരും ലംഘിക്കുന്നു.

യേഷുവാ പുരോഹിതരുടെ മേധാവിത്വത്തിനെതിരായും അവരുടെ പൊള്ളത്തരങ്ങൾക്കെതിരെയും പോരടിച്ചുകൊണ്ടിരിക്കുന്നു. 'വെള്ളതേച്ച കുഴിമാടങ്ങൾ' എന്നു പറഞ്ഞു

പുരോഹിതരെ പരിഹസിച്ചു, അതു ദൈവദൂഷണമാണെന്ന കുറ്റം ചുമത്തി അവനെ കല്ലെറിയാൻ അവർ ജനങ്ങളെ ഇളക്കി വിട്ടിരുന്നു. റോമൻ പടയാളികളുടെ സമയോചിതമായ ഇടപെടൽമൂലം അന്നു കുഴപ്പമൊന്നുമുണ്ടായില്ല. ഇനി ജറുസലേമിൽ പ്രവേശിക്കരുതെന്നു പറഞ്ഞു സൈനികർ അവനെ വിലക്കിയിരുന്നു.

പറഞ്ഞു തുടങ്ങിയത് എൻറെ മകൻ ഡാനിയലിനെ കുറിച്ചായിരുന്നല്ലോ. ഡാനിയൽ, അവനൊരു കുറുക്കനാണെന്ന് ആർക്കുമറിയില്ല. റോമൻ പടയാളികൾക്ക് വേണ്ട കുന്തവും, വാളുകളും പടച്ചട്ടകളും അവൻ പണിതു കൊടുക്കും. എപ്പോൾ വേണമെങ്കിലും മകൻ ശരിക്കുമൊരു പാഴായി പോയ ജന്മം തന്നെ.

കുറ്റവാളികളെ വധിക്കാനുള്ള കൊലമരവും ആണികളും വല്ലാത്ത ആവേശത്തോടെയാണവൻ നിർമിച്ചു നൽകിയിരുന്നത്. കുറ്റവാളികളിൽ റോമക്കാർ പിടികൂടിയ അവൻറെ സഖാക്കളായ വിപ്ലവകാരികളും പെടുന്നുണ്ടന്നുള്ള കാര്യം അവനെ ഏതെങ്കിലും തരത്തിൽ അലോസരപ്പെടുത്തുന്നതായും കണ്ടിട്ടില്ല.

അപ്പൻ എന്ന നിലയിൽ പലപ്രാവശ്യം ഞാൻ അവനോടു പറഞ്ഞിട്ടുണ്ട്, മകനെ ഈ കൊലമരപ്പണി നമുക്ക് വേണ്ടാന്നും അതൊക്കെ ഏതെങ്കിലും വിജാതീയർ ചെയ്തോട്ടെന്നും.

**ഇരക്കുണ്ടായ ആഘാതമോ വേദനയോ വിശ്വാസലംഘനമോ വേട്ടക്കാരനെ ബാധിച്ചില്ല. വേട്ടക്കാരൻ അപ്പോൾ അച്ഛൻ ആയിരുന്നില്ല. ഗുരുഭക്തിയുള്ള ശിഷ്യനുമായിരുന്നില്ല. വേട്ടക്കാരൻ വെറുമൊരു 'വേട്ടക്കാരൻ' മാത്രമായിരുന്നു. ഇര കൈയിൽനിന്ന് വഴുതി പോയതിന്റെയും അപമാനിതനായതിന്റെയും അമർഷത്തോടെ വേട്ടക്കാരൻ മുരണ്ടു – കരുത്തനായ ഒരു സിംഹത്തിന്റെ ശബ്ദത്തിൽ.**

അതിൻറെ അറ്റകുറ്റപണികളും മൂർച്ച കൂട്ടലും ചെയ്തു കൊടുക്കാറുള്ളതു കൊണ്ട് റോമാക്കാർക്കവനെ നല്ല വിശ്വാസമാണ്. അവനു യഹൂദ-വിപ്ലവകാരികളായ കാനായികളുമായി എന്തെങ്കിലും ബന്ധമുള്ളതായവർ കരുതുന്നില്ല. മരപ്പണിക്കാരനും കൊല്ലപ്പണിക്കാരനുമായഒരു കള്ളുകുടിയനെന്നാണ് ഡാനിയേലിനെക്കുറിച്ച് പുറത്തെല്ലാവരും പറയുന്നത്.

ഇടയിക്കിടയ്ക്കു റോമൻ ശതാധിപനായ ലോങ്ങിനുസിൻറെ ഭൃത്യർ അവനെ അന്വേഷിച്ചു വരുന്നത് കാണാം. കുറ്റവാളികളെ കുരിശിൽ തറയ്ക്കാനുള്ള കൊലമരവും ആണികളും അവനെക്കൊണ്ട് പണിയിക്കാനാണ് അവർ വരുന്നത്. വന്നുവന്ന് മരപ്പണി എന്നു പറയുന്നത് കൊലമരം പണിയൽ മാത്രമായവന്. അതോർക്കുമ്പോൾ സങ്കടം തോന്നും. തൻറെ അവൻ അതൊന്നും കേൾക്കാറില്ല. പതിവിലും കൂടുതൽ പണം കിട്ടുന്ന കൊലപ്പണി അവൻ നിർത്തിയില്ല.

കുരിശേറ്റം ഉള്ളപ്പോൾ അവൻ മൂക്കറ്റം കുടിച്ചു ബോധമില്ലാതെയാണ് വരിക. സ്വന്തം സഖാക്കളായ വിപ്ലവകാരികളെ കൊല്ലാനുള്ള കുരിശു പണിതുകൊടുക്കും അതേസമയം തന്നെ അവൻ വിപ്ലവകാരികളെ സഹായിക്കുകയും അവരിൽ ഒരാളായി ഒപ്പം തുടരുകയും ചെയ്തിരുന്നു. ഇങ്ങനെ ഒരു പിടുത്തവും കിട്ടാത്ത തരത്തിലുള്ള വളരെ വിചിത്രമായിരുന്നു അവൻറെ സ്വഭാവം.

സ്വന്തം ജനങ്ങളെ തറച്ചുകൊല്ലാൻ കുരിശു പണിയുന്നതിനാൽ ആ പ്രദേശത്തെ ആളുകൾക്ക് അവനോടു വിരോധവും വെറുപ്പുമായിരുന്നു. അതിനെച്ചൊല്ലി വഴക്കിനു വരുന്ന നാട്ടുകാരെ വെല്ലുവിളിച്ചുകൊണ്ടവൻ പറയും,

'ഞാൻ എൻറെ ജോലിയാണ് ചെയ്യുന്നത് . നിങ്ങളെ സുഖിപ്പിക്കലല്ല എൻറെ പണി ''

എതിർത്തു നിൽക്കുന്നവരെ തെറിവിളിച്ചവൻ വായടപ്പിച്ച് ഓടിച്ചുവിടും. അവനോടേറ്റുമുട്ടാനുള്ള ധൈര്യം നാട്ടുകാർക്കാർക്കും ഉണ്ടായിരുന്നുമില്ല. ഒരുകണക്കിനു പറഞ്ഞാൽ അവൻ പറയുന്നത് ശരിയാണ്, അവൻ അവൻറെ ജോലിയാണ് ചെയ്യുന്നത്. അവൻ ചെയ്യുന്നില്ലെങ്കിൽ കുരിശേറ്റവും മരണദണ്ഡനവും തുടരുന്നിടത്തോളം കാലം മറ്റൊരാൾ അതൊക്കെ തുടർന്നു ചെയ്ത് കൊണ്ടേയിരിക്കും.

സത്യത്തിൽ എന്നെ ഏറെ അലട്ടിയത് ഇതൊന്നുമല്ല. ചിലപ്പോൾ അവൻ കയറി വരുമ്പോൾ അവൻറെ കൈകളിൽ നിന്നും മനുഷ്യരക്തത്തിൻറെ തുരുമ്പ് മണം ഉണ്ടോയെന്ന് ഞാൻ ശങ്കിച്ചിട്ടുണ്ട്. കുഞ്ഞായിരുന്നപ്പോൾ എൻറെ കൈകളിൽ മുറുകെപ്പിടിച്ച അവൻറെ കൈകളിൽ നിന്നും അവൻറെ സഹോദരൻറെ രക്തം പോൽ ഹാബേലിന്റ രക്തം മുറവിളിക്കുന്നത് കേട്ടു തളർന്നു പോകാറുണ്ട്. സ്വന്തം ചോരയിൽ പിറന്ന മകനെങ്കിലും അവനെ ഇന്നേവരെ മനസിലാക്കാൻ പറ്റിയിട്ടില്ല.

ഇരുളിന്റെ മറപറ്റി പലരും അവൻറെ പണിശാലയിൽ വരുന്നതും അടക്കിപ്പിടിച്ച ചർച്ചകളും ആലോചനകളും നടത്തുന്നതും കേൾക്കാറുണ്ട്. റോമിനെതിരെയാണവരുടെ നില. ദൈവത്തിൻറെ തിരഞ്ഞെടുക്കപ്പെട്ട ജനത്തെ ഭരിക്കാൻ വിജാതീയനായ റോമൻ ചക്രവർത്തിക്ക് അധികാരമില്ല. റോമിനെ ജയിച്ചുകൊണ്ട് തങ്ങളെ ഭരിക്കാനായി വരാനിരിക്കുന്ന മിശിഹായുടെ പോരാളികൾ എന്നാണവർ സ്വയം തങ്ങളെ വിളിക്കുന്നത്. രക്ഷകനായി അവതരിക്കുന്ന മിശിഹായെ കാത്തിരിക്കുകയാണവർ.

ഇടുപ്പിൽ ഒളിപ്പിച്ച കഠാരയൂരി റോമക്കാരെയും അവരുടെ പിണിയാളികളേയും തെരുവിലെ ആൾക്കൂട്ട

ത്തിനിടയിൽ വച്ചു കുത്തിമലർത്തിയ ശേഷം, ആരുടേയും പിടിയിലാവാതെ രക്ഷപ്പെടുകയാണ് യഹൂദ വിപ്ലവകാരികളുടെ രീതി. സത്യത്തിൽ യുദ്ധമല്ല അവർ ചെയ്യുന്നത് ; വെറും കൊലകൾ മാത്രമാണ്. അവരോടത് വിളിച്ചു പറയാൻ ആരുമില്ലേ?

''നമ്മൾ നമ്മുടെ രക്ഷകനായ മിശിഹായ്ക്കു വേണ്ടി വഴി ഒരുക്കുകയാണ്, അല്ലാതെ വിഗ്രഹസേവകരായ റോമക്കാർ പറയുമ്പോലെ കൊലപാതകികളല്ലേയല്ല.''

അതായിരുന്നു അവരുടെ കാഴ്ച്ചപ്പാട്.

ഡാനിയലിന്റെ പണിശാലയിൽ ഒത്തുചേർന്നിരുന്ന കലാപകാരികളുടെ ഇടയിൽ നിന്നും പതിഞ്ഞ ഒരു ശബ്ദം കേട്ടു. ശബ്ദം കൊണ്ട് ആളെ തിരിച്ചറിഞ്ഞു. അതു ഗലീലിയിലെ കലഹക്കാരൻ യൂദാസാണ്. അവനേയും അവന്റെകൂട്ടുകാരേയും ആദ്യമായി കാണുന്നത് ഡാനിയലിനൊപ്പമാണ്.

അന്നേ തോന്നിയിരുന്നു ഈ യൂദാസ് അത്ര ശരിയല്ലന്ന്. അവനോടുള്ള ഡാനിയേലിന്റെ കൂട്ട് ശരിയല്ലന്നു പറഞ്ഞാൽ അവൻ തന്റെ തലയെടുക്കും. യൂദാസ് കപടതയുള്ളവനും തന്ത്രം നിറഞ്ഞവനുമാണ്. പെട്ടെന്ന് അവൻ ആരേയും വശീകരിച്ച് കയ്യിലെടുക്കും. അവനാണ് കലഹക്കാരായ കാനായികളുടെ നേതാവ് അവൻറെ കൂടെ, ഇടയ്ക്ക് വരുന്ന മറ്റൊരുവനാണ് കുറുക്കൻറെ പോലത്തെ കൌശലം നിറഞ്ഞ കണ്ണുകളുള്ള, നീണ്ട കൈകളും തടിച്ച ശരീരവുമുള്ള 'ഇസ്കറിയോത്ത യൂദാസ്' അവനും വിപ്ലവകാരികളിലൊരുവനും അതിസാഹസങ്ങൾ ചെയ്യാൻ മടിയില്ലാത്തവനുമാണ്.

ഡാനിയലിന് അന്നൊരു പുതിയ അറിവു ലഭിച്ചു.

'സഹോദരാ ഡാനിയലെ, നിൻറെ സഹോദരനായ യേഷുവായാണ് വരാനിരിക്കുന്ന മിശിഹായെന്നു ജനങ്ങൾ പറയുന്നു. ഇപ്പോൾ സ്നാപകന്റെ ശിക്ഷ്യന്മാരും അതു തന്നെ പറയുന്നു''

ഗലീലയിലെ യൂദാസ് പറഞ്ഞു തുടങ്ങി

''ഡാനിയൽ, എല്ലാവരും ഒരുകാര്യം ശ്രദ്ധിക്കണം. അവനെ അങ്ങിനെ വെറുതെ തള്ളിക്കളയരുത്. അവൻറെ കൂടെ ജനങ്ങളുണ്ട്. അവൻ മിശിഹാ അല്ലെങ്കിലും അവനു ജനങ്ങളെ വഴി തെറ്റിക്കാനും നമ്മുടെ മാർഗ്ഗത്തിൽ നിന്നും അവരെ അകറ്റാനും പറ്റും. അതുകൊണ്ട് അവനെ സൂക്ഷിക്കണം '

ഡാനിയൽ അതിനു മറുപടി പറഞ്ഞതിങ്ങനെ;

''അല്ലയോ ധീരനായ ഗലീലിയക്കാരൻ യൂദാസേ, അങ്ങും അവൻറെ വലയിൽ പെട്ട് അതൊക്കെ വിശ്വസിക്കുന്നുവോ? വിപ്ലവകാരികളുടെ നേതാവായ അങ്ങ് ഈ വിധം പേടിച്ചു പുലമ്പുന്നത് അങ്ങയുടെ കീഴിലുള്ള പോരാളികളുടെ വീര്യം കെടുത്തുകയേയുള്ളൂ. അവൻ മിശിഹായോ, പ്രവാചകനോ ഒന്നുമല്ല. വെറും ജാലവിദ്യക്കാരൻ മാത്രം. അവൻ രോഗികളെ സൗഖ്യമാക്കുന്നത് സത്യമെങ്കിൽ അവൻറെയും കൂടെയുള്ള പിതാവല്ലേ, എൻറെ വീട്ടിൽ തളർന്നു കിടക്കുന്നത്, എന്തുകൊണ്ടാണ് അവൻ സ്വന്തം പിതാവിനെ സുഖമാക്കാത്തത്?''

തെമ്മാടിയെങ്കിലും അവൻ പറഞ്ഞതിൽ കാര്യമുണ്ടെന്നു തോന്നിയിരുന്നു. ഞാൻ യേഷുവായുടെ വളർത്തുപിതാവ് മാത്രമെന്ന കാര്യം ഞാനും അവൻറെ അമ്മ മിരിയാമും മാത്രമറിയുന്ന രഹസ്യം. എൻറെ മകൻ എന്ന വിലാസമാണ് അവനെയും അവൻറെ അമ്മയെയും ഈ ലോകത്തിനു മുൻപിലെ അപമാനത്തിൽ നിന്നും കാത്തുരക്ഷിച്ചത്. അവൻ രോഗികളെ സുഖമാക്കുന്നുവെന്നു കേൾക്കുന്നു, അന്ധർക്ക് കാഴ്ച നൽകിയെന്നും, തളർവാതരോഗിയെ സുഖമാക്കിയെന്നും കേൾക്കുന്നു എന്നിട്ടും ഒരു കിടപ്പ് രോഗിയായ എന്നെ ഒന്നു വന്നു സന്ദർശിക്കുകയോ സുഖപ്പെടുത്തുകയോ ചെയ്തോ? ഓർക്കുമ്പോൾ അതൊക്കെ ചങ്കിൽ വലിയൊരു ഭാരമായി തീരും.

ഡാനിയൽ ചില നേരം തകിടം മറിഞ്ഞു പറയും.

''എൻറെ സഹോദരന്മാരെ ഞാൻ പറയുന്നത് കേൾക്കൂ, യേഷുവാ, എൻറെ അപ്പൻറെ മകനാണ് അതുകൊണ്ടുതന്നെ അവനെനിക്ക് സഹോദരനുമാണ്. എൻറെ അപ്പൻറെ മകനും എൻറെ സ്വന്തം അനുജനുമായ യാക്കോബ്, ഈ ഇരിക്കുന്ന ഇസ്കറിയത്തോ യൂദാസിനെപ്പോലെ യേഷുവായുടെ ശിഷ്യനാണ്. ആ നിലയ്ക്ക് യേഷുവാ മിശിഹായെങ്കിൽ എനിക്ക് സന്തോഷമാകേണ്ടതാണ്''

അടക്കിപ്പിടിച്ച വാക്കുകൾക്ക് പകരം അക്കുറി അവരുടെ സമ്മേളനം ശബ്ദമുഖരിതമായിരുന്നു. ആരുടേയൊക്കെയോ ചോദ്യം ഉയർന്നു.

''പറയൂ ഇസ്കറിയോത്താ, എന്താണ് നിനക്ക് തോന്നുന്നത്. നിൻറെ ഗുരു മിശിഹായാണോ?''

**ഡാനിയൽ അതിനു മറുപടി പറഞ്ഞതിങ്ങനെ; "അല്ലയോ ധീരനായ ഗലീലിയക്കാരൻ യൂദാസേ, അങ്ങും അവൻറെ വലയിൽ പെട്ട് അതൊക്കെ വിശ്വസിക്കുന്നുവോ? വിപ്ലവകാരികളുടെ നേതാവായ അങ്ങ് ഈ വിധം പേടിച്ചു പുലമ്പുന്നത് അങ്ങയുടെ കീഴിലുള്ള പോരാളികളുടെ വീര്യം കെടുത്തുകയേയുള്ളൂ. അവൻ മിശിഹായോ, പ്രവാചകനോ ഒന്നുമല്ല. വെറും ജാലവിദ്യക്കാരൻ മാത്രം. അവൻ രോഗികളെ സൗഖ്യമാക്കുന്നത് സത്യമെങ്കിൽ അവൻറെയും കൂടെയുള്ള പിതാവല്ലേ, എൻറെ വീട്ടിൽ തളർന്നു കിടക്കുന്നത്, എന്തുകൊണ്ടാണ് അവൻ സ്വന്തം പിതാവിനെ സുഖമാക്കാത്തത്?"**

കൂട്ടത്തിൽ ഒരാളുടെ ശബ്ദം ഉയർന്നു.

''സഹോദരരെ, നിങ്ങൾക്കറിയാമല്ലോ നമ്മൾ കാത്തിരിക്കുന്ന, വരുവാനിരിക്കുന്ന മിശിഹായാണോ അവനെന്നു അറിയാൻ വേണ്ടിയാണു ഞാനും നമ്മുടെ കൂട്ടത്തിൽപ്പെട്ട എരിവുകാരനായ ശിമയോനും അവനു ശിക്ഷ്യപ്പെട്ടതെന്ന കാര്യം തന്നെ ?'

ഇസ്കറിയോത്താ യൂദാസ് വിശദമായി പറയാൻ തുടങ്ങി

''അവനു ജനങ്ങളിലുള്ള സ്വാധീനം, അത്ഭുതങ്ങൾ പ്രവർത്തിക്കാനുള്ള കഴിവ് ഇതൊക്കെ ഒരു മിശിഹായ്ക്ക് ചേർന്ന ഗുണങ്ങൾ തന്നെ. എന്നാൽ രണ്ടു കാരണങ്ങൾ കൊണ്ട് നമുക്ക് തെറ്റിപ്പോയി എന്ന് മനസ്സിലാക്കാം. ഒന്നാമതായി അവൻ സീസറിനു നികുതി കൊടുക്കാൻ ആഹ്വാനം ചെയ്യുന്നു. വിജാതിയരുടെ മ്ലേച്ഛവിഗ്രഹങ്ങൾ സേവിക്കുന്ന സീസറിൻറെ അടിമത്തത്തിൽ നിന്നും നമ്മെ മോചിപ്പിക്കാനാണ് മിശിഹാ വരുന്നത്. സീസറിനെതിരെ കലാപം പടർത്തി അധികാരം പിടിച്ചടക്കേണ്ടവനാണ് മിശിഹാ. നമ്മളെ മോചിപ്പിക്കേണ്ടവനാണ് മിശിഹാ, ഇവനിതാ സീസറിനു കപ്പം കൊടുത്തു അടിമകളായി തുടരാൻ ജനങ്ങളോട് പറയുന്നു. ആകെ ഒരു കുഴമറിച്ചിലുണ്ട്. '

ഇസ്ക്കറിയോത്താ യൂദാസ് പറഞ്ഞു നിർത്തിയപ്പോൾ സംഘത്തിലെ മറ്റൊരാൾ സംശയമുയർത്തി

''ഒരു ചെകിട്ടത്തടിച്ചാൽ മറുചെകിട് കാണിച്ചു കൊടുക്കാൻ പറയുന്ന ഭീരുവായ ഒരുവനാണോ വാളെടുത്തു സീസറിനെതിരെ പോരാടി ജൂതന്മാരുടെ രാജാവാകാൻ പോകുന്നത്?'സംഘത്തിൽ അഭിപ്രായങ്ങൾ പെരുകി.

''സഹോദരൻ ഡാനിയലെ, യഥാർത്ഥത്തിൽ സഹോദരൻ യൂദാസ് ഇസ്കറിയോത്ത ഇപ്പോൾ പറഞ്ഞപോലെ നിൻറെ സഹോദരൻ, ജനങ്ങളെ വഴിതെറ്റിക്കുകയാണ്. അവൻ നമ്മുടെ പോരാട്ടവഴികളിൽ നമ്മളെ നിർവീര്യമാക്കുകയാണ്. പോരാട്ടങ്ങളിൽ നിന്നും നമ്മളെ പിന്തിരിപ്പിക്കാൻ



വേണ്ടി, സീസറിനു വേണ്ടി ജനങ്ങളെ വഴിതെറ്റിക്കുന്ന റോമൻ ചാരൻ തന്നെയാണവൻ''

ഗലീലിയിലെ യുദാസിൻറെ ഉറച്ച ശബ്ദം ഉയർന്നു.

''നമ്മുടെ ദൈവത്തോടും, ദേവാലയത്തോടും അവനൊരു കൂറുമില്ല. മഹാനായ ഹേറോദോസ് ചക്രവർത്തി പതിറ്റാണ്ടുകൾകൊണ്ട് പുതുക്കിപണിത ജറുസലേം ദേവാലയം മൂന്നു ദിവസം കൊണ്ട് പണിയുമെന്നവൻ വീമ്പിളക്കി നടക്കുന്നു. നമ്മുടെ ജനങ്ങളാകട്ടെ അവൻറെ വാക്കുകൾ വിലമതിക്കുന്നു. ഇങ്ങിനെ പോയാൽ നമ്മുടെ പോരാട്ടവഴികളോട് അവർക്കിനി യാതൊരു മതിപ്പും ഉണ്ടാകില്ല. ഇതവസാനിപ്പിച്ചേ മതിയാകൂ. അവനെ ഒറ്റപ്പെടുത്തണം. പ്രിയസഹോദരാ ഡാനിയൽ, നീ കേട്ടാലും. അവനെ പിന്തിരിപ്പിക്കാൻ മറ്റുവഴികളില്ലെങ്കിൽ മഹത്തായ നമ്മുടെ ലക്ഷ്യത്തിനു വേണ്ടി കടുത്ത മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടിവരും.'

ചതിയും വഞ്ചനയും ഒളിഞ്ഞിരിക്കുന്ന പാപത്തിന്റെ മഹാസമുദ്രതിരകളാർത്തു വന്ന് ഈ ഭൂമിയെ വിഴുങ്ങുമോ? കാര്യങ്ങൾ ഓരോന്നായി ഓർത്തുകൊണ്ട് ചിന്തയിൽ എട്ടുകാലി വലകൾ നെയ്യുകയാണ് മനസിപ്പോൾ. എല്ലാം അറിയുമ്പോൾ തന്റെ മനസിൽ ഉരുണ്ടുകൂടുന്ന അഗ്നിമേഘങ്ങൾ സോദോമിലും ഗോമോറയിലും വർഷിച്ച തീമഴയായി ഇനിയും പെയ്യുമോ?

ദൈവകല്പനകളെ മറക്കുന്ന, നിഷേധിക്കുന്ന ജനത്തിന് ഇനി എന്തു സംഭവിക്കുമെന്ന വേവലാധിയിൽ വെന്തുരുകുകയാണല്ലോ ഞാൻ?

### അധ്യായം -2

# മകന്റെ വെളിപ്പെടുത്തലുകൾ



ഓർത്തെടുക്കാൻ പോലും കഴിയാത്ത അവ്യക്ത സ്വപ്നങ്ങൾ കണ്ടതിനാൽ ഇന്നലെ രാത്രി പലപ്പോഴും ഉറക്കം ഞെട്ടിയുണർന്നു. എന്തായിരിക്കും അതിന്റെയൊക്കെ പൊരുൾ?

പെട്ടെന്ന് വാതിൽ തുറക്കുന്ന ശബ്ദം ചിന്തകളിൽ നിന്നുണർത്തി.

കുഴഞ്ഞ് നിലത്തുറയ്ക്കാത്ത കാലുകളുടെ ശബ്ദം കേട്ടാലറിയാം അതവനാണ്, മകൻ ഡാനിയൽ. അവൻ മുറിയിലേക്ക് കയറി വന്നു.

അറിയാത്ത ഏതോ ഭയത്തിന്റെ കടലിരമ്പം ഉള്ളിൽ തിരയടിച്ചു.

തിര തീരത്തു കൊണ്ടുവന്നു നിർത്തിയ രൂപം..... സംശയമായി.

ഡാനിയൽ തന്നെയോ ഇത്...?

സൂക്ഷിച്ചു നോക്കി. കണ്ണുകൾ വഞ്ചിക്കുന്നുവോ?

മനുഷ്യന്റെ തല ഒരു പരുന്തിന്റെ തലപോലെ... ആത്മാവിനേയും ശരീരത്തേയും ഒരു പോലെ തുളയ്ക്കുന്ന കണ്ണുകളിൽ ക്രൗര്യം....

എല്ലാത്തിനേയും കൊത്തിപ്പിളർത്താനുള്ള മൂർച്ചയേറിയ കൊക്കുകൾ...

ഭീതിയേറിയ അതിന്റെ ചിറകടികൾ മുറിയിൽ നിറയുകയാണ്.

പെട്ടെന്നാണ് അവന്റെ ചോദ്യം:

'എന്തൊരു നാറ്റമാണിവിടെ.

ശ്ശെ... എന്താണ് കിളവാ...

കിടക്കയെല്ലാം വൃത്തികേടാക്കിയല്ലോ?

പണ്ടാരമടങ്ങാൻ, വെളിക്കിരിക്കണമെങ്കിൽ ആരെയെങ്കിലും വിളിച്ചു കൂടെ തനിക്ക്?'

അപ്പനെ വാക്കുകൾ കൊണ്ട് ചമ്മട്ടിയടിച്ച ശേഷം ഡാനിയലിന്റെ കണ്ണുകൾ ഭാര്യയെ മുറിയിൽ പരതി.

' അവളെന്തിയേ.... എടി, വെറോനിക്കാ.... നിനക്കീ മുതുക്കനെ ഒന്നു പിടിച്ചു പുറത്തു കൊണ്ടുപോയി ഇരുത്തിക്കൂടായിരുന്നോ?'

അവന്റെ ചോദ്യത്തിന് ഒരു മറുപടിയും കിട്ടാതായപ്പോൾ അവൻ ഭാര്യയെ പ്രാകി ...

''ഈ നാശം പിടിച്ചവൾ ഏതു നരകത്തീപ്പോയി കിടക്കുകയാ? മുടിഞ്ഞവളെ നിന്നെ ഇവിടൊന്നും കാണുന്നില്ലല്ലോ?'

മരുമോൾ വെറോനിക്കയെ കയ്യിൽ അപ്പോൾ കിട്ടിയിരുന്നെങ്കിൽ അവൻ ഒത്തിരി മർദ്ദിച്ചേനേ. എന്തോ ഭാഗ്യം!. വിഷപ്പാമ്പ് പത്തി താഴ്ത്തി. അവന്റെ രൗദ്രഭാവം പതുക്കെ മാറി. എന്നെ അവൻ വാരിയെടുത്തു കൊണ്ടുപോയി കുളിമുറിയിലിരുത്തി. പിന്നെ ദേഹം വെള്ളമൊഴിച്ച് വൃത്തിയാക്കുന്നതിനിടയിൽ പഴയ കാര്യങ്ങൾ ഓരോന്നു ചോദിച്ചു. അതവന്റെ പതിവാണ്.

''കിളവാ...

നിങ്ങൾക്കോർമ്മയുണ്ടോ? അന്നെനിക്ക് പത്തു വയസ്സേയുള്ളൂ. ഞാൻ നിങ്ങളുടെ കാലുപിടിച്ച് പറഞ്ഞതല്ലേ,

എന്റമ്മ മരിച്ചു.

എനിക്കിനി വേറൊരമ്മ വേണ്ടായെന്ന്.... എന്നിട്ടും

എന്നേക്കാളും മൂന്ന് നാല് വയസു മാത്രം മൂപ്പുള്ള ഒരുവളോട് നിങ്ങൾക്കപ്പോൾ പ്രേമം,

അവളെ കെട്ടാൻ പൂതി.

എന്നിട്ടെന്തായി?

ആ കെട്ടിലൂടെ നിങ്ങൾ എന്റെ ജീ

വിതവും സകലവും തുലച്ചു.

നിങ്ങടെ കല്യാണത്തിന്റെയന്ന് മറ്റുള്ളവരുടെ മുന്നിൽ ഞാനൊരു പാട് നാണംകെട്ടു, ഒരു പണക്കാരൻറെ മകളെ, അതും ഒരു വർത്തക പ്രമാണിയുടെ അനന്തരവളെ നിങ്ങൾ കല്യാണം കഴിച്ചു. ശരിക്കു പറഞ്ഞാൽ നിങ്ങളൊരു പേ ാങ്ങനാണ്. യഹൂദ പ്രഭുക്കൻമാർ നടത്തുംപോലെ ഒരാഴ്ച നീണ്ടു നിന്ന വിവാഹവിരുന്നും നടത്തി നിങ്ങൾ.

ആ സമയം ഞങ്ങൾ നാലു വയറുകൾ വീട്ടിൽ ഒറ്റയ്ക്ക്,

ഉണക്ക റൊട്ടിയും പച്ചവെള്ളവും കുടിച്ചു വിശപ്പ് മാറ്റി.

കൂട്ടുകാർ പിള്ളേര് വന്നു ചോദിച്ചു, നിങ്ങൾ അപ്പൻറെ കല്യാണവിരുന്നിനു പോകുന്നില്ലേന്ന്?

അവരുടെ ചില ചാർച്ചക്കാർ വിരുന്നുകൂടി വന്നിട്ട് പറഞ്ഞുപോലും നിങ്ങളുടെ കല്യാണവിരുന്നിൽ വിളമ്പിയ രാജഭക്ഷണ ഗുണവിശേഷങ്ങൾ.''

എനിക്ക് എന്നോടു തന്നെ പുഛം തോന്നി. മകന്റെ ചോദ്യങ്ങൾക്കു മുന്നിൽ എന്നും തല കുനിച്ചു നിന്നിട്ടേയുള്ളു ഇതുവരെ.

സത്യത്തിൽ അങ്ങിനെയൊരു വലിയ വിവാഹവിരുന്നു നടത്താൻ എനിക്കു താൽപര്യമുണ്ടായിരുന്നോ? ഇല്ലായിരുന്നു എന്നുള്ളതാണ് പരമാർത്ഥം. അതിനുള്ള പണവുമില്ലായിരുന്നു. പക്ഷെ വധുവിൻറെ വീട്ടുകാർ അവരുടെ സീമന്തപുത്രിയുടെ വിവാഹം ആർഭാടമായി നടത്തണമെന്ന് പറയുകയും ഒരു ദിവസം ഒഴികെ ബാക്കി ആറുദിവസത്തിൻറെ ചെലവു അവർ തന്നെ വഹിക്കാമെന്നും പറഞ്ഞപ്പോൾ സമ്മതിക്കുകയല്ലാതെ മറ്റൊരു വഴിയില്ലായിരുന്നു. ലളിത ജീവിതം മാത്രം എന്നും സ്വപനം കണ്ട താൻ, മക്കളോട് അങ്ങിനെ ജീവിക്കണമെന്ന് ഉപദേശിച്ചിരുന്നു. പക്ഷെ ഒരു പിതാവ് തൻറെ മകളുടെ വിവാഹം ആർഭാടപൂർവ്വം നടത്താൻ ആഗ്രഹിക്കുന്നതിനെ അന്നെങ്ങിനെ നിഷേധിക്കാനാവുമായിരുന്നു?.

**ചതിയും വഞ്ചനയും ഒളിഞ്ഞിരിക്കുന്ന പാപത്തിന്റെ മഹാസമുദ്ര തിരകളാർത്തു വന്ന് ഈ ഭൂമിയെ വിഴുങ്ങുമോ? കാര്യങ്ങൾ ഓരോന്നായി ഓർത്തുകൊണ്ട് ചിന്തയിൽ എട്ടുകാലി വലകൾ നെയ്യുകയാണ് മനസിപ്പോൾ. എല്ലാം അറിയുമ്പോൾ തന്റെ മനസിൽ ഉരുണ്ടുകൂടുന്ന അഗ്നിമേഘങ്ങൾ സോദോമിലും ഗോമോറയിലും വർഷിച്ച തീമഴയായി ഇനിയും പെയ്യുമോ?**

എൻറെ നിസ്സാഹായത കണ്ടിട്ടാവണം അവനൊരു ഇളവു തന്നു. ഡാനിയേലിന്റെ വാക്കുകൾക്ക് പഴയ ദാർഷ് ട്യമില്ല. അവൻ തുടർന്നു .....

''അന്നു ഞാൻ വീട് വിട്ടിറങ്ങിയതാണ്. എൻറെ അപ്പനെ ഇനി ഒരിക്കലും കണ്ടുമുട്ടരുതേ എന്നായിരുന്നു അപ്പോൾ ആഗ്രഹിച്ചത്. എന്നാൽ നിങ്ങൾ തന്നെ വീണ്ടും വർഷങ്ങൾക്കു ശേഷം എന്നെ വിളിച്ച് നിങ്ങളുടെ കൂടെ താമസിപ്പിച്ചു. എന്നോട് സ്നേഹം ഉണ്ടായിട്ടൊന്നുമല്ലന്നു എനിക്കറി യാമായിരുന്നു. എല്ലാം നിങ്ങളുടെ പുതിയ ഭാര്യപറഞ്ഞിട്ടായിരുന്നു. പക്ഷെ ആ ഇളയമ്മയുടെ വാക്കിൽ ഭയക്കുന്ന പെൺകോന്തനായ നിങ്ങൾ എന്നെ എന്ത് ചെയ്തുവെന്ന് ഓർമ്മയുണ്ടോ?.

''ഞാൻ പറയാം. ഇല്ല, നിങ്ങൾക്ക് അതൊന്നും ഓർമ്മയുണ്ടാകില്ല. നിങ്ങളവരുടെ സൗന്ദര്യപുതപ്പിനുള്ളിലായിരുന്നുവല്ലോ?

പക്ഷെ എനിക്കതൊന്നും മറക്കാൻ പറ്റില്ല. അതൊക്കെ ഓർക്കുമ്പോൾ ഇപ്പോഴും എൻറെ മുതുകത്ത് ചാട്ടവാർ പുളയ്ക്കും, കാതുകളിൽ അതിൻറെ വേദനിപ്പിക്കുന്ന ഒച്ച മുഴങ്ങും. കഴുതയുടെ മുതുകിൽ തല്ലുന്ന ചാട്ടവാർ കൊണ്ട് നിങ്ങളെൻറെ പുറം എത്രമാത്രം തല്ലിപ്പൊളിച്ചു. ഇന്നു കാണുന്ന സൗമ്യനൊന്നുമായിരുന്നില്ല അന്നു നിങ്ങൾ.

ചെകുത്താന്റെ മനസും,ദൈവത്തിന്റെ മുഖവും ഉള്ളയാൾ.

അന്നിറങ്ങിയതാണ് നിങ്ങളുടെ വീട്ടിൽ നിന്നും, അല്ല, നിങ്ങളുടെ ഭാര്യയുടെ വീട്ടിൽ നിന്നും. പക്ഷെ വിധി ഒടുവിൽ നിങ്ങളെ വീണ്ടും എൻറെ അടുക്കൽ എത്തിച്ചു. ഞാൻ ഒരു തെമ്മാടിയും കള്ളുകുടിയനും കൊള്ളരുതാത്തവനും ആയിപ്പോയെങ്കിൽ അതിനു കാരണം നിങ്ങൾ, ഒരേയൊരുത്തനാണ്. എനിക്കറിയാം, മക്കളിൽ ഏറെകുറച്ചു മാത്രമേ നിങ്ങളെന്നെ സ്നേഹിച്ചിട്ടുള്ളൂ. നിങ്ങളേറെ സ്നേഹിച്ച മക്കളൊക്കെ ഇപ്പോൾ എവിടെ? അവസാനം നിങ്ങളെ കുണ്ടികഴുകിക്കാൻ ഈ താന്തോന്നിയായ ഞാൻ മാത്രമേയുള്ളൂ.''

അവൻ ബാലനായിരുന്നപ്പോൾ കുരുത്തക്കേട് കാണിച്ചതിനു ഒരിക്കൽ ഡാനിയലിനെ കണ്ടമാനം തല്ലിയെന്നതു നേരുതന്നെ. അപ്പോഴത്തെ അടക്കാനാവാത്ത കോപത്തിനു ചെയ്തുപോയതാണ്. അതൊരു നീറുന്ന വേദനയായി ഇരുപത്തിരണ്ട് വർഷങ്ങൾ കൊണ്ടുനടന്നു. ഇപ്പോൾ ഇടയ്ക്കിടയ്ക്ക് അവനതിങ്ങനെ ഓർമ്മിപ്പിക്കുമ്പോൾ ആ ചാട്ടവാർ അടികൾ മുള്ളുവച്ച ചമ്മട്ടി അടിപോലെ എൻറെ മുതുകിൽ തിരിച്ചു വീഴുകയാണ്. മാംസം ചിതറി ചോര വാർന്നൊലിക്കുകയാണ്.

കുളിമുറിയിൽ നിന്നും തിരികെ കൊണ്ടുവന്നു അപ്പനെ കട്ടിലിൽ കിടത്തുന്നതിനിടയിൽ അവൻ ചോദിച്ചു.

''എന്തിനാണ് കഴുതയെ തല്ലുന്നപോലെ എന്നെയന്നു ചാട്ടവാർ കൊണ്ട് അടിച്ചതെന്ന് ഓർമ്മയുണ്ടോ നിങ്ങൾക്ക്? തറുതല പറഞ്ഞതിനു മാത്രമാണോ? നിങ്ങളുടെ പുത്തൻ ഭാര്യയിൽ ഉണ്ടായ മകൻറെ കാൽമുട്ടിൽ നിന്നും രണ്ടു തുള്ളി ചോര പൊടിഞ്ഞതിനും കൂടായിരുന്നത്. അന്നെനിക്കുണ്ടായ കോപത്തിൽ ഞാനവനെ തള്ളിയിട്ടു

"പക്ഷെ, നിങ്ങൾ ഒന്നറിഞ്ഞോ കിളവാ. ഇന്നവർ അവനെ, നിങ്ങളുടെ പുന്നാര പുത്രനെ കരിങ്കൽ പാതയിൽ ഒരു തെരുവുപട്ടിയെ ചവിട്ടി മാറ്റുമ്പോലെ ചവിട്ടിത്തെറിപ്പിച്ചു. അവൻ പിടഞ്ഞെഴുന്നേറ്റപ്പോൾ വീണ്ടും തള്ളിവീഴ്ത്തി. അവൻറെ കൈകാലുകളെല്ലാം മുറിഞ്ഞു. ചമ്മട്ടികൾ കൊണ്ടവൻറെ പുറം റോമൻ പട്ടാളക്കാരുഴുതു മറിച്ചു. ഞാനുണ്ടാക്കിയ കുരിശ്ശാണ് അവനിപ്പോൾ ചുമക്കുന്നത്. '

വെന്നത് നേര്, മുറ്റത്തെ ചരലിൽ വീണപ്പോൾ അവൻറെ മുട്ട് മുറിഞ്ഞതും അല്പം ചോര പൊടിഞ്ഞതും സത്യം. ഞാൻ ചെയ്തത് തെറ്റ് തന്നെ, സമ്മതിച്ചു. പക്ഷെ,കൗമാരക്കാരനായ മകൻറെ ഒരു കുറുമ്പായി മാത്രം കണ്ടു എന്നെയൊന്ന് ശാസിച്ചാൽ മതിയായിരുന്നല്ലോ അപ്പാ.... എങ്കിൽ ഞാനീവിധം തലതെറിച്ചവനാകുമായിരുന്നോ? എല്ലാവരാലും ഉപേക്ഷിക്കപ്പെട്ട് തെരുവിൽ കൊണ്ടും കൊടുത്തും വളർന്നതു കൊണ്ടല്ലേ ഞാനൊരു തെമ്മാടിയായി മാറിയത്. '

അവന്റെ 'അപ്പാ ' എന്ന വിളി...

ഓ ദൈവമേ ... അതിനു മാത്രം ഞാൻ എന്തുള്ളൂ ദൈവമേ ....

ഞാൻ തന്നെയാണോ അവനെ തെമ്മാടിയാക്കിയത്?.

എന്റെ പക്ഷത്തുനിന്നുള്ള ഒറ്റപ്പെടുത്തലുകൾ....

രണ്ടാം ഭാര്യയോട് കൂടുതൽ കാണിച്ച പരിഗണനകൾ ....

ഞാൻ എന്നെ തന്നെ ശരിക്കും കണ്ടു അപ്പോൾ.

അവൻ സംസാരിച്ച വാക്കുകൾ, അവിടം വരെയെത്തിയപ്പോൾ അവന്റെ കണ്ണുകൾ നനയുന്നത് കണ്ടു. കുറ്റബോധം കൊണ്ട് അവനെയൊന്നു തൊടാനോ കെട്ടിപ്പിടിക്കാനോ കഴിയാതെ ഞാനുള്ളിൽ കരഞ്ഞു. ഒരു മറുവാക്ക് പറയാൻ പോലും കഴിഞ്ഞില്ല. എന്നും ഞാൻ അങ്ങനെയായിരുന്നു.

അവൻ ഒരു കോപ്പയിൽ വീഞ്ഞുകൊണ്ടുവന്നു എൻറെ ചുണ്ടിൽ ചേർത്തു പിടിച്ചു. വീഞ്ഞിൻറെ ലഹരി തരുന്ന ആലസ്യത്തിൽ കുറച്ചുനേരം മയങ്ങണം. പെട്ടെന്ന വൻറെ ഭാവംമാറി. മുഖത്ത് വന്യമായ ഒരുന്മാദത്തിൻറെ കാട്ടുതീ... അവ തിളയ്ക്കുന്ന വാക്കുകളായി. അവൻ ക്രൂരമായിത്തന്നെ ആ സത്യമറിയിച്ചു.

''പക്ഷെ, നിങ്ങൾ ഒന്നറിഞ്ഞോ കിളവാ. ഇന്നവർ അവനെ, നിങ്ങളുടെ പുന്നാര പുത്രനെ കരിങ്കൽ പാതയിൽ ഒരു തെരുവുപട്ടിയെ ചവിട്ടി മാറ്റുമ്പോലെ ചവിട്ടിത്തെറിപ്പിച്ചു. അവൻ പിടഞ്ഞെഴുന്നേറ്റപ്പോൾ വീണ്ടും തള്ളിവീഴ്ത്തി. അവൻറെ കൈകാലുകളെല്ലാം മുറിഞ്ഞു. ചമ്മട്ടികൾ കൊണ്ടവൻറെ പുറം റോമൻ പട്ടാളക്കാരുഴുതു മറിച്ചു. ഞാനുണ്ടാക്കിയ കുരിശ്ശാണ് അവനിപ്പോൾ ചുമക്കുന്നത്. '

അവനാരെക്കുറിച്ചാണ് പറയുന്നതെന്ന് മനസിലായില്ല. അതറിയാനായി ഞാനവനോട് കേണു.

'' മകനെ നീ ആരുടെ കാര്യമാണ് പറയുന്നത് ?''

അവൻ മനസിലാക്കിത്തന്നു.

''ഓ അല്ലെങ്കിലും വീട്ടിൽ കിടക്കുന്ന നിങ്ങളിതൊക്കെ എങ്ങിനെ അറിയാനാണ്. ഇനി പറഞ്ഞില്ലന്നു വേണ്ട. നിങ്ങടെ രണ്ടാം കെട്ടിലെ ആ പുന്നാര മകനില്ലേ? അവനെയിന്നു പീലാത്തോസ് കല്പിച്ചിട്ട് കഴുവേറ്റുകയാണ്''

അതു പറഞ്ഞവൻ ക്രൂരമായി പൊട്ടിച്ചിരിച്ചു.

''ആരെ ? യേഷുവായോ? എൻറെ മോൻ.''

ദുഃഖം കൊണ്ട് ഞാൻ വല്ലാതെ പിടഞ്ഞു പോയി ആ നിമിഷം.

ഡാനിയൽ ആ ചോദ്യത്തിന് ഒരു കൊലച്ചിരിയോടെ ഉത്തരം പറഞ്ഞു.

''അതേ എൻറെ പുന്നാര അപ്പാ.....അവനെത്തന്നെ, നിങ്ങടെ യേഷുവായെ. പട്ടിമരത്തടികൊണ്ട് അവനെ കഴുവേറ്റാനുള്ള കുരിശു പണിതപ്പോൾ ഞാൻ ഒത്തിരി സന്തോഷിച്ചു. കേട്ടോ കിളവാ നല്ല ഉറപ്പുള്ള മരമാണ്. അതേൽകേറ്റാൻ മൂർച്ചയും ഉറപ്പുമുള്ള കാരിരുമ്പാണികൾ പണിതതും ഈ ഞാൻ തന്നെ. മൂന്നിന് പകരം നല്ല ഉറപ്പുള്ള നാലാണികൾ. ഇതു വരെയുണ്ടാക്കാത്ത മൂർച്ചയുണ്ടതിന്. ഞാൻ തന്നെയാണ് ആ ഒറ്റക്കണ്ണൻ ശതാധിപൻ, ലോങ്ങിനുസിൻറെ കയ്യിൽ അത് നേരിട്ട് കൊണ്ടുപോയി കൊടുത്തത്. എനിക്കയാൾ നല്ല കൂലിയും തരാമെന്ന് ഏറ്റതാണ്. പക്ഷെ ഞാൻ വാങ്ങിയില്ല.

എന്തു പറഞ്ഞാലും കിളവാ, അവൻ നിങ്ങളുടെ പുന്നാര മകനാണല്ലോ?, അപ്പോൾ എൻറെ അർദ്ധ സഹോദരൻ. അതുകൊണ്ട് ഞാൻ ഒരു സൗജന്യം കാട്ടി. കൊലമരത്തിനു പണമൊന്നും വാങ്ങിയില്ല.

അല്ലേലും കുടുംബത്തിലുള്ള ഒരാളെ കഴുവേറ്റണ കാര്യമല്ലേ?, അതിനു നമ്മൾ കാശുവാങ്ങുന്നത് ശരിയല്ലല്ലോ ഹ ..ഹ''

ഡാനിയലിന്റെ കൊലച്ചിരി കെട്ടഴിഞ്ഞു വന്ന കൊടുങ്കാറ്റാണെന്നു തോന്നി.

അപ്പോളെന്റെ നാവിൽ നിന്നും നിയന്ത്രണാതീതമായി ശാപവാക്കുകൾ പുറപ്പെട്ടു.

''ദുഷ്ഠൻ ... നീ മുടിഞ്ഞുപോകും. യേഷുവാ അവൻ പാവമാണ് .''

''അതെ. അവൻ പാവം... ഞാനിപ്പോൾ നിങ്ങളെ കുണ്ടികഴുകിച്ചു കൊണ്ടുവന്നു കിടത്തിയതേയുള്ളൂ, ആ ഞാൻ ദുഷ്ഠൻ, ഞാൻ മുടിഞ്ഞു പോകും അല്ലെ?. എന്നെ ശപിച്ചോളൂ നിങ്ങളുടെ നാവ് തളരും വരെ.

അല്ല ഞാനൊന്നു ചോദിച്ചോട്ടെ? നാടുമുഴുവൻ സൗഖ്യം നൽകി ജാലവിദ്യകാണിക്കുന്ന നിങ്ങളുടെ ആ 'പാവം' മകൻ, നടുവൊടിഞ്ഞ പാ

മ്പിനെപ്പോലിഴയുന്ന അപ്പനെ എന്തുകൊണ്ട് സൗഖ്യമാക്കിയില്ല?'

അവൻറെ ചോദ്യം നെഞ്ചിലാഴ്ന്ന കൂരമ്പായി. യേഷുവാ, അവൻ ദൈവപുത്രനാണെന്ന ദിവ്യരഹസ്യം ഈ ഭൂമിയിൽ വെളിവാക്കപ്പെട്ടുകിട്ടിയ രണ്ടാമത്തെയാൾ ഞാനായിരുന്നുവല്ലോ? എനിക്കറിയും പോലെ യേഷുവായെക്കറിച്ച് അവൻറെ സഹോദരനായ ഇവനറിയില്ലല്ലോ?

യേഷുവായേ എല്ലാവരും കുറ്റം ചുമത്തുമ്പോഴും സ്വന്തം കുടുംബത്തിൽ നിന്നും അവന് കരുതലും ആശ്വാസവുമുണ്ടാകുമെന്നു കരുതിയത് വെറുതെയായി.

ഡാനിയലിനോട് ചോദിച്ചു.

'മരണശിക്ഷ ലഭിപ്പാൻ മാത്രം എന്തു തെറ്റാണ് എൻറെ യേഷുവാ ചെയ്തത് ?'

ആ ചോദ്യത്തിൽ ഡാനിയലിന്റെ തലയിൽ പിശാചുക്കൾ നൃത്തം ചെയ്യുന്നത് മിന്നായം പോലെ കണ്ടു. അപ്പന്റെ ചോദ്യത്തിന് അവന്റെ മറുപടിയിങ്ങനെയായി.

''ദൈവദൂഷണം അല്ലാതെന്ത്?. പോരെങ്കിൽ താൻ ദൈവപുത്രനാണെന്നും, ദൈവമാണെന്നും വരെ അവൻ പറഞ്ഞു നടന്നു. അതു തന്നെ അവൻറെ മരണശിക്ഷയ്ക്കുള്ള മുഖ്യ കാരണം.''

ഡാനിയലിനെ തിരുത്തണമെന്നു തോന്നി. പക്ഷെ ആർക്കതിനു കഴിയും.?

എപ്പോഴും കുത്താൻ വരുന്ന കാട്ടുപോത്താണവൻ. എങ്കിലും എന്റെ ഉള്ളിൽ നിറഞ്ഞ സത്യം ഞാനവനെ അറിയിച്ചു.

''മകനെ, ഉറപ്പായും അവൻ ദൈവപുത്രനാണ്. അതു സത്യവുമാണ്. ദൈവദൂതൻ മിരിയാമിനു വെളിപ്പെടുത്തിയതുമാണ്. പിന്നെങ്ങിനെ അതു ദൈവദൂഷണമാകും?''

ഡാനിയൽ ഉള്ളിൽ ചിരിച്ചു. അവന്റെ ചുണ്ടിൽ ഒരു പുശ്ചച്ചിരി കോടി.

'കെളവനും പ്രാന്തായി. ദൂതൻ പോലും... ആ പെണ്ണുമ്പുള്ള തലയിണമന്ത്രം പോലെ തലയിൽ ഓതിക്കൊടുത്തതൊക്കെ ഇയാൾ അപ്പാടെ വിശ്വസിച്ചിട്ടുണ്ടാകും.''

അങ്ങിനെ തന്നെയാവണം അവൻറെ മനസ്സിൽ പറഞ്ഞിട്ടുണ്ടാവുക എന്നാൽ,കപടത ഒളിപ്പിച്ച് അപ്പനെ സമാധാനപ്പെടുത്താൻ അവൻ പറഞ്ഞതിങ്ങനെ:

''അങ്ങിനെയൊക്കെ പലരും ചോദിക്കുന്നുണ്ട്. റബ്ബിമാരിൽ ചിലർ അവൻറെ പക്ഷം പിടിച്ചുകൊണ്ട് അവൻ മിശിഹായെന്നു ഉറപ്പിച്ച് പറഞ്ഞ് അവനെ രക്ഷിക്കാൻ നോക്കി.

**"കേട്ടോ കിളവാ, ഇസ്ക്കറിയോത്ത, മിടുക്കനാണവൻ, എരിവുകാരനായ ശിമയോൻ വീര്യമെല്ലാം പോയ വീഞ്ഞുപോലായിപ്പോയെങ്കിലും ഇസ്ക്കറിയോത്ത യൂദാസ് തികഞ്ഞ രാജ്യസ്നേഹിയാണ്. അവൻ വേണ്ടപോലെ എല്ലാം ഉചിതമായി ചെയ്തു. അവനിൽ പ്രീതിയുണ്ടായ കയ്യാഫാസ് മുപ്പതു ദനാറകൾ അവനു പാരിതോഷികമായി നല്കി. അവൻ അതുമായി പോയിട്ടുണ്ട് മഗ്ദലനായിലെ വേശ്യയായ മറിയയുടെ അടുത്തേക്ക്.**

പക്ഷെ,യേഷുവാ, അവൻ റോമാക്കാരുടെ ചാരനാണ്. അതുകൊണ്ട് പീലാത്തോസും ആദ്യം അവൻറെ പക്ഷത്തായിരുന്നു. എന്തെന്നാൽ സീസറിനു നികുതി കൊടുക്കണെമെന്ന് ജനങ്ങളോട് ആഹ്വാനം ചെയ്തുകൊണ്ട് ജനങ്ങളെ റോമൻ നുകത്തിനു കീഴിൽ ജീവിക്കാൻ പരിശീലിപ്പിക്കുന്ന റോമൻ ചാരനാണല്ലോ നിങ്ങളുടെ മകൻ.''

''അങ്ങിനെയൊന്നും പറയാതെ മകനെ, യേഷുവാ നീതിമാനാണ്''

ഡാനിയൽ വീണ്ടും രോക്ഷം കൊണ്ടു.

''ഞാൻ പറഞ്ഞുതീർന്നില്ല, അവൻ പൂർവദേശങ്ങളിൽ നിന്നും പഠിച്ച കൺകെട്ടുവിദ്യകൾ, മന്ത്രവാദം എന്നിവ കൊണ്ടും, പരദേശി വേദങ്ങളിലെ പ്രമാണങ്ങൾ പഠിപ്പിച്ച് ജനങ്ങളെ മയക്കുകയും വഴിതെറ്റിക്കുകയും ചെയ്തു. അവൻറെ വാക്കുകൾ കേട്ടു വിശ്വസിച്ച ജനങ്ങൾ അവൻ ദൈവപുത്രൻ എന്നു വിളിച്ചു പറഞ്ഞു ഹോസന്നാ പാടി. അവൻ മിശിഹായെന്നു പറഞ്ഞു ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചതുമൂലം ജൂതന്മാരുടെ വിമോചന പോരാളികളായ, യഥാർത്ഥ മിശിഹായുടെ പോരാളികളായ ഞങ്ങൾ കാനായികളുടെ വാക്കുകൾക്ക് യാതൊരു വിലയും ജനങ്ങൾക്കിടയിൽ ഇല്ലാതായി.

അവൻ എൻറെ സഹാദരൻ ആയതുകൊണ്ട് കാനായികളിൽ ചിലരെങ്കിലും എന്നെയും സംശയത്തിൽ നിർത്തി. ഞാനും അവനെപ്പോലെ റോമൻ ചാരനെന്ന് അവരും സംശയിക്കാൻ തുടങ്ങി. അവൻ മരിക്കേണ്ടത് ദൈവ ജനത്തിൻറെ ലക്ഷ്യത്തിനു ആവശ്യം തന്നെ.

''കേട്ടോ കിളവാ, പീലാത്തോസിന് സത്യത്തിൽ അവനെ വിട്ടയക്കണമെന്നുണ്ടായിരുന്നു. എന്നാൽ ഞങ്ങൾ പീലാത്തോസിനോട് കർശനമായി പറഞ്ഞു. ദൈവദൂഷണം പറഞ്ഞവനെ വധിച്ചില്ലെങ്കിൽ ഇന്നീ പട്ടണത്തിൽ കലാപം നടക്കുമെന്ന്, അയാളുടെ അധികാരക്കസേര തെറുപ്പിക്കുമെന്ന്, മുഴുവൻ റോമക്കാരേയും അവരുടെ സ്ത്രീകളെയും കുഞ്ഞുങ്ങളെയും ഞങ്ങൾ വകവരുത്തുമെന്ന്.

''അതോടെ പീലാത്തോസിൻറെ അരമനയും അയാളും നടുങ്ങി. വിപ്ലവകാരികളുടെ വാക്കുകളുടെ വീര്യം അയാളുടെ സ്വൈര്യം കെടുത്തി. കേവലം ഒരു ചാരൻറെ ജീവനുവേണ്ടി സ്വന്തം ജനങ്ങളെ കുരുതികൊടുത്തു സീസറിൻറെ അപ്രീതി വിളിച്ചു വരുത്തണമോയെന്നൊന്നും പീലാത്തോസിന് രണ്ടാമത് ചിന്തിക്കേണ്ടി വന്നില്ല. അവസാനം, റോമൻ സിംഹാസനത്തിനു യഹോവയുടെ നിയമം അനുസരിക്കേണ്ടിവന്നു. ദൈവദൂഷണത്തിനു വധശിക്ഷ.

ദൈവം നടപ്പിലാക്കിയതിനെ ആരെ തിർത്തിട്ടും കാര്യമില്ലയെന്നതല്ലേ സത്യം? റോമൻ വിജാതീയ നിയമങ്ങൾ മാറ്റിവച്ചു നമ്മുടെ ദൈവത്തിൻറെ നിയമം അയാൾക്ക് പ്രഖ്യാപിക്കേണ്ടിവന്നു. ഇതു വിജയമാണ്. ദൈവത്തിൻറെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെയും നമ്മുടെ നിയമത്തിന്റെയും വിജയം. ഞങ്ങൾ കാനായികളുടെ ശക്തിയും വിശ്വാസവും വീണ്ടെടുത്ത ദിവസമാണിന്ന്. മഹാപുരോഹിതനായ അന്നാസും, പ്രധാന പുരോഹിതനായ കൈയ്യാഫാസും ഇന്നു ഞങ്ങളിൽ സംപ്രീതരാണ്.

''കേട്ടോ കിളവാ, ഇസ്ക്കറിയോത്ത, മിടുക്കനാണവൻ, എരിവുകാരനായ ശിമയോൻ വീര്യമെല്ലാം പോയ വീഞ്ഞുപോലായിപ്പോയെങ്കിലും ഇസ്ക്കറിയോത്ത യൂദാസ് തികഞ്ഞ രാജ്യസ്നേഹിയാണ്. അവൻ വേണ്ടപോലെ എല്ലാം ഉചിതമായി ചെയ്തു. അവനിൽ പ്രീതിയുണ്ടായ കയ്യാഫാസ് മുപ്പതു ദനാറകൾ അവനു പാരിതോഷികമായി നല്കി. അവൻ അതുമായി പോയിട്ടുണ്ട് മഗ്ദലനായിലെ വേശ്യയായ മറിയയുടെ അടുത്തേക്ക്. എന്തിനെന്നു അറിയാമോ? മുമ്പൊരിക്കൽ പണം കുറഞ്ഞു പോയതിനാൽ അവൾ അവനു കിടന്നു കൊടുത്തില്ല. അവൾ അവനെ അപമാനിച്ചു ഇറക്കിവിട്ടിരുന്നു. ആ മഗ്ദലനക്കാരി വേശ്യ അവനെ അപമാനിച്ചു വിട്ടതിന്റെ ദേഷ്യം അവനിതുവരെ തീർന്നിട്ടില്ല. ഇന്നവൻ അവളുടെ കാമുകനെ ഒറ്റിയ കാശ് തന്നെ അവളുടെ മുഖത്തേക്ക് വലിച്ചെറിയും. യൂദാസ് ഇസ്കറിയോത്താ ഇന്നവന്റെ പ്രതികാരം തീർക്കും.''

ഡാനിയൽ ദേഷ്യം കൊണ്ട് തിളയ്ക്കുകയായിരുന്നു.

'മകനേ ഡാനിയലേ നീ എന്തൊക്കെയാണ് പുലമ്പുന്നത്? എനിക്കൊന്നും മനസിലാകുന്നില്ല. നീ ഇന്നും കുറേയേറെ കുടിച്ചിട്ടുണ്ട്. '

എന്തോ അവനപ്പോൾ അല്പം ശാന്തനായി. അതെന്നെ അത്ഭുതപ്പെടുത്തി.

''അപ്പാ, ഞാനിന്നു നിലയില്ലാതെ കുടിച്ചിട്ടില്ല. സുബോധത്തോടെ സന്തോഷിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. യേഷുവായെ ഓർത്ത് നിങ്ങൾക്ക് ദുഖമുണ്ടെന്നറിയാം. എൻറെ അർദ്ധസഹോദരനായ യേഷുവായോടു എനിക്ക് പ്രത്യേക വിരോധമൊന്നുമില്ല. ആ നിലയിൽ അവൻ വധിക്കപ്പെടുന്നതിൽ എനിക്കും ദുഖമുണ്ട്. പക്ഷെ ജനത്തിനു വേണ്ടി, അവരുടെ നന്മയ്ക്ക് വേണ്ടി, ഇനി നിരപരാധിയാണെങ്കിൽ പോലും ഒരാൾ കൊല്ലപ്പെടുന്നെങ്കിൽ, പ്രത്യേകിച്ച് അതു രാജ്യനന്മയ്ക്ക് വേണ്ടിയാകുന്നതിൽ തെറ്റില്ലായെന്നാണ് മുഖ്യപുരോഹിതനായ കയ്യാഫാ പറഞ്ഞത്.''

മനസ് തകർക്കാനെങ്കിലും അവൻ തന്നെ 'അപ്പൻ' എന്നു വിളിച്ചതോർത്തപ്പോൾ ആശ്വാസം തോന്നി. അപ്പോഴേക്കും ആരോ ഓടിവരുന്ന ശബ്ദം കേട്ടു. വാതിൽ തള്ളിതുറന്നു വന്ന വേറോനിക്കാ, മുറിയിലേക്ക് കമിഴ്ന്നടിച്ചു വീണു ഉറക്കെ ഏങ്ങിയേങ്ങി കരഞ്ഞു.

''അപ്പാ... അപ്പാ.... നമ്മുടെ യേഷുവായേ അവനെ കാൽവരിയിലേക്ക് പട്ടാളക്കാർ...'' സങ്കടം കൊണ്ടും, അവൾ കണ്ടകാഴ്ചയുടെ ഭയം കൊണ്ടും അവൾക്ക് വാക്കുകൾ തൊണ്ടയിൽ കുരുങ്ങിപ്പോയിരുന്നു.

വേറൊനിക്ക, അവൾ നല്ലവളാണ്. അവൾക്കു യേഷുവായോടും മിരിയാമിനോടും വലിയ സ്നേഹമാണ്. യെരുശലെമിൻറെ പ്രാന്തപ്രദേശങ്ങളിൽ യേഷുവാ വന്നെന്നറിഞ്ഞാൽ അവനും സ്നേഹിതർക്കും വേണ്ടുന്ന ആഹാരമൊരുക്കി അവൾ അവനെ കാണുവാനും അവൻറെ വാക്കുകൾ കേൾക്കുവാനും പോവുക പതിവായിരുന്നു. അവന്റെ ജീവന്റെ മൊഴികൾ കേട്ടിട്ടു വന്നു പറയും:

'എത്ര സൗമ്യവും ഹൃദയഹാരിയുമാണവന്റെ വാക്കുകൾ... എത്ര മനസ്സലിവാണ് അവനെല്ലാവരോടും കാണിക്കുന്നത്. അവൻ കുഷ്ഠരോഗിയെ കെട്ടിപ്പിടിക്കും... അറപ്പില്ലാതെ ചുംബിക്കും ... വിധവകളെ സാന്ത്വനിപ്പിക്കും...

പീഡിതന്റെ കണ്ണുനീരൊപ്പും...എന്നിട്ടും....''

വീണുകിടന്നു ഏങ്ങലടിക്കുന്ന വേറൊനിക്കയുടെ കയ്യിൽ ഒരു വെളുത്ത തൂവാല ഉണ്ടായിരുന്നു. എൻറെ കണ്ണുകൾ മങ്ങിപ്പോയി. അന്ധതയിൽ എല്ലാം ഇരുളിൽ ആഴുന്നതിനു മുൻപായി വെറോനിക്കയുടെ കയ്യിൽ പിടിച്ചിരുന്ന തൂവാലയിൽ യേഷുവായുടെ ചോര പുരണ്ട മുഖത്തിൻറെ പ്രതിരൂപം ഞാൻ കണ്ടിരുന്നു.

'എന്റ മകനേ'യെന്ന ഒരു നിലവിളി പുറത്തേക്കെത്തും മുമ്പ് ഞാൻ ഏതോ രക്ഷപ്പെടാനാകാത്ത പാതാള ഗർത്തത്തിലേക്ക് വീണു പോയി.

ആഞ്ഞാഞ്ഞുള്ള ചമ്മട്ടിയടികളുടെ മൂളക്കം യേഷുവായുടെ ചിതറിത്തെറിക്കുന്ന ശരീരത്തിലാഴുന്നത് ഞാൻ ഒരു കണ്ണാടിയിലെന്നവണ്ണം കണ്ടു. എല്ലാ സങ്കടങ്ങളുടേയും അവസാനവിളിയെന്നോണം

'എന്റെ യഹോവേ'

എന്നു മാത്രം വിളിച്ചപ്പോഴേക്കും എൻറെ ലോകം ഇരുട്ടിലേക്ക് ആണ്ടു പോയി.

**വീണുകിടന്നു ഏങ്ങലടിക്കുന്ന വേറൊനിക്കയുടെ കയ്യിൽ ഒരു വെളുത്ത തൂവാല ഉണ്ടായിരുന്നു. എൻറെ കണ്ണുകൾ മങ്ങിപ്പോയി. അന്ധതയിൽ എല്ലാം ഇരുളിൽ ആഴുന്നതിനു മുൻപായി വെറോനിക്കയുടെ കയ്യിൽ പിടിച്ചിരുന്ന തൂവാലയിൽ യേഷുവായുടെ ചോര പുരണ്ട മുഖത്തിൻറെ പ്രതിരൂപം ഞാൻ കണ്ടിരുന്നു. 'എന്റ മകനേ'യെന്ന ഒരു നിലവിളി പുറത്തേക്കെത്തും മുമ്പ് ഞാൻ ഏതോ രക്ഷപ്പെടാനാകാത്ത പാതാള ഗർത്തത്തിലേക്ക് വീണു പോയി. ആഞ്ഞാഞ്ഞുള്ള ചമ്മട്ടിയടികളുടെ മൂളക്കം യേഷുവായുടെ ചിതറിത്തെറിക്കുന്ന ശരീരത്തിലാഴുന്നത് ഞാൻ ഒരു കണ്ണാടിയിലെന്നവണ്ണം കണ്ടു.**






വര :
പി ആർ രാജൻ

**നാടിന്റെ തനതു ഭാഷയും രൂപങ്ങളും മറക്കുന്ന ഈ കാലത്ത് പ്രിൻറ്റക്സ് അജിത് എഴുതുന്ന തൃശ്ശിവേപേരൂർ കഥകൾ ആ നാടിന്റെ ഉള്ളിലേക്ക് കടന്നു ചെല്ലും . അനസാറും ജുനൈദും ശില്പി രാജനും തൃശൂറിലെ ഒരിക്കലും മറക്കാനാകാത്ത മുഖങ്ങളാണ് . പുതിയ കഥകൾക്ക് കാത്തിരിക്കാം ...**

# പ്രിൻറ്റക്സ് അജിത്തിന്റെ തൃശ്ശിവേപേരൂർ കഥകൾ

**1.**

## ദില്ലിയിൽ നിന്നും ഷാഹിദ പർവീൺ എന്ന സുന്ദരി

ജുനൈദ്,

എൺപതുകളുടെ അവസാന കാലങ്ങളിൽ, പാലക്കാട് വിക്ടോറിയ കോളേജിൽ ചിത്ര ശില്പകലാ രംഗത്തെ താരം.ഇന്റർ യൂണിവേഴ്സിറ്റി മത്സരങ്ങളിൽ പലതവണ വിജയി.

സുന്ദരൻ, സുമുഖൻ.പട്ടാമ്പിക്കടുത്ത്, തിരുമിറ്റക്കോട് എന്ന ഗ്രാമത്തിൽ, ഭാരതപ്പുഴയോരത്തുള്ള എന്റെ സുഹൃത്ത് ശശിരൂപന്റെ കുടുംബ സുഹൃത്ത്.

ശശിക്ക് അത്യാവശ്യം എഴുത്ത്, വായന, യോഗ,മെഡിറ്റേഷൻ മുതൽ പലവിധ രോഗങ്ങൾ. .മലയാളത്തിലെ എക്കാലത്തെയും പ്രധാനികളായ ഒ.വി.വിജയൻ,ആർട്ടിസ്റ്റ് നമ്പൂതിരി ,എം മുകുന്ദൻ,എം കൃഷ്ണൻ നായർ മുതലായവരുടെ കൃതികളാലും വരകളാലും സമ്പന്നമായിരുന്ന മലയാളനാട് വാരികയിൽശശിയുടെ കഥകൾ പ്രസിദ്ധീകരിച്ച് വന്നിരുന്നു. .

സാഹിത്യവാരഫലത്തിൽ, പുത്തൻ എഴുത്തുകാരുടെ കുറ്റങ്ങളും കുറവുകളും കണ്ടെത്തി, വധശിക്ഷവരെ കൊടുക്കാൻ ശുപാർശചെയ്യുന്ന കൃഷ്ണൻ നായരുടെ സാന്നിദ്ധ്യം ഉണ്ടായിട്ടുപോലും ശശിയുടെ കഥകൾ പ്രസിദ്ധീകരണത്തിനായി എസ്. കെ നായർ തെരഞ്ഞെടുത്തു. സാഹിത്യാഭിരുചിയുള്ള ഒരാളുടെ കൂടെ കൂടിയാലുള്ള ഒരു പകർച്ചവ്യാധിയാണീ, സാഹിത്യം എന്ന അസുഖം.

ശശിയിൽ നിന്നും ,സ്വതവേയുള്ള കലകളുടെ കൂട്ടത്തിൽ സാഹിത്യവും യോഗയും മെഡിറ്റേഷനും ജുനൈദിന്റെ ഉള്ളിൽ കടന്ന് കൂടി.വിദ്യാഭ്യാസം കഴിഞ്ഞ് തേരാ പാരാ നടക്കുന്ന ജൂനൈദിനെ വാപ്പയും സഹോദരങ്ങളും കൂടി അറേബ്യൻ നാടുകളിലേക്ക് കെട്ട് കെട്ടിച്ചു.ശശിയിൽ നിന്നും പകർന്ന് കിട്ടിയ മെഡിറ്റേഷൻ, മൂപ്പർ അവിടെയും തുടർന്നു കൊണ്ടിരുന്നു.

ഇന്നത്തെപ്പോലെ ഇന്റർനെറ്റും മൊബൈൽ ഫോണുമൊന്നും ഇല്ലാതിരുന്ന കാലം.

കൂടെ കൊണ്ടു പോയിരുന്ന പുസ്തകങ്ങൾ വായിച്ച് തീർന്ന

പ്പോൾ ബോറടി മാറ്റാൻ സകല മാന മനുഷ്യർക്കും കത്തെഴുതാൻ തുടങ്ങി.പെൻ ഫ്രെണ്ട് (pen friend)എന്ന ഒരു സംവിധാനം ചെറുപ്പക്കാരുടെ ഇടയിൽ പ്രചാരത്തിലുള്ള കാലമായതു കൊണ്ട് ജുനൈദും ഒരു കൈ നോക്കിക്കളയാമെന്ന് വെച്ചു.കഴിഞ്ഞ കാലമത്രയും കൂടെ കളിച്ച് വളരുകയും ,പഠിക്കുകയും ചെയ്തവർക്കെല്ലാം ഒന്നോ രണ്ടോ കത്തുകൾ. അതിലപ്പുറം അവർക്കൊക്കെ എന്ത് എഴുതാൻ.......?

ജീവിതത്തിൽ ഇന്നു വരെ കാണാത്തവരോട് എന്ത് ബഡായി

അജിത് ഒന്ന് വരാമോ..

ആകെ ഒരു പന്തികേട്.......

ഞാൻ താഴെ ഇറങ്ങി.

അതാ മുന്നിൽ ജുനൈദ്!

ഷർട്ടില്ല.ഒരു മുണ്ട് ചുറ്റിയിട്ടുണ്ട്അതും മുട്ടിനൊപ്പം.സഹോദരൻ പറഞ്ഞു ,നമുക്കൊരു തുണിക്കടയിൽ പോകാം..കുറച്ച് ഡ്രസ്സ് വാങ്ങണം.തൃശൂരിന്റെ സ്വന്തം തുണിക്കടയായ ഫാഷൻ ഫാബ്രിക്സിൽ കയറി.ഒരു ഷർട്ട് എടുത്ത് ജുനൈദിന് നേരെ നീട്ടി.........

'നിനക്കിഷ്ടമായോ....'

'എന്റെ ഇഷ്ടം എന്തിനാണ് നോക്കുന്നത്?'

**'എല്ലാം കണ്ട് ജുനൈദ് ചെറുപുഞ്ചിരിയോടെ കട്ടിലിൽ ചാരിയിരിക്കുന്നു. ഈ കുട്ടിക്ക് വല്ല കുഴപ്പവും ഉണ്ടോ ? ആദ്യമായി കാണുന്ന ഒരാളെ, അയാൾക്ക് മാനസിക രോഗമാണെന്നറിഞ്ഞിട്ടും കൂടെ ജീവിക്കാമെന്ന് സമ്മതിക്കുക..... എന്താണവരുടെ മനസ്സിൽ?"**

വേണേലും തട്ടിവിടാം......

കാഴ്ചയിലെ സൗന്ദര്യം അഭിരുചിക്കനുസരിച്ച് സങ്കല്പിച്ചെടുക്കുകയും ആവാം..

കത്തിലൂടെ തട്ടി വിടുന്ന ബഡായികൾക്ക് ഒരു ലിമിറ്റുമില്ല.

ബഡായികൾ അമേരിക്കയും യൂറോപ്പും മദ്രാസും ബാംഗ്ലൂരും ഒക്കെ കടന്ന് ഡെൽഹിയിൽ ഒരിടത്ത് ചെന്ന് നിന്നു,എന്നാണ് പിന്നീട് കിട്ടിയ ഇന്റലിജന്റ്സ് റിപ്പോർട്ട്...

ഒന്നോ രണ്ടോ വർഷം കഴിഞ്ഞ് ഒരുനാൾ ,ശശിയും ജുനൈദിന്റെ സഹോദരനും കൂടി യൂട്ടിലിറ്റി ബിൽഡിങ്ങിന്റെ 3-ാം നിലയിലെ കുടുസുമുറിയിലേക്ക് കടന്നുവന്നു. സഹോദരൻ, കമ്യൂണിസ്റ്റ്, യുക്തിവാദി, സർവ്വോപരി ബാങ്കുദ്യോഗസ്ഥൻ.ജുനൈദ് വന്നിട്ടുണ്ട്. എവിടെ ..?

താഴെയുണ്ട് , ഫ്രൂട്ട്സ് കടയിൽ ....

'നിനക്കാണിത്.. ...'

'എനിക്ക് വേണ്ട..'

അർധനഗ്നനായ ഫക്കീർ .........

(മഹാത്മജിയെയല്ല, മൂപ്പരെ ഉദ്ദേശിച്ചാണ് പറഞ്ഞതെന്ന് ആർക്കും തോന്നിപോകും)

ചെരിപ്പില്ല,ഷർട്ടില്ല.ഒരൊറ്റമുണ്ടു മാത്രമുടുത്ത് സ്വരാജ് റൗണ്ടിലെ ഫുട്പാത്തിലൂടെ ജുനൈദ് എങ്ങോട്ടെന്നില്ലാതെ നടന്ന് നീങ്ങി.ഞങ്ങൾ മൂന്ന് നാല് പേർ രണ്ടടി പുറകിലായി പിന്നാലെ....എല്ലാ കണ്ണുകളും മൂപ്പരിലേക്കും പുറകിലുള്ള ഞങ്ങളിലേക്കും... ചമ്മൽ പുറത്ത് കാണിക്കാതെ, ഇയാളെ അറിയുകയേ ഇല്ല എന്ന ഭാവത്തിൽ ഞങ്ങളും......'എന്താ പ്രശ്നം ?എന്തൊക്കെയാണ് സംഭവങ്ങൾ ?'

ജുനൈദിന്റെ സഹോദരനാണ് കാര്യങ്ങൾ വിശദീകരിച്ചത്.എല്ലാത്തിന്റെയും കാരണഭൂതൻ ശശി തന്നെയാണ്.ഇവനിതെന്തിന്റെ കേടാണ് ? അത്തരക്കാരനൊന്നും ആയിരുന്നില്ലല്ലോ ...ഞാനവനെ തുറിച്ച് നോക്കി....നമുക്ക് വേണ്ടപ്പെട്ടവർ അനീതി ചെയ്യുമ്പോൾ , ന്യായീകരണ ക്യാപ്സൂളുകളുമായി ഇറങ്ങുന്ന പരിപാടി അന്നില്ല.കഥ മുഴുവൻ കേട്ടിട്ടാവാം ശശിയെ പഞ്ഞിക്കിടൽ .

തേക്കിൻകാട് മൈതാനിയിൽ,തെക്കേ ഗോപുരനടയിൽ ഞങ്ങളിരുന്നു.സഹോദരൻ കഥ തുടർന്നു.സൗദി അറേബിയയിൽ എത്തിപ്പെട്ട ജൂനൈദ്.ഒരു പലചരക്ക് കടയിൽ കണക്കെഴുത്ത്കാരനായി ജോലിക്ക് കയറുന്നു.ആദ്യമാസം തന്നെ ഉമ്മക്ക് കത്തു കൂടാതെ പണവും.രണ്ടാം മാസവും അതാവർത്തിച്ചു.പിന്നെ കത്തില്ല പണമില്ല

പണമില്ലേലും,കത്തെങ്കിലും .........!ഉമ്മക്ക് സമാധാനമാകുമായിരുന്നു.

തിരുമിറ്റക്കോട്കാരൻ കൂടിയായ അഷറഫിൽ നിന്നും കിട്ടിയ വിവരം...

ഒഴിവുദിവസമായ ഒരു വെള്ളിയാഴ്ച പ്രവാചകനായ നബിതിരുമേനി തപസ്സ് ചെയ്തിരുന്നു എന്ന് വിശ്വസിക്കുന്ന ഹീരാ ഗുഹ കാണാനായി ജുനൈദ് ഇറങ്ങി. വിശ്വാസികൂടിയായ മൂപ്പർ അവിടെ അല്പസമയം നിന്നു. പിന്നീട് ഇരുന്നു. പതിയെ കണ്ണുകൾ അടച്ചു.

ശശിയിൽ നിന്നും പഠിച്ച മെഡിറ്റേഷൻ പാഠങ്ങൾ അവിടെയൊന്ന് പയറ്റി.

അധിക സമയമൊന്നും വേണ്ടിവന്നില്ല.വെളിപാടോടെ ധ്യാനത്തിൽ നിന്നുണർന്ന് ഉടയാടകൾ ഊരിയെറിഞ്ഞു.മുഴുവൻ ഊരിയെറിയാൻ കൂടെയുള്ളവർ സമ്മതിക്കാത്തത് കൊണ്ട് നാട്ടിലേക്കെത്താൻ സാധിച്ചു.

ജുനൈദിന് എന്താണ് സംഭവിച്ചത് ? ഇനിയെന്തു ചെയ്യണം ?'ഡോക്ടർ മോഹൻ ദാസിനെ



തന്നെ കാണിക്കാം‘. സന്തോഷ് ബാബു ...മോഹൻദാസ് ഡോക്ടറുമായി മൂപ്പർക്ക് മുൻ പരിചയം . കുറച്ച് കാലം മുൻപ് ബഷീറിനെ കാണിച്ച ബന്ധവുമുണ്ട്.....

കണ്ടാലും പെരുമാറ്റത്തിലും മനോരോഗിയാണെന്ന് തോന്നുന്ന മനോരോഗ വിദഗ്ദൻ ഞങ്ങൾ എന്തൊക്കെയോ അടവുകൾ പ്രയോഗിച്ച് ജുനൈദിനെ ഹൻദാസിലേക്കെത്തിച്ചു.

മണിക്കൂറുകളോളം അടച്ചിട്ട മുറിയിൽ ഡോക്ടറും ജുനൈദും തമ്മിൽ വാദപ്രതിവാദങ്ങൾ .അത് കഴിഞ്ഞു ഡോക്ടർ പുറത്ത് നിൽക്കുന്ന ഞങ്ങളെ അകത്തേക്ക് വിളിച്ചു.ഡോക്ടറും ജൂനൈദും ബാല്യകാല സുഹൃത്തുക്കളായിരുന്നു എന്ന് ആർക്കെങ്കിലും തോന്നിയില്ലെങ്കിലേ അതിശയിക്കാനുള്ളൂ...

ഡോക്ടർ ...‘അഡ്മിറ്റ് ചെയ്യാം.. നല്ല പോലെ റസ്റ്റ് വേണം. ‘

ജൂനൈദ് ഓക്കേ.സഹോദരൻ ഓക്കേ.ഞങ്ങൾ പിന്നെ എന്തിനും ഛരഗയാണല്ലാ...

ആരെയെങ്കിലും സഹായിക്കാൻ കിട്ടുന്ന അവസരങ്ങൾ ഒരിക്കലും പാഴാക്കാറുമില്ല.!

ജുനൈദിനെ അഡ്മിറ്റ് ചെയ്യുന്നു.ബൈ സ്റ്റാന്ററായി, നിറകണ്ണുകളൊടെ ജുനൈദിന്റെ ഉമ്മ.പത്ത് ദിവസത്തെ റസ്റ്റ് വേണം....

ആദ്യത്തെ ദിവസം തന്നെ ഡോക്ടർ ജുനൈദിൽ നിന്നും മനസ്സിലാക്കിയ കാര്യങ്ങൾ ഞങ്ങളോട് പറഞ്ഞു,കഥ ഇങ്ങിനെ.....mirror മാഗസിനിലെ pen pal പേജിൽ നിന്നും ലഭിച്ച അഡ്രസ്സുകളിൽ പലരുമായും കത്തിടപാടുകൾ നടത്തിയജൂനൈദ് ,അവസാനം കത്തിടപാടുകൾ പുരാന ദില്ലിയിലെ ഷഹീൻ ബാദ് പോസ്റ്റാഫീസ് പരിസരത്തുള്ള ഷാഹിദ പർവീൺ മുഷറഫ് എന്ന സുന്ദരിയോട് മാത്രമായി ചുരുങ്ങി.നേരിൽ കണ്ടിട്ടില്ലെങ്കിലും രണ്ടുപേരും പതിയെ പ്രണയത്തിലേക്ക് കടക്കാനും പ്രണയം പൂത്തുതളിർക്കാനും അധികകാലം വേണ്ടി വന്നില്ല. ജുനൈദിന് അവരോട് കടുത്ത പ്രണയം.അവരുടെ കാര്യം എങ്ങിനെയാണെന്ന് എനിക്കറിയില്ല.അവരെ കൊണ്ടുവരാൻ സാധിക്കുമോ?

ഒരു പരീക്ഷണം നടത്തി നോക്കാം.ഡോക്ടർ ഞങ്ങളോട് മാത്രമായി ചോദിച്ചു.

നോക്കാം..... സഹോദരനും ശശിയും നാട്ടിൽ പോയി ജുനൈദിന്റെ മുറി കീഴ്മേൽ മറിക്കുന്നു.ഷാഹിദ പർവിൺ ,ജുനൈദിന് അയച്ച കത്തുകൾ പരിശോധിക്കുന്നു.

മറ്റുള്ളവരുടെ കത്തുകൾ പരിശോധിക്കുന്നത് ശരിയല്ലെങ്കിലും ഒരു നല്ല കാര്യത്തിനായതുകൊണ്ട് വായിച്ചു.സംശയമില്ല.മൈനതന്നെ.

കത്തുകളിൽ നിന്നും അഡ്രസ്സ് തപ്പിയെടുക്കുന്നു.ഇംഗ്ലീഷ് സാഹിത്യത്തിലുള്ള ശശിയുടെ കഴിവ് മുഴുവനും പ്രയോഗ പ്പെടുത്തിക്കൊണ്ട് ആരെയും കരളലിയിപ്പിക്കുന്ന കത്തങ്ങ് കാച്ചിഷാഹിദയുടെ കരളലിഞ്ഞു.

സാം പിട്രോഡ യുടെ ഇടപെടലുകളുടെ പ്രയോജനം ടെലികോം മേഖലയ്ക്ക് ലഭിക്കാൻ തുടങ്ങിയിട്ടില്ലാത്തതിനാൽ കമ്പിയടിയായിരുന്നു പതിവ്.എന്ന് വെച്ചാൽ

ടെലിഗ്രാം...' starting from delhi.on 22nd march by nizamuddin express. pls receive at trichur station '

പർദ്ദയില്ല. തലയിൽ തട്ടമില്ല. പരിഷ്കാരികളുടെ വേഷഭൂഷാദികളും ഇല്ല,

ഒരു സാധാരണ ചുരിദാർ ധരിച്ച് യാതൊരു പകപ്പും പരിചയ ക്കുറവുമില്ലാതെ ഷാഹിദ പർവീൺ തൃശൂർ റെയിൽവെ സ്റ്റേഷനിൽ വണ്ടിയിറങ്ങി.നേരെ ഡോക്ടറുടെ അടുത്തേക്ക്.ഡോക്ടറുമായി ഒരു മണിക്കൂർ ചർച്ച

അതിനുശേഷം.....ഡോക്ടർ ...' ഇത് വേണോ? '

'കുഴപ്പമില്ല.''മൂപ്പരുടെ അസുഖം എന്താണെന്ന് മനസ്സിലായോ ?'

'മനസ്സിലായി.' 'എന്നിട്ടും?''പ്രശ്നമില്ല. ഞാൻ തീരുമാനിച്ച് ഉറപ്പിച്ചു കഴിഞ്ഞു '

ജുനൈദിന്റെ അടുത്തേയ്ക്ക് മലയാളമൊഴികെ വേറൊരു ഭാഷയും അറിയാത്ത ഉമ്മ മരുമകളെ കെട്ടിപ്പിടിക്കുന്നു, ഉമ്മ വയ്ക്കുന്നു. സന്തോഷാശ്രു പൊഴിക്കുന്നു.എന്തൊക്കെയോ ചോദിക്കുന്നു. മറുപടിക്ക് കാത്ത് നിൽക്കാതെ എന്തൊക്കെയോ പറയുന്നു. ഓറഞ്ച് പൊളിച്ച് അല്ലികൾ ഒന്നൊന്നായി മരുമകളുടെ വായിൽ വെച്ച് കൊടുക്കുന്നു.എല്ലാം കണ്ട് ജുനൈദ് ചെറു പുഞ്ചിരിയോടെ കട്ടിലിൽ ചാരിയിരിക്കുന്നു. ഈ കുട്ടിക്ക് വല്ല കുഴപ്പവും ഉണ്ടോ ?

ആദ്യമായി കാണുന്ന ഒരാളെ , അയാൾക്ക് മാനസിക രോഗമാണെന്നറിഞ്ഞിട്ടും

കൂടെ ജീവിക്കാമെന്ന് സമ്മതിക്കുക.....

എന്താണവരുടെ മനസ്സിൽ ! ഒന്നിനും ഉത്തരമില്ലാതെ രണ്ട് ദിവസം കൂടി...

മൂന്നാം നാൾ തൃശൂർ റെയിൽവേ സ്റ്റേഷനിൽ നിന്നും പോർട്ടർ സത്താറിന്റെ ഔദാര്യത്തിൽ , ഷാഹിദ പർവീൺ മുഷറഫ് എന്ന പേരിൽ ഹസ്റത് നിസമുദ്ദീനിലേക്ക് ഒരു ടിക്കറ്റ്.ജുനൈദ് പുതിയ ഷർട്ടും പാന്റ്സും ധരിച്ച് ഉമ്മയോടും സഹോദരനോടുമൊപ്പം വീട്ടിലേക്ക് .

നാലാം നാൾ തിരുമിറ്റക്കോട്ടേക്ക് ഒരു ടെലിഗ്രാം കൂടി."Reached safely "Shahida parveen

പിന്നീട് ഷാഹിദ പർവീൺ മുഷറഫിന്റെപേരിൽ ,ജുനൈദ് അയച്ച ഒരു കത്തിനും മറുപടി ഉണ്ടായില്ല..റജിസ്ട്രേഡ് ആയി Post ചെയ്ത ഒരു കത്ത് ആളില്ലാത്തതിനാൽ തിരിച്ച് വന്നു.

കരളലിയിക്കാൻ തക്ക കത്തുകളൊന്നും ശശിരൂപൻ പിന്നീട് എഴുതിയതുമില്ല.

**ശാന്തി നികേതനിലെന്നല്ല, 'ബംഗാൾ' എന്ന കെ. ജി എസിന്റെ കവിത പോലും കേൾക്കാത്ത രാജന്റെ ശില്പങ്ങളിൽ രാം കിങ്കർ ബെയ്ജിന്റെ സ്വാധീനം പ്രകടമായി കാണാം.contextual മോഡേണിസത്തിന്റെ കേരളീയ പ്രാതിനിധ്യം.**

## 2.
## കരിമ്പ് തിന്നുന്ന ആദിവാസി ബാലൻ

കയ്യിലാണെങ്കിൽൻ പത്തു പൈസയില്ല.

സ്ഥിരം ചെന്നിരിക്കാറുള്ള കൽക്കൂനയിൽ ശില്പി ഇരുന്നു... ശില്പിയുടെ വീടിന് മുന്നിലൂടെയാണ് ഇന്ത്യയുടെ നാനാഭാഗങ്ങളിലേക്കുമുള്ള തീവണ്ടികൾ കൂകിയും കൂകാതെയും പായുന്നത് .കൽക്കൂനയിൽ ഇരുന്ന് ബീഡി വലിക്കുന്ന ശില്പിയെ ഒരു നോക്കെങ്കിലും കാണാത്തവർ കുറവായിരിക്കും.മുന്നിലൂടെ കടന്നുപോകുന്ന തീവണ്ടികളുടെ ബോഗികൾ എണ്ണി ക്കൊണ്ട് ശില്പി വെയിൽ കായാനിരുന്നു.എന്തിനാണീ ബോഗികളുടെ എണ്ണമെടുക്കുന്നതെന്ന് ശില്പിക്ക്ഇന്നും അറിയില്ല.എങ്കിലും ശില്പി എന്നും ബോഗികൾ എണ്ണിക്കൊണ്ടേയിരുന്നു.

Trainspotting എന്ന സിനിമയെക്കുറിച്ചോ, ഹോബിയെക്കുറിച്ചൊ ശില്പി ഇതുവരെ കേട്ടിട്ടു പോലുമില്ല.പതിവുപോലെ ഇന്നും ശില്പി കൽക്കൂനയിൽത്തന്നെ...പണ്ടത്തെപ്പോലെയല്ല.ഓരോ മിനിറ്റിനും വണ്ടികളാണ്.റയിൽ പാത ഇരട്ടിപ്പിച്ചതിന് ശേഷം ചിലപ്പോൾ തെക്കോട്ടും വടക്കോട്ടുമുള്ള വണ്ടികൾ ഒന്നിച്ച് കടന്ന് പോകും.ആ സമയങ്ങളിൽ ഒരു ഭാഗത്തേക്കുള്ള വണ്ടിയുടെ ബോഗികൾ മാത്രമേ എണ്ണാൻ കഴിയൂ....എറണാകുളം ഭാഗത്തേക്ക് അല്പം മുൻപ് കടന്ന് പോയ ചരക്ക് വണ്ടിക്കെത്ര ബോഗികളുണ്ടായിരുന്നു എന്നത് എണ്ണാൻ കഴിഞ്ഞില്ല.

വെയിലിന് ചൂട് കൂടാൻ തുടങ്ങി.റെയിൽവേ ട്രാക്കിനപ്പുറത്താണ് ജോസിന്റെ വീട്.ലോകമറിയുന്ന നാടകക്കാരൻ.!ഒന്ന് കൈകൊട്ടി വിളിച്ചാൽ കേൾക്കാവുന്നതേയുള്ളൂ.കഴിഞ്ഞ ദിവസം ഷാപ്പിൽ ഇരുന്ന്ഒന്നും രണ്ടും പറഞ്ഞ് വഴക്കിട്ടതാണ്.ഒന്നിച്ചുള്ള കള്ളുകുടിയും ഇടക്ക് വഴക്കിടലും സാധരണയാണ്.എന്നാലും വിളിച്ചാൽ അവൻ വരും.ഇന്നലെത്തെ കുപ്പിയിൽ ബാക്കിവല്ലതും ഉണ്ടാകാനും സാധ്യതയുണ്ട്.'ടാ ജാസേ.....'എന്ന് ചുമ്മാ വിളിച്ചാൽ തീരുന്ന പ്രശ്ന മേയുള്ളൂ.'....വിളിച്ചില്ല. വിളിക്കണോ വേണ്ടയോ എന്ന് ചിന്തിച്ച് ശില്പി കൽകൂനയിൽ നിന്ന് താഴെയിറങ്ങി.അതാ..... മുന്നിൽ സുകുമാരേട്ടൻ....

'രാജാ.... പണിയൊന്നുമില്ലേ?'ആ ചോദ്യം ശില്പിയ്ക്ക് അത്രയങ്ങ് സുഖിച്ചില്ല.

'ഇല്ല എന്തേ? വല്ല പണി തരാനുള്ള ഉദ്ദേശവുണ്ടോ?'' തോട്ടിയല്ല രാജാ...

എനിക്കൊരു ശില്പം ഉണ്ടാക്കിത്തരണം'കൃഷ്ണഭക്തനായ സുകുമാരേട്ടന്, 'ഓടക്കുഴൽ വിളിച്ച്നില്ക്കുന്ന' ശ്രീകൃഷ്ണനെവേണം.''പൂജാമുറിയിൽ വെയ്ക്കാനാണ്''.''പ്ലാവിൻ തടിയിൽ വേണം രണ്ടര അടി പൊക്കത്തിലുള്ളത്.'പ്ലാവിൻ തടി ഞാൻ തരാം...അഡ്വാൻസ് തരാൻ ഇപ്പൊ എന്റെ കയ്യിലില്ല.'അഡ്വാൻസ് ഇല്ലെങ്കിലും സുകുമാരേട്ടന്റെ കയ്യിൽ മറ്റൊന്നുണ്ടായിരുന്നു.


'രാജാ നീ ഇരിക്ക്...'

അവർ വീണ്ടും കരിങ്കൽ കൂനയിൽ ഇരുന്നു...

സുകുമാരേട്ടൻ മടിക്കുത്തിൽ നിന്ന് ഒരു കൊച്ചു പൊതി പുറത്തെടുത്ത് തുറന്നു.ശില്പി അതെടുത്തൊന്ന് മണത്തു.' അസ്സൽ നീല ചടയൻ ,ഒരെണ്ണം ഇടപ്ലേ.... സുകുമാരേട്ടാ....'ബാക്കിയുണ്ടായിരുന്ന രണ്ട് മഞ്ഞ കാജയിലൊന്നിൽ സുകുമാരേട്ടനും മറ്റൊന്നിൽ ശില്പിയും .'ഇട്ടു.'ആദ്യ പുകയിൽ ഒന്നും സംഭവിച്ചില്ല.രണ്ടാമത്തേതിലും മൂന്നാമത്തേതിലും സംഭവം ഇരമ്പി.സുമാരേട്ടൻ ശില്പിയെയും ശില്പി സുകുമാരനേയും കെട്ടിപ്പിടിച്ചു , ഉമ്മവെച്ചു.

വട്ടപ്പിന്നി പ്രദേശത്തെ ആർട്ട്സ്&സ്പോർട്ട്സ് ക്ലബ്ബിലെ ചെറുപ്പക്കാർ മുന്നിൽ വന്നപ്പോഴാണ് ശില്പി അക്കാര്യം ഓർത്തത്.' രാജേട്ടാ.......നേരായീ......കാണാണ്ടായപ്പൊ .....മറന്ന് ട്ട്ണ്ടാവുംന്ന് തോന്നി......

വേഗം ഷർട്ടെടുത്തിട്.പുവ്വാം,വണ്ടി കൊണ്ടന്ന്ട്ട്ണ്ട് 'ആട്സ്&സ്പോട്സ് ക്ലബ്ബിന്റെ ഓണാഘോഷപരിപാടിയിൽ ക്ലേമോഡലിങ്ങി ന്റെ ജഡ്ജിയാകാനാണ്




ചെറുപ്പക്കാർ ശില്പിയെ ക്ഷണിച്ചിരുന്നത്. 'ജഡ്ജിയാകാനൊന്നും ഞാനില്ല. അതിന് വേണേൽ നിങ്ങളാ സുരേഷ് വക്കീലിനെ വിളിച്ചോ...ഞാൻ പങ്കെടുക്കാം. അപ്പൊ പിന്നെ സമ്മാനം കിട്ടുമല്ലോ ഓണക്കാലമായിട്ട് വട്ടച്ചിലവിന് ഒന്നുമില്ലതെയുള്ള ഇരുപ്പ് തുടങ്ങിയിട്ട് അഞ്ചാറ് നാളായി.'ശില്പി ഷർട്ടെടുത്തിട്ട് പിള്ളാരുടെ ബൈക്കിന് പുറകിൽ കയറി.മത്സരം കഴിഞ്ഞ് സമ്മാനം വല്ലതും കിട്ടിയാൽ അതായി....

എന്നിട്ട് വേണം സുകുമാരേട്ടന്റെ ഓടക്കുഴൽ ഊതുന്ന കൃഷ്ണനെ കൊത്തിയെടുക്കാൻ.. ബൈക്കിന് പുറകിലിരുന്ന് ഓടക്കുഴലിനെക്കുറിച്ചും കൃഷ്ണനെക്കുറിച്ചും ചിന്തിച്ചു കൊണ്ട് വട്ടപ്പിന്നി മൈതാനത്തെത്തി.ഉള്ളിൽ മറ്റവനുള്ളതു കൊണ്ട് ചിന്ത കൃഷ്ണന്റെ പല രൂപങ്ങളിലും ഭാവങ്ങളിലും തത്തിക്കളിച്ചു.

'നീലച്ചടയന്റെ ഒരു മിടുക്ക് '

contextual മോഡേണിസത്തിന്റെ ഉപജ്ഞാതാവായരാം കിങ്കർ ബെയ്ജ്(Ramkinkar Baij )ആരാണെന്നോ contextual modernism തന്നെ എന്താണെന്നോ രാജന് കേട്ട് കേൾവി പോലുമില്ല.ശാന്തി നികേതനിലെന്നല്ല, ' ബംഗാൾ' എന്ന കെ.ജി എസിന്റെ കവിത പോലും കേൾക്കാത്ത രാജന്റെ ശില്പങ്ങളിൽ രാം കിങ്കർ ബെയ്ജിന്റെ സ്വാധീനം പ്രകടമായി കാണാം.contextual മോഡേണിസത്തിന്റെ കേരളീയ പ്രാതിനിധ്യം.

മത്സരത്തിൽ പങ്കെടുക്കാൻ ആകെ ആറ് പേർ.രാജനെ കൂടാതെ 5 സ്കൂൾ കുട്ടികൾ.ഷർട്ട് ഊരി ആണിയിൽ തൂക്കി.സുമാരേട്ടനെയും ഓടക്കുഴൽ വിളിക്കുന്ന കൃഷ്ണനെയും ,പണി കഴിഞ്ഞാൽ തടയുന്ന ചില്ലറയെയും ഓർത്തു




കൊണ്ട് പരദൈവങ്ങളെ ധ്യാനിച്ച്,കമ്മറ്റിക്കാർ കൊടുത്ത കളിമൺ കട്ടയുടെ മുന്നിൽ ശിൽപി ഇരുന്നു.

അരമണിക്കൂറിനുള്ളിൽ ശില്പം റഡി.ശില്പത്തിന് പേരിടാൻ രാജൻ മറന്ന് പോയി.ജഡ്ജിക്ക് ശില്പത്തിന് പേരിട്ടേപറ്റൂ...പേര് തീരുമാനിക്കാനുള്ള അവകാശം ജഡ്ജിക്കും. കമ്മറ്റിക്കാർക്കുംവിട്ടുകൊടുത്ത് , .'സമ്മാനം എനിക്കാണെങ്കിൽ വീട്ടിലേയ്ക്ക് കൊടുത്തുവിട്ടാൽ മതി.. പൈസയായിട്ടായാൽ നന്നായി 'രാജൻ സ്ഥലംവിട്ടു..

ശില്പകലയെക്കുറിച്ചോ ചിത്രകലയെക്കുറിച്ചോ ചുക്കുംചുണ്ണാമ്പുമറിയാത്ത കമ്മിറ്റിക്കാരും സുരേഷ് വക്കീലും ചേർന്ന് ഫലം പ്രഖ്യാപിച്ചു.പിന്നീടുണ്ടായ മൈക്ക് അനൗൺസ്മെന്റ് ശില്പി രാജൻ മാത്രം കേട്ടില്ല.' ക്ലേ മോഡലിങ്ങിൽ ഒന്നാം സമ്മാനം ഹെർബർട്ട് നഗർ സ്വദേശിയായ പി.എസ് .രാജന്റെ 'കരിമ്പ് തിന്നുന്ന ആദിവാസി ബാലൻ'എന്ന ശില്പത്തിന്

## 3

## അൻസാരി ഉണ്ടേ, സല്ക്കരിക്കാൻ...

ഇന്ന് സ്ഥിരം സംഘാംഗങ്ങൾ ആരും തന്നെയില്ല.യൂട്ടിലിറ്റി ബിൽഡിങ്ങിൽ നിന്നും ഞങ്ങൾ ഇറങ്ങി. കൂടെയുള്ളത് ആർട്ടിസ്റ്റ് സ്റ്റാൻലി .നല്ലവിശപ്പുണ്ട് എന്തെങ്കിലും കഴിച്ചാലോ?കഴിക്കാം.....കോഫീ ഹൗസ് അടക്കാൻ വഴിയില്ല.നേരം വെളുക്കുവോളം തുറന്നിരിക്കുന്ന തട്ടുകടകൾ നഗരത്തിൽ പലയിടത്തുമുണ്ട്.തട്ടുകട മതി.ഞങ്ങൾ ആശുപത്രി മൂലയിലേക്ക് നടന്നു.അതാ... അൻസാരി .

അവൻ ഞങ്ങളെ കണ്ടതും ഓടിവന്ന് കെട്ടിപ്പിടിച്ചു.കുറേ കാലമായി അവനെ കണ്ടിട്ട്.

അൻസാരി :ചെറുപ്പത്തിലേ നാട് വിട്ട് എങ്ങിനെയോ തൃശ്ശൂരിൽ എത്തിപ്പെട്ടവനാണ് .

ഇടുക്കി ജില്ലയിലെ ഏതോ ഗ്രാമത്തിലായിരുന്നു വീടെന്ന് പണ്ടെങ്ങോ പറഞ്ഞ് കേട്ടിട്ടുണ്ട്.ബസ്സിലും തീവണ്ടിയിലുമായി പലയിടത്തും ചുറ്റിത്തിരിഞ്ഞ് ഒരു ഞായറാഴ്ച അൻസാരി തൃശൂരിൽ വണ്ടിയിറങ്ങി.ചിത്ര രചനയിൽ ചെറുപ്പത്തിലേ താല്പര്യമുള്ള അൻസാരി,നഗരത്തിലെ ജ്വല്ലറികളുടെ ഷട്ടറുകളിൽ സിനിമാ നടിമാരുടെ സുന്ദര മുഖങ്ങൾ വരച്ചു കൊണ്ടിരുന്ന ദാസനെയും ദാസന്റെ വരയും നോക്കിനിന്നു .പിന്നെ ഇരുന്നു.ദാസന്റെ സഹായിയായി.

വൈകീട്ട് ബാക്കിവന്ന പെയ്ന്റ് ടിന്നുകളും മറ്റ് പണിയായുധങ്ങളും സഞ്ചിയിലാക്കി, അൻസാരിയുടെ കയ്യിൽ ഏല്പിച്ച്ദാസൻ പാരഗൺ ബാറിലേക്കും അൻസാരി ബാറിന് പുറത്തും.ഏകനായ ദാസന്റെ കോലോത്തും പാടത്തുള്ള വീട്ടിലും മാറിമാറിക്കൊണ്ടിരുന്ന പണിസ്ഥലങ്ങളിലും അൻസാരി ദാസന്റെ നിഴലായി.

വർഷങ്ങൾ കടന്ന് പോയി.ഇനാമൽ പെയ്ന്റിൽ ചിത്രം വര അത്ര എളുപ്പമല്ല പ്രത്യേകിച്ച് ഷട്ടറുകളുടെ മടക്കുകളിലൂടെ .....ചിത്ര രചനയിൽ തല്പരനായ അൻസാരി തെരഞ്ഞെടുപ്പു കാലങ്ങളിൽ, മതിലുകളിൽ നേതാക്കന്മാരുടെ ചിത്രങ്ങൾ വരക്കാൻ തുടങ്ങി.ഷട്ടറിന് പുറത്തുള്ള വര ഇപ്പോഴും ദാസൻ തന്നെ.

യൂട്ടിലിറ്റി ബിൽഡിങ്ങിലെ താഴത്തെ നിലയിലാണ് കണ്ണൻ ദേവൻ തേയിലയുടെ മൊത്ത കച്ചവടം. മുതലാളിയും തൊഴിലാളി നേതാവുമായ റപ്പായ് ചേട്ടൻ ഒന്ന് ഇരുന്ന് ചിന്തിച്ചു.സ്വർണ്ണക്കടകളുടെ ഷട്ടറിൽ സിനിമാ നടിയുടെ പടം വരച്ചു വെയ്ക്കുന്നുണ്ട് ആയിക്കോട്ടേ.....അതവരുടെ ഇഷ്ടം.ചായപ്പൊടിക്കടയുടെ ഷട്ടറിൽ തേയില നുള്ളുന്ന തോട്ടം തൊഴിലാളിയുടെ ചിത്രമായാലോ..?റപ്പായ് ചേട്ടൻസ്വയം ചോദിച്ച് തീരുമാനിച്ചു.ദിനവും വൈകിട്ട് യൂട്ടിലിറ്റിയുടെ മൂന്നാം നിലയിലെ സ്ഥിരം സാന്നിധ്യമായ ദാസന്റെ വരവ് നോക്കി റപ്പായ് ചേട്ടനിരുന്നു.'ദാസാ...ഒന്ന് ഇങ്ങ് വന്നേ...'ദാസൻ ചെന്നു.കൂടെ അൻസാരിയും.നിഴലിന് കൂടെ പോകാതിരിക്കാൻ കഴിയില്ലല്ലോ...റപ്പായ് ചേട്ടൻ വിഷയം അവതരിപ്പിച്ചു. പണം വിഷയമല്ല.

വരയ്ക്കാൻ ധാരണയായി.ദാസന് പടം വേണം.'എർപ്പായേട്ടാ....ഒരു പടം വേണല്ലോ'

'ന്തൂട്ട്പടം?''കൊളുന്ത് നുള്ളണ പെണ്ണിന്റെ പടം'

'ഫോട്ടോ വല്ലതും കിട്ടുമോന്ന് നോക്കട്ടെ.......'

അൻസാരി ഇടയ്ക്കയറി.' വേണ്ട ഞാൻ വരച്ചോളാം....'

തോട്ടം തൊഴിലാളിയുടെ മകനായ അൻസാരിക്ക് ഫോട്ടോയുടെ ആവശ്യമെന്ത്. അൻസാരി പണി തുടങ്ങി.ഒരാഴ്ചക്കകം വരച്ച് തീർത്തു. നിറകണ്ണുകളോടെയാണവൻ പൂർത്തിയാക്കിയ ചിത്രത്തിലേയ്ക്ക് നോക്കിനിന്നത്.

കണ്ണൻ ദേവന്റെ മാനേജർമാർ റപ്പായ് ചേട്ടന്റെ കടയിൽ മാസത്തിലൊരിക്കൽ ഇൻസ്പെക്ഷന് വരാറുണ്ട്.ഇത്തവണത്തെ വരവിൽ ഒരു പ്രകാപനവുമില്ലാതെ അവരെ കടയുടെ പുറത്തേക് തള്ളി റപ്പായ് ചേട്ടൻ കടയുടെ ഷട്ടർ താഴ്ത്തി.

റപ്പായ് ചേട്ടന്റ പെട്ടെന്നുള്ള പ്രവർത്തിയിൽ കണ്ണൻ ദേവന്മാർ പകച്ചു പോയി. പകപ്പും നീരസവും അവർ പുറത്ത് കാണിച്ചില്ല.അടഞ്ഞ ഷട്ടറിലയ്ക്ക് റപ്പായ് ചേട്ടൻ വിരൽ ചൂണ്ടിയതോടെ നീരസം ആശ്ചര്യത്തിലേക്ക് കടന്നു. കണ്ണൻ ദേവന്മാർ ഷട്ടറിന്റെ പടമെടുത്തു.അൻസാരിയെ ദാസൻ സ്വതന്ത്രനാക്കി...

അൻസാരിക്ക് അനുയായികളായി.അൻസാരിയും അനുയായികളും കേരളത്തിലും പുറത്തും നിറഞ്ഞാടി. അൻസാരി തൃശ്ശൂരിൽ സ്ഥലം വാങ്ങി വീട് വെച്ചു.മാസത്തിലൊരിക്കലെങ്കിലും മൂപ്പർ തൃശൂരിലെത്തും. ഇത്തവണ തൃശൂരിലെത്തിയത് ഇന്നാണ്.അൻസാരി ഞങ്ങളെ ഭക്ഷണം കഴിക്കാൻ ക്ഷണിച്ചു.

' അജിത്തേട്ടാ... സ്റ്റാൻലിയേട്ടാ...വരൂ.... നമുക്കെന്തെങ്കിലും കഴിക്കാം. കോഫീ ഹൗസ് അടച്ചിട്ടില്ല അങ്ങോട്ട് പോകാം.'വിശന്ന് പൊരിഞ്ഞ് എന്തെങ്കിലും കഴിക്കാനായി തട്ടുകടയിലേക്ക്
പോകുന്ന ഞങ്ങളെ നിർബന്ധിക്കുന്ന അൻസാരിയോട് സ്റ്റാൻലി.....'വേണ്ടടാ.... ഞങ്ങൾ കോഫി ഹൗസിൽ നിന്ന് ഭക്ഷണം കഴിച്ച് ഇറങ്ങിയതേയുള്ളൂ.....' നാളെയാകാം എന്ന ഉറപ്പിൽ അൻസാരി നിരാശയോടെ ഞങ്ങളെ യാത്രയാക്കി.

'എന്ത് പണിയാ സ്റ്റാൻലീ...നിങ്ങളീ ചെയ്തത്... അവന്റെ കൂടെ പോയാൽ എന്താണ്പ്രശ്നം?നമ്മൾക്കിനി ഈ പരിസരത്ത് നിന്ന് കഴിക്കാൻ കഴിയുമോ.....എന്തിനാണവനെ ഒഴിവാക്കിയത് ? '

അൻസാരി വിളിച്ചിട്ട് പോകാതിരുന്നതിന്റെ കാരണങ്ങൾ സ്റ്റാൻലി വിശദീകരിച്ചു.'ഒന്നാമതായി അവൻ നമ്മളെക്കൊണ്ട് ബില്ല് കൊടുക്കാൻ സമ്മതിക്കില്ല.

**തൃശൂരിൽ രാത്രികാലങ്ങളിൽ വന്നിറങ്ങുമ്പോഴൊക്കെ ഞാൻ അൻസാരിയെ തിരയാറുണ്ട്. ഇതുവരെ കണ്ട് കിട്ടിയിട്ടില്ല. ഉണ്ടെങ്കിൽ ഇന്ത്യൻ കോഫീസിൽ ഒന്ന് കയറാമായിരുന്നു.**

പോട്ടേന്ന് വെയ്കാം......അടുത്താണ് കഷ്ടം.അവൻ ഇന്ന് രാത്രി പന്ത്രണ്ട് മണി വരെ ഇവിടെ ചുറ്റിപ്പറ്റി നിൽക്കും.വരുന്നവരും പോകുന്നവരുമായ നമ്മുടെ പരിചയക്കാരെ മുഴുവൻ തടഞ്ഞ് നിർത്തി പറയും...'

'എന്ത് പറയും?' 'കണ്ടവരോടൊക്കെ അവൻ ചോദിക്കും.

അജിത്തേട്ടനെ കാണാറുണ്ടോ?സ്റ്റാൻലി ചേട്ടനെ കാണാറുണ്ടോ?'കണ്ടിട്ട് കുറച്ച് കാലമായെന്നോ ഇല്ലെന്നോ അവർ പറയും.അടുത്തതാണ് അൻസാരിയുടെ സ്റ്റൈലൻ ഡയലോഗ്.

'എന്താലേ...... പണിയൊന്നുമില്ലാതായാൽ ആളുകളുടെ കാര്യം വലിയ കഷ്ടം തന്നെയാണ്.ഞാനിപ്പോൾ തന്നെ കണ്ടതേയുള്ളൂ.... കോഫീ ഹൗസിൽ നിന്ന് ഓരോ മസാല ദോശയും കാപ്പിയും അതിന് ശേഷം വിൽസ് സിഗരറ്റും വാങ്ങി കൊടുത്ത് ഇപ്പോൾ വിട്ടതേയുള്ളൂ....' തൃശൂരിൽ രാത്രികാലങ്ങളിൽ വന്നിറങ്ങുമ്പോഴൊക്കെ ഞാൻ അൻസാരിയെ തിരയാറുണ്ട്.ഇതുവരെ കണ്ട് കിട്ടിയിട്ടില്ല.

ഉണ്ടെങ്കിൽ ഇന്ത്യൻ കോഫീസിൽ ഒന്ന് കയറാമായിരുന്നു. അൻസാരി ഹാപ്പിയാകട്ടെ

Muthoot Finance USA Inc.



You Only NEED
A GOLD LOAN
To Make Your Dreams
A REALITY!



Just avail a gold loan from Muthoot Finance and experience a host of incredible benefits.

**Maximum Loan Value**
Get the best loan value for your gold

**Quick Loan Approval**
Fast processing to get you your funds immediately

**Easy Documentation**
Hassle-free paperwork for a seamless loan experience

Trust the gold loan experts and secure your future today.

Visit our branches at:

**New York Branch**
1620, Hillside Ave,
New Hyde Park, New York - 11040
+1 (516) 352 7900

**New Jersey Branch**
1407, Oak Tree Road,
Iselin, New Jersey - 08830
+1 (732) 305 8200

Live Chat: +91 8078014111

Muthoot Family - 800 years of Business Legacy

ചെറുകഥ



# അണ്ടർപാത്ത്

ബാബു ഇരുമല

വര : മറിയം ജാസ്മിൻ

## ഒന്ന്
## ഒറ്റബുദ്ധി

വീട്ടുമുറ്റത്ത് ടാർപ്പ വലിച്ചുകെട്ടിയ പന്തലിൽ 16 അടിയന്തിരത്തിന്റെ ചടങ്ങുകൾ ഉച്ചക്ക് 12 മണിയോടെ കഴിഞ്ഞു. ദക്ഷിണ നൽകി കർമിയെ യാത്രയാക്കി. വീടിനു മുന്നിലെ ചെറു റോഡിലൂടെ നീങ്ങിയ അദ്ദേഹത്തെ കാറിൽ കൊണ്ടുവിടുവാൻ അരുണിനെ ഏർപ്പാടാക്കി.

ഇനി ഭക്ഷണത്തിന്റെ സമയമാണ്. മുറ്റത്തിന്റെ ഓരത്ത് അടുക്കിയിട്ടിരുന്ന ഇരുമ്പു ഡസ്കുകളും, അതിന്റെ പിന്നിലായി അട്ടിവച്ചിരുന്ന പ്ലാസ്റ്റിക്ക് കസേരകളും നിരത്തിച്ചു. തൃക്കാരിയൂരിലെ വിജയ കേറ്ററിങ്ങ്സിൽ നിന്നും ഏർപ്പാടാക്കിയ ചോറും, കറികളും, ഇലയും, കപ്പും നേരത്തെതന്നെ റെഡിയാണ്. വിളമ്പിയാൽ മതി. അടുത്ത ബന്ധുക്കളും തൊട്ടയൽക്കാരും അല്ലെ ഒള്ളു. അതിൽതന്നെ എത്ര പേര് കഴിക്കാതെ പോകുമെന്ന് അറിയില്ല.

അപ്പോഴാണ് അകത്തുനിന്ന് ഉച്ചത്തിലുള്ള ശകാരവും, ആർദ്രയുടെ കരച്ചിലും കേട്ടത്. ഓമന അമ്മായിയാണ്. ഈ അമ്മായിക്കിത് എന്തിന്റെ കുഴപ്പമാണ്. ഇതിപ്പോൾ രണ്ടാം പ്രാവശ്യമാണ് വന്നിട്ട് മൂന്നാഴ്ച്ച തികയാത്ത എന്റെ പെണ്ണിനെ ശപിക്കുന്നത്. മുറിയിലേക്ക് ചെല്ലുമ്പോൾ അമ്മായിയെ കൂടാതെ ആർദ്രയും, എന്റെ രണ്ട് പെങ്ങന്മാരും, രണ്ടുമൂന്ന് ബന്ധുക്കളായ അമ്മായിമാരും അവിടെയുണ്ട്.

'അതേടി നിന്റെ കാലവരവാടി എന്റെ ആങ്ങള മരിക്കാൻ കാരണം. നിന്നെയെന്റെ കൺമുന്നില് കണ്ടേക്കരുത്'.

അമ്മയെ അവിടെയെങ്ങും കണ്ടില്ല. ഞാൻ ആർദ്രയുടെ മുഖത്തേക്കൊന്നു നോക്കി. അവളുടെ അച്ഛൻ പുറത്തേക്ക് എങ്ങോ മാറിയതുകൊണ്ട് ഇതൊന്നും കേൾക്കുവാൻ ഇടയായിട്ടില്ല. ഭ്രാന്ത് പിടിക്കുന്നതു പോലെ തോന്നി. തൊഴുത്തിനോട് ചേർന്നുള്ള തണ്ടികയുടെ വാതിൽ മെല്ലെ തുറന്ന് വാക്കത്തിയും, മൺവെട്ടിയും, പ്ലാസ്റ്റിക്ക് കുട്ടയുമെടുത്ത് വീടിന്റെ പിന്നാമ്പുറത്തെ പുല്ലും വട്ടമരങ്ങളും നിറഞ്ഞ പറമ്പിലൂടെ ആരും കാണാതെ മെയിൻ റോഡിലേക്കു നടന്നു.

നട്ടുച്ചനേരം ആയതിനാൽ സൂര്യൻ തീഷ്ണതയോടെ കത്തിനിൽക്കുകയാണ്. വെയിലിനെക്കുറിച്ചൊന്നും ചിന്തിക്കാവുന്ന സമയമായിരുന്നില്ല. അതുകൊണ്ട്, പുല്ലുകൾ ഇല്ലാത്തവഴിയോ, തണലുപററിയോ ആയിരുന്നില്ല നടത്തം. ആ നടത്തത്തിനിടയിൽ സന്തോഷം ലഭിച്ച, സങ്കടങ്ങൾ പിന്തുടർന്ന കഴിഞ്ഞ 18 ദിനരാത്രങ്ങൾ മനസിലൂടെ കടന്നു പോയി.

രണ്ടാഴ്ച്ച മുമ്പായിരുന്നു എന്റേയും ആർദ്രയുടേയും കല്യാണം. കെട്ട് ചോറ്റാനിക്കര അമ്പലത്തിൽ വച്ചായിരുന്നു. സദ്യ തിരുവാങ്കുളത്തെ ആർദ്രയുടെ വീട്ടിലും. അന്ന് വൈകിട്ടായിരുന്നു എന്റെ വീട്ടിലെ ടീ പാർട്ടി. ഏകദേശം 250 പേർ പങ്കെടുത്ത ചെറിയൊരു റിസപ്ഷൻ.

വീടിന്റെ തൊട്ടു താഴെ മെയിൻ റോഡരികിൽ വെറുതെ കിടക്കുന്ന 15 സെന്റ് വരുന്ന വേറൊരാളുടെ പ്ളോട്ടിൽ ട്രാക്റ്ററുകൊണ്ട് കാടൊക്കെ കളഞ്ഞ് മണ്ണൊതുക്കിയിട്ട താൽക്കാലിക പന്തലായിരുന്നു. പടുതയിട്ട്, നിലമാകെ ചുവന്ന പരവതാനി വിരിച്ച് വശങ്ങൾ വിതാനിച്ച, ദീപങ്ങളാൽ അലങ്കരിച്ച ചെറിയൊരു മഴചോരാപന്തൽ. ലൈവായി ദോശ ഐറ്റംസും ചായയും പിന്നെ ഐസ്ക്രീമും ഉൾപ്പെട്ട ഭക്ഷണം.

എന്നും വൈകിട്ട് വെയിലൊതുങ്ങി അഞ്ചരയായാൽ അച്ഛന് ഇരുമലപ്പടി കവലയിലേക്ക് ഒരു പോക്കുണ്ട്. കാവിയിലും കറുപ്പിലും ഉള്ള ഒററക്കളർ കൈലിമുണ്ടും മടക്കിവച്ച ഫുൾ കൈയ്യൻ ഷർട്ടും ആയിരുന്നു അച്ഛന്റെ സാദാവേഷം. മുണ്ട് മടക്കിക്കുത്താത്തതിനാൽ പാതയോരങ്ങളിലേക്ക് വാഹനങ്ങളിൽ നിന്ന് വലിച്ചെറിയപ്പെട്ട എല്ലാ മാലിന്യങ്ങളിലും തൊട്ടും തലോടിയുമാകും നടത്തം.

ബാലേട്ടന്റെ ചായക്കടയിൽ നിന്ന് ഒരു ചായയും കടിയും. സുബൈറിക്കയുടെ പലചരക്കു കടയിൽ നിന്ന് ഒരു കെട്ട് ബീഡി. അതിൽ ഒരെണ്ണം എടുത്ത് മാറി നിന്ന് വലിക്കും. ബാക്കി ബീഡി ഷർട്ടിന്റെ കൈമടക്കിലേക്ക് വച്ച് മടക്ക് അൽപ്പം മേലോട്ട് ചുരുട്ടും. അമ്മ പറയുന്ന വീട്ടു സാമാനങ്ങൾ വാങ്ങി കടം പറയാതെ പോക്കറ്റിൽ നിന്ന് രൂപ എണ്ണിക്കൊടുക്കും. സർവീസ് പെൻഷൻ കിട്ടുന്നതിനാൽ എവിടെയും കടം പറച്ചിലൊന്നും ഇല്ലായിരുന്നു.

സാധനങ്ങൾ കൂടുതലുണ്ടായാലും ഓട്ടോയൊന്നും അച്ഛൻ വിളിക്കുകയില്ല. തിരിച്ചും നടക്കും. ഒരു കിലോമീറ്ററിൽ താഴെയല്ലെ ഉള്ളു. സാധാരണ ആറര മണിയോടെ തിരികെ വീട്ടിലെത്തും. കല്യാണം കഴിഞ്ഞതിന്റെ പിറേറന്ന് വൈകുന്നേരവും അങ്ങനെ പോയതാണ്. പക്ഷെ, തിരിച്ച് വീട്ടിലേക്ക് എത്തിയില്ല.

എന്റെ വീടിന്റെ ഉൾപ്പെടെയുള്ള ചെറുറോഡിലേക്ക് കയറുവാൻ തുടങ്ങുന്നതിന്റെ എതിർവശത്തുള്ള ഉന്തുവണ്ടിക്കടയ്ക്ക് സമീപം നിൽക്കുകയായിരുന്ന സുകുമാരൻ ചേട്ടൻ എന്തോ കാര്യം പറയുവാൻ അച്ഛനെ കൈകൊട്ടി വിളിച്ചതാണ്. വർത്തമാനം പറഞ്ഞ് തിരികെ റോഡ് മുറിച്ചു കടക്കുമ്പോൾ ഇരുട്ടു പരന്നിരുന്നു. ലൈറ്റിടാതെ വന്ന ഒരു കാറായിരുന്നു. ലൈസൻസില്ലാത്ത പൂവത്തൂരുകാരൻ ചെറുപ്പക്കാരൻ ആയിരുന്നുവത്രെ കാർ ഓടിച്ചിരുന്നത്.

ഒരു മെച്ചം കിട്ടിയത് വൈകാതെ അച്ഛനെ മെഡിക്കൽ സിറ്റി ആശുപത്രിയിൽ എത്തിക്കുവാൻ സാധിച്ചു എന്നുള്ളതാണ്. ഞാൻ വീട്ടിൽ ഇല്ലായിരുന്നു. വൈകാതെ വിളിവന്നതിനാൽ ഞങ്ങൾ വീട്ടുകാരും ആബുലൻസിനു പിന്നാലെ ആശുപത്രിയിൽ എത്തി. അച്ഛന് മെഡിസെപ്പ് കാർഡുണ്ടായതിനാൽ രൂപയൊന്നും തുടക്കത്തിൽ അടക്കേണ്ടി വന്നില്ല. തുക കൂടിക്കൂടി വന്നപ്പോൾ ആർദ്രയുടെ അച്ഛൻ പണമടച്ചു. അവളുടെ അച്ഛന്റെ കൈയ്യിലുള്ളത് എല്ലാം തീർന്നപ്പോൾ എന്റെ അച്ഛൻ കണ്ണടച്ചു.

വീടിന്റെ തെക്കേ മതിലിനോട് ചേർ

**അപ്പോഴാണ് അകത്തുനിന്ന് ഉച്ചത്തിലുള്ള ശകാരവും, ആർദ്രയുടെ കരച്ചിലും കേട്ടത്. ഓമന അമ്മായിയാണ്. ഈ അമ്മായിക്കിത് എന്തിന്റെ കുഴപ്പമാണ്. ഇതിപ്പോൾ രണ്ടാം പ്രാവശ്യമാണ് വന്നിട്ട് മൂന്നാഴ്ച്ച തികയാത്ത എന്റെ പെണ്ണിനെ ശപിക്കുന്നത്. മുറിയിലേക്ക് ചെല്ലുമ്പോൾ അമ്മായിയെ കൂടാതെ ആർദ്രയും, എന്റെ രണ്ട് പെങ്ങന്മാരും, രണ്ടുമൂന്ന് ബന്ധുക്കളായ അമ്മായിമാരും അവിടെയുണ്ട്. 'അതേടി നിന്റെ കാലവരവാടി എന്റെ ആങ്ങള മരിക്കാൻ കാരണം. നിന്നെയെന്റെ കൺമുന്നില് കണ്ടേക്കരുത്'.**

**എന്റെ വീടിന്റെ ഉൾപ്പെടെയുള്ള ചെറുറോഡിലേക്ക് കയറുവാൻ തുടങ്ങുന്നതിന്റെ എതിർവശത്തുള്ള ഉന്തുവണ്ടിക്കടയ്ക്ക് സമീപം നിൽക്കുകയായിരുന്ന സുകുമാരൻ ചേട്ടൻ എന്തോ കാര്യം പറയുവാൻ അച്ഛനെ കൈകൊട്ടി വിളിച്ചതാണ്. വർത്തമാനം പറഞ്ഞ് തിരികെ റോഡ് മുറിച്ചുകടക്കുമ്പോൾ ഇരുട്ടു പരന്നിരുന്നു. ലൈറ്റിടാതെ വന്ന ഒരു കാറായിരുന്നു. ലൈസൻസില്ലാത്ത പൂവത്തൂരുകാരൻ ചെറുപ്പക്കാരൻ ആയിരുന്നുവത്രെ കാർ ഓടിച്ചിരുന്നത്.**

ന്ന് അച്ഛനെ ദഹിപ്പിച്ച് പുക അടങ്ങും മുമ്പേ ആയിരുന്നു ഓമന അമ്മായിയുടെ ആദ്യ പ്രകടനം. അന്ന് 'നിന്റെ കാലവരവാടി ഇതിനൊക്കെ കാരണം' എന്ന് അമ്മായി പറഞ്ഞു തുടങ്ങിയത് ഞാൻകൂടി കേൾക്കെ ആയിരുന്നു. പാവം അമ്മ, അമ്മായിയുടെ വായ പൊത്തിയത് കൊണ്ട് എന്താ പറഞ്ഞതെന്ന് അധികമാർക്കുമങ്ങ് പിടികിട്ടിയതുമില്ല. അന്ന് ഞാൻ അമ്മായിയെ രൂക്ഷമായൊന്നു നോക്കി. അമ്മായി എന്നെ 'എന്താടാ' എന്ന മട്ടിൽ തിരിച്ചും നോക്കി.

ഓമന അമ്മായിക്ക് ഇതെന്തിന്റെ കേടാണ്. ഒറ്റാന്തടിയായ അവർക്ക് വയസ് 65 കഴിഞ്ഞു. ഞങ്ങളുടെ ബസ്സ്റ്റോപ്പിന്റെ പഴയകാലത്തെ പേര് 'ഓമന വളവ്' എന്നായിരുന്നു. എന്റെ കൂട്ടുകാരന് കിട്ടിയ അറിവാണ്. ഓമന അമ്മായിയെ പണ്ടത്തെ വണ്ടിക്കാർക്ക് പലർക്കും അറിയാമായിരുന്നുവത്രെ. അന്ന് 30 പിന്നിട്ട അവർ താമസിച്ചിരുന്നത് എന്റെ വീടിനോട് ചേർന്ന് ഒറ്റമുറി വീട്ടിലായിരുന്നു.

ഞങ്ങളുടെ വീട്ടിൽ സ്വാതന്ത്ര്യക്കുറവ് തോന്നിയതിനാലാകണം വളരെ ചെറിയൊരു വീട് അവർ പണിയിച്ചത്. ഇരുട്ടു മൂടിയാൽ അന്ന് ലോഡുമായി വരുന്ന വണ്ടികൾ ഞങ്ങളുടെ വീടിന്റെ താഴെ മെയിൻ റോഡിൽ വിശ്രമിക്കുമായിരുന്നുവത്രെ.



മെയിൻ റോഡാണെങ്കിലും അക്കാലത്ത് പ്രദേശത്തുള്ളത് രണ്ടുമൂന്ന് വീടുകൾ മാത്രം. താരതമ്യേന ആളൊഴിഞ്ഞ സ്ഥലത്തെ സ്റ്റോപ്പിന് അങ്ങനെ പ്രൈവറ്റ് ബസുകാർ കൊടുത്ത പേരായിരുന്നു 'ഓമന വളവ്'.

അമ്മായി പുക്കാട്ടുപടിക്ക് താമസം മാറ്റി രണ്ട് പതിറ്റാണ്ടായിട്ടും 'ഓമന വളവ്' എന്ന പേര് മാറിക്കിട്ടുവാൻ നാട്ടുകാർ പ്രാർത്ഥിച്ചിരുന്നുവത്രെ. നാട്ടുകാരായിട്ട് ഒന്നു രണ്ടു പേരുകൾ ഇട്ട് സ്വീകരിക്കപ്പെടാതെ വന്നതോടെയാണ് 'പൂമല ജംങ്ഷൻ' എന്ന ഇപ്പോഴത്തെ പേര് ബസ്സ്റ്റോപ്പിന് കിട്ടിയത്. എന്റെ വീടിനു മുന്നിലുള്ള റോഡിലൂടെ കുറെ ദൂരം ഉള്ളിലേക്ക് പോയാൽ പിന്നെ ഉരുളൻ കല്ലു നിറഞ്ഞ വഴിയാണ്. കുറച്ചു കൂടി നടന്നാൽ കുന്നായി. കുന്ന് നിറയെ പണ്ട് വയലറ്റ്, മഞ്ഞ പൂക്കൾ വിരിഞ്ഞു നിന്നിരുന്ന പൂമലയാണ്.

പറമ്പിന്റെ അതിരിലെ നെഞ്ചുയരമുള്ള ഈടു ചാടി ഞാൻ റോഡിലെത്തി. റോഡിലിപ്പോൾ ഇരു വശങ്ങളിലേക്കും വാഹനങ്ങളുടെ നീണ്ട ഒഴുക്കുണ്ട്. ഇവിടത്തെ റോഡിനെ

അറിയാത്ത കാറുകളും ബൈക്കുകളും ഓവർടേക്ക് ചെയ്തും, ചെയ്യാൻ ശ്രമിച്ചും അങ്ങനെ ചീറിപ്പായുകയാണ്. അവക്കിടയിൽ നിറഞ്ഞ ഭാരവുമായി ടോറസ് ലോറികളും, കണ്ടെയ്നർ ട്രക്കുകളുമുണ്ട്. പ്രൈവററും, ട്രാൻസ്പോർട്ടും ബസുകൾ ഹോണടികളോടെ ഓവർടേക്ക് ചെയ്ത് മുന്നേറുന്നു.

വീട്ടിൽ വന്നിട്ട് ഒരു ചടങ്ങിൽ പങ്കെടുക്കാനുള്ളതു കൊണ്ട് നേരത്തെ പോകുമെന്ന് പറഞ്ഞ ബന്ധു പ്രിയലക്ഷ്മിയും രണ്ടു മക്കളും പെരുമ്പാവൂർ ദിശയിലേക്കുള്ള ബസിനു പോകുവാൻ റോഡുക്രോസു ചെയ്യാനാകാതെ നിന്നു തുടങ്ങിയിട്ട് അഞ്ചു മിനിറ്റു കഴിഞ്ഞിരിക്കുന്നു. ഇടക്ക് തിരക്കൊന്ന് ഒഴിഞ്ഞ് റോഡ് വട്ടം കടക്കുവാൻ തുനിയവെ ഒരു ബൈക്ക് അതിവേഗത്തിൽ പാഞ്ഞു പോയതിനാൽ അവർക്ക് റോഡുമുറിച്ചു കടക്കുവാനായില്ല. പൂജ അവധി ദിനങ്ങളായതിനാൽ റോഡിൽ മൂന്നാറിലേക്കും കുമളിയിലേക്കും തിരിച്ചുമുള്ള ടൂറിസ്റ്റുകളുടെ ബസുകൾ രണ്ടു ദിവസമായി കൂടുതലായുണ്ട്.

റോഡ് സൈഡിൽ ഏറ്റവും കൂടുതൽ പൊന്തക്കാടുള്ളിടത്തെ കുഴിയിലേക്ക് ഞാനിറങ്ങി. ഞാൻ വന്ന പറമ്പിലെ ഈടിന്മേൽ വട്ടമരങ്ങൾ തണൽ വിരിച്ചു നിന്നിരുന്നതിനാൽ വെയിലേറ്റ് തളരേണ്ടി വന്നില്ല. വാക്കത്തികൊണ്ട് കാടാക്കെ വെട്ടി പറമ്പിലേക്ക് ചവറ് ചുമന്നിട്ടു. ആരൊക്കെയോ എത്തി നോക്കുന്നുണ്ട്. അരമണിക്കൂറ് കഴിഞ്ഞപ്പോൾ ഒരു ചെറു സ്റ്റീൽ പാത്രത്തിൽ വെള്ളവുമായി അമ്മയെത്തി.

'ഈ നേരത്ത് നീ അവിടെ വേണ്ടതല്ലെ. നീ കഴിച്ചൂല്ലല്ലൊ. വെള്ളോങ്കിലും കുടിക്ക്. അമ്മായി അങ്ങനെ ചെലക്കും. നീ ഇവിടെ പണിയിലാന്ന് പറഞ്ഞറിഞ്ഞപ്പെ വർത്താനൊക്കെ നിറുത്തി മുറീ പോയി കിടകാ.'

വാശി പിടിച്ചാൽ പെട്ടെന്നൊന്നും തീരുകയില്ലെന്ന് അമ്മക്കറിയാം. വെള്ളപാത്രം വച്ച് തിരികെ പോകുമ്പോൾ അമ്മ വീണ്ടും പറഞ്ഞു.

'നീ വൈകാതെ വാട്ടൊ. ആർദ്ര ഒറ്റക്കൊള്ളൂന്ന തോന്നല് മനസിലുണ്ടാവണോട്ടൊ.'

ഞാനിറങ്ങി പണിയുന്ന സ്ഥലം കലുങ്കിലേക്ക് വെള്ളം ഒഴുകുന്ന ഇടമാണ്. റോഡിലൂടെ പോകുന്ന വണ്ടിക്കാർക്കും, കാൽനടക്കാർക്കും, കാടുകയറി മൂടിയതിനാൽ ഇവിടെ ഒരു കുഴിയോ, ആഴമുള്ള കലുങ്കോ ഉണ്ടെന്ന് അറിയില്ല.

കലുങ്കിന്റെ ഇരുവശത്തെയും ഉയർന്നു നിന്നിരുന്ന കരിങ്കൽകെട്ടുകൾ വണ്ടികൾ ഇടിച്ചു തകർന്നു പോയിട്ട് പതിറ്റാണ്ടുകൾ ആയിട്ടുണ്ടാകണം. കാടു നിറഞ്ഞു നിൽക്കുന്നതിതാൽ

**ഒരു മെച്ചം കിട്ടിയത് വൈകാതെ അച്ഛനെ മെഡിക്കൽ സിറ്റി ആശുപത്രിയിൽ എത്തിക്കുവാൻ സാധിച്ചു എന്നുള്ളതാണ്. ഞാൻ വീട്ടിൽ ഇല്ലായിരുന്നു. വൈകാതെ വിളി വന്നതിനാൽ ഞങ്ങൾ വീട്ടുകാരും ആബുലൻസിനു പിന്നാലെ ആശുപത്രിയിൽ എത്തി. അച്ഛന് മെഡിസെപ്പ് കാർഡുണ്ടായതിനാൽ രൂപയൊന്നും തുടക്കത്തിൽ അടക്കേണ്ടി വന്നില്ല. തുക കൂടിക്കൂടി വന്നപ്പോൾ ആർദ്രയുടെ അച്ഛൻ പണമടച്ചു. അവളുടെ അച്ഛന്റെ കൈയ്യിലുള്ളത് എല്ലാം തീർന്നപ്പോൾ എന്റെ അച്ഛൻ കണ്ണടച്ചു.**

ഞാൻ നിൽക്കുന്ന സ്ഥലമാകെ കൂടുതൽ വെയ്സ്റ്റു സാധനങ്ങൾ വലിച്ചെറിയപ്പെടുന്ന പ്രദേശമാണ്. പ്ലാസ്റ്റിക്ക് കിറ്റുകളിൽ മാത്രമല്ല ചാക്കുകളിലും മാലിന്യങ്ങൾ തള്ളപ്പെടുന്നു.

റോഡിലെ വാഹനങ്ങളുടെ ശബ്ദത്തിനു പുറമെ ആളുകളുടെ സംസാരം കേട്ടതോടെ കുഴിയിൽ നിന്നും ഞാൻ മുകളിലേക്ക് നോക്കി. പൊതു പ്രവർത്തകനും കൂട്ടാളികളായ കുറെ ചെറുപ്പക്കാരുമാണ്. ആൾക്കാരുടെ കൂട്ടത്തിൽ കൊച്ചച്ഛൻ ശശിയച്ഛനുമുണ്ട്.

'എന്താ നിന്റെ ഉദ്ദേശം. എന്തെങ്കിലും തോന്ന്യാസം കാട്ടാനാണെങ്കി പോലീസ് എത്തൂട്ടൊ. പറയൂല്ലങ്കി നിന്നേക്കൊണ്ട് പറയിപ്പിച്ചോളും'

അയാളും സംഘവും വിട്ടു പോയി. കൊച്ചച്ഛൻ എന്റെ അടുത്തേക്ക് ഇറങ്ങി വന്നു. ചവറ് വെട്ടിക്കളഞ്ഞ പ്രദേശമാകെ കണ്ണോടിച്ചപ്പോൾ, മാലിന്യങ്ങൾ ചിതറിക്കിടക്കുന്നതിലേക്കും കൊച്ചച്ഛന്റെ നോട്ടം പതിയുന്നുണ്ട്. വീടുകളിൽ നിന്നും കാറുകളിൽ, ബൈക്കുകളിൽ ഒക്കെയായി കൊണ്ടുവന്നു തള്ളിയ ചാക്കുകെട്ടുകൾ, പഴയ വസ്ത്രങ്ങൾ, ചെരിപ്പുകൾ, പ്ലാസ്റ്റിക് കുപ്പികൾ, പൊട്ടിയ ബിയർ - ബ്രാണ്ടി ബോട്ടിലുകൾ, കരിക്കു വെട്ടിയതിന്റെ അവശിഷ്ഠങ്ങൾ, ചാക്കിൽ കെട്ടിയ നിലയിൽ കോഴിക്കടയിലെയും പച്ചക്കറിക്കടയിലെയും ഉണങ്ങിയ വെയിസ്റ്റ്, അങ്ങനെ എന്തൊക്കെയുണ്ടെന്ന് വിശദമായി ഞാനും നോക്കിയത് ഇപ്പോഴാണ്.

കാലവർഷം മാറി തുലാവർഷം എത്തിയതിനാൽ കലുങ്കിലൂടെ കുറച്ച് വെള്ളം ഒഴുകുന്നുണ്ട്. അമ്മ വച്ചിട്ടു പോയ പാത്രത്തിൽ നിന്ന് രണ്ടു കവിൾ വെള്ളമെടുത്ത് കുടിക്കവെ കൊച്ചച്ഛൻ ചോദിച്ചു.

'എടാ, ഇതൊക്കെ പെറുക്കി മറ്റാനാണോ. വല്ല ജേസീബീം വിളിച്ച് തൊഴിലുറപ്പുകാരേം കൊണ്ട് ചെയ്യിക്കട്ടെ. ഞാൻ രണ്ടടിക്കാൻ പയ്യാല് വരെ പോയി. ഞാനുണ്ടായിരുന്നെങ്കി നീ ഇവിടെ എറങ്ങൂല്ലാർന്നു. മോനേ, നമുക്ക് കേറിപ്പോകാം'.

ഞാൻ വഴങ്ങുകയില്ലെന്ന് കണ്ടപ്പോൾ കൊച്ചച്ഛൻ അയഞ്ഞു. എന്നാൽ ഞാനും ഉണ്ടെന്ന ഭാവത്തിലായി. അങ്ങനെ ബലമായി എന്റെ കൈയ്യിൽ നിന്ന് തൂമ്പയും കുട്ടയും വാങ്ങി. പിന്നെ, ഞങ്ങൾ നിന്നിടത്തു നിന്ന് കുറച്ചു മാറി റോഡരികിൽ ആഴവും പരപ്പുമുള്ള വലിയൊരു വേസ്റ്റുകുഴി ഉണ്ടാക്കി. വേസ്റ്റുകൾ ആ കുഴിയിലിട്ട് നിറക്കുകയെന്ന കൊച്ചച്ഛന്റെ ചിന്തയെ മനസുകൊണ്ട് ഞാൻ അഭിനന്ദിച്ചു. പിന്നീട് ഞാൻ വേസ്റ്റ് കോരി തലയിൽ വച്ചു കൊടുക്കുവാനും, കൊച്ചച്ഛനത് കുഴിയിൽ കൊണ്ടു

പോയി ഇടുവാനും തുടങ്ങി.

അവിടെ ഉണ്ടായിരുന്ന നിറചാക്കുകൾ ഞാൻ കാലിയാക്കി. എന്നിട്ട് പ്ലാസ്റ്റിക്ക്, ചെരുപ്പ്, കുപ്പി, ഇരുമ്പ് ഇത്യാദി സാധനങ്ങൾ വെവ്വേറെ ചാക്കുകളിൽ നിറച്ചു. വീശാനുള്ളത് അവ വിറ്റാൽ കിട്ടുമെന്ന കൊച്ചച്ഛന്റെ വാദം ഞാൻ അംഗീകരിക്കുകയും, നിറച്ചു വച്ച ചാക്കുകൾ കൊച്ചച്ഛൻ റോഡരികിലെ കയ്യാലയോട് ചേർത്ത് ഇറക്കി വക്കുകയും ചെയ്തു.

സമയം ആറിനോട് അടുത്തു. അപ്പോൾ ആദ്യ കുഴി വെയിസ്റ്റിനാൽ നിറയുകയും, അത് കൊച്ചച്ഛൻ മണ്ണിട്ട് മൂടുകയും ചെയ്തു. ഞാൻ വീണ്ടും കുഴിയിലേക്ക് ആകമാനം കണ്ണോടിച്ചു. മൂന്നിലൊന്ന് വെയിസ്റ്റ് പോലും നീക്കിയിട്ടില്ല. എന്റെ നോട്ടം കണ്ടിട്ട് കൊച്ചച്ഛന് അരിശം വന്നു.

'അപ്പഴേ ഞാൻ പറഞ്ഞതല്ലെ. എന്താ നിന്റെ പ്ലാൻ. '

ഞാൻ പറഞ്ഞു.

' ഈ വെയിസ്റ്റ് മാത്രമല്ല, കലുങ്കിലെ മണലും മണ്ണും മാറ്റണം. അങ്ങനെ കലുങ്കിനടിയിലൂടെ ആളുകൾക്ക് അങ്ങോട്ടുമിങ്ങോട്ടും കടന്നു പോകാനുള്ള വഴി തുറക്കണം. ഇനി ഒരാളും ഇവിടെ മരിക്കാമ്പാടില്ല'.

കൊച്ചച്ഛന് പെട്ടെന്നൊരു തലക്കറക്കം പോലെ തോന്നിച്ചു . എന്റെ മുഖത്തു നോക്കി 'നിനക്ക് വട്ടായോ' എന്ന് പറയാൻ തുടങ്ങിയിട്ട് വിഴുങ്ങിയെന്ന് തോന്നുന്നു.

എന്റെ കാലിൽ നിന്നും ചോര വരുന്നത് കണ്ട് കൊച്ചച്ഛൻ ഒച്ചവച്ചു. വേദന തോന്നാത്തതിനാൽ എനിക്ക് മനസിലാക്കാനായില്ല. കുപ്പിച്ചില്ല് കൊണ്ടതാകണം. ഞങ്ങൾ പണി നിറുത്തി കയറി. പൊട്ടി ഒഴുകുന്ന വാട്ടർ ടാപ്പിലെ ഇററിറ്റു വീണ വെള്ളത്തിൽ കൈകാലുകൾ കഴുകി. കൊച്ചച്ഛന്റെ തോർത്തു വാങ്ങി വെള്ളം നനച്ച് ദേഹമാകെ ചെറുതായൊന്നു തോർത്തിയെടുത്തു.

'എടാ, ഒരു കുപ്പി വാങ്ങണം. ഞാമ്പോയി ബൈക്കിടുത്ത് വരട്ടെ. നിന്റെ ഫോണും കൊണ്ടോരാം. '

**ഓമന അമ്മായിക്ക് ഇതെന്തിന്റെ കേടാണ്. ഒറ്റാന്തടിയായ അവർക്ക് വയസ് 65 കഴിഞ്ഞു. ഞങ്ങളുടെ ബസ്സ്റ്റോപ്പിന്റെ പഴയകാലത്തെ പേര് 'ഓമന വളവ്' എന്നായിരുന്നു. എന്റെ കൂട്ടുകാരന് കിട്ടിയ അറിവാണ്. ഓമന അമ്മായിയെ പണ്ടത്തെ വണ്ടിക്കാർക്ക് പലർക്കും അറിയാമായിരുന്നുവത്രെ. അന്ന് 30 പിന്നിട്ട അവർ താമസിച്ചിരുന്നത് എന്റെ വീടിനോട് ചേർന്ന് ഒറ്റമുറി വീട്ടിലായിരുന്നു.**

ഞാൻ ഓക്കെ പറഞ്ഞു. ഫോണിൽ ഗൂഗിൾ പേ ഉണ്ടല്ലൊ. അമ്മയോട് പറഞ്ഞ് മേശവലിപ്പിൽ നിന്ന് കുറച്ചു രൂപകൂടി വാങ്ങിക്കൊണ്ടു വരുവാൻ കൊച്ചച്ഛനെ ഏർപ്പാടാക്കി. കെട്ടടങ്ങിയ വിശപ്പ് വീണ്ടും തുടങ്ങി. കുഴിവെട്ടി മൂടിയതിനു മുകളിൽ കൊച്ചച്ഛന്റെ വരവിനായി ഇരുട്ടത്ത് കാത്തു നിന്നു.

വൈകുന്നത് കണ്ട് ആദ്യം കിഴക്കോട്ടും പിന്നീട് പടിഞ്ഞാറോട്ടും അതിവേഗം വെളിച്ചം തെളിയിച്ച് പോകുന്ന വണ്ടികളുടെ എണ്ണമെടുക്കുവാൻ തുടങ്ങി. സന്ധ്യ മയങ്ങിയിട്ടും വെളിച്ചം ഇല്ലാതെ പായുന്ന വണ്ടികളെയും നോക്കി 'കാലൻ വരുന്നുണ്ടേ' എന്ന് അത്യുച്ചത്തിൽ വിളിച്ചുകൂകിയത് ആരെങ്കിലും കേൾക്കുകയുണ്ടായോ എന്നറിയില്ല. ഏതായാലും, ഇതിനിടെ പ്ലാസ്റ്റിക് കിറ്റിൽ നിറച്ച രണ്ടു മൂന്ന് മാലിന്യക്കൂടുകൾ കുഴിയിലേക്ക് വീണിരുന്നു. അപ്പോഴേക്കും ബൈക്കും കൊച്ചച്ഛനും എത്തി. കാലിലെ മുറിവ് ഒന്നുകൂടി നന്നായി കഴുകി കൊച്ചച്ഛൻ കൊണ്ടുവന്ന മരുന്നു പുരട്ടി പ്ലാസ്റ്ററൊട്ടിച്ചു.

## രണ്ട്
## ശുഷ്കാന്തി

'വയ്യാലിന് വിട്ടോ'

കൊച്ചച്ഛൻ നിർദ്ദേശം തന്നു. ഓടക്കാലി കഴിഞ്ഞുള്ള പയ്യാലിലാണ് സാധനം കിട്ടുന്ന ഏറ്റവും അടുത്ത സ്ഥലം. ഞാൻ ബൈക്ക് വലത്തോട്ട് എടുത്തു. നേരം ഇരുട്ടിയതോടെ എതിർദിശയിൽ കോതമംഗലം ഭാഗത്തേക്ക് പോകുന്ന വാഹനങ്ങളാണ് കൂടുതലും. കാറും, ബൈക്കും, ലോറിയും, ഓട്ടോറിക്ഷയും ക്ഷമ പാലിച്ച് ഇരുവശത്തേക്കും നിരനിരയായി ഒഴുകുന്നുണ്ട്. ബസുകൾ മാത്രം ഓവർ ടേക്ക് ചെയ്യാനുള്ള ശ്രമങ്ങൾ നടത്തുന്നു. രണ്ടാമത്തെ കൊടുംവളവ് എത്തവേ ബൈക്ക് പെട്ടെന്ന് നിന്നു.

'പെട്രോള് തീർന്നോ?'

ഞാൻ സംശയം പറഞ്ഞു. കൊച്ചച്ഛൻ ഇടതുവശത്തെ മൺതിട്ട ചൂണ്ടി വിശദീകരിച്ചു.

'എടാ, ഓവർ ടേക്ക് ചെയ്യുമ്പെ ഇവിടെ ഉണ്ടായിരുന്ന മൺതിട്ടേല് ഇടിച്ചാണ് 10-12 വർഷം മുമ്പ് 'ശലഭം' ബസിലെ മൂന്നു യാത്രക്കാര് സ്പ്പോട്ടില് മരിച്ചത്.'

ഞാൻ പറഞ്ഞു.

'എന്നാ നമക്ക് കോതോംഗലം പാം'.

ബൈക്ക് കോതമംഗലം ഭാഗത്തേക്ക് തിരിക്കാൻ സ്റ്റാർട്ടാക്കിയപ്പോൾ ദേവണ്ടി സ്റ്റാർട്ടായി. കൊച്ചച്ഛൻ പറഞ്ഞു.

'എടാ, നീ പേടിക്കണ്ടാട്ടൊ.'

അങ്ങനെ പൂമല ജംങ്ഷൻ - പപ്പൂസ് ഹോട്ടൽ - ഈസ്റേറൺ കമ്പനി കഴിഞ്ഞ് ഞങ്ങളുടെ ബൈക്ക് പായവെ അത് ചടേന്ന് വീണ്ടും നിന്നു.

'എട, പണി പാളി. ഇത് പുത്തൻവീട്ടിലെ ജോളി ബസിടിച്ച് മരിച്ച സ്ഥലാ. ഡിഗ്രിക്കു പഠിക്കണ ജോളി അതിസുന്ദരിയായിരുന്നു. ഞാനുൾപ്പെട്ട എസ്ടിക്കാരും വേറെ കൊറേപ്പേരും അവിടന്ന് ദിവസോം കേറും. തലേന്ന് 'മാർത്ത' നിർത്തീല്ല. ഇന്ന് ബസ് ഞാൻ നിർത്തിക്കൂന്ന് വരുമ്പഴേ തന്നെ ജോളി പറഞ്ഞു. റോഡിന്റെ നടുക്കോട്ട് കേറി നിന്ന ജോളിയേയും കൊണ്ട് മുന്നോട്ട് കുറെ ദൂരം കൂടി പോയ ശേഷ ബസ് നിന്നത്.'

കൊച്ചച്ഛൻ ചെറുകരച്ചിലോടെ തുടർന്നു.

'ജോളി രക്തത്തിൽ കുളിച്ച് നിശ്ചലയായി കിടക്കുന്നത് ഇന്നും ഭയത്തോടെയെ ഓർക്കാനാകൂ'.

വീണ്ടും സ്റ്റാർട്ടായി നൂറു മീററർ പിന്നിട്ട് ഇരുമലപ്പടി കനാൽപ്പാലം എത്തിയപ്പോൾ ബൈക്ക് വീണ്ടും നിന്നു.

'എടാ, ഇത് പാനിപ്ര തടത്തിവീട്ടിലെ സഹദേവൻ മരിച്ച സ്ഥല. കോതമംഗലത്ത് ചുമട്ടു തൊഴിലാളി ആയിരുന്നു. അനാഥ പ്രേതങ്ങളെ കുരൂര് തോട്ടീന്ന് ഉൾപ്പെടെ നീക്കുവാൻ പോലീസിന്റെ സഹായി ആയിരുന്നു. എല്ലാർക്കും ഉപകാരി ആയിരുന്നു സഹദേവൻ '.

കൊച്ചച്ഛൻ തുടർന്നു.

'ആള് തികഞ്ഞ മദ്യപാനിയായിപ്പോയി. മദ്യപാനം നിർത്താൻ ചികിത്സ നടത്തീട്ട് വീണ്ടും കഴിക്കാൻ തൊടങ്ങി.അങ്ങനെ ഇരുമലപ്പടി ഷാപ്പീന്ന് കുടിച്ചിട്ട് പോകുമ്പെ റോഡിന്റെ വലതുവശം ചേർന്നു നടന്ന സഹദേവന് മുദ്രാവാക്യം വിളിച്ച് എടതു വശത്തേക്ക് പോണോന്ന് ഒരു തോന്നൽ.

സ്വന്തം സംഘടനക്കും, നേതാക്കൾക്കും ജയ് വിളിച്ച് ചാടീത് 'ചൈത്രം' ബസിന്റെ മുന്നിലേക്ക്. അപ്പ തന്നെ തീർന്നു. നീ വണ്ടി എടുക്ക്'.

കൊച്ചച്ഛൻ പറഞ്ഞതോടെ ഞാൻ വണ്ടി സ്റ്റാർട്ടാക്കി. വീണ്ടും പായുമ്പോൾ എനിക്കാകെ സംശയമായി. ശ്ശെടാ, അപകടത്തിൽ മരിച്ചവരുടെ ആത്മാവ് ഇപ്പോഴും അതാതിടങ്ങളിൽ തങ്ങുന്നുണ്ടാകുമോ? സംശയ നിവർത്തിക്ക് പോയില്ല.

കൊച്ചച്ഛനിപ്പോൾ ജയചന്ദ്രൻ സ്മൃതിയിൽ പാട്ടുപാടുകയാണ്. 'താമസമെന്തേ വരുവാൻ പ്രാണസഖീ...'

നൊസ്റ്റാൾജിയ ഫീൽ ചെയ്താൽ ചെറുതല്ലാത്ത പ്രശ്നമാണ്. എത്ര കഴിച്ചിട്ടുണ്ടെന്ന് ചോദിക്കാമെന്നു വച്ചാൽ അസ്ഥാനത്താവും. ചിലപ്പോൾ യാത്ര തന്നെ നിലക്കും.

ഇരുമലപ്പടി കിഴക്കേക്കവല കഴിഞ്ഞിട്ടുള്ള പെട്രോൾ പമ്പിന്റെ



വളവിൽ ബൈക്കിന്റെ ഓട്ടം വീണ്ടും നിലച്ചു. കൊച്ചച്ഛൻ പറഞ്ഞു.

'എടാ, ഇത് ഒത്തിരി പഴയ അപകടാ. ഞാന് പറഞ്ഞ് കേട്ടിട്ടേയൊള്ളു. 1965 ബ്ലാക്ക് & വൈറ്റ് കാലത്തെ സംഭവ. വൈകിട്ടായിരുന്നു മൂന്നാർ ടീ എസ്റേററ്റിലെ മാനേജരുടെ, മുന്നിൽ ഷീൽഡ് പോലത്തെ ഗ്ലാസ് ഫിറ്റ്ചെയ്ത ബുള്ളറ്റായിരുന്നു. എറണാകുളത്തു നിന്ന് വന്ന മൂന്നാർ ഫാസ്റ്റ് പാസഞ്ചറ ഇടിച്ചത്. അപ്പത്തനെ കഴിഞ്ഞൂന്നാ കേട്ടിട്ടൊള്ളെ.

നീ ബൈക്ക് സ്റ്റാർട്ട് ചെയ്യണ്ട. ഒരു നൂറ് മീറ്റർ തള്ള്. ദാ ഇവിടാ, പൂക്കട മോഹനന്റെ മോള് ഏഴില് പഠിക്കുമ്പെ സ്കൂൾ ബസിൽ കേറാൻ റോഡു ക്രോസ് ചെയ്തത. ഓട്ടോ ഇടിച്ച മരിച്ചെ.'

അങ്ങനെ ഇടക്കിടെ ബൈക്ക് നിന്നും, തുടർന്ന് സ്റ്റാർട്ടാക്കിയും യാത്ര തുടർന്നു. ഇടക്ക് കമ്പനിപ്പടിയിൽ ഒരു പഴം - ജ്യൂസ് കടയുടെ മുന്നിൽ ബൈക്ക് നിലക്കവേ 'ഇവിടെ വണ്ടിയിടിച്ച് ആരാ മരിച്ചട്ടൊള്ളെ' എന്ന് കൊച്ചച്ഛൻ ബാക്കിലിരുന്നു തന്നെ കടയിലെ പയ്യനോട് ചോദിക്കുകയും, 'അറി ഇല്ല' എന്ന് മറുപടി ലഭിക്കുകയും, 'എന്റെ മണ്ടത്തരം. അവൻ ബംഗാളി

യാകാം' എന്ന് എന്നോട് തമാശ പറയുകയും ചെയ്തു. നങ്ങേലി ആയുർവേദ ആശുപത്രി കഴിഞ്ഞുള്ള കൊടുംവളവും കയറ്റവും ആയപ്പോൾ ബൈക്ക് വീണ്ടും നിന്നു.

' അറിയാങ്കി, കൊച്ചച്ഛനിതൊന്ന് പറഞ്ഞൂടാർന്നൊ. ഇതിപ്പെ ഈ കേറ്റത്തില് '.

കൊച്ചച്ചൻ ചാടിയിറങ്ങി. ഞാൻ ബൈക്ക് ഉന്തി കയറ്റം കഴിഞ്ഞപാടെ സ്റ്റാൻഡിൽ വച്ചു.

'ഇതേ നമ്മടെ ലഷ്മി കോളേജിലെ പ്രൊഫസറ. നെല്ലിക്കുഴി കാഞ്ഞിരംമൂട്ടിലെ യൂസഫ്സാറ്. ഒത്തിരി ശിഷ്യസമ്പത്തുണ്ടാർന്നു. എന്താ അങ്ങേരുടെ ഇംഗ്ലീഷ് ക്ലാസ്. സർക്കാർ കോളേജീന്ന് റിട്ടയർ ചെയ്ത ശേഷം പാരലൽ കോളേജിലെ സാറായതായിരുന്നു. 85 കാലമാണ്. പഴയ ലാമ്പ്രട്ടയിൽ എന്നത്തേയും പോലെ 30-40 സ്പീഡിലായിരുന്നു പ്രൊഫസറ്. എതിരെ നിന്ന് ഓവർ ടേക്കു ചെയ്തു വന്ന ലോറി ഇടിക്കാർന്നു'.

അടിക്കടി ബൈക്ക് നിൽക്കുന്നത് എന്നെ ഏറെ അസ്വസ്ഥനാക്കി. ഞാൻ ഏറെക്കുറെ നിരാശയിലാണെന്ന് കണ്ട കൊച്ചച്ഛൻ പറഞ്ഞു.

'ടാ, നീ നിരാശപ്പെടാതെ. ഇനി നാലഞ്ചിടത്തു കൂടിയെ നിൽക്കു. അല്ലെങ്കി നമുക്ക് എച്ചിത്തൊണ്ടു വഴി പോകാം. അതുവഴി പോയാപ്പിന്നെ ഇമ്മാതിരി പ്രശ്നോന്നും ഒണ്ടാവില്ല'.

അങ്ങനെ വളഞ്ഞ വഴി സ്വീകരിക്കുവാൻ ഞങ്ങൾ തീരുമാനിച്ചു. റൂട്ടുമാററിപ്പിടിച്ച്, കോഴക്കാട്ടുമല എസ്റേറ്റിനു നടുവിലെ പുതിയ റോഡിലൂടെ ബസേലിയോസ് നേഴ്സിങ്ങ് കോളേജ്, ഡെന്റൽ കോളേജ്, എച്ചിത്തൊണ്ട് വഴി തൃക്കാരിയൂർ റോഡിൽ കടന്ന് ബൈപാസിലൂടെ മദ്യഷോപ്പിലെത്തി. കൊച്ചച്ഛന്റെ ബ്രാൻഡ് മാക്ഡോവൽ വിസ്കിയാണ്. അത് ഒരു ലിറ്റർ വാങ്ങി. പിന്നെ, രണ്ടു വീര്യം കൂടിയ ബിയറും. തിരിച്ചു ഞങ്ങൾ മെയിൻ റോഡ് ഉപേക്ഷിച്ച് എച്ചിത്തൊണ്ടു വഴി തന്നെ പോന്നു. ഒരു പ്രശ്നവും തോന്നിയില്ല.

നെല്ലിക്കുഴി വന്നപ്പോൾ കൊച്ചച്ഛൻ ബൈക്കിൽ നിന്നും 'വന്നോളാം' എന്നു പറഞ്ഞ് ഇറങ്ങി. സോഡ, വെള്ളം, ചില്ലുഗ്ലാസ്, ചിപ്സ് അനാദികൾ മാത്രം വാങ്ങുവാൻ ഇറങ്ങിയതാണെങ്കിൽ വന്നോളാം എന്ന് പറയേണ്ടതില്ലല്ലോ.

ഞാനൊരു അഞ്ഞൂറിന്റെ നോട്ട് കൊച്ചച്ഛന്റെ പോക്കറ്റിൽ ഇട്ടു കൊടുത്തു. നിൽക്കാമെന്ന് പറഞ്ഞപ്പോൾ 'പൊക്കോ' എന്നു പറഞ്ഞതിനാൽ ഞാൻ പോന്നു. എന്തു ഗുലുമാൽ ഒപ്പിക്കുമെന്ന് അറിയില്ല.

ഇരുട്ടിൽ റോഡരികിൽ തോർത്ത് വിരിച്ച് അതിലിരുന്നു. സമയം എട്ടാകുന്നു. ഈ കൊച്ചച്ഛനിത് എവിടെപ്പോയി കിടക്കുകയാണോ ആവോ? ഇങ്ങനെ പോയാൽ പണി തീർക്കുവാൻ എത്ര ദിവസം എടുക്കുമെന്ന് കണക്കുകൂട്ടുവാൻ സാധിക്കാതെ ഞാൻ വിഷമിച്ചു.

മനസു വേദനിച്ച് കണ്ണുനീർ ഒഴുകി മുഖമാകെ പരന്നപ്പോൾ പൈപ്പിൻ ചുവട്ടിൽ നിന്ന് മുഖമൊന്ന് കഴുകി. വിശപ്പ് പാരമ്യത്തിലെത്തി. സാധനം ബൈക്കിൽ ഇരിക്കുമ്പോൾ പോക്കറ്റിൽ ഇട്ടു കൊടുത്ത 500ന് കൂടി അടിക്കുവാൻ വീണ്ടും കോതമംഗലത്തിന് പോയിക്കാണുമോ? അങ്ങനെ അടിച്ച് കഴിക്കാനുള്ളതും വാങ്ങാതെ ആകുമോ വരവ്?

## മൂന്ന്
## അദൃശ്യവാക്യം

കൊച്ചച്ഛൻ വന്നത് ഓട്ടോറിക്ഷയിലാണ്. സമയം എട്ടര ആയിരുന്നു. ഓട്ടോയുടെ ബാക്കിൽ നിന്നും സാധനങ്ങൾ ഇറക്കി വയ്ക്കുവാൻ പറഞ്ഞതു പ്രകാരം ഞാൻ നോക്കിയപ്പോൾ ഡിക്കിയിലാകെ പണി സാധനങ്ങളാണ്. ആറു വീതം ചട്ടി, തൂമ്പ, ചെറുതും വലുതും കുലശേറ്, കാക്കി കവർക്കൂട്ടിൽ 10 കിലോ സിമന്റ്, 10 കാലിച്ചാക്ക്. അങ്ങനെ പോയി കൊണ്ടുവന്ന സാധനങ്ങളുടെ കണക്ക്.

ശേഷം സീറ്റിൽ വച്ചിരുന്ന രണ്ട് കിറ്റുകൾ കൊച്ചച്ഛൻ തന്നെ എടുത്ത് എന്നെ ഏൽപ്പിച്ചു. സോഡക്കുപ്പി രണ്ട്, തണുത്തതും തണുക്കാത്തതുമായ ഈരണ്ടു കുപ്പിവെള്ളം, ചില്ലു ഗ്ലാസ് രണ്ട്, മിക്ചർ, കപ്പ വറുത്തത്, അച്ചാറ് ഓറഞ്ച്, രണ്ട് ഭക്ഷണപ്പൊതി ഒക്കെയാണ് കൂടുകളിലേക്ക് കണ്ണോടിച്ചപ്പോൾ എനിക്ക് കാണുവാനായത്. വിശപ്പ് കെട്ടെങ്കിലും എനിക്ക് സന്തോഷമായി.

ഓട്ടോ പറഞ്ഞു വിട്ടു. ഭക്ഷണ കിറ്റുകൾ നിലത്ത് വച്ചശേഷം പണി സാധനങ്ങൾ റോഡരികിലേക്ക് കഴിവതും അടുപ്പിച്ചു. പൊതുടാപ്പിൽ നിന്ന് കുറേശെ വന്നു കിട്ടിയ വെള്ളത്തിൽ ഒന്നുകൂടി കൈ കഴുകി. ബൈക്കിന്റെ സൈഡ് ബോക്സിൽ നിന്നും വിസ്കി, ബിയർ ബോട്ടിലുകൾ ഞാനെടുത്തു. കിറ്റുകളുമായി കൊച്ചച്ഛൻ തൊട്ടുപിറകെ. പറമ്പിന്റെ ഈടു ചാടിക്കടന്നാൽ ഒരു ചെറിയ പാറപ്പുറമുണ്ട്. കിറ്റുകൾ ഈടിൽ വച്ചശേഷം ഇരുകൈകുത്തി ഞാൻ മുകളിലേക്ക് ഉയർന്ന് കയ്യാല കയറി. ശേഷം കൊച്ചച്ഛനെ വലിച്ചു കയറ്റി.

ഞങ്ങൾ പാറയിലിരുന്ന് മദ്യപിക്കുവാനും, ബിരിയാണികഴിക്കുവാനും തു

**ഞാൻ വഴങ്ങുകയില്ലെന്ന് കണ്ടപ്പോൾ കൊച്ചച്ഛൻ അയഞ്ഞു. എന്നാൽ ഞാനും ഉണ്ടെന്ന ഭാവത്തിലായി. അങ്ങനെ ബലമായി എന്റെ കൈയ്യിൽ നിന്ന് തൂമ്പയും കുട്ടയും വാങ്ങി. പിന്നെ, ഞങ്ങൾ നിന്നിടത്തു നിന്ന് കുറച്ചു മാറി റോഡരികിൽ ആഴവും പരപ്പുമുള്ള വലിയൊരു വേസ്റ്റുകുഴി ഉണ്ടാക്കി. വേസ്റ്റുകൾ ആ കുഴിയിലിട്ട് നിറക്കുകയെന്ന കൊച്ചച്ഛന്റെ ചിന്തയെ മനസുകൊണ്ട് ഞാൻ അഭിനന്ദിച്ചു. പിന്നീട് ഞാൻ വേസ്റ്റ് കോരി തലയിൽ വച്ചു കൊടുക്കുവാനും, കൊച്ചച്ഛനത് കുഴിയിൽ കൊണ്ടുപോയി ഇടുവാനും തുടങ്ങി.**

**കൊച്ചച്ഛൻ പറഞ്ഞതോടെ ഞാൻ വണ്ടി സ്റ്റാർട്ടാക്കി. വീണ്ടും പായുമ്പോൾ എനിക്കാകെ സംശയമായി. ശ്ശെടാ, അപകടത്തിൽ മരിച്ചവരുടെ ആത്മാവ് ഇപ്പോഴും അതാതിടങ്ങളിൽ തങ്ങുന്നുണ്ടാകുമോ? സംശയ നിവർത്തിക്ക് പോയില്ല. കൊച്ചച്ഛനിപ്പോൾ ജയചന്ദ്രൻ സ്മൃതിയിൽ പാട്ടുപാടുകയാണ്. 'താമസമെന്തേ വരുവാൻ പ്രാണസഖീ...' നൊസ്റ്റാൾജിയ ഫീൽ ചെയ്താൽ ചെറുതല്ലാത്ത പ്രശ്നമാണ്. എത്ര കഴിച്ചിട്ടുണ്ടെന്ന് ചോദിക്കാമെന്നു വച്ചാൽ അസ്ഥാനത്താവും. ചിലപ്പോൾ യാത്ര തന്നെ നിലക്കും.**

ടങ്ങി. ബിയർ കഴിക്കാമെന്നു കരുതിയ എനിക്കാദ്യം രണ്ട് പെഗ് വിസ്‌ക്കിയാണ് കൊച്ചച്ഛൻ ഒഴിച്ചു തന്നത്. പിന്നെ ബിയർ മിക്സു ചെയ്തായി. ശരിക്കു പറഞ്ഞാൽ എത്ര വലിച്ചു കയറ്റിയെന്ന് എനിക്ക് തന്നെ നിശ്ചയമില്ല. അഞ്ച് പെഗ് ഉറപ്പാണ്. മിക്സു ചെയ്ത് കഴിച്ചിട്ടും എനിക്ക് യാതൊരു കുലുക്കവുമില്ല. കൊച്ചച്ഛൻ ആകെ ഡൗണായി.

'എന്തിനാണ് ഇത്രയും പണി സാധനങ്ങൾ വാടകക്ക് എടുത്തത്. എന്താ, നാളെ പണിക്കാരെ വിളിച്ചു വരുത്താന ഭാവോ ങ്കി കൊച്ചച്ഛൻ വിട്ടു പൊയ്ക്കോ. പൊക്കോളണം. എന്റെ കയ്യില് ഇതിന് മുടക്കാനിനി കാൽക്കാശില്ല.'

എന്റെ സംസാരം കൊച്ചച്ഛന് ഒട്ടും തന്നെ പിടിച്ചില്ല. 'നിനക്ക് ഭ്രാന്താ'ണെന്നായി കൊച്ചച്ഛൻ. 'കൊച്ചച്ഛന ഭ്രാന്ത് ' എന്ന് ഞാനും തിരിച്ചടിച്ചു. ശണ്ഠകൂടിയതിന്റെ വിഷമം തീർക്കുവാൻ മൂന്നുകുപ്പികളിൽ നിന്നും ഇറ്റും ബാക്കി വയ്ക്കാതെ കഷ്ടി അര പെഗു വീതം തീർത്തൊഴിച്ചതും ഞാനും കൊച്ചച്ഛനും കൂടെ അകത്താക്കി.

സോഡവെള്ളത്തിൽ കൈ കഴുകി റോഡിലെ വെളിച്ചത്തിലേക്ക് നോക്കിയിരിക്കെ അമ്മ പിന്നെ വന്നില്ലല്ലൊ എന്നോർത്തു. എന്റെ രീതിയോടുള്ള ഇഷ്ടക്കേടാകും.

ആർദ്രയും തിരിഞ്ഞു നോക്കീട്ടില്ല. പെങ്ങന്മാർ വിളിച്ചതു പോലുമില്ല. എല്ലാവരും വരുവാൻ ആഗ്രഹിച്ചിട്ടുണ്ടാകും. അമ്മ വിട്ടിട്ടുണ്ടാകില്ല, എന്നോർത്ത് സമാധാനിച്ചു. അവളുടെ അച്ഛൻ പോയിക്കാണുമോ എന്തോ?

കൊച്ചച്ഛൻ മൂന്നു കുപ്പികളിൽ നിന്നും വീണ്ടും ഊറ്റിയൊഴിക്കുവാൻ ശ്രമിക്കുന്നുണ്ട്, പക്ഷെ ഒന്നും കിട്ടിയില്ല. ഇനി ഇത്തിരി വെള്ളവും, ചിപ്സും, രണ്ട് ഓറഞ്ചും മാത്രം ബാക്കിയുണ്ട്. വെയിസ്റ്റ് എല്ലാം കൂടി കിറ്റിലാക്കി. നാളെ എടുക്കുന്ന കുഴിയിൽ ഇടാം. പകലു മുഴുവൻ പണിയെടുത്തതിനാൽ ഒന്നു വിശ്രമിച്ചിട്ട് വീണ്ടും തുടങ്ങാമെന്ന് മനസ് കരുതിക്കാണണം. അങ്ങനെ ഞാനും കൊച്ചച്ഛനും പകലിലെ ചൂടു മുഴുവൻ ഉൾക്കൊണ്ട പാറപ്പുറത്തേക്ക് ചാഞ്ഞു. നക്ഷത്രങ്ങളില്ലാത്ത ആകാശം കണ്ടു കിടന്നത് എത്ര നേരമെന്ന് അറിയില്ല. വാഹനങ്ങളുടെ ശബ്ദം കുറഞ്ഞു വന്നതു മാത്രം ഓർമ്മയിലുണ്ട്.

മഴത്തുള്ളികൾ മുഖത്തു വീണു തുടങ്ങിയതോടെ എഴുന്നേറ്റു. കൊച്ചച്ഛനെ വിളിച്ചുണർത്തി. നിമിഷങ്ങൾക്കകം ശക്തമായ മഴയുടെ ആരവം അകലെ നിന്ന് അടുത്തടുത്തേക്ക് വന്നു. മഴയിൽ നിന്നും രക്ഷ നേടുവാനായി വട്ടമരങ്ങൾ വളർന്നു നിൽക്കുന്ന റോഡരികിലെ ഈടിലേക്ക് ഞങ്ങൾ ഓടിമാറി. കിടന്നപ്പോഴെ ക്ഷീണത്താൽ ഉറങ്ങിപ്പോയതായിരുന്നല്ലൊ. ഞാൻ മൊബൈൽ നോക്കി. ഇപ്പോൾ സമയം 01. 40.

'രാത്രി കുറെ പണി തീർക്കാർന്നു. കൊച്ചച്ഛന്റെ ഒരു വെള്ളമടി പ്ലാൻ. എല്ലാം നശിപ്പിച്ചു. കൊറെ പണി സാധനങ്ങളും കൊണ്ടുവന്നിട്ടു. എന്തിന? വാടക ഞാങ്കൊടുക്കൂല്ല'.

ദേഷ്യത്താൽ പിറുപിറുക്കുന്തോറും മഴയുടെ നനവിൽ ഞാൻ വിറക്കുന്നുണ്ടായിരുന്നു. പനി പിടിക്കേണ്ട എന്നു കരുതി തലയിൽ തോർത്തുമുണ്ട് കെട്ടവെയാണ് കൊച്ചച്ഛൻ ഇതൊന്നും കേൾക്കുന്നേയില്ലെന്ന് മനസിലായത്.

താഴ്ന്നു നിൽക്കുന്ന ഇലകൾക്കിടയിൽ കുന്തങ്കാലിൽ ഇരുന്ന് റോഡിലെ കലുങ്കിന്റെ ഭാഗത്തെ കാഴ്ച്ച കണ്ടിരിക്കുകയാണ് കൊച്ചച്ഛൻ. നിൽക്കുകയായിരുന്ന എന്നെ തോണ്ടി വിളിച്ച ശേഷം നിശബ്ദനായി കാഴ്ച്ചകണ്ടിരിക്കുവാൻ കൊച്ചച്ഛൻ ആംഗ്യം കാണിച്ചു. മഴ പൊടിമഴയായി മാറി. ക്ഷീണം അവശേഷിച്ചതിനാൽ വീണ്ടും ഉറങ്ങണമെന്ന ചിന്തയോടെ വട്ടമരത്തിൽ ഞാൻ ചാരിയിരുന്നു. പാതി മയക്കത്തിലും കൊച്ചച്ഛന്റെ അടക്കം പറച്ചിൽ എന്റെ ചെവിയിൽ വന്ന് തട്ടുന്നുണ്ട്.

'ദേട, മൂന്നു തൂമ്പകൾ കൊട്ടകളിലേക്ക് മണ്ണ് കോരുന്നു. നോക്കിക്കേ, കുട്ടകൾ ഒരാൾ പൊക്കത്തിലേക്ക് ഉയരുകയാണ്. ഇപ്പ അത് സഞ്ചരിച്ച് പുതിയൊരു വെയിസ്റ്റ് കുഴീടെ അടുത്തെത്തി. കുട്ടകളിലെ മാലിന്യം കലർന്ന കുഴഞ്ഞമണ്ണ് കുഴിയിലേക്ക് ഇട്ടു കഴിഞ്ഞു. മൂന്ന് കുട്ടകളും ഇപ്പോൾ തിരിച്ചു പോവാണ്'.

'നീ ഒറങ്ങല്ലേട്ടൊ. ഒറങ്ങീട്ട് രാവിലെ എണീക്കുമ്പം ഇതൊന്നും കണ്ടില്ലാന്ന് മാത്രം പറഞ്ഞേക്കല്ലെ. പണി നടക്കണോടത്തേക്ക് ഒന്ന് കണ്ണ് തൊറന്ന് നോക്കട. മാലിന്യങ്ങൾക്കിടേലൊള്ള കുപ്പി, പ്ലാസ്ററിക്ക്, ഇരുമ്പു സാധനങ്ങളാ കുട്ടകളില് ഇപ്പ കൊടുത്തു വിടണെ. ദേ, ആ കുട്ടകളിലെ വേസ്റ്റുകൾ നമ്മള് വച്ചിരിക്കണ പ്ലാസ്റ്റിക്ക് ചാക്കുകളിലേക്ക് ഇനം തിരിച്ച് ഇടുന്നു'.

മഴ പൊടുന്നനെ തീർത്തും നിലച്ചു. കൊച്ചച്ഛന്റെ കമന്ററി എന്നിട്ടും നിലച്ചില്ല. അതങ്ങനെ അനസ്യൂതം തുടരവെ ഞാൻ പതുക്കെ കണ്ണു തിരുമ്മി എഴുന്നേറ്റു. ഇരുന്ന ഇരുപ്പിൽ പണി നടക്കുന്ന ഇടം ഞാൻ നിരീക്ഷിക്കുവാൻ തുടങ്ങി. റോഡിന്റെ മറുവശത്ത് കലുങ്കിന്റെ ഭാഗത്തും ഇതേ വിധത്തിൽ പണി നടക്കുന്നു എന്നത് എഴുന്നേറ്റു നിന്ന കൊച്ചച്ഛൻ എനിക്ക് കാണിച്ചു തന്നു. അവിടെ മാലിന്യത്തിനു പകരം ചാക്കുകളിൽ കൂടുതലും ശേഖരിക്കുന്നത് മണലാണെന്നു മാത്രം.



ഭയപ്പെടേണ്ടതില്ലെന്ന് കൊച്ചച്ചൻ എന്റെ ചെവിയിൽ പറഞ്ഞു. ഇന്നലെ ബൈക്ക് പലവുരു നിന്നപ്പോൾ തന്നെ 'ഇങ്ങനെ സംഭവിച്ചാൽ എത്ര നല്ലതായിരുന്നു' എന്ന് മനസിൽ കരുതിയിരുന്നതായും കൊച്ചച്ചൻ എന്നോട് മന്ത്രിച്ചു.

കൊച്ചച്ചനെ പോലെയല്ല. എനിക്ക് പണി സാധനങ്ങൾ മാത്രമല്ല, പണിയുന്നവരെയും കാണുവാൻ സാധിക്കുന്നുണ്ട്. ഇന്നലെ കലുങ്കിന്റെ കുഴിക്കുമുകളിൽ നിന്ന് എന്നോട് ഭീഷണി പറഞ്ഞുപോയ, പൊതുപ്രവർത്തകന് ഒപ്പമുണ്ടായിരുന്ന, കുറെ ചെറുപ്പക്കാരുടെ മുഖങ്ങളായിട്ടാണ് പണി എടുക്കുന്നവരെ എനിക്ക് മനസിലായത്.

**അങ്ങനെ ഇടക്കിടെ ബൈക്ക് നിന്നും, തുടർന്ന് സ്റ്റാർട്ടാക്കിയും യാത്ര തുടർന്നു. ഇടക്ക് കമ്പനിപ്പടിയിൽ ഒരു പഴം – ജ്യൂസ് കടയുടെ മുന്നിൽ ബൈക്ക് നിലക്കവേ 'ഇവിടെ വണ്ടിയിടിച്ച് ആരാ മരിച്ചട്ടൊള്ളെ' എന്ന് കൊച്ചച്ചൻ ബാക്കിലിരുന്നു തന്നെ കടയിലെ പയ്യനോട് ചോദിക്കുകയും, 'അറി ഇല്ല' എന്ന് മറുപടി ലഭിക്കുകയും, 'എന്റെ മണ്ടത്തരം. അവൻ ബംഗാളിയാകാം' എന്ന് എന്നോട് തമാശ പറയുകയും ചെയ്തു. നങ്ങേലി ആയുർവേദ ആശുപത്രി കഴിഞ്ഞുള്ള കൊടുംവളവും കയറ്റവും ആയപ്പോൾ ബൈക്ക് വീണ്ടും നിന്നു.**

ആളുകളെ കാണാനാകാത്തത് കൊച്ചച്ചന്റെ തോന്നൽ മാത്രമാണെന്ന് പറഞ്ഞിട്ട് പ്രയോജനമില്ലെന്ന് ചിന്തിച്ച് ഞാൻ നിശബ്ദത പാലിച്ചു.

ആത്മാക്കളുടെ സഹായം സംഭവിച്ചു കൂടായ്കയില്ല എന്നതിനാലാണ് പണി സാധനങ്ങൾ കൂടുതലായി കൊണ്ടുവരുവാൻ കൊച്ചച്ചനെ മനസ് ഉപദേശിച്ചതത്രെ! ചുരുക്കത്തിൽ ഈ പ്രദേശത്ത് റോഡിൽ പല കാലങ്ങളിലായി വാഹനാപകടങ്ങളിൽ മരിച്ചവരുടെ ആത്മാക്കളാണ് നാടിനു വേണ്ടി നന്മ ചെയ്യുന്നതെന്നാണ് കൊച്ചച്ചന്റെ അഭിമതം. ഞാനതിനെ ഖണ്ഡിക്കുവാൻ പോകുന്നത്, പ്രത്യേകിച്ച് ഈ രാത്രിയിൽ ബുദ്ധിയല്ലെന്ന് തോന്നിയതിനാൽ ഒരഭിപ്രായത്തിനും പോയില്ല. ആളില്ലാ വിസ്മയക്കാഴ്ച്ചകൾ കണ്ടുകൊണ്ടിരിക്കുന്ന കൊച്ചച്ചന്റെ പിന്നിൽ നിന്നു. സമയം വെളുപ്പിന് മൂന്ന് കഴിഞ്ഞിരിക്കുന്നു. കലുങ്കിന്റെ മറുപുറത്ത് അടുക്കി വക്കുന്ന മണൽച്ചാക്കുകളുടെ എണ്ണം കൂടി വരുന്നുണ്ട്.

റോഡിന്റെ മറുവശത്തു നിന്ന് കലുങ്കിന്റെ അടിഭാഗത്തു കൂടി ഞങ്ങൾ നിൽക്കുന്നതിന്റെ താഴെ റോഡരികിലേക്ക് അവസാനത്തെ ചാക്കുകൾ കൊണ്ടുവരുന്ന കാഴ്ച്ച ഞങ്ങൾകണ്ടു. വളരെ സൂഷ്മമായി മണൽചാക്കുകൾ റോഡരികിൽ കയ്യാലയോട് ചേർന്ന് അട്ടിയിടുന്ന പ്രക്രിയയാണ് ഇപ്പോൾ നടക്കുന്നത്.

ആ ജോലി തീർന്നപാടെ ഒട്ടുമേ വിശ്രമിക്കാതെ സിമന്റ് കൊണ്ടുവന്ന പാക്കറ്റ് അഴിക്കപ്പെടുകയും ഇരുമ്പു ചട്ടികളിലേക്ക് പപ്പാതി വീതം അവ മാറ്റപ്പെടുകയും ചെയ്തു. അനന്തരം കുലശേറുകൾ ചട്ടികളിലേക്ക് വീണു.

അട്ടിയിട്ടിരിക്കുന്ന മണൽ ചാക്കിൽ ഒരെണ്ണം കെട്ടഴിക്കപ്പെട്ട് ആവശ്യത്തിന് മണൽ രണ്ടു ചട്ടികളിലേക്കും നിറക്കുന്നതും കാണാനായി.

ചട്ടികളിലേക്ക് ടാപ്പിലെ വെള്ളം ആവശ്യത്തിന് വീഴ്ത്തി. കുലശേറുകളാൽ സിമന്റും മണലും വെള്ളവും ഇപ്പോൾ കുഴക്കപ്പെടുകയാണ്. ശേഷം, സിമന്റ് കൂട്ട് ചട്ടികളിലാക്കി കലു

ങ്കിന്റെ ഉള്ളിലേക്ക് കൊണ്ടു പോയി. സിമന്റ് തേച്ച് കരിങ്കല്ലുകൾക്കിടയിലെ തുളകൾ അടക്കപ്പെടുകയാണെന്ന് കുലശേറുകളുടെ ചെറുശബ്ദങ്ങളിൽ നിന്ന് ഉറപ്പിക്കാനായി. കാലിയായ ചട്ടികളും കുലശേറുകളും കലുങ്കു കടന്ന് തിരികെ എത്തുമ്പോൾ സമയം 03. 48. അവയും വെള്ളമൊഴിച്ച് കഴുകിയ ശേഷം തൂമ്പ, കുട്ടകൾ ഇവ കൂട്ടി വെച്ചിരുന്നതിനടുത്ത് വയ്ക്കപ്പെട്ടു.

പണികൾ ഏറെക്കുറെ തീർന്നുവെന്ന് തോന്നിച്ചു. 'കുറച്ചു ഭക്ഷണം ഇവർക്കു കൂടി കരുതാമായിരുന്നു'വെന്ന് കൊച്ചച്ഛന്റെ ചെവിയിൽ ഞാൻ അബദ്ധത്തിൽ പറഞ്ഞു പോയി. കൊച്ചച്ഛനത് തീർത്തും പിടിച്ചില്ല എന്ന് മാത്രമല്ല, 'അവർ ഭക്ഷണം കഴിക്കാത്തവരാണെന്ന് നിനക്കറിയില്ലേ' എന്ന് അൽപ്പം ഉറക്കെ പറഞ്ഞു തന്നതിനാൽ കഷ്ടം തോന്നിയ ഞാൻ പിന്നീടൊന്നും പറഞ്ഞതുമില്ല. അൽപ്പസമയം കഴിഞ്ഞപ്പോൾ വെള്ളയും ഇളംനീലയും നിറത്തിൽ പെയിന്റുമങ്ങിയ ഒരു ലാമ്പ്രട്ട സ്കൂട്ടർ ഞങ്ങൾ നിന്നിരുന്നതിന്റെ മുന്നിൽ കലുങ്കിനു സമീപമായി വന്നു നിന്നു. എല്ലാ ആത്മാക്കളേയും പറഞ്ഞു വിട്ടിട്ട് പ്രൊഫസർ വന്നതാണെന്നും, ഇറങ്ങിച്ചെല്ലാമെന്നും കൊച്ചച്ഛൻ പറഞ്ഞു. ഞാൻ വരുന്നില്ലെന്നു പറഞ്ഞിട്ടും ശശിയച്ഛൻ എന്നെ വലിച്ച് കൊണ്ടുപോയി സ്കൂട്ടറിനു മുന്നിൽ നിറുത്തി.

'എല്ലാം ഉദ്ദേശിച്ച പോലെ തീർന്നോന്ന് നോക്കീട്ടു വാ. എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ ഇന്നു തന്നെ പറഞ്ഞോ. ശശീ, നിന്റെ ചേട്ടന്റെ പയ്യൻ മിടുക്കന. ഇനിയുള്ള കാലത്തും ഇത്തരം ജനോപകാരപ്രദമായ വിഷയങ്ങളിൽ ഞങ്ങൾ ഒപ്പമുണ്ടാകും, ഒരു മടീം വിചാരിക്കണ്ട. എന്നു തന്നെയല്ല, ഇത്തരം വേലകൾ കൂട്ടായി വിവിധയിടങ്ങളിൽ നടപ്പിലാക്കുവാൻ ഞങ്ങൾ തീരുമാനമെടുത്തു'.

വായുവിലൂടെ കാതിലെത്തിയ ആ ആവാക്യങ്ങളെ ഒരു സ്വപ്നത്തിലെന്ന പോലെ കൊച്ചച്ഛനും, കൂടെ ഞാനും സ്വീകരിച്ചു. കൊച്ചച്ഛനും ഞാനും കലുങ്കിനടിയിലൂടെ പണി തീർന്നത് കണ്ട് നടന്ന് മറുവശം കടന്നു. എല്ലാം ഉദ്ദേശിച്ചതിലും വളരെ വൃത്തിയായി പൂർത്തിയാക്കിയിരിക്കുന്നു. ഇരുവശത്തും, തലക്കു മുകളിലും മെറ്റലുകൾക്കിടയിലെ പഴുതുകൾ പോലും കൃത്യമായി അടച്ചിട്ടുണ്ട്.

**ഒറ്റ ശ്വാസത്തിൽ ഇത്രയും പറഞ്ഞശേഷം ഞങ്ങളോടായി വീണ്ടും പറഞ്ഞത്, 'നാളെ രാത്രി ഇവിടം അലങ്കരിക്കണം. ചൊവ്വാഴ്ച്ച സന്ധ്യക്ക് ഉദ്ഘാടനം. നേരത്തെ തന്നെ എല്ലാരേം വിളിച്ചേക്കണം. കൃതജ്ഞത പ്രസംഗം ഇവന് മാറ്റിവച്ചിട്ടുണ്ട്.' ആളാകാനുള്ള ഒരവസരം തട്ടിഎടുത്തെങ്കിലെന്താ, ഉദ്ദേശ്യം നടന്നല്ലോ എന്ന സന്തോഷത്തിലായിരുന്നു ഞാൻ. കൊച്ചച്ഛനാണെങ്കിൽ മായാവിയായി എത്തിയ പ്രൊഫസറുടെ അദൃശ്യവാക്കുകൾക്കായി കാതു കൂർപ്പിച്ച് ബഹുമാന പുരസരം നിൽക്കുകയാണ്.**

കുട്ടിക്കാലത്ത് ഈ കലുങ്കിന് അടിയിലൂടെ കളിച്ചു നടന്നത് ഓർത്തു പോയി. പിൽക്കാലത്ത് മണ്ണും മണലും കലുങ്കിലപ്പാടെ നിറഞ്ഞ് വെള്ളപ്പാച്ചിൽ പോലും നിലക്കുന്ന അവസ്ഥയിലായി. വാഹനങ്ങളുടെ ഘോഷയാത്രയെ നോക്കി ഞങ്ങളുടെ പ്രദേശത്ത് ഇനിയാർക്കും റോഡ് ക്രോസു ചെയ്യുവാൻ അന്തിച്ചു നിൽക്കേണ്ടതില്ല. വലിയ മഴ പെയ്യുമ്പോഴൊഴികെ പ്രായമായവർക്ക് ഇനി പരസഹായമില്ലാതെ എക്കാലവും റോഡിന്റെ മറുവശം കടക്കാം. അടിപ്പാതയിലൂടെ ഞങ്ങൾ വീണ്ടും മറുവശത്ത് എത്തവേ അല്ലി ആന്റിയുടെ വീട്ടിലെ പൂവൻകോഴി കൂവി. ഞങ്ങൾ സ്കൂട്ടറിനു മുന്നിൽ വീണ്ടുമെത്തി.

'എല്ലാം തീർന്നിട്ടില്ലാന്നറിയാം. കലുങ്കിലേക്ക് ഇറങ്ങുവാൻ റോഡിന്റെ ഇടതു വശത്തു മാത്രം രണ്ടു മൂന്ന് സ്റ്റെപ്പുകൾ ഉണ്ടാക്കാനുണ്ട്. ഈ നിൽക്കുന്ന വട്ടമരത്തിൽ ഒരു ക്യാമറ വക്കണം. മാലിന്യങ്ങൾ നിക്ഷേപിക്കരുതെന്നും, നിങ്ങൾ സിസിടിവി നിരീക്ഷണത്തിലാണെന്നും ഒരു ബോർഡും സ്ഥാപിക്കണം. അതൊക്കെ രണ്ടുന്ന് ദെവസത്തിനകം മതി. പിന്നൊള്ളത് വെള്ളപെയിന്റിൽ ഒരു പെഡസ്ട്രിയൽ ക്രോസിങ്ങ് ഈ ഭാഗത്തിനടുത്ത് മാർക്ക് ചെയ്യണോന്നൊള്ളത. അതിന് പൊതുമരാമത്ത് വകുപ്പിന്റെ അനുമതി വാങ്ങേണ്ടി വരും. നിങ്ങടെ സഹകരണം എല്ലാത്തിനും വേണം'.

ഒറ്റ ശ്വാസത്തിൽ ഇത്രയും പറഞ്ഞ ശേഷം ഞങ്ങളോടായി വീണ്ടും പറഞ്ഞത്, 'നാളെ രാത്രി ഇവിടം അലങ്കരിക്കണം. ചൊവ്വാഴ്ച്ച സന്ധ്യക്ക് ഉദ്ഘാടനം. നേരത്തെ തന്നെ എല്ലാരേം വിളിച്ചേക്കണം. കൃതജ്ഞത പ്രസംഗം ഇവന് മാറ്റിവച്ചിട്ടുണ്ട്.' ആളാകാനുള്ള ഒരവസരം തട്ടിഎടുത്തെങ്കിലെന്താ, ഉദ്ദേശ്യം നടന്നല്ലോ എന്ന സന്തോഷത്തിലായിരുന്നു ഞാൻ. കൊച്ചച്ഛനാണെങ്കിൽ മായാവിയായി എത്തിയ പ്രൊഫസറുടെ അദൃശ്യവാക്കുകൾക്കായി കാതു കൂർപ്പിച്ച് ബഹുമാന പുരസരം നിൽക്കുകയാണ്. ഞങ്ങളങ്ങനെ നിൽക്കവെ, സ്റ്റാൻഡിൽ വച്ചിരുന്ന സ്കൂട്ടർ കിക്കറടിച്ച് സ്റ്റാർട്ടായി മുന്നോട്ട് കുതിക്കുന്നതും, കിഴക്ക് കോതമംഗലം ഭാഗത്തേക്ക് സാവധാനം അത് പോകുന്നതും കാണാനായി. ഭയപ്പാടോടെ കൊച്ചച്ചൻ ആകാഴ്ച്ച കണ്ടു നിൽക്കെ എന്റെ മുഖം സന്തോഷത്താൽ നനഞ്ഞു.. തുടർന്ന് കൊച്ചച്ഛൻ എന്റെ കൈയ്യിൽ നന്നായൊന്നു നുള്ളി. ഞാൻ ആത്മാവല്ലെന്ന് ഉറപ്പിക്കാനാകണം!

'എട, നീ വണ്ടിയെടുത്ത് പൊക്കോ. വീട്ടീ പോയി കൊറെനേരം ആർദ്രയെ കെട്ടിപ്പിടിച്ച് കെടന്നൊറങ്ങ്. ഞായറല്ലെ. പതുക്കനെ എണീറ്റ മതീല്ലൊ. ഞാൻ കോതോംഗലം പോയി രണ്ട് അടിച്ചേച്ച് വരാം'.

ഇടതു കൈയ്യുടെ ചെറുവിരലും, തള്ളവിരലും ഉയർത്തി കൈഒരുവട്ടം മുന്നോട്ടും പിന്നോട്ടും ചലിപ്പിച്ച്, കണ്ണിറുക്കി കാണിച്ച് കൊച്ചച്ഛൻ ഇത്രയും പറഞ്ഞപ്പോൾ 'ഈ മനുഷ്യൻ രാവിലേ തൊടങ്ങുകയാണല്ലൊ' എന്ന് ചിന്തിച്ചു കൊണ്ട് ഞാൻ വീട്ടിലേക്ക് പോകുവാൻ ബൈക്ക് സ്റ്റാർട്ട് ചെയ്തു.

HEDGE
BROKERAGE INC.



- Life Insurance with Long Term Care
- Disability Income
- Business Overhead Expense Disability Insurance
- 10 Pay Life Insurance
- Estate Planning
- Advantage Index Universal Life S&P 500
- Life Income Annuity

HEDGE
BROKERAGE INC.

1-516-433-4310
hedgebrokerage@gmail.com





# കടവല്ലൂർ അറിവിന്റെ മാമാങ്കം

**ചരിത്ര പ്രസിദ്ധമായ 'കടവല്ലൂർ അന്യോന്യം' എന്ന വാർഷിക വേദപാണ്ഡിത്യ മത്സരത്തിന്റെ മഹത് വേദിയാണ് കടവല്ലൂർശ്രീരാമക്ഷേത്രം. തീർത്ഥാടകരുടെയും ചരിത്രാന്വേഷികളുടെയും ശ്രദ്ധ സമാനമായി ക്ഷണിക്കുന്ന മറ്റൊരിടം സംസ്ഥാനത്തില്ല**

**വിജയ് സി.എച്ച്**



കുന്നംകുളം-കുറ്റിപ്പുറം പാതയിൽ പെരുമ്പിലാവ് കഴിഞ്ഞു അഞ്ചു കിലോമീറ്റർ സഞ്ചരിച്ചാൽ മധ്യകേരളത്തിലെ അതിപുരാതനമായ ശ്രീരാമസ്വാമി ക്ഷേത്രത്തിലെത്താം. ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ (ASI) രേഖകൾ അനുസരിച്ചു കടവല്ലൂർ ക്ഷേത്രത്തിനു 900 വർഷത്തിലേറെ പ്രാചീനതയുണ്ട്. ഭാരതീയ പുരാവസ്തു ഗവേഷണ വകുപ്പ് ദേശീയ സ്മാരകമായി പ്രഖ്യാപിച്ചിട്ടുള്ള ഈ മഹാക്ഷേത്രം ഒരു സംരക്ഷിത സൗധമാണ്. ചരിത്ര പ്രസിദ്ധമായ 'കടവല്ലൂർ അന്യോന്യം' എന്ന വാർഷിക വേദപാണ്ഡിത്യ മത്സരത്തിന്റെ മഹത് വേദിയും കൂടിയാണ് ഈ ക്ഷേത്രം. കടവല്ലൂർ പോലെ, തീർത്ഥാടകരുടെയും ചരിത്രാന്വേഷികളുടെയും ശ്രദ്ധ സമാനമായി ക്ഷണിക്കുന്ന മറ്റൊരിടം സംസ്ഥാനത്തുള്ളതായി അറിവില്ല.

**പദോൽപത്തി**

ഭീമസേനന് ഹിഡുംബിയിൽ ജനിച്ച ഘടോൽകചൻ പ്രതിഷ്ഠിച്ചതാണ് ക്ഷേത്രത്തിലെ വിഗ്രഹമെന്നാണ് ഐതിഹ്യം. ഇക്കാരണത്താൽ അമ്പലം നിൽക്കുന്ന പ്രദേശം ആദ്യം ഘടോൽകച പുരമെന്നും, പിന്നീട് ഘടോൽകച ഊരെന്നും അറിയപ്പെട്ടു. ഘടോൽകച ഊർ എന്ന മൂലഭാഷാപരമായ സ്ഥലപ്പേര് നൂറ്റാണ്ടുകളിൽ പലരും പല കുറി പറഞ്ഞപ്പോൾ അതു കടവല്ലൂരായി പരിണമിക്കുകയും ചെയ്തു!

**ശിലാലിഖിതങ്ങൾ**

ക്ഷേത്രത്തിനകത്തു വിവിധ ഇടങ്ങളിൽ കാണാനാകുന്ന ശിലാലിഖിതങ്ങൾ കടവല്ലൂർ ദേവസ്ഥാനത്തിന്റെ മഹനീയമായ പൗരാണികത വിളിച്ചോതുന്നു. പ്രധാന



**മലയാളത്തിന് ശ്രേഷ്ഠഭാഷാപദവി ലഭിക്കുന്നതിനായി കണ്ടെത്തിയ തെളിവുകളിൽ കടവല്ലൂർ ലിഖിതങ്ങൾ, നമ്മുടെ മാതൃഭാഷയിലല്ലാത്തതിനാൽ, ഉൾപ്പെട്ടില്ല**

ഗോപുരം കടന്നെത്തുന്ന ചെറിയ ഇടനാഴിയുടെ വലത്തു ഭാഗത്തും, മുകൾ ഭാഗത്തും, കൂത്തമ്പലത്തിന്റെ ഇടത്തു ഭാഗത്തും, വലത്തു ഭാഗത്തു ഭഗവാനെ അഭിമുഖീകരിച്ചും, ഉപക്ഷേത്രത്തിന്റെ അടിത്തറയിലും മറ്റുമാണ് വട്ടെഴുത്തു ലിഖിതങ്ങൾ കാണാനാകുന്നത്. ക്ഷേത്രം നിർമിക്കുവാൻ ഉപയോഗിച്ചിരിക്കുന്ന മൂപ്പേറിയ കൃഷ്ണശിലാ കട്ടകളുടെ കുത്തനെയുള്ളതും, നേരിട്ടു കാണാവുന്നതുമായ പാർശ്വങ്ങളിൽ അക്ഷരങ്ങൾ കോറിവരച്ചിട്ടുണ്ട്. ആദ്യകാലങ്ങളിൽ മലയാളമെഴുതാൻ ഉപയോഗിച്ചിരുന്ന വട്ടെഴുത്ത് സമ്പ്രദായത്തിലുള്ള ലിപിയിലാണ് ലിഖിതങ്ങളുടെ മുദ്രണം. ബ്രാഹ്മി ലിപിയിൽ നിന്നു രൂപം കൊണ്ട വട്ടെഴുത്ത് ഇന്നു പ്രചാരത്തിലില്ലാത്തൊരു വരമൊഴിയാണ്. ക്ഷേത്രത്തിൽ ദർശിക്കാനായ ശിലാലിഖിതങ്ങളിലെ വിവരങ്ങൾ എന്താണെന്നറിയാൻ ഈ ലേഖകൻ അടകയുടെ പ്രാദേശിക പുരാതത്ത്വ ഭവൻ ഉൾപ്പെടെയുള്ള കേന്ദ്രങ്ങളിൽ നടത്തിയ എല്ലാ ശ്രമങ്ങളും നിർഭാഗ്യവശാൽ പരാജയപ്പെടുകയാണുണ്ടായത്. മലയാളത്തിന് ശ്രേഷ്ഠഭാഷാപദവി ലഭിക്കുന്നതിനായി കണ്ടെത്തിയ തെളിവുകളിൽ കടവല്ലൂർ ലിഖിതങ്ങൾ, നമ്മുടെ മാതൃഭാഷയിലല്ലാത്തതിനാൽ, ഉൾപ്പെട്ടതുമില്ലയെന്നതും ഖേദകരമാണ്.

### ഭൂമിശാസ്ത്രം

തൃശ്ശൂർ നഗരത്തിൽ നിന്നും 33 കിലോമീറ്റർ വടക്കുപടിഞ്ഞാറു മാറിയാണ് കടവല്ലൂരിന്റെ സ്ഥാനം. തൃശ്ശൂർ ജില്ലയുടെ വടക്കേ അറ്റത്ത്. ദേശീയപാതയിൽ നിന്നു ക്ഷേത്രത്തിലേയ്ക്കുള്ള വഴി തുടങ്ങുന്നിടത്തു പുതിയതായി പണികഴിപ്പിച്ചിട്ടുള്ള മനോഹാരമായ ഗെയ്റ്റിന്റെ പടിഞ്ഞാറ് ഒരു കിലോമീറ്റർ എത്തും മുമ്പേ മലപ്പുറം ജില്ല തുടങ്ങുന്നു. പാലക്കാട് ജില്ലയുടെ അതിർത്തിയും കടവല്ലൂരിനടുത്തു തന്നെ. അടയ്ക്ക വ്യാപാര കേന്ദ്രമായ ചങ്ങരംകുളം, രാമക്ഷേത്രത്തിന്റെ ഏകദേശം അഞ്ചു കിലോമീറ്റർ അകലെയാണ്.

### വാസ്തുവിദ്യ

പടിഞ്ഞാറു ദർശനമുള്ള ക്ഷേത്രത്തിന്റെ പ്രവേശന കവാടമായ ഗോപുരവും, രണ്ടു നിലകളിലായി രൂപകൽപന ചെയ്യപ്പെട്ടിട്ടുള്ള ശ്രീകോവിലും കടവല്ലൂർ രാമക്ഷേത്രത്തിന്റെ ആകർഷകമായ വാസ്തുവിദ്യാസവിശേഷതകളിൽ ചില താണ്. അമ്പലത്തിന്റെയത്ര പുരതനമായതാണ് ചുറ്റമ്പലത്തിന്റെ വടക്കുകിഴക്കു മൂലയിലുള്ള മണിക്കിണർ. ചെറുതെങ്കിലും, ചുറ്റമ്പലത്തിനു കിഴക്കു ഭാഗത്തുമൊരു വാസ്തുവിദ്യാസാരവത്തായ ഗോപുരനടയുണ്ട്.

### ക്ഷേത്രഘടന

കടവല്ലൂർ ശ്രീരാമക്ഷേത്രം നിർമിച്ചിരിക്കുന്നതു പഞ്ചപ്രകാര സമ്പ്രദായത്തിലാണ്. അകത്തേ





ബലിവട്ടം, അന്തഹാര, മധ്യഹാര, ബാഹ്യഹാര, മര്യാദ മുതലായവ യാണ് പഞ്ചപ്രകാരം. ഇവയ്ക്കു പുറമെ, ഉപക്ഷേത്രങ്ങൾ, വലിയ ബലിക്കല്ല്, ദീപസ്തംഭങ്ങൾ, ഗോ പുരങ്ങൾ, പത്തായപ്പുര, ഓട്ടുപുര, കിണർ, കുളം മുതലായവയും കടവ ല്ലൂരമ്പലത്തിന്റെ വിശിഷ്ടമായ ഭാഗ ങ്ങളാണ്. മൂന്നു പടികളുള്ള സോ പാനത്തിന്റെ കൈവരിക്കാലുകളിൽ ഉഗ്രരൂപത്തിലുള്ള വ്യാളിമുഖങ്ങൾ! പടിഞ്ഞാറേ ഗോപുരവാതിലിലൂടെ ക്ഷേത്രത്തിൽ പ്രവേശിച്ചാൽ കൊ ടിമരവും ബലിക്കല്ലുമുള്ള മനോഹ രമായ നടപ്പുരയിലെത്തും. വലി യമ്പലത്തിന്റെ ഇടതുഭാഗത്താണ് അംഗുലിയാങ്കം കൂത്തും, അ ന്യോന്യവും അരങ്ങേറുന്ന കൂ ത്തമ്പലം. ഹൃദ്യമായ നിരവധി വാസ്തുവിദ്യാപണികളുള്ള കൂ ത്തമ്പലത്തിനു അരങ്ങും അണിയ റയുമുണ്ട്. ഗണപതിയുടെ ഉപദേ വാലയം, കിഴക്കോട്ടു മുഖമായി,

**വലിയമ്പലത്തിന്റെ ഇടതുഭാഗ ത്താണ് അംഗുലിയാങ്കം കൂത്തും, അന്യോന്യവും അരങ്ങേറുന്ന കൂത്തമ്പലം. ഹൃദ്യമായ നിരവധി വാസ്തുവിദ്യാപണികളുള്ള കൂത്ത മ്പലത്തിനു അരങ്ങും അണിയറ യുമുണ്ട്.**

ചുറ്റമ്പലത്തിന്റെ തെക്കുഭാഗത്താ ണ്. വടക്കുപടിഞ്ഞാറായി, മര്യാദയ് ക്കു വെളിയിൽ, അയ്യപ്പസ്വാമിയുടെ ഉപക്ഷേത്രവുമുണ്ട്. എട്ടു നിലയിൽ തെളിയിക്കാവുന്ന വിളക്കുമാടം മനോഹരമായൊരു നിർമിതിയാണ്. പ്രത്യേക ദിവസങ്ങളിൽ പരശ്ശതം പിച്ചള വിളക്കുകൾ ഒരുമിച്ചു പ്രകാ ശിപ്പിക്കുമ്പോൾ ക്ഷേത്രത്തിന്റെ മധ്യഹാരം അതിശയിപ്പിക്കും വിധം അലംകൃതമാകുന്നു. മുഖമണ്ഡ പവും സോപാനവും കഴിഞ്ഞാൽ ഐശ്വര്യത്തോടെ ശ്രീകോവിൽ! കല്ലിൽ കൊത്തിവച്ച ദ്വാരപാലകർ അനുപമസൗന്ദര്യമുള്ള ശിൽപ ങ്ങളാണ്. മരത്തടിയിൽ കടഞ്ഞെ ടുത്ത ദേവിദേവന്മാരുടെ മനോഹര രൂപങ്ങൾ ശ്രീകോവിലിനെ തിക ച്ചും ദൈവീകമാക്കുന്നു. ശിലയിൽ ചേലൊത്തു തീർത്ത, 169 സെന്റീമീ റ്റർ പൊക്കമുള്ള രാമവിഗ്രഹത്തിനു ടിപ്പുവിന്റെ പട്ടാളക്കാർ അൽപം നാശം വരുത്തി. മൈസൂരിൽ നിന്നെ ത്തിയവരുടെ ആക്രമണത്തിൽ അമ്പലത്തിന്റെ ധ്വജം പൂർണമായും നശിപ്പിക്കപ്പെട്ടു.

### ദാരുശിൽപങ്ങൾ

ഗർഭഗൃഹം ഉൾക്കൊള്ളുന്ന ശ്രേഷ്ഠനിർമിതിയുടെ പുറം ഭി ത്തി അലങ്കരിക്കുന്ന താങ്ങുപടി (ബ്രാക്കറ്റ്) രൂപേണെയുള്ള 29 ദാരു ശിൽപങ്ങളും, ഒപ്പമുള്ള മറ്റു കലാ സൃഷ്ടികളും ചരിത്രപ്രാധാന്യമുള്ള പുരാവസ്തുശാസ്ത്ര കലാരൂപങ്ങ ളായി കണക്കാക്കപ്പെടുന്നു. മേൽ ക്കൂരയുടെ കഴുക്കോലുകളെയും





തുലാങ്ങളെയും താങ്ങിനിർത്തുന്നതു പോലെ ചെരിച്ചു ഘടിപ്പിച്ചിട്ടുള്ള മരത്തിന്റെ താങ്ങുപടികളിൽ കാണുന്നത് ഹൃദയഹാരികളായ കൊച്ചു ശിൽപങ്ങളാണ്. അടക ഒരിക്കൽ പുതുക്കിപ്പണിഞ്ഞ ഈ ചെറുപ്രതിമകളിൽ വേദപുരാണേതിഹാസങ്ങളെല്ലാം വായിച്ചെടുക്കാം! ഏറെ കമനീയമായ ഈ ദാരുശിൽപങ്ങളിൽ ദക്ഷിണാമൂർത്തി, ബ്രഹ്മാവ്, ഇന്ദ്രൻ, അഗസ്ത്യമുനി, നരസിംഹം, വാമനൻ, ചതുർഭുജ ശിവൻ, കിരാത രൂപനായ ശിവൻ, അർജുനന് പാശുപതാസ്ത്രം നൽകുന്ന ശിവൻ, വിഷ്ണു, അർജുനന്റെ പശ്ചാത്താപം മുതൽ സീതാദേവിയെ അപഹരിച്ചു ലങ്കയിലേയ്ക്കു കൊണ്ടുപോകുന്ന രാവണൻ വരെയുണ്ട്!

**മൂന്നു ചെറുക്ഷേത്രങ്ങൾ**

വടക്കു ഭാഗത്തു ദേവസ്വം കാര്യാലയം പ്രവർത്തിക്കുന്ന കെട്ടിടവും, എതിർവശത്തു അടുത്തടുത്തു നിലകൊള്ളുന്ന മൂന്നു കൊച്ചു ക്ഷേത്രങ്ങളും ഭക്തരെ ആകർഷിച്ചില്ലെങ്കിലേ അതിശയമുള്ളൂ! പ്രഭാസത്യക സമേതനായ ധർമശാസ്താവ് തെക്കും, ഭദ്രാവിധാനത്തിലുള്ള ഭഗവതി വടക്കും, ശ്രീ അയ്യപ്പൻ മധ്യത്തിലും നിറഞ്ഞുനിന്നു ഈ മൂന്നു ചെറുക്ഷേത്രങ്ങൾക്കു ചേതനയേകുന്നു.

**പ്രത്യേക ദിവസങ്ങളിൽ പരശ്ശതം പിച്ചള വിളക്കുകൾ ഒരുമിച്ചു പ്രകാശിപ്പിക്കുമ്പോൾ ക്ഷേത്രത്തിന്റെ മധ്യഹാരം അതിശയിപ്പിക്കും വിധം അലംകൃതമാകുന്നു. മുഖമണ്ഡപവും സോപാനവും കഴിഞ്ഞാൽ ഐശ്വര്യത്തോടെ ശ്രീകോവിൽ!**



**ഇലച്ചാർത്തോടെ അശോകം**

പ്രധാന പ്രവേശന കവാടമായ പടിഞ്ഞാറേ ഗോപുരത്തിനു തൊട്ടുമുമ്പിൽ ഇലച്ചാർത്തോടെ തഴച്ചു വളർന്നു നിൽക്കുന്ന അശോകം, ലങ്കാധിപതി രാവണൻ സീതാദേവിയെ അപഹരിച്ചുകൊണ്ടുപോയി ഇരുത്തിയ പുണ്യവൃക്ഷത്തിന്റെ സ്മരണകളിലേയ്ക്കു ക്ഷേത്രസന്ദർശകരെ പതുക്കെ എത്തിക്കുന്നുണ്ട്.

**പൊതു വേദി**

ക്ഷേത്രത്തിനും ദേവസ്വം കാര്യാലയത്തിനുമിടയിൽ നിർമിച്ചിരിക്കുന്ന പൊതു വേദിയിലാണു ക്ഷേത്രകലകളും, മറ്റു കലാപരിപാടികളും അരങ്ങേറുന്നത്. അംഗുലിയാങ്കം കൂത്തു മാത്രമാണ് ക്ഷേത്രത്തിനകത്തുള്ള കൂത്തമ്പലത്തിൽ സാക്ഷാൽക്കരിക്കപ്പെടുന്നത്. കൂടിയാട്ട കലാകാരികൾ അറിഞ്ഞിരിക്കേണ്ടതായ അംഗുലിയാങ്കം അക്കാഡമിക് പരിവേഷം അധികമുള്ള അവതരണങ്ങളിലൊന്നാണ്.

**തീർത്ഥക്കുളം**

ഉയർത്തിക്കെട്ടിയ ഭീമൻ അതിർത്തിമതിൽക്കെട്ടും, ദീർഘചതുരാകൃതിയിലുള്ള വിശാലമായ ക്ഷേത്രക്കുളവും കടവല്ലൂർ അമ്പലത്തിന്റെ ബാഹ്യ രമണീയത വർധിപ്പിക്കുന്നു. തീർത്ഥക്കുളമെന്ന് അറിയപ്പെട്ടിരുന്ന തടാക സമാനമായ ജലശേഖരം സന്ധ്യാവന്ദനത്തിനു

**ശിലയിൽ ചേലൊത്തു തീർത്ത, 169 സെന്റീമീറ്റർ പൊക്കമുള്ള രാമവിഗ്രഹത്തിനു ടിപ്പുവിന്റെ പട്ടാളക്കാർ അൽപം നാശം വരുത്തി. മൈസൂരിൽ നിന്നെത്തിയവരുടെ ആക്രമണത്തിൽ അമ്പലത്തിന്റെ ധ്വജം പൂർണമായും നശിപ്പിക്കപ്പെട്ടു.**



തയ്യാറെടുക്കുന്ന ഋഷിമാർ ഉപയോഗിച്ചിരുന്നതായി രേഖകളിൽ കാണുന്നു.

**കടവല്ലൂർ അന്യോന്യം**

അന്യോന്യം അരങ്ങേറുന്ന ക്ഷേത്രമെന്നു ഭാരതമാകെ അറിയപ്പെടുന്നതാണ് ഒരു പക്ഷേ കടവല്ലൂരിന്റെ ഏറ്റവും മഹനീയമായ വിശേഷണം. എക്കാലത്തും ഈ ചെറുപട്ടണം രാജ്യത്തെ ഒരു പ്രധാന വിദ്യാഭ്യാസ കേന്ദ്രമായി അറിയപ്പെട്ടു. ഋഗ്വേദത്തിലെ 10,472 ശ്ലോകങ്ങൾ മനഃപാഠമാക്കി, ചൊല്ലി കേൾപ്പിക്കുന്നതിലുള്ള ബുദ്ധിയും കഴിവും പാണ്ഡിത്വവും പരിശോധിക്കുന്നതാണ് പ്രാഥമികമായി അന്യോന്യമെന്ന മത്സരം. ഋഗ്വേദത്തിലെ ഏതെങ്കിലും ഭാഗത്തെ ചില ശ്ലോകങ്ങളായിരിക്കും ഒരു സമയത്തു തിരഞ്ഞെടുത്തു ചോദിച്ചു, പങ്കെടുക്കുന്നവരെ പരീക്ഷയ്ക്കു വിധേയമാക്കുന്നത്. യാദൃച്ഛികവും ക്രമരഹിതവുമായി തിരഞ്ഞെടുത്ത ഒരു ഭാഗം യാതൊരു പിഴവുമില്ലാതെ, ശരിയായ സ്വരഭേദത്തിലും, സ്വാഭാവികമായ ആരോഹണ, അവരോഹണ, ഈണ ക്രമത്തിലും ചൊല്ലണം. തൃശ്ശൂർ, തിരുന്നാവായ ബ്രഹ്മസ്വം മഠങ്ങളിലെ അദ്ധ്യാതാക്കൾ തമ്മിലുള്ള ഒരു മത്സരമായാണ് അന്യോനം ചിട്ടപ്പെടുത്തിയിരിക്കുന്നത്. 'പലക കിട്ടൽ', 'വാരമിരിയ്ക്കൽ', 'ജത', 'രഥ', 'മുമ്പിരിക്കൽ', 'കടന്നിരിക്കൽ' മുതലായ നിരവധി പരീക്ഷാ ഘട്ടങ്ങളിലൂടെ പടിപടിയായി വിജയം നേടിയതിനു ശേഷം മാത്രമേ മത്സരിക്കുന്നൊരാൾ അന്തിമമായ 'വലിയ കടന്നിരിക്കൽ' സ്ഥാനത്തെത്തുകയുള്ളൂ! വർഷം തോറും നടത്തിവരുന്ന ഋഗ്വേദ സംവാദം വൃശ്ചികം ഒന്നാം തീയതി മുതലുള്ള രണ്ടാഴ്ചകളിലാണ് അരങ്ങേറുന്നത്.

ഏകാദശി, അമാവാസി ദിനങ്ങളിൽ ആന്യോന്യം കൂടാറില്ല. ആരോഗ്യകരവും ക്രിയാത്മകവുമായ മത്സര മനോഭാവം വളർത്തിയെടുക്കുന്ന ബൗദ്ധിക വ്യവഹാരമായതിനാൽ, തൃശ്ശൂരിലെയും തിരുനാവായയിലെയും ബ്രഹ്മസ്വം മഠങ്ങളിലെ വേദപണ്ഡിതർക്കുള്ള അവസാന പരീക്ഷയുമാണ് കടവല്ലൂർ അന്യോന്യം. ക്ഷേത്ര നടത്തിപ്പിനെക്കുറിച്ചു രണ്ടു വിഭാഗങ്ങൾ തമ്മിൽ 1920-ൽ ഉണ്ടായ ചില അഭിപ്രായ വ്യത്യാസങ്ങളെത്തുടർന്നു, ഭരണ നിർവഹണം കൊച്ചി രാജാവ് ഏറ്റെടുത്തു. 1949-ൽ കടവല്ലൂർ ശ്രീരാമക്ഷേത്രം കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലുമായി. 1949 മുതൽ 1988 വരെയുള്ള നീണ്ട കാലയളവിൽ അരങ്ങേറാതെപോയ അന്യോന്യം 1989-ൽ പുനഃസ്ഥാപിച്ചു. മുൻ കാലങ്ങളിൽ ഋഗ്വേദത്തിന്റെ മുഴുവൻ ശ്ലോകങ്ങളും ചൊല്ലിപ്പിച്ചു നടത്തിയിരുന്ന പരീക്ഷയ്ക്കു പകരം, തിരഞ്ഞെടുത്ത ഒരു ഭാഗം മാത്രം ഉപയോഗിച്ചു പഠിതാക്കളെ പരിശോധിക്കുന്ന ലാളിത്യവൽക്കരണവും അന്യോനം പുനഃരാരംഭിച്ചപ്പോൾ പ്രാവർത്തികമാക്കി.





# Save $ 894.* Combine Home & Auto.

**Michael Tharian**
**Agent**
1855 Victory Blvd
Staten Island, NY 10314
**Toll Free: 888-644-7222**

Save money and time when you combine your home and auto insurance. Just another way I'm her to help life go right. **CALL ME TODAY**

**We Serve These States NY, NJ, PA, & CT.**

**We Provide Auto, Home & Life Insurance**

State Farm®

*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm

State Farm Mutual Automobile Insurance Company State Farm Indemnity Company, State Farm Fire and Casualty Company State Farm General Insurance Company

1601489 Bloomington, IL



◉ അനു ചന്ദ്ര

# അരപ്പട്ട കെട്ടിയ ആണുങ്ങൾ



1

രമേശ് ബാബുവിന്റെ ക്ലാസ്സി ലുക്ക് പാന്റിനെയും ഷർട്ടിനെയും ചേർത്ത്  ബന്ധിപ്പിച്ച ലെദർ ബെൽറ്റ് കണ്ടപ്പോൾ ലാമ്യയുടെ മനസ്സിലേക്കാദ്യം കയറി വന്ന പേര്, അതാണ് ' അരപ്പട്ട കെട്ടിയ ആണുങ്ങൾ.'

'ഞാൻ രമേശ് ബാബു. അസോസിയേറ്റ് ഡയറക്ടറാണ്.. വിജയൻ സാറിന്റെ വലിയൊരു ആരാധകനും .'

കാഴ്ചയിൽ ഏകദേശം നാൽപത്തിയൊൻപത് വയസ്സ് പ്രായം തോന്നിക്കുന്ന അയാൾ ലാമ്യക്ക് മുൻപിൽ സ്വയം പരിചയപ്പെടുത്തിയതങ്ങനെയായിരുന്നു. ആ നിമിഷത്തിലവളുടെ ശ്രദ്ധ പോയതത് മുഖത്തേക്കല്ലായിരുന്നു. മറിച്, വെളിയിലോട്ട് കാണും വിധത്തിലയാൾ അരയിൽ ചുറ്റി വരിഞ്ഞിരുന്ന എക്സോട്ടിക്ക് ബെൽറ്റിലേക്കായിരുന്നു . അതിന്റെ മധ്യത്തിലായി സിൽവർ നിറത്തിലെ വൃത്തത്തിനുള്ളിലെ  സിംഹമുഖത്തിലേക്കായിരുന്നു. ആ സിംഹമുഖത്തിന് കറുപ്പ് നിറമായിരുന്നു. അങ്ങനെയൊരു ബെൽറ്റ് അവളാദ്യമായി കാണുകയായിരുന്നു.

അതവളെ പ്രത്യേകം ആകർഷിച്ചു. അത് അത്യപൂർവ്വമായൊരു സംഗതിയാണെന്നവൾക്ക് തോന്നി.

തൊട്ട് മുൻപിലിരിക്കുന്ന ഗാനരചയിതാവ് കെ. ആർ വിജയന്റെ മെലിഞ്ഞുണങ്ങിയ കൈവിരലുകളിൽ തൊട്ടുവണങ്ങി

'ദൈവം അനുഗ്രഹിച്ച വിരലുകള്'എന്നും പറഞ്ഞ് രമേഷ് ബാബു വിനയം പ്രകടമാക്കി. കെ ആർ വിജയനാ വാക്കുകളിൽ പ്രത്യേകിച്ചെന്തെങ്കിലും തോന്നിയോ എന്ന് ലാമ്യ ചിന്തിച്ചില്ല. അവൾക്ക് സന്തോഷം തോന്നി. അത്രമാത്രം. ഫാഷൻ പീസായി അരയിലൊരു സിംഹത്തെ ചുറ്റി നടക്കുന്നെങ്കിലും മുൻപിലിരിക്കുന്ന മനുഷ്യനെത്രമാത്രം കുലീനനും മാന്യനുമാണെന്ന് ലാമ്യയപ്പോൾ ചിന്തിച്ചു. അയാൾക്കുവേണ്ടി ചായയെടുക്കാൻ ലാമ്യ അടുക്കളയിലേക്ക് പോയി. അടുക്കളയിൽ  ചായ തയ്യാറാക്കുന്ന അതേ വേളയിലാണ് പൂക്കാത്ത വസന്തം എന്ന പഴയകാല സിനിമയിലെ പ്രിയസഖി പ്രണയദേവതേ..

പ്രിയസഖി പ്രണയദേവതേ..
നിൻ ചൊടിയിൽ വിടരും
മന്ദഹാസ മലർ

വര :
മറിയം ജാസ്മിൻ




നിൻ ചൊടിയിൽ വിടരും മന്ദഹാസ മലർ..

കാണുമ്പോൾ എൻ മനം കുളിരണിയുന്നു...

എന്ന ഗാനം രമേഷ് ബാബുവിന്റെ മനോഹരമായ ശബ്ദത്തിൽ അവൾ കേട്ടത്. കെ ആർ വിജയൻ മലയാള സിനിമയ്ക്ക് വേണ്ടി നൽകിയ തന്റെ ആദ്യത്തെ വരികൾ. 1984ലെ യുവത്വത്തെ കുളിരണിയിപ്പിച്ച മനോഹരമായ ഗാനം. കെ. ആർ വിജയൻ എന്ന സംഗീത രചയിതാവിന്റെ മൈൽസ്റ്റോൺ തുടങ്ങുന്നത് തന്നെ ആ ഒരൊറ്റ വർക്കിലൂടെയാണ്. ആദ്യത്തെ വർക്കിലൂടെ. അതിൽപ്പിന്നെ കണക്കില്ലാത്ത സിനിമകൾക്കത്രയും പാട്ടെഴുതി. സംസ്ഥാന പുരസ്കാരം, ഫിലിം ക്രിട്ടിക്ക്, ദേശീയ പുരസ്കാരം തുടങ്ങി നിരവധി പുരസ്കാരങ്ങൾ നേടി. എവർഗ്രീൻ ഹിറ്റുകളിൽ എത്രയെത്രയോ വരികൾ ഇടം നേടി. പറഞ്ഞിട്ടെന്താണ് കാര്യം. ഇന്നിപ്പോൾ ഓസ്റ്റിയോസർ കോമയുടെ അർബുദ കോശങ്ങൾ കെ ആർ വിജയന്റെ ശരീരം മുഴുവൻ വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. പ്രണയത്തെക്കുറിച്ച് വർണ്ണിച്ച , കാത്തിരിപ്പിനെ കുറിച്ച് എഴുതിയ, നഷ്ടങ്ങളെ അടയാളപ്പെടുത്തിയ - പിന്നെയും അനേകമനേകം അവസ്ഥകളെ ഓർമ്മിപ്പിച്ച അയാളുടെയാ പഴയ വരികൾക്ക് മാറ്റമൊന്നും സംഭവിച്ചില്ലെങ്കിലും അയാളിൽ വലിയ വലിയ മാറ്റങ്ങൾ സംഭവിച്ചു. കഴിഞ്ഞ മൂന്ന് വർഷമായി വരികൾ എഴുതാനുള്ള അവസരങ്ങൾ വിജയനെ തേടി വരാതായി. കാതിന് വിരുന്നായി പോലും അയാളുടെ വരികളെ ആരും ചോദിക്കാതായി. ആരോഗ്യം നഷ്ടപ്പെട്ട വിജയനിൽ പ്രതീക്ഷ നഷ്ടപ്പെട്ടിട്ടായിരിക്കും, ഒരാൾ പോലും തിരഞ്ഞു വന്നില്ല. എന്തിനേറെ? മകൾ ലാമ്യക്ക് സാമ്പത്തികമായി പിന്തുണ നൽകാനും വിജയന് കഴിഞ്ഞില്ല. ഭാര്യ സവിധ ഏഴുവർഷം മുൻപാണ് മരണപ്പെട്ടത്. ആക്സിഡന്റിൽ. വിജയനും

മകളും മാത്രമുള്ള കുടുംബമിപ്പോൾ പിടിച്ചു നിൽക്കുന്നത് തന്നെ പാരമ്പര്യമായുള്ള ഭൂസ്വത്തിന്റെയും പിന്നെ വേണ്ടപ്പെട്ട ചില സുഹൃത്തുക്കളുടെയും പിന്തുണ ഒന്നുകൊണ്ട് മാത്രമാണ് . ഉള്ളത് പറഞ്ഞാൽ ലോകം വിജയന്റെ പഴയ വരികളിലിന്നും ഉന്മാദം കണ്ടെത്തുമ്പോഴും വിജയനിതാവിഷാദത്തിന്റെ പടുകുഴിയിലാണ്.

പ്രിയസഖി പ്രണയദേവതേ..

പ്രിയസഖി പ്രണയദേവതേ..

രമേഷ് ബാബു പാട്ട് അവസാനിക്കുന്നിടത്തേക്കാണ് ലാമ്യ ഒരു കപ്പ് ചായയുമായി അയാൾക്ക് മുമ്പിൽ വരുന്നത്. ചായ വാങ്ങുന്നതിനിടയിൽ

' മോൾ പഠിക്കുവാണോ? ' – എന്നയാൾ ചോദിച്ചു

' ഡിഗ്രി കഴിയാറായി '

' ഇനിയെന്താ പ്ലാൻ? '

' അവൾക്ക് സിനിമയിൽ അസിസ്റ്റന്റ് ചെയ്താൽ കൊള്ളാമെന്നുണ്ട്. ഡയറക്ടറാവണമെന്ന ആഗ്രഹം' – കെ ആർ വിജയനാണ് മറുപടി നൽകിയത്.

'ശ്രമിച്ചില്ലേ?'

'ഞാനിപ്പോ ഈ അവസ്ഥയിലാ. അതിന്റെടേല് ഇവള്ടെ കാര്യം കൂടി പറഞ്ഞു പോയ ആരും ഗൗനിച്ചെന്ന് വരില്ല. സിനിമയില്ലാത്ത സിനിമക്കാരന് ഇൻഡസ്ട്രിയിൽ തുച്ഛവില പോലുമില്ലെന്ന് രമേശിനും അറിയാലോ?'

വിജയന്റെയാ വാക്കുകൾ രമേശ് ബാബു ശ്രദ്ധിച്ചുവോ എന്നത് ലാമ്യ ചിന്തിച്ചില്ല. അവളകത്തേക്ക് നടന്നു. മുറിയിലെ ദിവാൻ കോട്ടിൽ വായിച്ചു പകുതിയാക്കി വെച്ച എം ടിയുടെ മഞ്ഞ് കയ്യിലെടുത്തു തുടർ വരികൾ വായിക്കുന്നതിനിടയിൽ പശ്ചാത്തലത്തിൽ രമേഷ് ബാബുവിന്റെയും കെ ആർ വിജയന്റെയും സംഭാഷണങ്ങൾ കടന്ന് കയറി

' ഇന്റഡസ്ട്രിയ്ക്ക് സാറിനെ വിലയുണ്ടോ എന്നെനിക്കറിയില്ല. പക്ഷേ എനിക്കുണ്ട് സാറേ. അതുകൊണ്ടെന്റെ ആദ്യ സിനിമക്ക് വിജയൻ സാറ് വരികളെഴുതിയെ

**ആ നിമിഷത്തിലവളുടെ ശ്രദ്ധ പോയതത് മുഖത്തേക്കല്ലായിരുന്നു. മറിച്, വെളിയിലോട്ട് കാണും വിധത്തിലയാൾ അരയിൽ ചുറ്റി വരിഞ്ഞിരുന്ന എക്സോട്ടിക്ക് ബെൽറ്റിലേക്കായിരുന്നു യിരുന്നു. അതിന്റ മധ്യത്തിലായി സിൽവർ നിറത്തിലെ വൃത്തത്തിനുള്ളിലെ സിംഹമുഖത്തിലേക്കായിരുന്നു. ആ സിംഹ മുഖത്തിന് കറുപ്പ് നിറമായിരുന്നു. അങ്ങനെയൊരു ബെൽറ്റ് അവളാദ്യമായി കാണുകയായിരുന്നു.**

മതിയാകൂ..ഓപ്പണിങ് ഷോട്ട് തന്നെ സാറിന്റെ വരികളിൽ നിന്ന് ആ ഗാനത്തിൽ നിന്ന് വേണം തുടങ്ങാൻ '

ക്ലാസ്സിക്ക് ലെജൻഡ് കെ ആർ വിജയന്റെ കടുത്ത ആരാധകനായ രമേശ് ബാബു നിർബന്ധിത സ്വരത്തിൽ ആവശ്യം പറഞ്ഞുവച്ചു. വാസ്തവത്തിൽ വിജയനതുണ്ടാക്കിയ അഹ്ലാദം വലുതായിരുന്നു. ലാമ്യക്കും. മൂന്നു വർഷങ്ങൾക്ക് ശേഷമാണ് ഒരാൾ ഇങ്ങനെയൊരു ആവശ്യം മുന്നോട്ടുവയ്ക്കുന്നത്. മൂന്നു വർഷങ്ങൾക്കുശേഷമാണ് മലയാള സിനിമയിൽ വീണ്ടുമൊരു ഗാനം എഴുതാനുള്ള അവസരം കെ ആർ വിജയന് ലഭിക്കുന്നത്. അച്ഛന് വീണ്ടും കരിയർ തിരിച്ചു കിട്ടുന്നു – ലാമ്യക്ക് സന്തോഷം അധികമായി. അടുത്ത വരവിലയാൾ അഡ്വാൻസ് നൽകും. കെ ആർ വിജയനാ അഡ്വാൻസ് കൈപ്പറ്റും. അതോടെ രമേഷ് ബാബു ആദ്യ സിനിമയുടെ പുറകെ പോകും. നവാഗതനായി രമേഷ് ബാബു സിനിമയിൽ അരങ്ങേറ്റം കുറിക്കുമ്പോൾ കെ ആർ വിജയന് എഴുത്തിന്റെ വഴിയിൽ ഒരു തിരിച്ചുവരവ് ലഭിക്കും. അതായിരുന്നു അന്തിമ തീരുമാനമെന്നും അതാണ് സംഭവിക്കാൻ പോകുന്നതെന്നും മനസ്സിലാക്കിയപ്പോൾ ലാമ്യക്ക് സന്തോഷം അടക്കാനായില്ല . കനത്തൊരു രോഗം പിടിപെട്ടാൽ പിന്നെ മനുഷ്യരെല്ലാം സെൻസിറ്റീവാവും. കെ ആർ വിജയനെ പോലെ. സെൻസിറ്റീവായ മനുഷ്യർക്ക് അമിതമായി സന്തോഷിക്കാനും ആഹ്ലാദം പ്രകടിപ്പിക്കാനും പ്രത്യേകമായി സാധിക്കും. മൂന്നോനാലോ വയസ്സുള്ള ഒരു കൊച്ചു കുട്ടിയെ പോലെ. രമേഷ് ബാബുവുമായുള്ള കെ ആർ വിജയന്റെ തുടർന്നുള്ള സംഭാഷണങ്ങളിൽ നിന്നും ആ സന്തോഷവും ആഹ്ലാദവും ലാമ്യ പ്രത്യേകം പിടിച്ചെടുത്തു. ജീവിതം തിരികെപ്പിടിക്കാൻ പോകുന്ന ഒരു മനുഷ്യന്റെ ആഹ്ലാദമായിരുന്നു അയാൾക്കപ്പോൾ. അയാളപ്പോൾ തന്റെ അച്ഛനല്ലെന്നും വെറും മൂന്നോ നാലോ വയസ്സ് മാത്രം പ്രായമുള്ളൊരു കൊച്ചു കുഞ്ഞാണെന്നും അവൾക്ക് തോന്നി. അവൾക്കവളുടെ അച്ഛനോട് വല്ലാത്തൊരു വാത്സല്യം അനുഭവപ്പെട്ടു.

പോക്കുവെയിൽ വീണു തുടങ്ങിയപ്പോഴേക്കും രമേശ് ബാബു വീട്ടിൽ നിന്നിറങ്ങി. മുറ്റത്ത് നിർത്തിയിട്ട ഇന്നോവ കാറിലേക്ക് കയറുന്നതിനിടയിൽ അയാൾ ലാമ്യക്കും കെ ആർ വിജയനും പ്രതീക്ഷ നൽകും മട്ടിൽ പറഞ്ഞു

' വിജയേട്ടന്റെ മോളെന്നാൽ എനിക്കെന്റെ ഗുരുവിന്റെ മോളെന്ന അർത്ഥം. നല്ലൊരു അവസരം വരട്ടെ.. കുട്ടിക്ക് അസിസ്റ്റ് ചെയ്യാനുള്ള വർക്ക് ഞാൻ തരാം.. അതിലെനിക്കൊരു ബുദ്ധിമുട്ടുമില്ല...അല്ലെ വിജയേട്ടാ '

കെ ആർ വിജയൻ നിഷ്കളങ്കമായി പുഞ്ചിരിച്ചു. അയാൾക്ക് സമാധാനം തോന്നി. ആഹ്ലാദവും. തന്റെ മുൻപിൽ നിൽക്കുന്ന മാന്യനായ ആ വ്യക്തിയോട് ലാമ്യ സന്തോഷം പ്രകടമാക്കി പുഞ്ചിരിച്ചു. എങ്കിലും അപ്പോഴത്തെ അവളുടെ താൽക്കാലിക ശ്രദ്ധ അയാളുടെ അരപ്പട്ടയിൽ കൊളുത്തി. പോക്കുവെയിലിന്റെ തിളക്കത്തിൽ അയാളുടെ അരപ്പട്ടയിലെ സിംഹം തിളങ്ങുന്നുവെന്നവൾ തിരിച്ചറിഞ്ഞു . ഇന്നോവ കാറിനുള്ളിൽ കയറി മുറ്റത്ത് നിന്നും റോഡിലേക്ക് വണ്ടി തിരിക്കുന്നതിനിടയിലും പ്രത്യക്ഷത്തിൽ കാണുന്ന രമേഷ് ബാബുവിന്റെ മുഖം അവൾ ശ്രദ്ധിച്ചില്ല.അപ്പോഴും അവളുടെ

ഓർമ്മയിൽ അയാളുടെ അരപ്പട്ടയിലെ സിംഹം തിളങ്ങുകയായിരുന്നു. ഒരു പ്രതീക്ഷയുടെ സൂചകം പോലെ.

## 2

പുലകുളിക്കും മുൻപേയായി, കെ. ആർ വിജയന്റെ മരണം കഴിഞ്ഞുള്ള വെറും തൊട്ടടുത്ത മൂന്നാം നാളിലാണ് രമേഷ് ബാബുവും സുഹൃത്തായ എഡിറ്റർ രവീന്ദ്രനും പിന്നെയുമാ വീട് കയറി ചെല്ലുന്നത്. പരേത വ്യക്തിക്ക് വേണ്ടി അശുദ്ധി ആചരിക്കുന്ന വിജയന്റെ പെങ്ങന്മാരും മകൾ ലാമ്യയുമിരിക്കുന്ന മുറിയിലേക്ക് കയറി വന്ന രമേഷ് ബാബുവും എഡിറ്റർ രവീന്ദ്രനും, നല്ല വരികളുടെ വസന്ത കാലം സമ്മാനിച്ച മഹാനായ ആ എഴുത്തുകാരന്റെ വിയോഗത്തിൽ ഖേദം പ്രകടിപ്പിച്ചു. ഒപ്പം തങ്ങളുടെ കൂട്ടുകെട്ടിൽ നടക്കാതെ പോയ വർക്കിനെ കുറിച്ചോർത്തു നെടുവീർപ്പിട്ടു. അച്ഛന്റെ മരണശേഷമുള്ള കഴിഞ്ഞ മൂന്ന് ദിവസങ്ങളിലായി വന്നവരും പോയവരുമായ ബന്ധുകളിലും സിനിമക്കാരിലും ആരാധകരിലും പത്രക്കാരിലും എല്ലാം ലാമ്യ തുടർച്ചയായി കണ്ടത് ഇതിന് സമാനമായ ചില ഭാവങ്ങൾ തന്നെയായിരുന്നു. അതുകൊണ്ടവൾക്കതിൽ പ്രത്യേകിച്ചൊന്നും തോന്നിയില്ല. കെ ആർ വിജയന്റെ മരണം കൊണ്ട് തീർത്താൽ തീരാത്ത നഷ്ടമുണ്ടായിരിക്കുന്നത് ലാമ്യക്ക് മാത്രമാണ്. അതിനപ്പുറമുള്ള നഷ്ടമൊന്നും ഈ വരുന്നവർക്കും പോകുന്നവർക്കും സംഭവിച്ചിട്ടില്ല എന്നത് അവൾക്ക് നന്നായി അറിയാം. അവനോന്റെ എന്ന് പറഞ്ഞു ചേർത്ത് പിടിക്കാൻ ഇനി അവൾക്ക് ആരുമില്ല. സ്വന്തം വീടിനുള്ളിൽ സ്വന്തം രക്തമെന്ന് പറയാൻ ഇനി അവൾക്ക് ആരുമില്ല. താങ്ങും തണലും കൂട്ടുമെല്ലാം നഷ്ടമായി. ആ നഷ്ടത്തോളമൊന്നും വലിയ നഷ്ടം മുമ്പിൽ വന്നിരിക്കുന്ന ഒരാൾക്കും കെ ആർ വിജയന്റെ വിയോഗം ഉണ്ടാക്കി വെച്ചിട്ടില്ല എന്ന നല്ല ബോധ്യം അവൾക്കുണ്ട്.

അതുകൊണ്ടുതന്നെ താൽക്കാലികമായ ഒരു സഹതാപ പ്രകടനത്തിലും അവൾക്കൊന്നും തോന്നില്ല. എന്നാൽ തൊട്ടു മുൻപിലിരിക്കുന്ന രമേഷ് ബാബുവിന്റെ കാര്യത്തിൽ പിന്നെയും അല്പമെങ്കിലും വ്യത്യസ്തമായി ലാമ്യക്ക് തോന്നിയത്, ആദ്യക്കാഴ്ചയിൽ നിന്നും വിഭിന്നമായുള്ള രമേഷ് ബാബുവിന്റെ വസ്ത്രധാരണം മാത്രമാണ്. മരണവീടായത് കാരണമായിരിക്കാം സന്ദർഭോചിതമായി ടക്ക് ചെയ്യാതെ അലസമായി പുറത്തോട്ടിട്ട ഷർട്ടും അയഞ്ഞൊരു പാന്റുമായിരുന്നു അയാളുടെ വേഷം. എക്സോട്ടിക്ക് ബെൽറ്റിന്റെ

ചിന്തിച്ചു.

' ഒരു കണക്കിന് നിങ്ങൾ ചെയ്തത് വലിയൊരു ഉപകാരമാണ് ' – അവൾ പറഞ്ഞു.

കാര്യം മനസ്സിലാക്കാതെ അയാൾ മുഖത്തേക്ക് നോക്കി.

' നിങ്ങൾ പോയതിൽ പിന്നെ അച്ഛൻ വളരെയധികം ഹാപ്പിയായിരുന്നു. രോഗം വന്നതിൽ പിന്നെ അച്ഛനെ ഞാനിങ്ങനെ കണ്ടിട്ടേയില്ല. മരിക്കുമ്പോൾ പോലും എഴുത്തുപേന കയ്യിൽ വച്ച് മരിക്കണമെന്നായിരുന്നു അച്ഛന്റെ ആഗ്രഹം. അതിനു കഴിഞ്ഞില്ലെങ്കിലും ഇനിയും വരികളെഴുതാനുള്ള അവസരം നൽകാമെന്നുള്ള പ്രതീക്ഷ നിങ്ങ

**പ്രണയത്തെക്കുറിച്ച് വർണ്ണിച്ച , കാത്തിരിപ്പിനെ കുറിച്ച് എഴുതിയ, നഷ്ടങ്ങളെ അടയാളപ്പെടുത്തിയ – പിന്നെയും അനേകമനേകം അവസ്ഥകളെ ഓർമ്മിപ്പിച്ച അയാളുടെയാ പഴയ വരികൾക്ക് മാറ്റമൊന്നും സംഭവിച്ചില്ലെങ്കിലും അയാളിൽ വലിയ വലിയ മാറ്റങ്ങൾ സംഭവിച്ചു. കഴിഞ്ഞ മൂന്ന് വർഷമായി വരികൾ എഴുതാനുള്ള അവസരങ്ങൾ വിജയനെ തേടി വരാതായി. കാതിന് വിരുന്നായി പോലും അയാളുടെ വരികളെ ആരും ചോദിക്കാതായി.**

മധ്യത്തിലായി സിൽവർ നിറത്തിലെ വൃത്തവും അതിനു മധ്യത്തിലെ കറുപ്പ് നിറത്തിലുള്ള സിംഹമുഖവും അവളുടെ ഓർമ്മയിൽ വന്നെങ്കിലും രമേഷ് ബാബുവിന്റെ പ്രത്യക്ഷ രൂപത്തിൽ അതൊന്നും കാണാനായില്ല. പുറത്തോട്ടഴിച്ചിട്ട ഷർട്ടിനുള്ളിൽ ഒളിഞ്ഞിരിക്കുന്നതാകാം. പിന്നെ അത്തരം ചിന്തകളൊക്കെ ഈ നിമിഷത്തിൽ അരോചകമാണെന്നവൾക്ക് സ്വയം തോന്നിയതിനാലാകാം അവൾ മനസ്സിനെ വഴി തിരിച്ചു വിട്ടു. അവൾക്ക് അയാളോട് ഒന്നും പറയാൻ തോന്നിയില്ല. അയാൾക്ക് അവളോടും. എന്നിട്ടും അടുത്ത 15 മിനിറ്റ് സമയത്തോളം അയാളും ഒപ്പം വന്നവനും വെറുതെയങ്ങനെ മിണ്ടാതിരുന്നു. അല്പം കഴിഞ്ഞപ്പോൾ അവൾക്ക് മൗനം ഭേദിക്കണമെന്ന് തോന്നി. അത് മര്യാദയാണെന്നും അയാളത് അർഹിക്കുന്നുണ്ടെന്നും അവൾ

ളെങ്കിലും അച്ഛന് കൊടുത്തല്ലോ. മരണംവരെയും ആ ഒരു പ്രതീക്ഷയുടെ സന്തോഷം അച്ഛനുണ്ടായിരുന്നല്ലോ.. താങ്ക്സ് '

നന്ദി പ്രകടനത്തോടെ അവൾ പൂർത്തീകരിച്ചു. അപ്പോൾ അവളുടെ കണ്ണുകൾ നിറഞ്ഞതായി അയാൾ ശ്രദ്ധിച്ചു. അയാൾക്കൊന്നും പറയാൻ തോന്നിയില്ല. ഒന്നും പറയാൻ കഴിഞ്ഞില്ല. ഒന്നോ രണ്ടോ മിനിറ്റ് കഴിഞ്ഞപ്പോൾ അയാൾ താനിരുന്നിരുന്ന കസേരയിൽ നിന്നെഴുന്നേറ്റു. എഡിറ്റർ രവീന്ദ്രനോടൊപ്പം മുറിവിട്ടിറങ്ങാൻ നേരം സഹതാപം വീണ കണ്ണുകളോടെ അയാൾ ലാമ്യയുടെ കണ്ണുകളിലേക്ക് നോക്കി പറഞ്ഞു

'ലാമ്യയുടെ അച്ഛനെ പോയിട്ടൊള്ളൂ. അച്ഛന് തുല്യരായ ഞങ്ങളൊക്കെ ഇവിടെയുണ്ട്. വിജയൻ സർ മകളെ സിനിമയിൽ സെയ്ഫായി നിർത്താൻ ആഗ്രഹിച്ചിട്ടു

ണ്ടെങ്കിൽ ഉറപ്പായും ഞങ്ങളതിന് കൂടെ നിക്കും. ഇന്നുമുതൽ ലാമ്യ എനിക്കെന്റെ ഗുരുവിന്റെ മകൾ മാത്രമല്ല. എന്റെ തന്നെ മകളാണ്. ലാമ്യ ആഗ്രഹിച്ച പോലെ ഇൻഡസ്ട്രിയിലെത്താൻ ലാമ്യയേ ഞാൻ സഹായിക്കും '

– അയാൾ ആത്മാർത്ഥ ഭാവത്തിൽ പറഞ്ഞു.

അവൾക്കതൊരു കൈത്താങ്ങായി. ജീവിതം ഇനിയെന്ത് എന്ന ചോദ്യത്തിനുള്ള ഉത്തരം പോലെ രമേഷ് ബാബു എന്ന വലിയൊരു മനുഷ്യൻ അവളുടെ സ്വപ്നത്തിന് തൊട്ടടുത്തായി നിൽക്കുന്നു. കടപ്പാടോടെ അവൾ അയാളുടെ കണ്ണുകളിലേക്ക് നോക്കി. അയാൾ വരികൾ ഒന്നുകൂടി ആവർത്തിച്ചു

' അച്ഛനെ പോലെയല്ല. അച്ഛൻ. അങ്ങനെ തന്നെ കണ്ടോളൂ '

കത്തിച്ചുവെച്ച നിലവിളിക്കിനെ സാക്ഷിയാക്കിയാണ് അയാളത് പറഞ്ഞത്. ആ നിലവിളക്കിലെ വെളിച്ചത്തിന് അച്ഛന്റെ ആത്മാവിനോളം ചൈതന്യമുണ്ടെന്നവൾ വിശ്വസിച്ചു. ആ ചൈതന്യത്തെ സാക്ഷിയാക്കി അയാളത് പറയുമ്പോൾ അതൊരു വെറും വാക്കല്ലെന്നവൾക്ക് തോന്നി. അതിലൊരു സത്യമുണ്ടെന്നവൾ വിശ്വസിച്ചു. കഴിഞ്ഞ മൂന്ന് ദിവസമായി, വന്നുപോയ ഒരാൾക്ക് പോലും തരാൻ കഴിയാത്തത്ര സുരക്ഷിതത്വം അവൾക്കപ്പോൾ അനുഭവപ്പെട്ടു. രമേഷ് ബാബുവിന്റെ കണ്ണുകളിലെ കരുണയും സ്നേഹവും ആർദ്രതയും അതിരു കവിഞ്ഞ ഉത്തരവാദിത്വവും അവളെ കീഴ്പെടുത്തി. ഒരു വാക്കു കൊണ്ടാണയാൾ അവളുടെ മനസ്സിൽ അച്ഛനോളം സമാനമായ സ്ഥാനം കണ്ടെത്തിയത്. വൈകാരികതയുടെ മുമ്പിൽ അവൾ മുട്ടുകുത്തി. ആ നിമിഷത്തിൽ തുടർന്നുള്ള സംവേദനം കൃത്യമായി നടത്താൻ അയാൾക്ക് കഴിഞ്ഞില്ല.അയാളുടെ തൊണ്ട കുഴി ഗദ്ഗദപ്പെടുന്നുവെന്ന് ഒറ്റനോട്ടത്തിൽ അവൾക്ക് തോന്നി. ഒന്നും പറയാനാകാതെ എഡിറ്റർ

**കെ ആർ വിജയന്റെ മരണം കൊണ്ട് തീർത്താൽ തീരാത്ത നഷ്ടമുണ്ടായിരിക്കുന്നത് ലാമ്യക്ക് മാത്രമാണ്. അതിനപ്പുറമുള്ള നഷ്ടമൊന്നും ഈ വരുന്നവർക്കും പോകുന്നവർക്കും സംഭവിച്ചിട്ടില്ല എന്നത് അവൾക്ക് നന്നായി അറിയാം. അവനോന്റെ എന്ന് പറഞ്ഞു ചേർത്ത് പിടിക്കാൻ ഇനി അവൾക്ക് ആരുമില്ല. സ്വന്തം വീടിനുള്ളിൽ സ്വന്തം രക്തമെന്ന് പറയാൻ ഇനി അവൾക്ക് ആരുമില്ല. താങ്ങും തണലും കൂട്ടുമെല്ലാം നഷ്ടമായി. ആ നഷ്ടത്തോളമൊന്നും വലിയ നഷ്ടം മുമ്പിൽ വന്നിരിക്കുന്ന ഒരാൾക്കും കെ ആർ വിജയന്റെ വിയോഗം ഉണ്ടാക്കി വെച്ചിട്ടില്ല**

രവീന്ദ്രനോടൊപ്പം രമേഷ് ബാബു മുറിയിൽ നിന്നും പൂർണമായും പുറത്തിറങ്ങി. തിരിയും വഴിയിക്കിടയിൽ തെന്നി മാറിയ ഷർട്ടിന്റെ വിടവിനുള്ളിലൂടെ ഒരു മിന്നായം പോലെ അയാളുടെ അരപ്പട്ടയിലെ സിംഹമുഖം അവളെ ഒളികണ്ണിട്ട് നോക്കി. അങ്ങനെ നോക്കുന്നതായി അവൾക്ക് തോന്നി. എന്തുകൊണ്ടോ? അപ്പോഴവൾക്ക് അതൊരു സിംഹമല്ല മറിച്ച് അതൊരു പൂച്ചക്കുഞ്ഞിന്റെ രൂപം മാത്രമാണെന്ന ചിന്ത വന്നു. മൃദുലമായ ഹൃദയമുള്ള ഒരു പൂച്ച കുഞ്ഞിന്റെ രൂപം.

## 3

*രചന സംവിധാനം* – **വരുൺ ദാസ്.**
*അഭിനയിക്കുന്നത്* – **മെഗാസ്റ്റാർ രജനീഷ് സത്യ**

രമേഷ് ബാബു ലാമ്യയെ വിളിച്ചു സിനിമയിലേക്ക് അസിസ്റ്റന്റ് ഡയറക്ടറാകാനുള്ള നല്ലൊരു ഓഫർ മുന്നോട്ടുവച്ചപ്പോൾ അവളാദ്യം ശ്രദ്ധിച്ച രണ്ടു പേരുകളാണ് വരുൺ ദാസും, രജനീഷ് സത്യയും. പേരെടുത്ത രണ്ടുപേരുള്ള സിനിമയിലേക്കാണ് അസിസ്റ്റന്റ് ഡയറക്ടറായി വർക്ക് ചെയ്യാൻ രമേഷ് ബാബു അവളെ വിളിച്ചത്. ഒരാൾക്ക് കൂടിയവിടെ സ്പെയ്സുണ്ടായിട്ടില്ല. കെ ആർ വിജയന്റെ മകൾക്ക് വേണ്ടി രമേഷ് ബാബുവത് പ്രത്യേകമായി ചോദിച്ചു വാങ്ങിയതാണ്. എന്തിനു വേണ്ടെന്നു പറയണം. കിട്ടിയത് നല്ലൊരു അവസരമാണ്. പോരാത്തതിന് രമേഷ് ബാബുവാണ് ആ സിനിമയുടെ അസോസിയേറ്റ് ഡയറക്ടർ. ഉള്ളത് പറഞ്ഞാൽ അത് അവൾക്കൊരു വലിയ ബലമാണ്. ഒരു അച്ഛന്റെ ഉത്തരവാദിത്വം അയാൾ തനിക്കുമേൽ സൂക്ഷിക്കുമെന്ന് അവൾക്കുറപ്പാണ്. കത്തുന്ന നിലവിളിക്കിനെ സാക്ഷിയാക്കി അയാൾ അവൾക്ക് നൽകിയ ഉറപ്പാണത്. അയാൾ മാന്യനാണ്. അന്ന് കണ്ടുപിരിഞ്ഞതിൽ പിന്നെ ഒരു ഫോൺവിളികൊണ്ടോ മെസ്സേജ് കൊണ്ടോ പോലും രമേഷ് ബാബു അവളെ അസ്വസ്ഥതപ്പെടുത്തിയിട്ടില്ല. പക്ഷേ കൃത്യമായ ഒരവസരം വന്നപ്പോൾ അയാൾ അവളെ ഓർത്തെടുത്തു. അവൾക്കുവേണ്ടി അവസരം ചോദിച്ചു വാങ്ങി. ഇല്ലാത്തൊരു സ്പേസിലേക്ക് അവൾക്ക് കൂടി കടന്നു കയറാനുള്ള ഗ്യാപ്പ് കണ്ടെത്തി. ഒപ്പം ചേരുവാനായി അവളെ വിളിച്ചു. അതായത് സ്നേഹവും ഉത്തരവാദിത്വവും അയാളുടെ ഹൃദയത്തിലുണ്ട്. അവസരം വരുമ്പോൾ അയാളത് പ്രകടിപ്പിക്കുന്നു. കെ ആർ വിജയന്റെ അക്ഷരങ്ങളോടുള്ള ആരാധനയാണ് അയാളെ അങ്ങനെയാക്കി മാറ്റിയതെന്നവൾ ചിന്തിച്ചു. സിനിമയിലെത്തണമെന്ന് ആഗ്രഹിച്ച താൻ, തന്റെ ആഗ്രഹം നടക്കണമെന്ന് പ്രാർത്ഥിച്ച അച്ഛൻ – രണ്ടുപേരുടെ സ്വപ്നത്തിനാണ് രമേഷ് ബാബു കൂട്ടുനിൽക്കുന്നത്. എല്ലാത്തിനും അയാൾ ഒരു നിമിത്തമാണ്. അവൾ അങ്ങനെ തന്നെ വിശ്വസിച്ചു. സന്തോഷത്തോടെ അവൾ വരാമെന്ന് ഏറ്റു. പ്രത്യേകിച്ചാരോടും അനുവാദം ചോദിക്കാനില്ലായിരുന്നു. അച്ഛന്റെ അടിയന്തരം കഴിഞ്ഞതിൽ പിന്നെ അവൾ അല്ലറ ചില്ലറ ഡിജി

റ്റൽ മാർക്കറ്റിംഗ് വർക്കുകളെല്ലാം ഫ്രീലാൻസായി ഏറ്റെടുത്താണ് സ്വയം ചിലവ് നോക്കുന്നത്. ഒപ്പം പഠിത്തവും. പ്രായപൂർത്തിയായ ഒരു പെൺകുട്ടിയുടെ എല്ലാത്തരം അവകാശങ്ങളും അവൾ സ്വയം ഏറ്റെടുത്തു. ഏതായാലും അങ്ങനെയാണ് ലാമ്യ വരുൺ ദാസിന്റെ 'ഉന്മാദം' എന്ന സിനിമയുടെ ഭാഗമാകുന്നത്. വളരെ മുൻപേ തന്നെ പ്രീ പ്രൊഡക്ഷനെല്ലാം കഴിഞ്ഞത് കാരണം അതിന്റെയൊന്നും ഭാഗമാകാൻ അവൾക്കായില്ല. സിനിമയുടെ ഷൂട്ട് തുടങ്ങുന്നതിന് തലേ ദിവസം മുൻപ് മാത്രമാണ് അവളാ വർക്കിൽ ജോയിൻ ചെയ്യുന്നത്. ലൊക്കേഷൻ തൃശ്ശൂറാണ്. താമസം അയ്യന്തോളിനടുത്തുള്ള ഫ്ലാറ്റിലും. ഒരു

**രമേഷ് ബാബുവിന്റെ കണ്ണുകളിലെ കരുണയും സ്നേഹവും ആർദ്രതയും അതിരു കവിഞ്ഞ ഉത്തരവാദിത്വവും അവളെ കീഴ്പെടുത്തി. ഒരു വാക്കു കൊണ്ടാണയാൾ അവളുടെ മനസ്സിൽ അച്ഛനോളം സമാനമായ സ്ഥാനം കണ്ടെത്തിയത്. വൈകാരികതയുടെ മുമ്പിൽ അവൾ മുട്ടുകുത്തി.**

മാസത്തേക്കുള്ള ലഗേജുമായി റെയിൽവേ സ്റ്റേഷനിൽ ട്രെയിൻ വന്നിറങ്ങിയതും രമേശ് ബാബു അയ്യന്തോളെത്താനുള്ള സൗകര്യാർത്ഥം അവൾക്കൊരു കാർ എത്തിച്ചു. രമേഷ് ബാബു ഏർപ്പാടാക്കിയ അപരിചിതനായ ആ ഡ്രൈവറുടെ കൂടെയാണ് അവൾ അയ്യന്തോളിലെ ഫ്ലാറ്റിൽ ചെന്നിറങ്ങിയത്. ടെക്നീഷ്യൻസെല്ലാം അവിടെയാണ് താമസം. ചെന്നിറങ്ങിയ സമയത്ത് രമേശ് ബാബുവും ഒപ്പമുള്ള മറ്റൊരു അസോസിയേറ്റ് ഡയറക്ടർ അനൂപ് കൂവളംപറമ്പിലും സംവിധായകൻ വരുണും പ്രൊഡക്ഷൻ കൺട്രോളറും അവിടെയില്ലായിരുന്നു. ലൊക്കേഷൻ തിരഞ്ഞു പോയതാണ്.



എങ്കിലും

'ഹാവ് യൂ റീച്ഡ് സെയ്ഫ്‌ലി?'

എന്ന രമേഷ് ബാബുവിന്റെ മെസ്സേജ് അവളെ തേടിയെത്തി.

'യെസ് റീച്ഡ് സെയ്ഫിലി ' – എന്നവൾ മറുപടി നൽകി.

' തിരക്ക് കഴിഞ്ഞു കാണാം ' – അയാൾ തിരിച്ചും പറഞ്ഞു. അതോടെ അവൾ ഫോൺ സൈലന്റ് മോഡിലേക്ക് മാറ്റി.

കെ ആർ വിജയന്റെ മകൾക്കുള്ള പ്രത്യേക പരിഗണന, ചുറ്റുമുള്ളവരുടെ മാന്യമായ സംസാരം, താമസിക്കാൻ സൗകര്യമുള്ള മുറി, അച്ഛന്റെ സംരക്ഷണം തരുന്ന ഒരാൾ – അവൾ തൃപ്തയായിരുന്നു. അന്നത്തെ പകൽ മൊത്തം തിരക്കുകളായിരുന്നു.

ഒരു സംവിധായകൻ.

അയാൾക്ക് കീഴിൽ രണ്ട് അസോസിയേറ്റുകൾ.

അവർക്ക് കീഴിലായി അഞ്ചോളം അസിസ്റ്റന്റുകൾ.

അതിൽ ഒരാളായി താനും.

സ്ക്രിപ്റ്റ് തിരുത്തി എഴുതണം, സ്ക്രിപ്റ്റ് പകർത്തണം, കോസ്റ്റ്യൂമിന്റെ കണ്ടിന്യുറ്റി തിരിച്ചറിയാൻ പാകത്തിൽ പ്രധാനപ്പെട്ട കാര്യങ്ങളെല്ലാം നോട്ട് ചെയ്യണം. അങ്ങനെ പരിപാടികൾ ഒരുപാടുണ്ടായിരുന്നു. സിംഹത്തെ അരപ്പട്ടയായി ചുറ്റി നടക്കുന്ന പൂച്ചകുഞ്ഞു ഹൃദയമുള്ള മനുഷ്യൻ ഏതുനിമിഷവും കയറി വരുമെന്ന പ്രതീക്ഷയിൽ തിരക്കുകൾക്കിടയിലും അവൾ പലപ്പോഴും ഫ്ലാറ്റിന്റെ മുൻവശത്തെ ഡോറിലേക്ക് നോക്കി. അപ്പോഴൊന്നും അയാൾ കടന്നു വന്നില്ല. നേരം രാത്രി പത്തരയോടടുത്തപ്പോഴാണ് ഒട്ടും പ്രതീക്ഷിക്കാത്ത പോലെ തികച്ചും അപ്രതീക്ഷിതമായി

'ലാമ്യ ഹാപ്പിയല്ലേ?' – എന്ന ചോദ്യത്തോടെ ഫ്ലാറ്റിനുള്ളിലേക്ക് രമേഷ് ബാബുവും സംഘവും കയറി വന്നത്.

'ഹ്മ്മ്' – അവൾ സന്തോഷത്തോടെയാണ് മൂളിയത്.

അയാളെ കണ്ടപ്പോഴും സംവിധായകൻ വരുണിനെ കണ്ടപ്പോഴും

**അപ്പോഴയാളുടെ കണ്ണുകളിൽ അനുതാപം ഉണ്ടായിരുന്നില്ല. ഗുരുവിന്റെ മകളോടുള്ള സ്നേഹമോ, ഒരു അച്ഛന് മകളോടുള്ള സ്നേഹമോ പ്രകടമായില്ല. മറിച്ചു അയാളുടെ അരപ്പട്ടയിലെ സിംഹമുഖം അയാളിലേക്ക് മൊത്തത്തിൽ പടർന്നു. അയാളുടെ കണ്ണുകളിൽ ഇര പിടിക്കാൻ പോകുന്ന ഒരു വേട്ട മൃഗത്തിന്റെ പ്രതിച്ഛായ ഉണർന്നു. ഈ ലോകത്തെ ഏറ്റവും വൃത്തികെട്ടവനായ, ആഭാസനായ ഒരുവന്റെ രൂപം ഉണർന്നു. അയാൾ മൊത്തമായി ഒരു സിംഹരൂപമെടുത്തു.**

ഒപ്പമുള്ളവരെ പരിചയപ്പെട്ടപ്പോഴും അവൾക്ക് സന്തോഷം ഇരട്ടിച്ചു. കെ ആർ വിജയന്റെ മകളെ നേരിൽ കാണുമ്പോൾ കെ ആർ വിജയന്റെ വരികൾ പാടാതിരിക്കുന്നതെങ്ങനെയെന്നും പറഞ്ഞാണ്

പ്രിയസഖി പ്രണയദേവതേ..
പ്രിയസഖി പ്രണയദേവതേ..
നിൻ ചൊടിയിൽ വിടരും
മന്ദഹാസ മലർ
നിൻ ചൊടിയിൽ വിടരും മന്ദഹാസ മലർ..
കാണുമ്പോൾ എൻ മനം കുളിരണിയുന്നു..

എന്ന വരികൾ രമേഷ് ബാബു ഒരിക്കൽ കൂടി ആവർത്തിക്കുന്നത്. അതും മധുരമായ ശബ്ദത്തിൽ അതിമധുരമായ ഈണത്തിൽ. തൊഴിലിടത്തിൽ അച്ഛന്റെ വരികൾ സാമീപ്യമായി നിൽക്കുന്നുവെന്ന തോന്നലവളെ ആനന്ദിപ്പിച്ചു. കെ ആർ വിജയന്റെ മരണത്തിൽ സംവിധായകൻ വരുൺ സങ്കടം അറിയിച്ചു. വിജയൻ സാറിന്റെ മകൾക്ക് ഒരു കുറവുമവിടെ വന്നു കൂടായെന്ന് പ്രൊഡക്ഷൻ കൺട്രോളറോട് പ്രത്യേകം സൂചിപ്പിച്ചു. തനിക്ക് കിട്ടുന്ന ആദരവിലും പരിഗണനയിലും ലാമ്യ രമേഷ് ബാബുവിനെ നന്ദിയോടെ നോക്കി.

ആ രാത്രിയിൽ എല്ലാവരും ഒന്നിച്ചാണ് ഭക്ഷണം കഴിച്ചത്.നാളത്തെ ഷൂട്ടിനുള്ള ചർച്ചകളും ഒന്നിച്ചാണ് നടന്നത്. സമയം 12 മണിയോടടുത്തപ്പോൾ തിരക്കുകളൊഴിഞ്ഞു നടുനിവർത്താൻ പാകമായ സന്തോഷത്തിൽ എല്ലാവരും അവനവന്റെ ഫ്ലാറ്റ് മുറിയിലേക്ക് കിടക്കാൻ പോയി. ലാമ്യക്ക് രമേഷ് ബാബുവിനോട് എന്തോ ഒന്ന് പറയാനുണ്ടായിരുന്നു. അതുകൊണ്ട് മാത്രം അവൾ ഹാളിലെ സോഫയിൽ നിന്നുമെഴുന്നേറ്റില്ല. അവൾക്കെന്തോ പറയാനുണ്ട് എന്ന തിരിച്ചറിവിൽ അയാളുമെഴുന്നേറ്റില്ല. അവർ മാത്രമുള്ള ആ ഇരുത്തത്തിൽ ലാമ്യ അയാളോട് മാത്രമായി അയാൾ മാത്രം കേൾക്കും വിധത്തിൽ പറഞ്ഞു തുടങ്ങി

'എന്റച്ഛന്റെ സംഗീതം പകർന്ന വരികൾ മാത്രമേ നിങ്ങളൊക്കെ അറിഞ്ഞിട്ടൊള്ളൂ.. അല്ലാത്ത വരികൾ നിങ്ങളാരും കണ്ടിട്ടില്ല. സംഗീതത്തോട് വല്ലാത്ത ഭ്രമവും പ്രണയവുമായിരുന്നു അച്ഛന്. പുറംലോകം കാണാത്ത അഞ്ഞൂറിലേറെ പാട്ടുകളാണ് അച്ഛൻ വെറുതെയിരുന്നു കുത്തികുറിച്ചത്. അതൊന്നും അച്ഛൻ മറ്റാർക്കും വേണ്ടി എഴുതിയതല്ല. അച്ഛന്റെ മനസ്സിനെ സന്തോഷിപ്പിക്കാൻ വേണ്ടി മാത്രം എഴുതിയതാണ്. സത്യത്തിൽ അതാണ് അച്ഛന്റെ യഥാർത്ഥ എഴുത്തുകൾ. ഈ ലോകം മുഴുവൻ ആ വരികൾക്ക് മുമ്പിൽ മുട്ട് കുത്തി പോകും. സ്കാഷ്ടാംഗം പ്രണമിക്കും. അത്രയ്ക്ക് ശക്തിയുണ്ട് അതിലെ ഓരോ വരികൾക്കും. എനിക്കതെല്ലാം പുറംലോകത്തെത്തിക്കണം അങ്കിൾ. ഏറ്റവും മനോഹരമായ വിഷ്വല്സിലൂടെ ആ പാട്ട് എല്ലാ ജനങ്ങളുടെയും മനസ്സിലേക്കുമെത്തിക്കണം. അച്ഛനുള്ള കാലത്തും ഞാനതാണ് ആഗ്രഹിച്ചത്. ഇപ്പോഴും അതാണ് ആഗ്രഹിക്കുന്നത്. ഉള്ളത് പറഞ്ഞാൽ അതെല്ലാം അച്ഛനെ നേരിൽ കാണിക്കണമെന്നായിരുന്നു എന്റെ ആഗ്രഹം. സൂക്കേട് വന്നു കിടക്കുന്ന കാലത്ത് തന്റെ ഒരു വരിയെങ്കിലും സിനിമയിൽ വന്നാൽ മതിയെന്ന് പ്രാർത്ഥിച്ച അച്ഛനു

മുൻപിൽ അഞ്ഞൂറ് പാട്ടുകൾക്കും ജീവൻ നൽകാൻ ഞാനൊരുപാട് ആഗ്രഹിച്ചു. അതിന് എനിക്ക് സംവിധാനം പഠിക്കണമെന്നുണ്ടായിരുന്നു. ഇന്ന് അച്ഛനില്ലെങ്കിലും അച്ഛന്റെ വരികൾ ലോകത്തിനു മുമ്പിൽ എത്തിക്കണം. ആ വരികൾക്ക് വേണ്ടി മാത്രമായി എനിക്കോരോരോ സിനിമകൾ ചെയ്യണം. ആ സിനിമകളിലൂടെ ആ വരികളുടെ അർത്ഥം ജനങ്ങൾ ഉൾക്കൊണ്ടതിൽ ലയിക്കുമ്പോൾ എന്റെ അച്ഛന്റെ ആത്മാവ് സന്തോഷിക്കണം. അതാണ് എന്റെ ആഗ്രഹം. അതുമാത്രം. അങ്കിളിനറിയാമോ ? എന്റെ എന്റെ സ്വപ്നത്തിലേക്കുള്ള വാതിൽ തുറന്നു തന്ന മനുഷ്യനാണ് നിങ്ങൾ. ആ കടപ്പാട് എന്റെയുള്ളിൽ അങ്കിളിനോടെപ്പോഴുമുണ്ട്.'

ലാമ്യയുടെ കണ്ണുകൾ നിറഞ്ഞു. നിറഞ്ഞ കണ്ണുകളിൽ കടപ്പാട് തളംകെട്ടി നിന്നു. അതെല്ലാം കേട്ടിരുന്നു എന്നല്ലാതെ അയാൾ പ്രത്യേകിച്ചൊന്നും പറഞ്ഞില്ല. അവൾ പിന്നെയും കഥകൾ പറഞ്ഞു. അമ്മയുടെ ഓർമ്മകൾ, അച്ഛന്റെ ഓർമ്മകൾ, തന്റെ സ്വപ്നങ്ങൾ തുടങ്ങിയ എല്ലാം ആ കഥകളുടെ ഭാഗമായി വന്നു. 20 വയസ്സുകാരിയുടെ ആവേശത്തോടെ പക്വമായും ചിലപ്പോഴൊക്കെ അപക്വമായും അവൾ വാതോരാതെ സംസാരിച്ചു. അയാൾ അതൊക്കെയും കേട്ടിരുന്നു. അയാൾ നല്ലൊരു മനുഷ്യൻ മാത്രമല്ല നല്ലൊരു കേൾവിക്കാരൻ കൂടിയാണെന്ന് അവൾക്ക് തോന്നി. അങ്ങനെ കുറെയങ്ങ് സംസാരിച്ചു കഴിഞ്ഞപ്പോഴാണ് സമയം ഒന്നരയായെന്നും നാളെ കൃത്യം ആറുമണിക്ക്, ലൊക്കേഷനിലേക്ക് പോകാനുള്ള വണ്ടി തങ്ങൾക്കായി ഫ്ലാറ്റിന് താഴെ വന്ന് നിൽക്കുമെന്നും അവളോർത്തത്. അങ്ങനെയാണ്

'അയ്യോ സോറി.. അങ്കിൾ പോയി കിടന്നോളൂ 'എന്നും പറഞ്ഞു അവളാ സംസാരം അവസാനിപ്പിച്ചത്.സ്നേഹത്തിന്റെ ഭാഷയിലാണ് അയാളപ്പോൾ അവളുടെ കണ്ണുകളിൽ നോക്കിയതെന്ന് അവൾക്ക് തോന്നി.

മേശപ്പുറത്തു നിരന്നു കിടക്കുന്ന പേപ്പറുകൾ അടുക്കി പെറുക്കി വെച്ചിട്ട് വേണം കിടക്കാനെന്ന് കരുതി ഇരുന്ന സോഫയിൽ നിന്നെഴുന്നേറ്റു നേരെ മേശക്കടുത്തേക്ക് നടക്കുന്നതിനിടയിൽ അവൾ ഔപചാരികമായി അയാളോട് പറഞ്ഞു

'ഗുഡ്നൈറ്റ് '

രമേഷ് ബാബു അതിന് തിരിച്ചു മറുപടി നൽകിയോ എന്നത് അവൾ ഓർക്കുന്നില്ല. അയാളയാളുടെ മുറിയിലേക്കു നടന്നുപോയെന്ന് മാത്രം അവൾ ഓർക്കുന്നുണ്ട് . അത്രമാത്രം. പേപ്പറുകൾ അടുക്കി പെറുക്കി വയ്ക്കുന്നതിനിടയിൽ 'ലാമ്യ ' – എന്ന അയാളുടെ ശബ്ദം താഴ്ത്തിയവിളി കേട്ടിട്ട് മാത്രമാണ് അവൾ അയാളുടെ മുറിയിലേക്ക് നോക്കിയത്. ഷർട്ടിന്റെ ബട്ടണുകൾ അഴിച്ചു മാറ്റുന്നതിനിടയിൽ അയാൾ ഒച്ച താഴ്ത്തിയാണ്

'ഒന്ന് വന്നേ. ഒരു കാര്യം പറയാനുണ്ട്' എന്ന് പറഞ്ഞത്.

എന്താണ് കാര്യമെന്നറിയാൻ അവൾ രമേഷ് ബാബുവിന്റെ മുറി ലക്ഷ്യമാക്കി നടന്നു. അയാൾ ഷർട്ടുകൾ അഴിച്ചു മാറ്റുകയും, വിരിഞ്ഞ നെഞ്ചിലെ രോമങ്ങൾ അനാവൃതമാക്കുകയും ചെയ്തുകൊണ്ട് അവളുടെ വരവിനായി കാത്തു നിന്നു . അരക്ക് കീഴ്പ്പോട്ടു ഒട്ടും വീതിയില്ലാത്ത അയാളുടെ ഇടുപ്പിൽ പറ്റിച്ചേർന്ന് കിടക്കുന്ന ലെദർ ബെൽറ്റിലെ സിംഹമുഖം അവളെ നോക്കി. മുറിയിലേക്ക് നടന്നു കയറിയ അവളാ സിംഹമുഖം ശ്രദ്ധിക്കാതെ പോയില്ല. അയാൾ ഇടുന്ന വസ്ത്രത്തിന്റെ മാത്രമല്ല അയാളുടെ ഹൃദയത്തിന്റെയും കേന്ദ്രബിന്ദുവാണ് ആ സിംഹമുഖമെന്നും വാസ്തവത്തിൽ അതിനുപകരം അയാൾക്ക് യോജിക്കുക ഒരു കുഞ്ഞു പൂച്ചക്കുട്ടിയുടെ തലയാണെന്നും അവൾ മനസ്സുകൊണ്ട് വെറുതെ വിചാരിച്ചു.

ഃകൂടുതലായി എന്തെങ്കിലും ചിന്തിച്ചു വരുമ്പോഴാണ് മുറിയിൽ കയറിയ അവളുടെ ഷോൾഡറിലേക്ക് അയാളുടെ കൈകൾ വന്നു വീണത്. ഒന്നും ഞെട്ടാനോ പതറാനോ സമയം കിട്ടുന്നതിനു മുൻപേ'വാ ഇന്നെന്റെ കൂടെ ഇവിടെ കിടക്കാം ' – എന്നയാൾ പറഞ്ഞു.

ലാമ്യ ഞെട്ടിയോ?

ലാമ്യ തകർന്നോ?

ലാമ്യ തളർന്നോ?

അറിയില്ല. പക്ഷെ അപ്പോഴയാളുടെ കണ്ണുകളിൽ അനുതാപം ഉണ്ടായിരുന്നില്ല. ഗുരുവിന്റെ മകളോടുള്ള സ്നേഹമോ, ഒരു അച്ഛന് മകളോടുള്ള സ്നേഹമോ പ്രകടമായില്ല. മറിച്ചു അയാളുടെ അരപ്പട്ടയിലെ സിംഹമുഖം അയാളിലേക്ക് മൊത്തത്തിൽ പടർന്നു. അയാളുടെ കണ്ണുകളിൽ ഇര പിടിക്കാൻ പോകുന്ന ഒരു വേട്ട മൃഗത്തിന്റെ പ്രതിച്ഛായ ഉണർന്നു. ഈ ലോകത്തെ ഏറ്റവും വൃത്തികെട്ടവനായ, ആഭാസനായ ഒരുവന്റെ രൂപം ഉണർന്നു. അയാൾ മൊത്തമായി ഒരു സിംഹരൂപമെടുത്തു. കെ ആർ വിജയന്റെ മകൾക്ക് വേണ്ടി രമേഷ് ബാബു പ്രത്യേകമായി ചോദിച്ചു വാങ്ങിയ തൊഴിലവസരം എന്തിന് വേണ്ടിയായിരുന്നെന്നവൾ തിരിച്ചറിഞ്ഞു.

ആദ്യത്തെ അനുഭവം,

**ഇരക്കുണ്ടായ ആഘാതമോ വേദനയോ വിശ്വാസലംഘനമോ വേട്ടക്കാരനെ ബാധിച്ചില്ല. വേട്ടക്കാരൻ അപ്പോൾ അച്ഛൻ ആയിരുന്നില്ല. ഗുരുഭക്തിയുള്ള ശിഷ്യനുമായിരുന്നില്ല. വേട്ടക്കാരൻ വെറുമൊരു 'വേട്ടക്കാരൻ' മാത്രമായിരുന്നു. ഇര കൈയിൽനിന്ന് വഴുതി പോയതിന്റെയും അപമാനിതനായതിന്റെയും അമർഷത്തോടെ വേട്ടക്കാരൻ മുരണ്ടു – കരുത്തനായ ഒരു സിംഹത്തിന്റെ ശബ്ദത്തിൽ.**

ആദ്യത്തെ അപ്രതീക്ഷിത സംഭവം – ഇരയുടെ കണ്ണുകൾ ദയനീയമായി. അപ്പുറത്തും ഇപ്പുറത്തുമുള്ള മുറികളിൽ, ഒന്ന് ഉച്ചത്തിൽ അലറിയാൽ കേൾക്കാൻ പാകത്തിനുള്ള മനുഷ്യർ ഉണ്ടായിട്ടും ഇരക്ക് അലറാൻ കഴിയില്ല. ഇര അയാളുടെ കണ്ണുകളിൽ 'തന്റെ അച്ഛനെ പരതി'.

'അച്ഛനെ പോലെയല്ല. അച്ഛൻ. അങ്ങനെ തന്നെ കണ്ടോളൂ' എന്ന് പറഞ്ഞ കരുണാമയനായ മനുഷ്യനെ തിരഞ്ഞു. തന്റെ സ്വപ്നങ്ങളെ കൈയെത്തിപ്പിടിക്കാൻ സഹായിക്കുന്ന അയാളുടെ ഉള്ളിലെ സ്നേഹമയിയായ അച്ഛനെ തിരഞ്ഞു. ഇരക്ക് ഒരു തരിമ്പ് പോലും അങ്ങനെയൊരു മനുഷ്യനെ കണ്ടെത്താനായില്ല. അയാൾ കൂടുതലായി എന്തെങ്കിലും പറയും മുൻപേ ഇര ആ മുറിവിട്ടിറങ്ങി ഓടി.

ലാമ്യ തകർന്നിരിക്കാം.

ലാമ്യ തളർന്നിരിക്കാം.

ഇരക്കുണ്ടായ ആഘാതമോ വേദനയോ വിശ്വാസലംഘനമോ വേട്ടക്കാരനെ ബാധിച്ചില്ല. വേട്ടക്കാരൻ അപ്പോൾ അച്ഛൻ ആയിരുന്നില്ല. ഗുരുഭക്തിയുള്ള ശിഷ്യനുമായിരുന്നില്ല. വേട്ടക്കാരൻ വെറുമൊരു 'വേട്ടക്കാരൻ' മാത്രമായിരുന്നു. ഇര കൈയിൽനിന്ന് വഴുതി പോയതിന്റെയും അപമാനിതനായതിന്റെയും അമർഷത്തോടെ വേട്ടക്കാരൻ മുരണ്ടു – കരുത്തനായ ഒരു സിംഹത്തിന്റെ ശബ്ദത്തിൽ.

## 4

വെളുപ്പിന് നാല് മണിക്കുള്ള ബസ്സിനാണ് ലാമ്യ തിരിച്ച് നാട്ടിലേക്ക് ബസ് കയറിയത്. ഫ്ലാറ്റിൽ നിന്ന് ഇറങ്ങുമ്പോൾ ആരോടും പറയണമെന്ന് തോന്നിയില്ല. ഒന്നു രക്ഷപ്പെട്ടാൽ മതിയായിരുന്നു എന്ന വെപ്രാളത്തോടെയാണ് ലഗേജും എടുത്ത് ഇറങ്ങി ഓടിയത്. ഒരു മാസം നിൽക്കാൻ വന്നവൾ ഒരു ദിവസം പോലും മുഴുമിപ്പിച്ചില്ല. ഇറങ്ങുന്ന വഴി സെക്യൂരിറ്റിയോട് പറഞ്ഞേൽപ്പിച്ചു താൻ പോയെന്ന കാര്യം ഫ്ലാറ്റിൽ ഉള്ളവർ ഉണർന്നാൽ അറിയിക്കണമെന്ന്. നേരമിപ്പോൾ ആറു മണിയോടടുക്കുന്നു. അയാൾ അറിയിച്ചിട്ടുണ്ടാകാൻ സാധ്യതയുണ്ടെന്ന് അവൾ ഊഹിച്ചു. ഊഹം തെറ്റിയില്ല.

'ലാമ്യ. തെറ്റ് പറ്റി പോയി. സോറി. അപ്പോഴത്തെ അവസ്ഥയിൽ സംഭവിച്ചതാണ്. ലാമ്യ തിരിച്ചു വരണം. ഇനിയെന്റെ ഭാഗത്തു നിന്ന് അങ്ങനൊന്നും ഉണ്ടാവില്ല. ഒരു സഹോദരൻ സഹോദരിയേ എങ്ങനെ കാണുന്നോ അതുപോലെ ഞാൻ ലാമ്യയെ കാണും. പ്ലീസ് ലാമ്യ'

അയാളുടെ മെസ്സേജ് വായിച്ചപ്പോൾ അവൾക്ക് ചിരി വന്നു. ഗുരുവിന്റെ മകൾ, അച്ഛൻ, സഹോദരൻ – അയാൾ മെനഞ്ഞെടുത്ത സ്ഥാനങ്ങളോർത്ത് കൂടുതൽ ചിരി വന്നു.

ഒന്നുമില്ല. പെണ്ണ്.

അത്രതന്നെ.

അവൾ മനസ്സിനെ തണുപ്പിക്കാനാഗ്രഹിച്ച് മെസ്സേജ് ബോക്സ് മിനിമൈസ് ചെയ്യുകയും തന്റെ സോങ് കളക്ഷനുകളിൽ നിന്ന് മനോഹരമായ

പ്രിയസഖി പ്രണയദേവതേ..

പ്രിയസഖി പ്രണയദേവതേ..

നിൻ ചൊടിയിൽ വിടരും

മന്ദഹാസ മലർ

നിൻ ചൊടിയിൽ വിടരും മന്ദഹാസ മലർ..

കാണുമ്പോൾ എൻ മനം കുളിരണിയുന്നു..

എന്ന ഗാനം സെലക്ട് ചെയ്യുകയും ഹെഡ്ഫോൺ വഴി അത് കേൾക്കുകയും ചെയ്തു. കെ ആർ വിജയന്റെ സാന്നിധ്യം അവളാ വരികളിലവളനുഭവിച്ചു. അച്ഛനാവാൻ അച്ഛന് മാത്രമേ കഴിയൂ എന്നവൾ തിരിച്ചറിഞ്ഞു . ഗാനത്തിന്റെ പശ്ചാത്തലത്തിൽ ഒട്ടുമേ ബന്ധമില്ലാത്ത പഴയ ഒരു കുട്ടിക്കഥ പെട്ടന്നവൾക്കോർമ്മ വന്നു. അത്യാഗ്രഹിയായ ഒരു സിംഹത്തിന്റെ കഥ. വിശപ്പ് മാറാനായി മുയലിനെ പിടിച്ച സിംഹം അതിനെ ഉപേക്ഷിച്ച് വലിയവനായ മാനിന്റെ പുറകെ ഓടിയ കഥ. മാൻ ഓടി രക്ഷപ്പെട്ടു. എന്നാലിനി മുയലെങ്കിൽ മുയലെന്നു കരുതി തിരിച്ചുവന്നപ്പോൾ മുയലും രക്ഷപ്പെട്ടിരുന്നു. സിംഹം ഒരു നിമിഷത്തേക്ക് സ്വയം പഴിച്ചിരിക്കാം. എന്നു കരുതി സിംഹം വേട്ടയാടാതിരിക്കുമോ. മുഴുത്തതെന്ന് തോന്നുന്നതിനെയെല്ലാം സിംഹം വേട്ടയാടാൻ ശ്രമിച്ചു കൊണ്ടേയിരുന്നു. സിംഹത്തിന് വിശപ്പാണ് വലുത്. ആർത്തിയും. വൈദഗ്ദ്യമുള്ള ഇരകളെല്ലാം രക്ഷപ്പെട്ടു. അല്ലാത്തവർ അകപ്പെട്ടു. സിംഹം പിന്നെയും വേട്ടയാടി. അങ്ങനെ അതൊരു ആവർത്തനമായി. കഥയോർത്ത് അവൾ പുഞ്ചിരിച്ചു. ആ പുഞ്ചിരിയുടെ അർത്ഥം അവൾക്കു മാത്രമായിരിക്കും അറിയുക.

പ്രിയസഖി പ്രണയദേവതേ..

പ്രിയസഖി പ്രണയദേവതേ..

ഗാനം അവസാനിച്ചു. ഇനിയൊരു ഗാനവും കേൾക്കാനുള്ള മാനസികാവസ്ഥ അവൾക്കില്ല. വിൻഡോ സീറ്റിലിരിക്കുന്ന അവൾ അലസതയോടെ ഫേസ്ബുക്ക് തുറന്നു ചുമ്മാ സ്ക്രോൾ ചെയ്തു തുടങ്ങി. അതിനിടയിൽ അവളുടെ ശ്രദ്ധ ഒരു വാർത്തയിലുടക്കി. കേൾക്കാനും കാണാനും ഇഷ്ടപ്പെടാത്ത ഒരു വാർത്തയിൽ.

'സാജിദ് ഖാനെതിരെ മീറ്റൂ വെളിപ്പെടുത്തലുമായി സലോനി ചോപ്ര' ഒരു വിറയലോടെ പെട്ടന്നവൾ രമേഷ് ബാബുവിനെ ഓർത്തു. ശരീരം മുഴുവൻ വ്യാപിച്ച സിംഹമുഖമുള്ള ഒട്ടും പൂച്ചക്കുഞ്ഞല്ലാത്ത അയാളെ ഓർത്ത് അവൾ വിറങ്ങലിച്ചു. അയാളോളം തന്നെ ശരീരം മൊത്തം സിംഹമുഖം ബാധിച്ച പൂച്ചക്കുഞ്ഞല്ലാത്ത ഹൃദയമുള്ള സാജിദ് ഖാനെ അവൾ സങ്കല്പിച്ചു. സാജിദ് ഖാനിൽ നിന്നുള്ള ആ സങ്കല്പം പതിയെ പതിയെ പടർന്നുപന്തലിച്ചു. ഒന്നിൽ നിന്ന് രണ്ടായി. രണ്ടിൽ നിന്ന് നാലായി. അത് എട്ടായി. അതെങ്ങനെ പടർന്നു പന്തലിച്ചു അനേകായിരം പുരുഷന്മാരായി – അവളുടെ സങ്കല്പത്തിൽ എല്ലാവർക്കും ഒരേ രൂപമായി. ഒരേ ഭാവവും . പിന്നൊരൊറ്റ പേരും

അരപ്പട്ട കെട്ടിയ ആണുങ്ങൾ!

അനുഭവകഥകൾ

# മദ്യശാലയിൽ

എസ് സുന്ദർദാസ്



**അപരിചിതരുമായി ചങ്ങാത്തം സ്ഥാപിക്കുവാനും പരസ്പരം തുറന്നുപറയുവാനുമുള്ള ഒരു വേദികൂടിയാണ് ബാറുകൾ എന്ന് വിളിക്കുന്ന മദ്യശാലകൾ. അരണ്ട വെളിച്ചത്തിൽ, എതിരിലിരിക്കുന്ന അപരിചിതൻ ഒരു തുറന്ന പുസ്തകമായി തന്റെ ജീവിതം എന്റെ മുന്നിൽ നിവർത്തിവെക്കുന്നു; വിസ്മയത്തോടെ ഞാനത് വായിക്കുന്നു. അത്തരക്കാരിൽ ചിലരെ വീണ്ടും പതിവ് മദ്യശാലകളിൽ കണ്ടുമുട്ടുന്നു. ഒരു തുടർക്കഥപോലെ വീണ്ടും അവരുടെ ജീവിതത്തിന്റെ പുതിയ അദ്ധ്യായങ്ങൾ. കൊച്ചിയിലെയും ചെന്നൈയിലെയും മദ്യശാലകളിലെ അനുഭവങ്ങളാണ് ഇവയിലേറെയും. ചെന്നൈയിലെ തിരക്കേറിയ അനധികൃത ബാറുകളിൽപോലും (അവ മിക്കതും രാഷ്ട്രീയക്കാർ നടത്തുന്നവയോ അവരുടെ ഒത്താശയോടെ നടത്തപ്പെടുന്നവയോ ആണ്) ഇത്തരം 'അഭിമുഖങ്ങൾ' സാധ്യമായിട്ടുണ്ട്. അത്തരം മദ്യശാലകളുടെ പുറത്ത് കുടിയന്മാരെ ഉദ്ദേശിച്ച് ചെറിയ കടകൾ നടത്തുന്നവരിൽ ചിലരും ഈ കുറിപ്പുകളിലെ കഥാപാത്രങ്ങളാണ്. അവയിൽ ചിലതാണ് ഇവിടെ പങ്കുവെയ്ക്കുന്നത്....**

## ക്ലൈമാക്സ് തേടുന്ന ഒരു പ്രണയകഥ

രണ്ട് ദശകങ്ങൾക്കുമുമ്പുള്ള ഒരു വെള്ളിയാഴ്ച വൈകുന്നേരം.

അക്കാലത്ത് ഞാൻ കൊച്ചിയിൽ പത്രപ്രവർത്തകനായി ജോലി ചെയ്യുന്നു. വെള്ളിയാഴ്ച വൈകുന്നേരത്തോടെ ആ ലക്കത്തിലേക്കുള്ള അവസാന റിപ്പോർട്ടും അയച്ചുകഴിഞ്ഞാൽ, പിന്നെ തിങ്കളാഴ്ച വാരിക വിപണിയിലെത്തുന്നതുവരെ ഞാൻ റിലാക്സ്ഡ് ആണ്. പതിവുപോലെ ആ വെള്ളിയാഴ്ചയും രാത്രി എട്ടുമണിയോടെ ഞാൻ എറണാകുളത്തെ എം ജി റോഡിലുള്ള ബാറിലെത്തി. അവിടെ നല്ല തിരക്കുണ്ട്. ചുറ്റും കണ്ണോടിച്ചപ്പോൾ ഒരു മൂലയിലെ മേശയിൽ ഒരു ചെറുപ്പക്കാരൻ മാത്രമിരുന്ന് മദ്യപിക്കുന്നത് കണ്ണിൽപ്പെട്ടു. ഞാൻ ആ മേശയിൽ






**'ഒറീസയിൽ എന്താ കാര്യം?';ഞാൻ ചോദിച്ചു. 'എന്റെ പെണ്ണ് അവിടെയാണ്.' 'ഭാര്യ?' 'അല്ല ഭാര്യയാകേണ്ട പെണ്ണ്.' 'കാമുകി? 'അവൻ ഒരു ദീര്ഘനിശ്വത്തോടെ അതെ എന്ന് തലയാട്ടി.**

അയാൾക്ക് എതിർവശത്തുള്ള കസേരയിൽ ചെന്നിരുന്നു. മുന്നിൽ കുതിച്ചെത്തിയ വെയ്റ്ററോട് 'മൂന്ന് റം '; ഓർഡർ ചെയ്തു. അപ്പോൾ ചെറുപ്പക്കാരൻ എന്നെ നോക്കി ചിരിച്ചു. ഞാനും.

അതിനപ്പുറം ആ പരിചയം നീട്ടിക്കൊണ്ടുപോകാതെ ഞാൻ എന്റെ ഓർഡർ കാത്തിരുന്നു. വെയ്റ്റർ ഗ്ലാസ്സുകളും സോഡയുമായി വന്നു. അതോടെ ഞാൻ മദ്യത്തിൽ ശ്രദ്ധയൂന്നി. അപ്രതീക്ഷിതമായിരുന്നു അത്. ആ യുവാവ് ഒന്നുമുന്നോട്ട് ആഞ്ഞിരുന്നുകൊണ്ട് ചോദിച്ചു:'ചേട്ടൻ?' എന്നിലേക്ക് ഒരു പരിചയത്തിന്റെ പാലമിടാനുള്ള ശ്രമമായിരുന്നു അത്. .

മറുപടി പറയാതെ ഞാൻ തിരിച്ചു ചോദിച്ചു: ';നിങ്ങൾ?'; 'ഞാൻ ഒരു പ്രൈവറ്റ് ബസ്സിൽ കണ്ടക്ടറാണ്.ചേട്ടനോ?'; 'ഞാൻ ഒരു പത്ര റിപ്പോർട്ടർ ആണ്,'; എന്റെ മറുപടി.

വിസ്മയം വിടർന്ന കണ്ണുകളോടെ അവൻ അവന്റെ കസേര മേശയുടെ വീതികുറഞ്ഞ ഭാഗത്ത് എന്റെ അടുത്തേക്ക് നീക്കിയിട്ടു.

'അപ്പോൾ ചേട്ടൻ ഇന്ത്യയിൽ പലഭാഗത്തും പോയിട്ടുണ്ടാകുമല്ലോ?

ദൂരെയുള്ള സംസ്ഥാനങ്ങളിലൊക്കെ...ഒറീസയിൽ പോയിട്ടുണ്ടോ?'

' ഞാൻ കേരളത്തിലും ചെന്നൈയിലും മുംബൈയിലും ആണ് പത്രപ്രവർത്തകനായി ജോലി ചെയ്തിട്ടുള്ളത്. ഒറീസയിൽ പോയിട്ടില്ല. വായിച്ചും കേട്ടും ഉള്ള അറിവേ ഒറീസയെപ്പറ്റിയുള്ളു.';

വിഷാദം കലർന്ന ഒരു ചിരിയോടെ അവൻ എന്നെ നോക്കി.

'എനിക്ക് ഒറീസയിൽ.. അവൻ അത് മുഴുമിക്കാതെ നിർത്തി.

'ഒറീസയിൽ എന്താ കാര്യം?';ഞാൻ ചോദിച്ചു.

'എന്റെ പെണ്ണ് അവിടെയാണ്.'

'ഭാര്യ?'

'അല്ല ഭാര്യയാകേണ്ട പെണ്ണ്.'

'കാമുകി?'

അവൻ ഒരു ദീര്ഘനിശ്വത്തോടെ അതെ എന്ന് തലയാട്ടി.

കോളറിഡ്ജിന്റെ വൃദ്ധ നാവികനെപ്പോലെ, തന്റെ കഥ കേൾക്കാൻ ഒരാളെ കാത്തുനിൽക്കുകയായിരുന്നു എന്നപോലെ അവൻ പറഞ്ഞു തുടങ്ങി. ഞാൻ അവനെ ഉറ്റുനോക്കിക്കൊണ്ട് എതിരിൽ ഇരുന്നു.

പൊടിമീശ കറുപ്പ് പിടിച്ചുതുടങ്ങിയിട്ടേയുള്ളു. അവൻ എറണാകുളത്ത് ഒരു ബസ്സിൽ ജോലി ചെയ്യുന്നു. ഏതാനും മാസങ്ങൾക്കുമുമ്പാണ്, ബസ്സിൽ സ്ഥിരമായി യാത്ര ചെയ്യുന്ന ഒരു പെൺകുട്ടിയെ അവൻ ശ്രദ്ധിച്ചുതുടങ്ങി. ദിവസങ്ങൾ പോയപ്പോൾ അവളും അവനെ ശ്രദ്ധിക്കാൻ തുടങ്ങി. ഒരു ദിവസം സൗകര്യമൊത്തപ്പോൾ ബസ്സിൽ കമ്പിയിൽ പിടിച്ച് തൂങ്ങിനിന്നിരുന്ന അവളോട് അവൻ ചോദിച്ചു: പഠിക്കുകയാണോ? അവൾ ഒന്നും പറയാതെ അമ്പരന്ന കണ്ണുകളോടെ അവനെ നോക്കി. പിറ്റേന്നും അവൻ ചോദ്യം ആവർത്തിച്ചു. അപ്പോഴും അവളുടെ കണ്ണുകളിൽ അമ്പരപ്പ്. പിന്നൊരു ദിവസം അവൻ ചോദ്യം ഒന്ന് മാറ്റി ചോദിച്ചു:' എന്താ പേര്?' അവൾ ചിരിച്ചു.

ചിരിയും മറുചിരിയുമായി ദിവസങ്ങൾ പോയി. ഒരു നാൾ ബസിൽനിന്ന് തന്റെ സ്റ്റോപ്പിൽ ഇറങ്ങുമ്പോൾ  അവൾ ചവിട്ടുപടിയിൽനിന്നിരുന്ന അവനോട് സ്വകാര്യമെന്നപോലെ പറഞ്ഞു:'ദുർഗ.';

**ബസ് കണ്ടക്ടറുമായുള്ള അവളുടെ ചുറ്റിക്കളി മനസ്സിലാക്കിയ അമ്മാവൻ അവളെ നാട്ടിലേക്ക് തിരിച്ചയക്കുകയായിരുന്നു. ഒറീസയിലെ ഒരു വിദൂരഗ്രാമത്തിലാണ് അവളുടെ വീട്. വീട്ടുകാർ അവളെ കല്യാണം കഴിച്ച് കൊടുക്കാൻ തീരുമാനിച്ചിരിക്കയാണ്. ഈ വിവരങ്ങളൊക്കെ കരഞ്ഞുകൊണ്ടാണ് അവൾ പറഞ്ഞത്. അവൾ തുറന്നു പറഞ്ഞില്ലെങ്കിലും അവളെ രക്ഷിക്കണമെന്നാണ് അവൾ പറഞ്ഞതിന്റെ പൊരുൾ എന്ന് കാമുകൻ.**

അത് ഒരു പ്രണയത്തിന്റെ തുടക്കമായിരുന്നു. ദുര്ഗ ഒറീസക്കാരിയായിരുന്നു. പാവപ്പെട്ട ഒരു കർഷക കുടുംബത്തിലെ അഞ്ചു മക്കളിൽ മൂത്തവൾ. അവരുടെ ഒരു അമ്മാവനും ഭാര്യയും കേരളത്തിൽ നിർമാണ തൊഴിലാളികളായി ജോലി ചെയ്യുന്നുണ്ട്.

പ്രാരാബ്ധം കാരണം അമ്മ അവളെ അവരോടൊപ്പം കേരളത്തിലേക്കയച്ചു. ഇവിടെ വന്ന അവൾ വീട്ടുജോലിക്കാരിയായി. രണ്ട് വീടുകളിൽ ജോലിചെയ്യുന്നു.

ഇടയിൽ കിട്ടുന്ന സമയം അമ്മാവൻ അവളെ തയ്യൽ ക്ലാസിൽ ചേർത്തു. തയ്യൽ ക്ലാസിലേക്കുള്ള ബസ് യാത്രക്കിടയിലാണ് നമ്മുടെ കാമുകൻ അവളെ കണ്ടുമുട്ടുന്നത്.

ആദ്യമൊക്കെ ഭാഷ ഒരു പ്രശ്നമായിരുന്നു. എന്നാൽ അവൾ

അതിവേഗം മലയാളം സംസാരിക്കാൻ പഠിച്ചു. അവൾക്ക് മലയാളം അല്പമൊക്കെ സംസാരിക്കാം എന്നായതോടെ പ്രണയം ശക്തമായി. ജോലിയില്ലാത്ത ദിവസങ്ങളിൽ അവൻ അവളെ ബസ് സ്റ്റോപ്പിൽ കണ്ടുമുട്ടി. സംസാരിച്ചു. അങ്ങനെയാണ് അവളെസംബന്ധിച്ച വിവരങ്ങളൊക്കെ മനസ്സിലാകുന്നത്.

''എന്നിട്ട്?'' പിന്നീടെന്തുസംഭവിച്ചു എന്നറിയാനുള്ള ആകാംക്ഷയോടെ ഞാൻ ചോദിച്ചു.

' ഒരു ദിവസം മുതൽ അവളെ കണ്ടില്ല. പിന്നീട് അവൾ വന്നതേയില്ല. അവൾ നാട്ടിലേക്ക് പോയി എന്നാണ് അറിയാൻ കഴിഞ്ഞത്. അവൾക്ക് മൊബൈൽ ഫോൺ ഇല്ലെങ്കിലും എന്റെ മൊബൈൽ നമ്പർ അവൾക്ക് ഞാൻ നൽകിയിരുന്നു. അതുകൊണ്ട് അവൾ വിളിക്കുമെന്ന് കരുതി ഞാൻ കാത്തിരുന്നു. ഒരു മാസം കഴിഞ്ഞപ്പോൾ അപ്രതീക്ഷിതമായി അവളുടെ വിളിവന്നു. ലാൻഡ് ഫോണിൽ നിന്നാണ്. ഒരു പക്ഷെ, ഒരു ബൂത്ത് ആയിരിക്കാം.

ബസ് കണ്ടക്ടറുമായുള്ള അവളുടെ ചുറ്റിക്കളി മനസ്സിലാക്കിയ അമ്മാവൻ അവളെ നാട്ടിലേക്ക് തിരിച്ചയക്കുകയായിരുന്നു.

ഒറീസയിലെ ഒരു വിദൂരഗ്രാമത്തിലാണ് അവളുടെ വീട്. വീട്ടുകാർ അവളെ കല്യാണം കഴിച്ച് കൊടുക്കാൻ തീരുമാനിച്ചിരിക്കയാണ്.

ഈ വിവരങ്ങളൊക്കെ കരഞ്ഞുകൊണ്ടാണ് അവൾ പറഞ്ഞത്.അവൾ തുറന്നുപറഞ്ഞില്ലെങ്കിലും അവളെ രക്ഷിക്കണമെന്നാണ് അവൾ പറഞ്ഞതിന്റെ പൊരുൾ എന്ന് കാമുകൻ. വീണ്ടും അവൾ വിളിക്കും, ഉറപ്പാണ്,കാമുകൻ പറയുന്നു. 'അഡ്രസ് അവൾ നൽകിയാൽ എളുപ്പമായി,'അവൻ പറഞ്ഞു. 'എന്നാൽ അതത്ര എളുപ്പമാണോ?'; ഞാൻ സംശയം പ്രകടിപ്പിച്ചു. ഒറീസയിലെ ആ വിദൂരഗ്രാമത്തിൽ ചെന്നെത്തുന്നതു തന്നെ വിഷമം. പത്തോ അമ്പതോ

വീടുകൾ മാത്രമുള്ളതായിരിക്കും അവിടത്തെ ഓരോ ഗ്രാമവും. പുറമെനിന്ന് ഒരാൾ അവിടെ എത്തിയാൽ അതിവേഗം തിരിച്ചറിയും എന്നൊക്കെ ഞാൻ വിശദീകരിച്ചപ്പോൾ അവൻ വിവശനായി.

'പിന്നെ, എന്താണൊരു മാർഗം?'; ഗൂഢാലോചനയുടെ ദൗത്യം ഏൽപ്പിച്ചപോലെ അവൻ ആകാംക്ഷയോടെ എന്നെ നോക്കി. രണ്ടാമത്തെ ഗ്ലാസ്സും കാലിയാക്കിയപ്പോൾ കിട്ടിയ ഉത്സാഹത്തോടെ ഞാൻ പറഞ്ഞു:' ഇനി അവൾ വിളിക്കുമ്പോൾ അവൾ നിന്റെ കൂടെ വരാൻ തയാറാണെന്ന് ഉറപ്പാക്കണം. ഇത് ഒരു തട്ടിക്കൊണ്ടുപോരലാണ്. സിനിമയിലും മറ്റും കാണുന്നതുപോലെ ആണെന്ന് വിചാരിക്കരുത്. നിന്റെ അടുത്ത സുഹൃത്തുക്കളുടെ സഹായം തേടണം. വീട്ടുകാരൊന്നുമറിയാതെ ഏറ്റവും അടുത്ത റെയിൽവേസ്റ്റേഷനിൽ അവൾക്ക് എത്താനാകുമെങ്കിൽ കാര്യം എളുപ്പമായി. പിന്നെ അവളുടെ അമ്മാവൻ ഇവിടെയുള്ളതുകൊണ്ട് വളരെ സൂക്ഷിക്കണം. രണ്ടുപേരും വിവാഹപ്രായമെത്തിയവരായതുകൊണ്ട് അവളെക്കൊണ്ടുവന്നാൽ ഉടൻ വിവാഹം രജിസ്റ്റർ ചെയ്യണം.'' ഇത്രയും ഉപദേശമായി നൽകിയശേഷം ഞാൻ ചോദിച്ചു: 'ആട്ടെ, നിന്റെ വീട്ടുകാർക്ക് ഇതിന് സമ്മതമാകുമോ?' എന്റെ ചോദ്യം കേട്ട് അവൻ വാപൊളിച്ചിരുന്നുപോയി. അങ്ങനെയൊരു കാര്യം അവൻ അതുവരെ ആലോചിച്ചിട്ടില്ലെന്ന് തോന്നി.

കൂടുതൽ ഉപദേശം അപകടമാണെന്ന് തോന്നിയതുകൊണ്ട് മൂന്നാമത്തെ ഗ്ലാസ്സും അകത്താക്കി ഞാൻ എഴുന്നേറ്റു. അല്പസമയം കൂടി ഞാൻ അവിടെ ഉണ്ടാകണമെന്ന് അവൻ ആഗ്രഹിക്കുന്നതുപോലെ തോന്നി. എഴുന്നേറ്റു യാത്രപറയുന്ന ഭാവത്തിൽ ഞാൻ അവന്റെ




**'ആട്ടെ, നിന്റെ വീട്ടുകാർക്ക് ഇതിന് സമ്മതമാകുമോ?' എന്റെ ചോദ്യം കേട്ട് അവൻ വാപൊളിച്ചിരുന്നു പോയി. അങ്ങനെയൊരു കാര്യം അവൻ അതുവരെ ആലോചിച്ചിട്ടില്ലെന്ന് തോന്നി.**

ചുമലിൽ തട്ടിക്കൊണ്ട് പറഞ്ഞു:


നിനക്കതിന് കഴിയും . ശ്രമിക്കൂ, പക്ഷെ, സൂക്ഷിക്കണം.'ആ ബാറിൽ പലതവണ പോയിട്ടുണ്ടെങ്കിലും പിന്നീടൊരിക്കലും ഞാൻ അവനെ കണ്ടിട്ടില്ല. പക്ഷെ, ആ പ്രണയകഥയുടെ ക്ളൈമാക്സിനെ പറ്റി ഞാൻ ഇപ്പോഴും ആലോചിക്കാറുണ്ട്.

ഇപ്പോഴും ഞാൻ അതിന്റെ ക്ളൈമാക്സ് തേടുകയാണ്. അവൻ അവിടെ പോയിരിക്കുമോ? അവളെ തട്ടിക്കൊണ്ടുവന്നിരിക്കുമോ?

വിവാഹം കഴിച്ചിരിക്കുമോ? ഇപ്പോൾ കുട്ടികളും കുടുംബവുമായി കഴിയുന്നുണ്ടാകുമോ? അതല്ല, വേണ്ട, മറുത്തതൊന്നും ഞാൻ ആലോചിക്കുന്നില്ല. അതൊരു ദുരന്ത പ്രണയകഥ ആയിട്ടില്ലെന്ന്

വിശ്വസിക്കാനാണ് എനിക്ക് ആഗ്രഹം.

● ചെറുകഥ





◉ അനിൽ ഉത്തമന്തിൽ

# പൃഥ്വി

വര:
പി ആർ രാജൻ

**ഒന്ന്**

രാത്രി താഴ്ന്നിറങ്ങിക്കൊണ്ടേയിരുന്നു. കാറ്റിന്റെ നേരിയ മുഴക്കമുണ്ട്.

വേട്ടയാടിയ കാലങ്ങളിലൂടെ വസുധ ദയനീയമായി സഞ്ചരിച്ചു. ഇലകളെല്ലാമറ്റ, ശോഷിച്ച മരങ്ങൾ അവൾക്കുനേരേ ചാഞ്ഞുവരുന്നത് നിസ്സഹായതയോടെ കണ്ടു. അവയിലൊന്നിനെയും ഒരിക്കലും പൂവിട്ടുകണ്ടിരുന്നില്ലല്ലോ എന്നു സങ്കടത്തോടെ ഓർത്തു. അത്തരം എണ്ണമില്ലാത്ത മരങ്ങളുടെ അവശിഷ്ടങ്ങൾ അവൾക്കുമേൽ പതിച്ചുകൊണ്ടിരിക്കുകയാണെന്നു തോന്നി.

വസുധയുടെ കണ്ണുകളിലെ വിഷാദവും നിരാശതയും അവിടെയെല്ലാം പടർന്നു. അവളുടെ ശ്വാസഗതി, നിലാത്തണുപ്പിൽക്കുറുങ്ങി മെല്ലെയായി. അവളെ നയിച്ച സ്വപ്നങ്ങൾപോലെ അവളും തകർന്നടിഞ്ഞു!

'അർഹതയില്ലാത്തവയാണോ അരവിന്ദ്, ഞാനാഗ്രഹിച്ചത്? നടക്കാനിടയില്ലാത്ത മോഹങ്ങളെയാണോ ഞാൻ കൂടെക്കൂട്ടിയത്? ഞാൻ തളർന്നു. പുഴുവിനെപ്പോലെ ചുരുങ്ങിപ്പോയി. നീ വിജയിച്ചു! പക്ഷേ, എപ്പോഴുമോർക്കണം, ഞാനിവിടെയുണ്ടായിരുന്നു. ഈ മണ്ണിന്റെ ഓരോ അടരിലും എന്റെ യാതനയുടെ അടയാളങ്ങളുണ്ട്. ഇവിടെ ഞാനില്ലെങ്കിലും എന്റെ വേദന... സ്നേഹം... എല്ലാം ഈ മണ്ണിൽ നിറഞ്ഞിരിക്കും. നിന്റെ വിജയം വെറും കെട്ടുകഥയാവും...'

'അർഹതയില്ലാത്തവയാണോ അരവിന്ദ്, ഞാനാഗ്രഹിച്ചത്? നടക്കാനിടയില്ലാത്ത മോഹങ്ങളെയാണോ ഞാൻ കൂടെക്കൂട്ടിയത്? ഞാൻ തളർന്നു. പുഴുവിനെപ്പോലെ ചുരുങ്ങിപ്പോയി. നീ വിജയിച്ചു! പക്ഷേ, എപ്പോഴുമോർക്കണം, ഞാനിവിടെയുണ്ടായിരുന്നു. ഈ മണ്ണിന്റെ ഓരോ അടരിലും എന്റെ യാതനയുടെ അടയാളങ്ങളുണ്ട്. ഇവിടെ ഞാനില്ലെങ്കിലും എന്റെ വേദന... സ്നേഹം... എല്ലാം ഈ മണ്ണിൽ നിറഞ്ഞിരിക്കും. നിന്റെ വിജയം വെറും കെട്ടുകഥയാവും...'

ശരീരം പതിയെ തളർന്നു. വസുധയുടെ മനസ്സു മുറിഞ്ഞ്, ഓർമകൾ വെള്ളത്തിലിറ്റുവീണു നേർത്ത കറകളായി.

ചെറുപ്പത്തിൽ വിട്ടുപോയ അമ്മ, അവളെ അവളാക്കിമാറ്റിയ അച്ഛൻ, പ്രിയസുഹൃത്തായ മീന– എല്ലാവരും ഒരുമിച്ച് അവളുടെ മനസ്സിൽ നിറഞ്ഞു. കണ്ണുനീർ മണ്ണിലേക്കു വീണു. പൂർണമായും വരണ്ട മണ്ണ്, ഒടുവിൽ ഒരുനാൾ കണ്ട സ്വന്തം നിറം തിരിച്ചുകിട്ടിയതുപോലെ ആ തുള്ളികളിലേക്കു ലയിച്ചു. ആ കണ്ണുനീരിന്റെ ചൂട്, മൗനനിലവിളികളിൽ ഉറച്ചിരുന്ന മണ്ണിനെയുരുക്കി. വസുധയുടെ,

മങ്ങുന്ന സ്മൃതിപഥത്തിൽ മീന ശ്വാസംകിട്ടാതെ പിടഞ്ഞു!

'മീന, നിന്നെ രക്ഷിക്കാനാവില്ലെന്ന് എനിക്കറിയാം. ഒടുവിൽ നിന്നെ വിട്ടുപോകേണ്ടിവരുമെന്ന സത്യം എന്നെയാകെ കീറിമുറിക്കുന്നു. നിന്റെ വേദന എനിക്കറിയാം. പക്ഷേ, അതിനുമേൽ എനിക്കൊന്നും ചെയ്യാനായില്ല. ഞാൻ അത്രയ്ക്കു തളർന്നുപോയി... നീ വീണ്ടും തളിർക്കണമെന്നാഗ്രഹിക്കാനല്ലേ എനിക്കാവൂ! നീയീവിടെ, ഈ ഭൂമിയിൽ, നിന്റെ പച്ചയിൽത്തന്നെ നിറയണം. എപ്പോഴും നീ നീയായിരിക്കണം... ഇനിയും തളിർക്കണം, എപ്പോഴും...'

വസുധയുടെ ശബ്ദം മെല്ലെ അസ്തമിച്ചുതുടങ്ങി.

കാറ്റ് അലസമായി മരങ്ങളിലേക്കു നീങ്ങി. മൂടൽമഞ്ഞ് അവയെപ്പൊതിഞ്ഞു. വസുധയുടെ കണ്ണുകൾ അവിടെയെങ്ങും അമ്മയെത്തിരഞ്ഞു.

കാറ്റു നിശ്ചലമായി. കനത്ത മഞ്ഞു താഴേക്കിറങ്ങി. ജീവൻ അടർന്നുപോകുമ്പോഴും അവൾ പറഞ്ഞുകൊണ്ടിരുന്നു:

'നീ തളിർക്കണം...'

അവളുടെ അവസാനത്തെ വാക്കുകൾ ആ തണുത്ത മണ്ണിൽ പ്പതിച്ചു. മഞ്ഞ് അവളെ മൂടി. അമ്മ അവളെ സ്നേഹത്തോടെ ചേർത്തുപിടിച്ചു.

### രണ്ട്

നേരത്തേ, വിജനമായ ചക്രവാളത്തിനടുത്ത് വസുധ ഒരു നിശ്ശബ്ദസ്മാരകംപോലെ നിൽക്കുകയായിരുന്നു. സ്വന്തം നിറം നഷ്ടപ്പെട്ട ആകാശത്തിലേക്കലിയാൻ സൂര്യൻ തിരക്കുകൂട്ടി. ഒരു ക്യാൻവാസ് അതിലെ ചിത്രവർണങ്ങൾ സ്വയം ഇല്ലാതാക്കുന്നതുപോലെ, അവൾ നിൽക്കുന്നിടം വിണ്ടുകീറുകയും ജീവശ്വാസത്തിനായി കേഴുകയും ചെയ്തു.

വസുധയുടെ കണ്ണുകൾ അവിടത്തെ അവശിഷ്ടങ്ങൾ തേടുകയായിരുന്നു. ഒരിക്കൽ ജീവിതം തഴച്ചു വളർന്ന ഈ വിസ്തൃതകേദാരങ്ങൾ വെറും മരുഭൂമിയായിമാറിയ കാഴ്ച അവളെ തകർത്തു.

ആ ശൂന്യതയിൽ ഒരു കാറ്റടിച്ചു. അതിന്റെ പിടച്ചിലിൽ അവളുടെ ദുഃഖം അവിടെയെങ്ങും പ്രസരിച്ചു. കഴുത്തിലെ ഷാൾ വലിച്ച്, തലയ്ക്കുമീതെ മൂടാൻ നോക്കി. അൽപ്പമെങ്കിലും ആശ്വാസം നേടാനുള്ള പാഴ്ശ്രമം! ചെറിയ കാറ്റിന്റെ ശീതളിമയ്ക്കുമുമ്പിൽപ്പോലും പിടിച്ചുനിൽക്കാൻ അവൾക്കു ബുദ്ധിമുട്ടായിരുന്നു. ലോകം മുഴുവൻ സ്വന്തം ചുമലിൽ തങ്ങിയിരിക്കുന്നതുപോലെയുള്ള ഒരു ഭാരം അവളെ വേദനിപ്പിച്ചു. തളർന്ന മനസ്സും ശരീരവും അവിടത്തെ നിശ്ശബ്ദതയിൽ ലയിപ്പിക്കാനാവാതെ അവൾ നിന്നു.

**'മീന, നിന്നെ രക്ഷിക്കാനാവില്ലെന്ന് എനിക്കറിയാം. ഒടുവിൽ നിന്നെ വിട്ടുപോകേണ്ടിവരുമെന്ന സത്യം എന്നെയാകെ കീറിമുറിക്കുന്നു. നിന്റെ വേദന എനിക്കറിയാം. പക്ഷേ, അതിനുമേൽ എനിക്കൊന്നും ചെയ്യാനായില്ല. ഞാൻ അത്രയ്ക്കു തളർന്നുപോയി... നീ വീണ്ടും തളിർക്കണമെന്നാഗ്രഹിക്കാനല്ലേ എനിക്കാവൂ! നീയീവിടെ, ഈ ഭൂമിയിൽ, നിന്റെ പച്ചയിൽത്തന്നെ നിറയണം. എപ്പോഴും നീ നീയായിരിക്കണം... ഇനിയും തളിർക്കണം, എപ്പോഴും...'**

ഒരു നിഴലിൽനിന്നുയർന്നു മുന്നിലേക്കു വരുന്ന രൂപം മീനയാണെന്നു തിരിച്ചറിയാൻ ആദ്യം വസുധയ്ക്കു കഴിഞ്ഞില്ല. അവളിലെ പ്രകാശം പാടെ മങ്ങിയിരുന്നു. മാഞ്ഞുപോയ സ്വപ്നങ്ങളുടെയും വേദനയുടെയും കടുത്ത അടയാളങ്ങൾ മാത്രമാണ് മുഖത്ത് അവശേഷിച്ചിരുന്നത്. അതിരുകളില്ലാത്ത അഭിലാഷങ്ങളുടെ ലോകത്ത്, ഹരിതാഭമായ സ്വപ്നങ്ങൾ പങ്കുവച്ച് ഒപ്പം നടന്ന മീന, ഇപ്പോൾ മെലിഞ്ഞുണങ്ങിയ വെറുമൊരു ശരീരം മാത്രമായി മുന്നിൽ! അവളുടെ കണ്ണുകളിലെ തീ മങ്ങി, അരവിന്ദിന്റെ നിർബ്ബന്ധബുദ്ധികളുടെ ലോകത്തേക്ക് അവൾ ചുരുങ്ങിയിരുന്നു. അയാളേൽപ്പിച്ച മർദ്ദനങ്ങളുടെ ഭാരം അവളെ തളർത്തിയിരുന്നു. ആഴമാർന്നൊരു ക്ഷീണം അവളെ പൂർണമായി വിഴുങ്ങിയിരുന്നു. ചിറകുകൾ ഛേദിക്കപ്പെട്ട്, രക്ഷപ്പെടാൻ കഴിയാത്ത, അതിനൊരിക്കലും ശ്രമിക്കാത്ത, കൂട്ടിലകപ്പെട്ട പക്ഷിയെപ്പോലെയായിരുന്നു അവൾ.

പരിസരത്തെ വേട്ടയാടുന്നൊരു പ്രേതസാന്നിധ്യമായിത്തീർന്ന അവളിൽനിന്ന്, നേർത്തൊരു വെളിച്ചം ചുറ്റുപാടും പടർന്നു. ആ വെളിച്ചത്തിൽ പ്രതീക്ഷയോടെ നോക്കുന്ന മീനയെ വസുധ കണ്ടു. ആ കാഴ്ച, ഒരു കൊടുങ്കാറ്റുപോലെ അവളെയിളക്കി. മീനയുടെ മൂകമായ സഹായാപേക്ഷകൾ വായുവിൽ തൂങ്ങിയാടി. അങ്ങോട്ടു നോക്കാൻപോലുമുള്ള ധൈര്യം വസുധയ്ക്കുണ്ടായില്ല. കാലങ്ങളായി തുടരുന്ന ജീവിതവ്യഥകളാൽ അവൾ അത്രയേറെ ക്ഷീണിതയായിരുന്നു. വിശുദ്ധമെന്നു കരുതിയ പലതും സംരക്ഷിക്കാൻ നടത്തിയ സംഘർഷങ്ങൾ സ്വന്തം ആത്മാവിനെ എത്രത്തോളം തളർത്തിയിരിക്കുന്നു എന്നവൾ അപ്പോൾ തിരിച്ചറിഞ്ഞു.

ആ നിമിഷങ്ങളുടെ നിശ്ശബ്ദത മുഴുവൻ, പെട്ടെന്നുയർന്നൊരു കാർഹോൺ ഇല്ലാതാക്കി. മൂർച്ചയുള്ളതും അസ്വസ്ഥതയുളവാക്കുന്നതുമായ ആ ഒച്ച ഒരു കൂർത്ത ആയുധംപോലെ അവിടമാകെ കീറിമുറിച്ചു. ആ വാഹനത്തിൽ ആരാണെന്നു തിരിച്ചറിഞ്ഞപ്പോൾ, വസുധ അവിടെ നിശ്ചലം നിന്നുപോയി!

അരവിന്ദിന്റെ കാറിന്റെ മുഴക്കം, നാശത്തിന്റെ പ്രവചനംപോലെ, കുറുകി താഴ്ന്നുവന്നു. തകർന്നുപോയ

ഭൂമിയുടെ അടിയിൽനിന്ന് മിനുസമുള്ള, തിളക്കമുള്ള ഒരന്യഗ്രഹവാഹനം ഉയർന്നുവരുന്നതുപോലെയാണ് അവൾക്കു തോന്നിയത്. അവശിഷ്ടങ്ങൾ മാത്രമുണ്ടായിരുന്ന അവിടെ, അതു ക്രൂരമായൊരു കാഴ്ചയായി, വൈരുധ്യമായി എഴുന്നുനിന്നു.


അരവിന്ദ് പുറത്തിറങ്ങി. അയാളുടെ കടുത്ത നിറത്തിലുള്ള സ്യൂട്ട് ആ അന്തരീക്ഷത്തിനു യോജിക്കാതെ വേറിട്ടുനിന്നു. അയാളുടെ ചലനങ്ങളോരോന്നും മൂർച്ചയുള്ളതായിരുന്നു. മനഃപൂർവം ഒരു വേദിയിലേക്ക് ഇടിച്ചുകയറുന്നതുപോലെയായിരുന്നു ഓരോ ചുവടും.

വളരെ തണുത്തൊരു കാറ്റടിച്ചു. ചുറ്റുപാടുകൾ മരവിച്ചു. അസ്വസ്ഥതയുളവാക്കുന്ന അധികാരത്തിന്റെ വല്ലാത്ത ഭാരം അന്തരീക്ഷത്തെയാകെ മൂടി. അയാളുടെ നോട്ടത്തിൽ ഊഷ്മളതയില്ല. അയാളുടെ കണ്ണുകളിൽ, ചില്ലുകഷണങ്ങളിലെന്നതുപോലെ അഹങ്കാരം ജ്വലിച്ചു.

മുഖത്തൊരു കൃത്രിമച്ചിരി നിറച്ച് അരവിന്ദ് അവരെ രണ്ടാളെയും നോക്കി.

'ചേച്ചി, ഇനിയും ഇവിടെത്തന്നെ? എന്റെ വഴിയിൽ നിങ്ങളായിരുന്നു എപ്പോഴും തടസ്സം. ഒടുവിൽ നിങ്ങളെ പിന്നിലാക്കാതെ എനിക്കു മുന്നോട്ടുപോകാൻ കഴിയില്ലെന്നു നിങ്ങൾക്കു മനസ്സിലാകുമെന്നു ഞാൻ കരുതി.'

അയാളുടെ ധാർഷ്ട്യമുള്ള വാക്കുകൾ, ആഴമുള്ള കിണറ്റിലേക്കു വീഴുന്ന കല്ലുകൾപോലെ അവരുടെ മനസ്സുകളിലേക്കു പതിച്ചുകൊണ്ടിരുന്നു. കനത്ത നിശ്ശബ്ദതയിൽ അയാൾ സൃഷ്ടിച്ച താൻപോരിമയുടെ തരംഗങ്ങൾ പ്രകമ്പനം സൃഷ്ടിച്ചു. ചുറ്റുമുള്ള ലോകത്തിനെ ഖേദത്തോടെയല്ല, മറിച്ചു സംതൃപ്തിയോടെയാണ് അരവിന്ദ് കണ്ടത്. കത്തുന്ന മണ്ണും ഉണങ്ങുന്ന മരങ്ങളുമെല്ലാം കാലമാവശ്യപ്പെടുന്ന ത്യാഗങ്ങൾ മാത്രമാണെന്ന മട്ടിൽ അയാൾ അവരിരുവരെയും നോക്കി. വസുധയുടെ




കണ്ണുകൾ അപ്പോൾ കത്തുകയായിരുന്നു. അവൾ അയാളുടെയടുത്തേക്കു നീങ്ങി. അവളുടെ ശബ്ദം തളർന്നുവീഴുകയായിരുന്നെങ്കിലും ഓരോ വാക്കും ഹൃദയദുഃഖത്താൽ തിളക്കമാർന്നവയായിരുന്നു:

'ഇതിനെയെല്ലാം നീ വിജയമെന്നു കരുതുന്നുണ്ടോ? നീ നിൽക്കുന്ന ഈ സ്ഥലം, ഒരിക്കൽ നിലനിന്നിരുന്ന ജീവിതത്തിന്റെ അവശിഷ്ടം മാത്രമാണ്. നിനക്കുചുറ്റും ഒന്നു നോക്ക്... നിന്റെ പ്രവൃത്തികളുടെ ദുഷ്പ്രഭാവങ്ങളാണ് ഈ കാണുന്നത്. അരവിന്ദ്, നീ ഒന്നും സൃഷ്ടിച്ചിട്ടില്ല. നിനക്കു മനസ്സിലാകാത്തതെല്ലാം, നിനക്കു സ്വന്തമായതുപോലും, നശിപ്പിച്ചവനായി നീ മാറി!'

അവളുടെ വാക്കുകൾ അവിടെയെങ്ങും മുഴങ്ങി. ആ ശാപവാക്കുകളെ അരവിന്ദ് അവജ്ഞയോടെ നിരാകരിച്ചു. ചിരിച്ചുകൊണ്ട് അയാൾ പറഞ്ഞു:

'ഞാനും പൂർണമായും എന്നെ മനസ്സിലാക്കുന്നു. അതാണെന്റെ വിജയവും. നിങ്ങളെല്ലാം വിഡ്ഢികളായ വികാരജീവികൾ മാത്രം! എല്ലാം മറന്ന് ഈ ലോകത്തെ പുനർനിർമിക്കാൻ തയ്യാറുള്ളവർക്കു മാത്രമേ ലോകം വഴങ്ങൂ. നിങ്ങൾ ഭൂതകാലത്തിൽ, ഭാവിയിൽ ഒരു സ്ഥാനവുമില്ലാത്ത ആശയങ്ങളിൽ, അള്ളിപ്പിടിച്ചുനിൽക്കുന്ന ഒരു പല്ലി മാത്രം! അവളെ നോക്കൂ...'

അയാൾ മീനയുടെ നേരേ വിരൽ ചൂണ്ടി:

'അവൾ സത്യമെന്താണെന്നു മനസ്സിലാക്കി.... അല്ലെങ്കിൽ അതു മനസ്സിലാക്കാനുള്ള പരിശ്രമം നടത്തുകയെങ്കിലും ചെയ്തു...'

വസുധയുടെ ഒരുചുവടു പിന്നിൽ നിന്ന മീന ഇതുകേട്ടു വിറച്ച്, അവളുടെ നോട്ടം താഴ്ത്തി. അരവിന്ദിന്റെ വാക്കുകൾ കുരുക്കുകളായി വരിഞ്ഞ് അവളെ ശ്വാസം മുട്ടിച്ചു. രക്ഷപ്പെടാൻ കഴിയാത്ത വിധത്തിൽ അവനടിമപ്പെട്ട്, ആധിപത്യം നേടാ

നുള്ള അവന്റെ സമ്മർദ്ദമേറ്റ് മീന ആകെ തകർന്നിരുന്നു. വസുധ മീനയ്ക്കടുത്തേക്കു തിരിഞ്ഞ്, താഴേക്കു വീഴുമെന്ന അവസ്ഥയിലായിരുന്ന അവളെ മെല്ലെ തലോടി ശബ്ദമുയർത്തി;

'അരവിന്ദ്, മീന സത്യം കണ്ടില്ല. കാണാൻ ശ്രമിച്ചില്ല. നിന്നോടുള്ള ഭ്രമം നിമിത്തം ഇവളൊരു ഭ്രാന്തിയായി മാറിയിരുന്നു. നീ അവളിൽനിന്ന് എല്ലാമെടുത്തു. നീയവളുടെ സ്വാതന്ത്ര്യമെടുത്തു. അവളുടെ സ്വകാര്യ ഇഷ്ടങ്ങൾപോലും നീ നിയന്ത്രിച്ചു. നിന്റെ ആവശ്യങ്ങൾക്കായി ഒരു കച്ചവടച്ചരക്കാക്കി. സത്യം മനസ്സിലാക്കി പോലും! അടിമത്തം പേറേണ്ടിവന്നു എന്നു പറ...'

ളുടെയിഷ്ടങ്ങൾക്കു നീ ആമംവച്ചു. നിന്റെ ചെയ്തികളിൽ നീ അഭിമാനിച്ചോളൂ... പക്ഷേ, നീ ഒന്നും നേടിയിട്ടില്ലെന്നു നീയറിയുക... വെറും ചാരം മാത്രമാണ് ഇതിന്റെയെല്ലാം ബാക്കിയെന്നു നീയറിയുക... മറ്റൊന്നുമില്ല!'

നീരസത്താൽ അരവിന്ദിന്റെ ഭാവമിരുണ്ടു. ഒരു നിമിഷം അവന്റെ കണ്ണുകളിൽ എന്തോ മിന്നിത്തിളങ്ങിയോ? സംശയം, അല്ലെങ്കിൽ ഖേദം. പക്ഷേ, അതയാളുടെ പതിവഹങ്കാരത്താൽ പെട്ടെന്നു മറച്ചുവയ്ക്കാൻ കഴിഞ്ഞു.

'നിങ്ങൾക്കു തെറ്റുപറ്റി ചേച്ചീ... ഞാൻ എന്തുണ്ടാക്കിയോ അതു നിലനിൽക്കും. നിങ്ങൾ എന്താണു സംരക്ഷിച്ചത്? അത് എല്ലായ്പ്പോഴും

**ഒരു നിഴലിൽനിന്നുയർന്നു മുന്നിലേക്കു വരുന്ന രൂപം മീനയാണെന്നു തിരിച്ചറിയാൻ ആദ്യം വസുധയ്ക്കു കഴിഞ്ഞില്ല. അവളിലെ പ്രകാശം പാടെ മങ്ങിയിരുന്നു. മാഞ്ഞുപോയ സ്വപ്നങ്ങളുടെയും വേദനയുടെയും കടുത്ത അടയാളങ്ങൾ മാത്രമാണ് മുഖത്ത് അവശേഷിച്ചിരുന്നത്. അതിരുകളില്ലാത്ത അഭിലാഷങ്ങളുടെ ലോകത്ത്, ഹരിതാഭമായ സ്വപ്നങ്ങൾ പങ്കുവച്ച് ഒപ്പം നടന്ന മീന, ഇപ്പോൾ മെലിഞ്ഞുണങ്ങിയ വെറുമൊരു ശരീരം മാത്രമായി മുന്നിൽ!**

അരവിന്ദ് ഒരാംഗ്യംകൊണ്ടു വസുധയെ തടഞ്ഞു. അടുത്തേക്കു ചുവടുവച്ചു. കണ്ണുകൾ ചുരുങ്ങി. അയാൾ വളരെ മെല്ലെ പറഞ്ഞു:

'അവൾ തിരഞ്ഞെടുത്തു ചേച്ചീ... അതിജീവനത്തിനു ത്യാഗങ്ങളാവശ്യമാണെന്ന് അവൾ മനസ്സിലാക്കി. അതുകൊണ്ട് അവൾ എനിക്കോരം ചേർന്നു നടക്കുന്നു...'

വസുധയുടെ ശബ്ദമുയർന്നു. അവൾ വളരെക്കാലമായി കുഴിച്ചിട്ടിരുന്ന നിരാശതയും ദേഷ്യവുംകൊണ്ട് അവിടമാകെ കനത്തു:

'ത്യാഗമോ?! അവൾ ഒരിക്കലുമാഗ്രഹിക്കാത്തൊരു ജീവിതത്തിലേക്കു നീയവളെ വലിച്ചിഴച്ചു. എല്ലാം അനീതിയായിരുന്നു. പിന്തുടരുകയല്ലാതെ അവളെന്തുചെയ്യും? അവൾക്കു മറ്റു മാർഗമില്ലായിരുന്നു. അവ

തകർന്നുകൊണ്ടിരിക്കുന്ന കാര്യങ്ങളാണ്. പക്ഷേ മീന...'

അരവിന്ദിന്റെ നിയന്ത്രണത്തിലായിരുന്നു അവിടത്തെ നിമിഷങ്ങൾപോലും ചലിച്ചുകൊണ്ടിരുന്നതെന്നു തോന്നിച്ചു. അവ വസുധയുടെ ഹൃദയം ഭേദിച്ചു മുമ്പോട്ടു നീങ്ങിക്കൊണ്ടിരുന്നു. അവൾ തലതാഴ്ത്തി മന്ത്രിച്ചു:

'അതിവളുടെ ബലഹീനതയല്ല, അരവിന്ദ്... അതൊരു പ്രണയമായിരുന്നു. ആർക്കും ആരോടും ഒരു നിമിഷത്തിൽ വിരിയാവുന്നത്. നീ അതാണു മറന്നുപോയത്... മുതലെടുത്തത്.... നിന്റെ നേട്ടങ്ങൾക്കുവേണ്ടിയുള്ള സ്വാർത്ഥതയായിരുന്നു പ്രേമനാടകമെന്നും അവളൊരു കച്ചവടവസ്തുവാണെന്നും മനസ്സിലാകുമ്പോഴേക്കും എല്ലാം നഷ്ടപ്പെട്ട്, ഒരു

തിരിച്ചുവരവില്ലാത്തവിധം അടിമയായിത്തീർന്നിരുന്നു...'

മീന തലതാഴ്ത്തി നിന്നതേയുള്ളൂ. തുടർന്നുള്ള നിശ്ശബ്ദതയുടെ പിരിമുറുക്കത്താലെന്നതുപോലെ അവിടമെങ്ങും കൂടുതലിരുണ്ടു. സൂര്യൻ, ഭൂമിയെ നിഴലിലാക്കി താഴേക്കു മറഞ്ഞുകൊണ്ടിരുന്നു. ഊഷ്മളവും ഊർജ്ജസ്വലവുമായിരുന്ന ഭൂപ്രകൃതി, അരവിന്ദുമായുള്ള സ്വന്തം ബന്ധംപോലെ തണുത്തതും നിർജ്ജീവമായതുമായിത്തോന്നി, വസുധയ്ക്ക്.

അരവിന്ദ് പോകാൻ തിരിഞ്ഞപ്പോൾ ഒരു കാറ്റ് അവർക്കുചുറ്റും പൊടിപടലങ്ങൾ നിറച്ചു. സാന്ധ്യവെളിച്ചത്തെ അതു കൂടുതൽ ചുവപ്പിച്ചു. അരവിന്ദ് സൃഷ്ടിച്ച ലോകത്തിലെ നിശ്ശബ്ദത്തടവുകാരിയായ മീന, തണുത്തുറഞ്ഞ നിലയിൽ നിന്നു. വസുധ അവളുടെ കൈയിൽ അമർത്തിയൊന്നു പിടിക്കാൻ ശ്രമിച്ചു. പക്ഷേ, അതു കൈക്കുള്ളിൽ നിൽക്കാതെ, തീരെ ഭാരംകുറഞ്ഞ ഒരു മുത്തുപോലെ ഊർന്നുപോയി!

ഹൃദയഭാരത്തോടെ, വസുധ അവരെ രണ്ടുപേരെയും നോക്കി. അവരെ നഷ്ടപ്പെട്ടിരിക്കുന്നു. ഒന്ന് അവളുടെ സുഹൃത്ത്. മറ്റേതു സഹോദരൻ. എല്ലാമൊതുക്കാനുള്ള അരവിന്ദിന്റെ തീരാവിശപ്പു കാരണം അവൾ പോരാടിയതെല്ലാം ഇല്ലാതായിരിക്കുന്നു. അയാൾക്കൊപ്പം ഇഷ്ടമില്ലാതെ നടന്നുനീങ്ങുന്ന ഒരു യന്ത്രംപോലെ തോന്നി, മീനയെ. ദയനീയമായ ആ മുഖത്തേക്കു നോക്കാനുള്ള ശക്തി വസുധയ്ക്കുണ്ടായില്ല.

അരവിന്ദ് നടന്നുപോകുമ്പോൾ അവനു പിന്നിലുള്ള ഭൂമി കുറച്ചുകൂടി തകർന്നുവീഴുന്നതായിത്തോന്നി. ആകാശമെങ്ങും പുകയും പൊടിയും ശക്തമായി ഉയർന്നു. സ്വന്തം കാലിനടിയിലെ മണ്ണു വഴുതിപ്പോകുന്നതായിത്തോന്നിയ വസുധ അതിനെ പ്രതിരോധിക്കാനായി നിശ്ചലയായി, ശക്തമായി ഉറച്ചുനിൽക്കാൻ ശ്രമിച്ചു. അവൾ മീനയോട്

അവസാനയാത്ര പറഞ്ഞു:

'ഇനിയൊന്നുമില്ല സുഹൃത്തേ, വിട!'

ഒടുവിലായി അരവിന്ദിനോട് ഇത്രയും പറയണമെന്ന് അവളാഗ്രഹിച്ചു:

'മാപ്പു പറയാൻ ഇനിയും വൈകിയിട്ടില്ല, അരവിന്ദ്. നീ തീർത്ത നരകത്തിൽ അവൾ വേദനിക്കുന്നു; ഞാനും... നമ്മളുമായി ബന്ധപ്പെട്ട എല്ലാവരും...'

**മൂന്ന്**

മലമുകളിലെ അനാഥത്വത്തെ വരിച്ചിട്ട് ഇന്നേക്കു രണ്ടു വർഷമായി. മക്കൾ രണ്ടുപേരുമില്ലാതെ ഈ വീടിന്റെ ശൂന്യതയുടെ വലയത്തിൽ കുടുങ്ങിയ ജീവിതം രവിക്കു കൂടുതൽ അസഹനീയമായിരിക്കുന്നു. വിളറിവെളുത്ത നിലാവുകളോടുള്ള കൂട്ട് ഇപ്പോൾ അയാൾക്കു ശീലമായിരിക്കുന്നു. പകൽക്കാഴ്ചകളുടെ തെളിച്ചം തീരെ മങ്ങിയിരിക്കുന്നു.

ക്ഷീണിച്ചുമെലിഞ്ഞ ഒരു പുഴ, ഗതി മാറി വീടിനടുത്തേക്കു വരുന്നത് ദൂരെനിന്നുതന്നെ കാണാം. തീരെ ഉറക്കം കിട്ടാത്ത ഒരു ദിനമാണ്. എന്നത്തെയുംപോലെ ക്ഷമയെ പരീക്ഷിക്കുന്ന അനന്തമായ ദിവസം. ശരിയായി കിടക്കയിൽ കിടന്നുറങ്ങിയ കാലം മറന്നുപോയിരിക്കുന്നു. കസേരക്കൈകളിലൂന്നി, ദുർബ്ബലമായ ശരീരത്തെ ഒന്നുറപ്പിച്ചിരുത്താൻ ഏറെ പണിപ്പെട്ടു. വെയിലേറ്റ് അസ്ഥികളായിത്തീർന്ന മരങ്ങളായിരുന്നു പുറത്തെങ്ങും. അവ നിർവ്വികാരതയോടെ, ജീവനറ്റ ആ പുഴയിലേക്കു മെല്ലെമെല്ലെ പൊടിഞ്ഞുവീഴുന്ന ശബ്ദം വ്യക്തമായി കേൾക്കാം. ഇടവിട്ടുവരുന്ന ആ ഒച്ചകൾ മനസ്സിനെത്തളർത്തുന്ന നിലവിളികളായി രവിയുടെയുള്ളിലേക്കു തുളച്ചുകയറിക്കൊണ്ടിരുന്നു.

അയാളോർത്തു:

വസുധയുടെ മെല്ലെയുള്ള കാൽപ്പെരുമാറ്റം വീട്ടിലെ നിശ്ശബ്ദതയുടെ കനം കൂട്ടിയ നാൾ.

'അവനെ നിങ്ങൾ തടഞ്ഞില്ലല്ലോ, അച്ഛാ!'

ആകാശത്തു നിറഞ്ഞുനിൽക്കുന്ന കരിമേഘങ്ങളെ, രാത്രിയാണെങ്കിലും വ്യക്തമായിക്കാണാം. അതു കനമാർന്നു താഴേക്കിറങ്ങിവന്നു ചൂഴ്ന്നുകൊണ്ടിരുന്നത് അറിയുന്നുണ്ടായിരുന്നു. തടയാൻ പറ്റുന്നില്ല...

'അവനെ അച്ഛൻ തടുത്തില്ല, ഒരിക്കൽപ്പോലും...'

'വസൂ, അവൻ നിന്റെ അനിയനാണ്...'

അസഹിഷ്ണുതയോടെ വസുധ പിറുപിറുത്തുകൊണ്ടിരുന്നു:

'എല്ലാം നശിപ്പിക്കുന്നതു കണ്ടിട്ടും ഒന്നും കാണാത്തതുപോലെയിരുന്നു...'

അവളുടെ വാക്കുകളുടെ മൂർച്ചയിൽ അയാളാകെ ചുരുങ്ങിപ്പോയി.

'മോളേ, ഞാൻ ആരുടെ പക്ഷം ചേരാനാണ്?'

വസുധ ഒന്നു മുഖമുയർത്തി നോക്കാൻപോലും ശ്രമിച്ചില്ല. അവൾ കണ്ണുനീർ തടയാൻ പാടുപെടുകയായിരുന്നു. അച്ഛനെതിരെയുള്ള, എത്ര ശ്രമിച്ചിട്ടും ഒഴിവാക്കാൻ പറ്റാതിരുന്ന പ്രതിഷേധവും പൊങ്ങിവന്ന ദുഃഖവുമുയർത്തിയ പ്രതിസന്ധിയിൽ അവൾ തളർന്നുപോയി.

'മോളേ, ഞാൻ നിന്നെ ശക്തിയുള്ളവളായിക്കരുതി... എന്റെ സഹായം കൂടാതെതന്നെ അരവിന്ദിനെ തിരുത്താൻ നിനക്കാവുമെന്നു കരുതി... നീ വിചാരിക്കുന്നതുപോലെ,

**അരവിന്ദിന്റെ കാറിന്റെ മുഴക്കം, നാശത്തിന്റെ പ്രവചനംപോലെ, കുറുകി താഴ്ന്നുവന്നു. തകർന്നുപോയ ഭൂമിയുടെ അടിയിൽനിന്ന് മിനുസമുള്ള, തിളക്കമുള്ള ഒരന്യഗ്രഹവാഹനം ഉയർന്നുവരുന്നതുപോലെയാണ് അവൾക്കു തോന്നിയത്. അവശിഷ്ടങ്ങൾ മാത്രമുണ്ടായിരുന്ന അവിടെ, അതു ക്രൂരമായൊരു കാഴ്ചയായി, വൈരുധ്യമായി എഴുന്നുനിന്നു.**

ഞാനതിനെപ്പറ്റി ആലോചിക്കാതിരുന്നില്ല...'

'അച്ഛാ, മിണ്ടാതിരിക്കുന്നതുകൊണ്ട് ഒന്നിൽനിന്നും രക്ഷപ്പെടുന്നില്ല. അച്ഛന്റെ ധൈര്യം ആവശ്യമുള്ള സമയത്ത് ഒരു മകൾ പ്രതീക്ഷിക്കുന്നതു തെറ്റാണോ?'

കുറ്റബോധം രവിയുടെ ശരീരത്തെ മൊത്തം കനപ്പിച്ചു. ഗതി തെറ്റിവന്ന കാറ്റുകൾ അവിടെയെങ്ങും അവശതയോടെ കറങ്ങി. അവളെ നോക്കി ഒരു വാക്കെങ്കിലും പറയാൻ പറ്റിയെങ്കിലെന്നാശിച്ചു. ഒന്നു കരയാൻപോലും പറ്റുന്നില്ല.


വസുധ ആ രാത്രിയിൽ ഏറെനേരം അതിഭാരമുള്ള ചുവടുകളോടെ അവിടെയാകെപ്പടർന്നു. അവളുടെ മുഖം- ഏറെ പ്രിയപ്പെട്ട മകളുടെ മുഖം- നിലാവെളിച്ചത്തിലെങ്കിലും ഒരിക്കൽക്കൂടി അയാൾക്കു കാണണമെന്നുണ്ടായിരുന്നു. അവളുടെ തെളിച്ചമുള്ള ആ മുഖവും കളിചിരികളുമെല്ലാം മനസ്സിലേക്കിറങ്ങിവരുന്നുണ്ടായിരുന്നു.

അവളുടെ അവഗണന ഒരുതരത്തിൽ നന്നായി. ആ കണ്ണുകളിലെ പ്രതീക്ഷയില്ലാത്ത പ്രകാശത്തെ നേരിടാനാവുമോ? യാത്ര പറയാതെ അവൾ നടന്നകന്നു. വാതിൽ കടന്നപ്പോൾ വസുധ മെല്ലെയൊന്നു തിരിഞ്ഞുനോക്കി. 'പോട്ടേ' എന്ന ശബ്ദത്തെ നേർത്ത, ദയനീയമായ ചിരിയിലലിയിക്കാൻ ശ്രമിക്കുകയായിരുന്നു അവൾ. ആ പഴയ കസേരയിൽ വരിഞ്ഞുമുറുകി എത്രനേരമിരുന്നു എന്നയാൾക്കറിയില്ല.

'മുഖം തരാതെ പോകാമായിരുന്നില്ലേ മോളേ...' എന്ന നേർത്ത തേങ്ങൽ അവിടെയെങ്ങും ലക്ഷ്യമില്ലാതെയലഞ്ഞു.

അവസാനത്തിന്റെ വരവ് കുറെ ദൂരെയായിരുന്നെങ്കിലും അതു വ്യക്തമായി കാണാൻ പറ്റിയിരുന്നു; മരിച്ചുകൊണ്ടിരിക്കുന്ന നക്ഷത്രങ്ങളെയെന്നപോലെ! ചില സത്യങ്ങൾക്കു സാക്ഷിയായി ജീവിക്കുന്നതു മരണതുല്യമാണ്. ഇപ്പോൾ നിശ്ശബ്ദ

തയിൽ വരിഞ്ഞുമുറുക്കപ്പെട്ടിരിക്കുമ്പോൾ ആലോചിക്കാറുണ്ട്: ഇതെല്ലാം തടയേണ്ടിയിരുന്നോ? എന്നാൽ ഒരച്ഛന് മക്കളുടെ വിധിയെ അപ്പാടെ തടയാൻ കഴിയുമോ? മക്കളായ വസുധയും അരവിന്ദുമെടുക്കുന്ന നിലപാടുകൾക്കുമുന്നിലുള്ള, തമ്മിലുള്ള സംഘട്ടനങ്ങൾക്കു നടുവിലുള്ള നിശ്ശബ്ദസാക്ഷ്യം, അച്ഛനെന്ന നിലയിൽ താങ്ങാവുന്നതിലധികമായിരുന്നു, എന്നും. ആരുമറിയാതെ, ആരെയുമറിയിക്കാതെ ഒരു പ്രപഞ്ചമെന്നപോലെ അവരെ പൊതിഞ്ഞുനിൽക്കാൻ പെടുന്ന പാട് പറഞ്ഞറിയിക്കാനാവില്ല. ഇവിടെ ഒറ്റയ്ക്കിരിക്കുമ്പോൾ ഇതിന്റെ മുഴുവൻ ഭാരവുമേറ്റുവാങ്ങാതെ കടന്നുപോകാൻ കഴിയില്ലെന്നയാൾക്കു മനസ്സിലാകുന്നു. മൗനം, അതു ഭയപ്പെടുത്തുന്നതും അസ്വസ്ഥതയുളവാക്കുന്നതുമാണ്. കഴിഞ്ഞ ഏതാനും ദിവസങ്ങളായി, ഉറപ്പായും കാത്തിരിക്കുകയായിരുന്നു. ഒരു ഊഷ്മളമായ സാന്നിധ്യം ഇവിടെയെല്ലാം നിറയുന്നുണ്ടായിരുന്നു: മകളുടെ... വസുധയുടെ...



വസുധ രവിക്കെല്ലാമായിരുന്നു. ഭാര്യയുടെ വേർപാടിനുശേഷം ഇത്രയും പച്ച നിറഞ്ഞതാണ് ഈ ലോകമെന്നു കണ്ടത് അവളിലൂടെയാണ്. ചുറ്റുമുള്ള മരങ്ങളുടെ കൂട്ടിൽ, ജീവിതം ഇത്രയും ആയാസരഹിതവും ആസ്വാദ്യകരവുമാണെന്നു കാട്ടിക്കൊടുത്തതും അവൾതന്നെ.

'അച്ഛാ, ജീവിതം എത്ര സുന്ദരമാണ്! വസന്തത്തിലെ ആദ്യപുഷ്പംപോലെയാണത്. നമുക്കതിനെ സ്വന്തമാക്കാൻ കഴിയില്ല; അതിനു ശ്രമിക്കുകയുമരുത്. അതിനെ സൂക്ഷ്മമായി പരിപാലിക്കുക മാത്രം ചെയ്യുക...'

കാറ്റിനു കൃത്യമായ താളമുണ്ടെന്നും ശബ്ദങ്ങൾ ഹൃദ്യമാണെന്നും മണ്ണിനു സുഗന്ധമുണ്ടെന്നും വസുധയാണു ബോധ്യപ്പെടുത്തിയത്. അവൾക്കു വീടിനടുത്തുള്ള പുഴയെ വളരെയിഷ്ടമായിരുന്നു. പരന്നുകിടക്കുന്ന വയലിനിടയിലൂടെ, ഉള്ളുചീന്തിയൊഴുകുന്ന ധമനിപോലെയാണ് പുഴ അവളിലേക്കു വേരോടിയിരുന്നത്. വിളിച്ചാലും വിളിച്ചാലും വരാതെ, കാലുകൾ പുഴയുടെ തെളിനീരിലാഴ്ത്തി, കൈവിരലുകൾകൊണ്ട് അതിലെ കൊച്ചുതിരകളെ ലാളിച്ച്, ഒടുവിൽ അവൾതന്നെ ആ പുഴയായി മാറിയിരുന്നു!

മകൻ അരവിന്ദ് എന്നും ആരെയും വകവയ്ക്കാത്ത തീയെയാണ് ഓർമിപ്പിക്കാറുള്ളത്.

'മോനേ, നീ കുഞ്ഞായിരിക്കുമ്പോൾ കാറ്റോടൊത്തു നമ്മൾ പാടിയ നാളുകളോർമയില്ലേ? അതിന്റെ നനുത്ത താളത്തിൽ നിന്നിൽനിന്നുയർന്നിരുന്ന മന്ദസ്മിതങ്ങൾ... നിന്റെ സൗമ്യതയാൽ നീ ഇവിടമാകെ വിതറിയ വിത്തുകൾ... അതെല്ലാം വളരും മുമ്പേ നീ നശിപ്പിച്ചില്ലേ മോനേ?'

'അച്ഛാ, കാലം മാറ്റത്തെയല്ലേ കാക്കുന്നത്? പുതിയ പാട്ടുകൾ, ചുവടുകൾ... അതല്ലേ ആവശ്യപ്പെടുന്നത്? പഴയ ചരൽപ്പാതകളിൽത്തന്നെ നിരങ്ങിനീങ്ങുകയാണോ വേണ്ടത്? നമുക്ക് അതിവേഗപാതകളല്ലേ സൃഷ്ടിക്കേണ്ടത്?'

'മോനേ, ജീവിതത്തിൽ ലാഭം മാത്രമേ കുറിക്കേണ്ടതുള്ളോ? നഷ്ടപ്പെട്ടതെല്ലാം പ്രിയതരമായിരുന്നില്ലേ?'

'അച്ഛാ, പഴയവ... പ്രിയപ്പെട്ടവ... അതെല്ലാം വളർച്ച പ്രാപിക്കാത്ത

ഉറച്ച പാറകൾ മാത്രം! വച്ചു പ്രാർത്ഥിക്കാൻ കൊള്ളാം. അവ തകർത്ത് പുതുവഴികളുണ്ടാക്കണം. ഇളകാതെ നിൽക്കുന്നതിനെല്ലാം ഞാനെന്റെ കൈകൾകൊണ്ടു പുതുരൂപം നൽകും. എനിക്കു വേണ്ടുന്നവിധം... നിഷ്കളങ്കമായതും സുന്ദരമായതുമെല്ലാം എന്നാൽ കരിനിഴൽ വീണേക്കാം... അതൊന്നും എന്നെ ബാധിക്കുകയേയില്ല...'

അവരുടെ സംഘർഷം അനിവാര്യമായിരുന്നു. അച്ഛനെന്ന നിലയിൽ എന്തു നിലപാടെടുക്കണമെന്നു രവിക്കറിയില്ലായിരുന്നു. തുറന്ന മനസ്സുള്ള വസുധയ്ക്ക്, സ്വന്തം നിലനിലനിൽപ്പിനായുള്ള സമരങ്ങളെയും ഒപ്പം കളിച്ചുവളർന്നവരെയും അനുജൻ തകർക്കുന്നതു സഹിക്കാനാകാതെപോയി. ഭാവനാലോകത്തെ സൃഷ്ടിക്കാൻ കാട്ടിക്കൂട്ടിയ കോലാഹലങ്ങൾ നിഷ്ക്രിയതയോടെ ദൂരെനിന്നു വീക്ഷിക്കാനേ കഴിഞ്ഞുള്ളുവെന്നത് അയാളെ ദുഃഖിപ്പിച്ചു.

ഇപ്പോഴയാൾ ഒറ്റയ്ക്കായി. വസുധ എന്നന്നേക്കുമായി മറഞ്ഞു. അരവിന്ദ് അവന്റെ സാമ്രാജ്യത്തിന്റെ അവശിഷ്ടങ്ങൾക്കിടയിൽ അലയുന്നു. രണ്ടു മക്കളുടെയും തിരഞ്ഞെടുപ്പുകൾ, സ്വപ്നങ്ങൾ, നാശം... എല്ലാം ഉള്ളിൽ ഭാരമായിച്ചുമന്ന്, രാജ്യമില്ലാത്ത രാജാവിനെപ്പോലെയുള്ള ഈ ജീവിതം ദുസ്സഹമാണ്. സ്വന്തം ലോകം തകർന്നടിയുന്നതു കാണുകയും അതിനെതിരെ ഒന്നും ചെയ്യാനാകാതിരിക്കുകയും ചെയ്തതിന്റെ പിഴ ഇത്രയേറെ പേറേണ്ടിവരുമോ! വെറും സാക്ഷിയായി നിൽക്കാതെ, സ്വന്തം മൗനത്തിനെതിരെ സമരം ചെയ്യേണ്ടിയിരുന്നു. പക്ഷേ വെറുമൊരു മനുഷ്യനായി, നിസ്സഹായനായി രവിക്കു ജീവിക്കേണ്ടിവന്നു!

ശബ്ദമില്ലാത്ത ഒരു കാറ്റടിച്ചു.

ഒരു ചെറുമഴ പൊടിഞ്ഞു.

ഒരച്ഛന് മക്കളെയോർത്തു കരയാതിരിക്കാനാവില്ലല്ലോ!

### നാല്

അസഹ്യമായ കാറ്റിനിടയിലും രാത്രിമഴയിലൂടെ മഞ്ഞുതിർന്നു.

അരവിന്ദ് മെല്ലെ നടന്നു. ഉടഞ്ഞ മണ്ണിന്റെ മണം അവിടെയെങ്ങുമുണ്ട്. അയാളുടെ മുമ്പിലേക്ക്, മീന, കനത്ത വേദനയിൽ ജീവിതത്തിന്റെ അവസാനത്തെ ഓർമിപ്പിച്ചുകൊണ്ടു കടന്നുവന്നു. ദുഃഖവും ജീവിതത്തിന്റെ ശൂന്യതയും നിരർത്ഥകതയുമെല്ലാം അവളിൽ നിറഞ്ഞിരുന്നു.

'മീന ഇവിടെയെന്തിന്...?! എന്റെ പേരിലൊരു പ്രതീക്ഷ നീ ഇന്നും നിലനിർത്തുന്നുണ്ടോ?'

വേദനയിൽ ചിതറി, മീന തല താഴ്ത്തി.

'പ്രതീക്ഷകൾ...! അതിനെല്ലാം എന്തു മൂല്യമുണ്ട് അരവിന്ദ്? നിന്റെ കണ്ണുകളിൽ എനിക്കു കാണാൻ പറ്റുന്നതു വെറും കളിമൺപ്രതിമകൾ മാത്രം! ഒരു ഭാവിയുമില്ലാത്തവ! നീ ചവിട്ടിയരച്ചവരുടെ വേദനയിൽ, നീ മറ്റുള്ളവർക്കു കാഴ്ചവച്ചവരുടെയുള്ളിൽ, നീയൊരടയാളംപോലും ബാക്കിവച്ചിട്ടില്ലെന്നറിയുക...'

മീനയുടെ കണ്ണുകളെ നേരിടാനാവാതെ അരവിന്ദ് നിശ്ചലനായി. വസുധ പോയതോടെ അവൾ കരയാൻതന്നെ മറന്നിരുന്നു; ജീവിതവും!

അരവിന്ദ്, സ്വന്തം കൈകൾ മണ്ണിൽ ആഞ്ഞുകുത്തി.

'ഞാൻ എന്റെ വഴിയേ പോയി. ആരെയും കണ്ടില്ല...'

മീനയുടെ ശബ്ദത്തിൽ മുറിവുകൾ വീണു:

'ആരെയും നോക്കാൻ ശ്രമിച്ചില്ല... നിന്റെ വഴികളിൽ തടസ്സമായി നിൽക്കുന്നവരെ ഇല്ലാതാക്കുക... കാര്യസാധ്യത്തിനായി ആരെയും, എന്തിനെയും നിർലജ്ജം വ്യാപാരച്ചരക്കാക്കുക... വസുധ വീണു... നീയവളെ വീഴ്ത്തി! പിന്നെ ഞാനും... വേണ്ടപ്പെട്ട സകലതും... എന്നിട്ടും ഒന്നും മനസ്സിലാക്കാതെ, അല്ലെങ്കിൽ അറിയില്ലെന്നഭിനയിച്ച് സ്വന്തം നാശത്തിലേക്കു നീ നടന്നുകൊണ്ടേയിരിക്കുന്നു. അവളുടെ ആത്മാവിനെ, അവളുടെ അനുഭവങ്ങളെ നീയൊരിക്കലും മാനിച്ചില്ല... നിന്നോടുള്ള പ്രണയവെപ്രാളത്തിൽ ഞാനും... എനിക്കും മറക്കേണ്ടിവന്നു, അവളെ. ഏറെ മുന്നറിയിപ്പുകൾ വസുധ തന്നിട്ടും ഞാൻ രക്ഷപ്പെടാൻ ശ്രമിച്ചില്ല... അന്ധമായ പ്രേമത്തിന്റെ ചതിക്കുഴികൾ... അതു താണ്ടാൻ എനിക്കായില്ല...'

അരവിന്ദ് അവളെ തുടരാനനുവദിച്ചില്ല.

'എനിക്കു പറയാൻ ഒന്നുമില്ല. ഞാൻ നിങ്ങളെയാരെയും കീഴ്പ്പെടുത്തിയിട്ടില്ല. ഞാൻ എന്റെ വഴിയിലൂടെ മാത്രം പോയി.'

'നിനക്കതു പറയാം. നഷ്ടങ്ങൾ എനിക്കാണ്... നീ ഉയരങ്ങളിലേക്കു പോയപ്പോൾ ഞങ്ങളെ ആഴങ്ങളിലേക്കു തള്ളിവിട്ടു. നീ ഞങ്ങളെ തളർത്തി, നമ്മുടെ മരണംമാത്രം തിരഞ്ഞുനടന്നു. ഞാൻ പോകുന്നു... ഇനിയെനിക്കാവില്ല...'

അവിടെയെങ്ങും നേർത്തൊരു ആർത്തനാദം മുഴങ്ങി. ചില്ലകളിലുറങ്ങിയിരുന്ന പക്ഷികൾ പതിഞ്ഞ ചിറകടികളോടെ അവിടെനിന്ന് അലക്ഷ്യമായി പറന്നകന്നു. അരവിന്ദ് ഒന്നും പറഞ്ഞില്ല. അയാളുടെ ചുണ്ടുകൾ ശൂന്യമായിരുന്നു. നി

**'ഞാനും പൂർണമായും എന്നെ മനസ്സിലാക്കുന്നു. അതാണെന്റെ വിജയവും. നിങ്ങളെല്ലാം വിഡ്ഢികളായ വികാരജീവികൾ മാത്രം! എല്ലാം മറന്ന് ഈ ലോകത്തെ പുനർനിർമിക്കാൻ തയ്യാറുള്ളവർക്കു മാത്രമേ ലോകം വഴങ്ങൂ. നിങ്ങൾ ഭൂതകാലത്തിൽ, ഭാവിയിൽ ഒരു സ്ഥാനവുമില്ലാത്ത ആശയങ്ങളിൽ, അള്ളിപ്പിടിച്ചുനിൽക്കുന്ന ഒരു പല്ലി മാത്രം! അവളെ നോക്കൂ...'**

ൽക്കുന്ന തകർന്ന നിലം അയാളുടെ കണ്ണുകളിൽ വികൃതമായി പ്രതിഫലിച്ചു.

**അഞ്ച്**

ബൂട്ടുകൾക്കു താഴെയുള്ള ഉണങ്ങിയ ഇലകളുടെ കലപിലശബ്ദം അരവിന്ദിനെ അസ്വസ്ഥനാക്കി.

'എല്ലാം പോയി...'

അയാൾ പിറുപിറുത്തു. അച്ഛനെ നോക്കിയതേയില്ല. രവി, നിലാവിന്റെ ശൂന്യതയിൽ കണ്ണുനട്ടിരുന്നു. പിന്നെ, വർഷങ്ങളുടെ ഭാരം വഹിക്കുന്ന ഒച്ച അവിടെ മുഴങ്ങി:

'അരവിന്ദ്, മോനേ, നീ മറ്റെന്തെങ്കിലും പ്രതീക്ഷിച്ചിരുന്നോ? നീ എല്ലാമെടുത്തു...!'

അച്ഛന്റെ വാക്കുകൾക്ക് അയാൾ ചെവി കൊടുത്തു. ആ കൈകൾ ചേർത്തുപിടിച്ചു. അതു നിഷേധിക്കാൻ അദ്ദേഹമാഗ്രഹിച്ചു. 'ഞാനെന്തെങ്കിലും നിർമിക്കാൻ മാത്രമാണു ശ്രമിക്കുന്നതെന്നും എന്റെ ദർശനങ്ങൾ ഗംഭീരമാണെ'ന്നും ഉച്ചത്തിൽ പറയണമെന്നുണ്ടായിരുന്നു, അരവിന്ദിന്. എന്നാൽ പുറത്തുള്ള ശൂന്യതയുടെ പരിഹാസത്തിൽ അയാൾ തളർന്നുപോയി. എങ്ങും നിശ്ശബ്ദതയായിരുന്നു. പക്ഷേ, ആ മൗനം സത്യത്തെ വിളിച്ചുപറഞ്ഞു!

'എന്താണു ബാക്കിയായത്?'

ഒടുവിൽ രവി ചോദിച്ചു. വസുധയുടെയും മീനുവിന്റെയും ഓർമകളിൽ അയാളുടെ ശബ്ദം ആർദ്രമായി. അതു കേൾക്കാൻതന്നെ പ്രയാസമായിരുന്നു.

'ഒന്നും പറയാനില്ല, അല്ലേ?'

രാത്രിയുടെ ആഴമേറി. രവിയും അരവിന്ദും, ഒരുകാലത്ത് ഊർജ്ജസ്വലമായിരുന്ന ആ വീട്ടിലും പരിസരത്തും കൂനകൂടിയിരുന്ന അവശിഷ്ടങ്ങളിലകപ്പെട്ട് ഏറെനേരം മിണ്ടാതിരുന്നു.

'പരാജയങ്ങളുടെ നിഴലുകളല്ലാതെ മറ്റൊന്നുമവശേഷിപ്പിക്കാതെ, ജീവിതത്തിന്റെ വെളിച്ചം കാഴ്ചയിൽനിന്നു മങ്ങിപ്പോയച്ഛാ...!'

ഒടുവിൽ അരവിന്ദ് പറഞ്ഞു.

**'അതിവളുടെ ബലഹീനതയല്ല, അരവിന്ദ്... അതൊരു പ്രണയമായിരുന്നു. ആർക്കും ആരോടും ഒരു നിമിഷത്തിൽ വിരിയാവുന്നത്. നീ അതാണു മറന്നുപോയത്... മുതലെടുത്തത്.... നിന്റെ നേട്ടങ്ങൾക്കുവേണ്ടിയുള്ള സ്വാർത്ഥതയായിരുന്നു പ്രേമനാടകമെന്നും അവളൊരു കച്ചവടവസ്തുവാണെന്നും മനസ്സിലാകുമ്പോഴേക്കും എല്ലാം നഷ്ടപ്പെട്ട്, ഒരു തിരിച്ചുവരവില്ലാത്തവിധം അടിമയായിത്തീർന്നിരുന്നു...'**

'നമ്മളിക്കാണുന്നതു പല സത്യങ്ങളുടെയും ഭാരമാണു മോനേ... നിനക്കുള്ള മറുപടി!'

ചുറ്റുമുള്ള പ്രകൃതി മുഴുവൻ രവിയിലേക്കു ചുരുങ്ങി.

'ഇക്കാണുന്ന അവശിഷ്ടങ്ങൾ കനത്ത പാഠങ്ങളാണ്.'

'എനിക്കെങ്ങനെ സമാധാനം ലഭിക്കും?'

അരവിന്ദ് സ്വയം ചോദിച്ചുകൊണ്ടിരുന്നു. ഓരോ വാക്കും അവന്റെ ഹൃദയത്തിലെ പ്രക്ഷുബ്ധത അവിടെയെങ്ങും പ്രതിധ്വനിപ്പിച്ചു.

'നിന്റെ ദുഃഖങ്ങളുടെ അടയാളങ്ങളെ എളുപ്പത്തിൽ മായ്ക്കാനാവില്ല. നിന്റെ കുതിപ്പുകൾ മുഴുവൻ സത്യത്തിനു മുകളിൽക്കൂടിയായിരുന്നു.'

രവി മകനെത്തന്നെ നോക്കിയിരുന്നു. താഴേക്കു നോക്കിയാൽ കാണുന്ന ശൂന്യമായ താഴ്‌വാരത്തിലുടനീളം ചന്ദ്രപ്രകാശം സൗമ്യമായ പ്രതിഫലനങ്ങൾ സൃഷ്ടിക്കുമ്പോൾ അവ ഒരിക്കൽ അഭിവൃദ്ധി പ്രാപിച്ചിരുന്നൊരു ലോകത്തിന്റെ അവശിഷ്ടങ്ങളെ പ്രകാശിപ്പിച്ചു. ആയുസ്സെത്തിയ നക്ഷത്രത്തിന്റെ അവസാനശ്വാസതാളം അവിടമെങ്ങും അസ്വസ്ഥമാക്കി.

അവന്റെ യാത്രയുടെ പ്രതിഫലങ്ങൾക്ക് അവൻതന്നെ വിശദീകരണം നൽകട്ടെ. സ്വയം അതിനശക്തനാണെന്നു തിരിച്ചറിഞ്ഞ രവി മകനെ നോക്കിയതേയില്ല.

അരവിന്ദ് ആരോടെന്നില്ലാതെ ചോദിച്ചുകൊണ്ടിരുന്നു:

'ഈയേകാന്തതയിൽ എനിക്കെങ്ങനെ ജീവിക്കാൻ കഴിയും?'

രാത്രിയുടെ ആഴത്തിലേക്കവൻ നീങ്ങി. വാക്കുകളുടെയും പാഠങ്ങളുടെയും പുതിയൊരു വെളിച്ചം കിട്ടിയിരുന്നെങ്കിലെന്ന് അവനാശിച്ചു.

നിസ്സംഗമായൊരു കാറ്റ് വീടിനു ചുറ്റും ചലനങ്ങളുണ്ടാക്കി. രവിയുടെ മനസ്സിൽ ദുഃഖം കുമിഞ്ഞു. വസുധയുടെ ഓർമകളായിരുന്നു മനസ്സു മുഴുവൻ. അനിശ്ചിതത്വവും വേദനയും അന്ധകാരമായി അയാളെ മൂടിക്കെട്ടി.

മണ്ണിൽ പതിഞ്ഞ മൃതപ്രായമായ ഇലകൾ വിഷാദത്തിൽ കുതിർന്നിരുന്നു. നിലാവ് ഭൂമിയിലുടനീളം നിർലോഭം പടർന്നു. അതിന്റെ മൃദുവായ ശീതളമായ സ്പർശം രവിയെയുണർത്തി. അയാൾ കണ്ടു...

വസുധ സൂക്ഷ്മമായ ഒരു ശാന്തതയോടെ രവിയെ നോക്കുന്നു; മീനയും! അവരുടെ വിശാലമായ കണ്ണുകൾ ചുറ്റുപാടും പടരുന്നു...

പാതിരാത്രിയിലെ നീലവെളിച്ചത്തിന്റെ ശീതളിമയിൽ, അവിടെയവശേഷിച്ചിരുന്ന പ്രിയപ്പെട്ട മരങ്ങളിലൊന്നിന്റെ, ഉറങ്ങാതെ നനയുന്ന ഇലകളെ വസുധ ദയാപൂർവം തലോടി. പിന്ന, ആ മരക്കൊമ്പുകൾ മെല്ലെമെല്ലെ ഒരേ താളത്തിൽ കുലുക്കി. മീനയും അതാവർത്തിച്ചു. അതിനൊപ്പം ആ മരവും കൂടി... അവരുടെ മുമ്പിൽ, അവിടെയുള്ള മരങ്ങളെല്ലാം വൃത്താകാരത്തിൽനിന്നു നൃത്തം ചെയ്തു.

ഇരച്ചെത്തിയ മഴമേഘങ്ങൾ എമ്പാടും നിറഞ്ഞു. മൂടിനിൽക്കുന്ന മൗനത്തിലേക്ക് ഇലകളിൽനിന്നു മഴഗോളങ്ങളുയർന്നു. ബാഷ്പഭാരം കൊണ്ട് മഴ തുളുമ്പി. ആകാശമില്ലാതാക്കി മഴയുണർന്നു. അത് വർദ്ധിച്ച പ്രണയത്തോടെയും കൊതിയോടെയും താഴ്‌വാരത്തെ നോക്കി.

രവി ഒരു വിറങ്ങലിപ്പോടെ അതു നോക്കിനിന്നു.



**മലയാളത്തിലെ പിന്നണി സംഗീതത്തിലെ മാറ്റങ്ങൾ കാണുകയും താരങ്ങളുമായി പ്രവർത്തിക്കുകയും വീഴ്ചകളും ഉയർച്ചകളും കാണുകയും ചെയ്ത സംഗീതകാരൻ എസ് രാജേന്ദ്ര ബാബു പാട്ടിൻറെ കാലം ഓർക്കുന്നു**

എന്റെ സംഗീത വഴികൾ – 3

# കണ്ണൂർ രാജനും ഞാനും

എസ്. രാജേന്ദ്ര ബാബു

കവിയും ഗാനരചയിതാവുമായ ചവറ ജെയിംസ് കൊല്ലത്തും പരിസരങ്ങളിലുമുള്ള ചെറുനാടക സമിതികൾക്കു വേണ്ടി ഗാനങ്ങൾ എഴുതുമ്പോഴൊക്കെ എനിക്ക് സംഗീത സംവിധായകൻറെയോ ഹാർമോണിസ്റ്റിൻറെയോ ചുമതല ആയിരിക്കും. ഇന്നത്തെ യുവ സംഗീത സംവിധായകൻ ശരത്തിൻറെ അമ്മാവൻ വിഎസ് രാജൻലാൽ സംഗീത സംവിധായകൻ ആകുമ്പോൾ ഞാൻ ഹാർമോണിസ്റ്റ് ആയിരിക്കും . ഞാൻ സംഗീത സംവിധായകനാകുമ്പോൾ രാജൻലാൽ ഗായകൻറെ കുപ്പായമണിയും. രണ്ടായാലും ഹാർമോണിസ്റ്റ് ഞാൻ തന്നെ.

> **യുവ സംഗീത സംവിധായകൻ ശരത്തിൻറെ അമ്മാവൻ വിഎസ് രാജൻലാൽ സംഗീത സംവിധായകൻ ആകുമ്പോൾ ഞാൻ ഹാർമോണിസ്റ്റ് ആയിരിക്കും . ഞാൻ സംഗീത സംവിധായകനാകുമ്പോൾ രാജൻലാൽ ഗായകൻറെ കുപ്പായമണിയും. രണ്ടായാലും ഹാർമോണിസ്റ്റ് ഞാൻ തന്നെ.**

സിഎൽ ജോസ്, സുന്ദരൻ കല്ലായി തുടങ്ങിയ പ്രശസ്തരുടെ നാടകങ്ങളാകും മിക്ക സമിതികളും അവതരിപ്പിക്കുക. സുന്ദരൻ കല്ലായിയുടെ രചനൾക്ക് അദ്ദേഹം തന്നെയാകും സംവിധായകൻ. അതുകൊണ്ടുതന്നെ അവയുടെ കെട്ടുറപ്പും അവതരണ ഭംഗിയും എപ്പോഴും മികച്ചു നിൽക്കും.

വിരലുകൾക്കിടയിൽ ഞെരിഞ്ഞെരിയുന്ന ബീഡി ഒന്നു കൂടി ആഞ്ഞുവലിച്ച് വഴിയിൽ തെറുപ്പിച്ച ശേഷം ജെയിംസ് ഒരു ദിവസം എൻറെ വീട്ടിലേക്കു പാഞ്ഞു വന്നു. തിടുക്കം കണ്ടപ്പോൾ തന്നെ കാര്യം ഗൗരവമുള്ളതാണെന്നു മനസ്സിലായി. മുഖവുരയില്ലാ



**യേശുദാസും കണ്ണൂർ രാജനും പി ജി വിശ്വംഭരനും രാജേന്ദ്ര ബാബുവും പല്ലവിയുടെ റെക്കോഡിങ്ങിൽ**

തെ ജെയിംസ് വിഷയം അവതരിപ്പിച്ചു – കലാനിലയം സ്ഥിരം നാടകവേദിയിൽ പ്രവർത്തിച്ചിരുന്ന തങ്കശ്ശേരിക്കാരൻ അച്ചായൻ പുതിയ നാടക സമിതിക്കു രൂപം നൽകിയിരിക്കുന്നു. തങ്കശ്ശേരി ലൈറ്റ് ഹൗസിനു സമീപം അച്ചായന് സ്വന്തമായി ഒരു വലിയ വീടുണ്ട്. കെട്ടിടത്തിൻറെ ഒരു ഭാഗത്ത് പുതിയ നാടകത്തിൻറെ റിഹേഴ്സൽ തകൃതിയായി നടക്കുന്നു. മറ്റൊരു ഭാഗത്ത് ജെയിംസിൻറെ ഗാനങ്ങൾ ഈണത്തിൻറെ വർണപ്പട്ടണിയുന്നു. സംഗീത സംവിധാനം നിർവഹിക്കുന്നത് കണ്ണൂർ രാജൻ. അദ്ദേഹം പ്രശസ്തിയിലേക്ക് വളരുന്ന കാലം. ആകാശവാണിയിൽ അദ്ദേഹത്തിൻറെ ഗാനങ്ങൾ മിക്കപ്പോഴും കേൾക്കാറുണ്ട്. ഒരു ചിത്രത്തിനും സംഗീതം നിർവഹിച്ചിട്ടുണ്ട്. പുതിയ നാടകത്തിൽ പാടാൻ ഒരു ഗായികയെ വേണം– ജെയിംസ് പെട്ടെന്ന് പറഞ്ഞു നിർത്തി. എൻറെ സഹോദരിമാരായ അംബികയും ലതികയും ഗായകരാണ്. പക്ഷെ അവരെ നാടകത്തിനു പാടാൻ അയക്കാറില്ലെന്ന കാര്യം ജെയിംസിന് നന്നായറിയാം. മറ്റ് സമിതികളിൽ അയക്കാതിരിക്കാനായി പ്രവീണ മ്യൂസിക് ക്ലബ് എന്നൊരു ഗാനമേള ട്രൂപ്പിന് ഞങ്ങൾ രൂപം നൽകിക്കഴിഞ്ഞിരുന്നു. പക്ഷെ തങ്കശ്ശേരിയിലെ നാടക സമിതിയിൽ പാടാൻ അംബികയെ അയക്കണമെന്ന് ജെയിംസിനു നിർബന്ധം. ഞങ്ങൾ വൈമനസ്യം പ്രകടിപ്പിച്ചപ്പോൾ ഉദ്ഘാട

**എൻറെ സഹോദരിമാരായ അംബികയും ലതികയും ഗായകരാണ്. പക്ഷെ അവരെ നാടകത്തിനു പാടാൻ അയക്കാറില്ലെന്ന കാര്യം ജെയിംസിന് നന്നായറിയാം. മറ്റ് സമിതികളിൽ അയക്കാതിരിക്കാനായി പ്രവീണ മ്യൂസിക് ക്ലബ് എന്നൊരു ഗാനമേള ട്രൂപ്പിന് ഞങ്ങൾ രൂപം നൽകിക്കഴിഞ്ഞിരുന്നു. പക്ഷെ തങ്കശ്ശേരിയിലെ നാടക സമിതിയിൽ പാടാൻ അംബികയെ അയക്കണമെന്ന് ജെയിംസിനു നിർബന്ധം. ഞങ്ങൾ വൈമനസ്യം പ്രകടിപ്പിച്ചപ്പോൾ ഉദ്ഘാടനത്തിനെങ്കിലും സഹകരിക്കുക, അതിനുള്ളിൽ മറ്റൊരാളെ കണ്ടെത്താം, കണ്ണൂർ രാജനെ ഒന്നു പരിചയപ്പെടുകയുമാകാമല്ലോ, ജെയിംസ് നിർദ്ദേശിച്ചു.**

നത്തിനെങ്കിലും സഹകരിക്കുക, അതിനുള്ളിൽ മറ്റൊരാളെ കണ്ടെത്താം, കണ്ണൂർ രാജനെ ഒന്നു പരിചയപ്പെടുകയുമാകാമല്ലോ, ജെയിംസ് നിർദ്ദേശിച്ചു. ആ നിർദ്ദേശം എനിക്ക് സ്വീകാര്യമായി തോന്നി. അടുത്ത ദിവസം രാവിലെ വന്ന് കൂട്ടിക്കൊണ്ടു പോകാമെന്നറിയിച്ച് ജെയിംസ് മടങ്ങി.

തങ്കശ്ശേരി കടൽക്കരയിൽ തലയുയർത്തി നിൽക്കുന്ന ലൈറ്റ് ഹൗസിൻറെ പരിസരം തെങ്ങിൻതോപ്പാണ്. നിഴലും ഇളങ്കാറ്റും കൊണ്ട് പ്രകൃതിരമണീയമായ അന്തരീക്ഷത്തിലാണ് നാടകക്യാമ്പിൻറെ പ്രവർത്തനം. രാവിലെ ക്യാമ്പിലെത്തിയപ്പോൾ എല്ലാവരും ഗായികയെ കാത്തിരിക്കുകയായിരുന്നു. ചെന്നപാടെ അംബികയ്ക്ക് കണ്ണൂർ രാജൻ പുതിയ ഗാനം പാടിക്കൊടുത്തു. ഹിന്ദുസ്ഥാനി രാഗഛായയിലാണ് അദ്ദേഹം ഗാനങ്ങൾ ചിട്ടപ്പെടുത്തുന്നത്. നനുനനുത്ത കുരുന്നു സംഗതികൾ കൊണ്ട് സമ്പന്നമായിരിക്കും ഈണം. കേൾക്കാൻ അതീവ ഹൃദ്യം, മനോഹരം. കേൾക്കുമ്പോൾ വളരെ ലളിതമായി തോന്നും. പക്ഷെ തൊടാൻ പറ്റില്ല. അത്രയ്ക്ക് സങ്കീർണമാണ് അവയുടെ ഘടന. ഹിന്ദുസ്ഥാനി സംഗീതത്തിൽ ജ്ഞാനമുള്ള ഗായകർക്കു മാത്രമേ അതു കൃത്യമായി മനസ്സിലാക്കി പാടാനാകൂ. ഇടവേളയിൽ സംഗീത സംവിധായകനുമായി അടുത്ത് പരിചയപ്പെടാൻ എനിക്ക് കഴിഞ്ഞു. അംബിക പാടിയത് അദ്ദേഹത്തിന് ഇഷ്ടമായി. എൻറെ മറ്റൊരു സഹോദരിയും പാടുമെന്ന് ജെയിംസ് അറിയിച്ചപ്പോൾ അടുത്ത ദിവസം ലതികയെ കൂടെക്കൂട്ടാൻ കണ്ണൂർ രാജൻ നിർദ്ദേശിച്ചു. പത്ത് വയസ്സുള്ള കുട്ടിയാണ് ലതിക. ലതികയുടെ പാട്ട് കേട്ടപ്പോൾ നാടകത്തിൽ ഒരു കൗമാരക്കാരി പാടുന്ന പാട്ട് ലതികയ്ക്കു നൽകാൻ തീരുമാനമായി. വിശ്രമവേളയിൽ ഞാൻ ഹാർമോണിയം വായിച്ച് അംബികയുടെയും ലതികയുടെയും പാട്ടുകൾ വീണ്ടും പാടിച്ച് മിനുക്കുപണി നടത്തിയത് കണ്ണൂർ രാജൻ ശ്രദ്ധിച്ചു. ബാബുവിന് ഹാർമോണിയം വായിച്ചു കൊണ്ട് എൻറെ അസിസ്റ്റൻറായി സഹകരിക്കാമോ? എന്ന അദ്ദേഹത്തിൻറെ ചോദ്യം എന്നെ ഒട്ടൊന്നുമല്ല സന്തോഷിപ്പിച്ചത്. അങ്ങനെ കേരളത്തിലെ ചെറുതും വലുതുമായ ഒട്ടനവധി നാടക സമിതികളിൽ കണ്ണൂർ രാജൻറെ സഹായിയായി ഞാൻ പങ്കെടുത്തു. കൊല്ലം യൂണിവേഴ്സൽ തിയേറ്റേഴ്സിൻറെ നാടകത്തിന് പാടാൻ വന്ന നിലമ്പൂർ കാർത്തികേയനെ അങ്ങനെയാണ് പരിചയപ്പെട്ടത്. അദ്ദേഹം അക്കാലത്ത് തിരുവനന്തപുരം സ്വാതി തിരുനാൾ സംഗീത അക്കാദമിയിൽ ഗാനപ്രവീണ വിദ്യാർത്ഥി ആയിരുന്നു. നടനും ഡബ്ബിംഗ് കലാകാരനും ഗായകനുമായ കൃഷ്ണചന്ദ്രൻറെ സംഗീത ഗുരുവാണ് കാർത്തികേയൻ. പിൽക്കാലത്ത് ദേവരാജൻ മാസ്റ്ററുടെയും മറ്റും നിരവധി ഗാനങ്ങൾ പാടിയതിനു ശേഷം അദ്ദേഹം സകുടുംബം അമേരിക്കയിലേക്ക് കുടിയേറി.



ലതികയും കുമാരിയും

**ചെന്നപാടെ അംബികയ്ക്ക് കണ്ണൂർ രാജൻ പുതിയ ഗാനം പാടിക്കൊടുത്തു. ഹിന്ദുസ്ഥാനി രാഗഛായയിലാണ് അദ്ദേഹം ഗാനങ്ങൾ ചിട്ടപ്പെടുത്തുന്നത്. നനുനനുത്ത കുരുന്നു സംഗതികൾ കൊണ്ട് സമ്പന്നമായിരിക്കും ഈണം. കേൾക്കാൻ അതീവ ഹൃദ്യം, മനോഹരം. കേൾക്കുമ്പോൾ വളരെ ലളിതമായി തോന്നും. പക്ഷെ തൊടാൻ പറ്റില്ല. അത്രയ്ക്ക് സങ്കീർണമാണ് അവയുടെ ഘടന. ഹിന്ദുസ്ഥാനി സംഗീതത്തിൽ ജ്ഞാനമുള്ള ഗായകർക്കു മാത്രമേ അതു കൃത്യമായി മനസ്സിലാക്കി പാടാനാകൂ.**


മദിരാശിയിൽ ഒരു സിനിമയ്ക്ക് സംഗീത സംവിധാനം നിർവഹിക്കുന്നതിനിടയിൽ നിർമ്മാതാവുമായി തെറ്റിപ്പിരിയേണ്ടി വന്നപ്പോൾ ഇനിയൊരിക്കലും മദിരാശിയിലേക്കില്ല എന്നു ശപഥമെടുത്താണ് കണ്ണൂർ രാജൻ



കേരളത്തിലേക്കു മടങ്ങി നാടക രംഗത്ത് സജീവമായത്. എന്നാൽ തൻറെ ഗുരുനാഥനായ കെ രാഘവൻ മാസ്റ്റർ ഒരു പുതിയ ചിത്രത്തിൻറെ സംഗീത സംവിധാനത്തിൽ അസിസ്റ്റൻറ് ആയി പ്രവർത്തിക്കാൻ കണ്ണൂർ രാജനെ ക്ഷണിച്ചപ്പോൾ വീണ്ടും അദ്ദേഹം മദിരാശിയിലേക്ക് മടങ്ങുകയായിരുന്നു. ജി അരവിന്ദൻ സംവിധാനം ചെയ്ത 'ഉത്തരായനം' എന്ന ചിത്രത്തിന് രാഘവൻ മാസ്റ്ററുടെ കൂടെ ജോലി ചെയ്ത ശേഷം മദിരാശിയിൽ വീണ്ടും ഒരു ഭാഗ്യപരീക്ഷണത്തിന് കണ്ണൂർ രാജൻ മുതിർന്നു. ഒരു ചിത്രത്തിൻറെ സംഗീത സംവിധാനം ഏറെക്കുറെ ഉറപ്പായെന്നും തീരുമാനമായാൽ ഉടൻ ബാബു മദിരാശിയിൽ എത്തണമെന്നും അദ്ദേഹം എന്നെ അറിയിച്ചു. അങ്ങനെ 'പല്ലവി' എന്ന ചിത്രത്തിൻറെ റെക്കോഡിംഗിന് ആദ്യമായി ഞാൻ അദ്ദേഹത്തിൻറെ സഹായിയായി മദിരാശിയിലെത്തി.

'പല്ലവി'യിലെ 'ദേവീക്ഷേത്ര നടയിൽ', 'കിനാവിൻറെ കടവിൽ ഇളനീർ' തുടങ്ങിയ ഗാനങ്ങൾ സംഗീതാരാധകരുടെ മനസ്സിൽ ഇന്നും തിളങ്ങി നിൽക്കുന്ന ഗാനങ്ങളാണ്.

> **വിശ്രമവേളയിൽ ഞാൻ ഹാർമോണിയം വായിച്ച് അംബികയുടെയും ലതികയുടെയും പാട്ടുകൾ വീണ്ടും പാടിച്ച് മിനുക്കുപണി നടത്തിയത് കണ്ണൂർ രാജൻ ശ്രദ്ധിച്ചു. ബാബുവിന് ഹാർമോണിയം വായിച്ചുകൊണ്ട് എൻറെ അസിസ്റ്റൻറായി സഹകരിക്കാമോ? എന്ന അദ്ദേഹത്തിൻറെ ചോദ്യം എന്നെ ഒട്ടൊന്നുമല്ല സന്തോഷിപ്പിച്ചത്. അങ്ങനെ കേരളത്തിലെ ചെറുതും വലുതുമായ ഒട്ടനവധി നാടക സമിതികളിൽ കണ്ണൂർ രാജൻറെ സഹായിയായി ഞാൻ പങ്കെടുത്തു.**



**കാർത്തികേയൻ**

ഭരണി സ്റ്റുഡിയോയിൽ റെക്കോഡിസ്റ്റ് കണ്ണൻറെ മേൽനോട്ടത്തിൽ ശബ്ദലേഖനം പൂർത്തിയായപ്പോൾ കണ്ണൂർ രാജനെ വാനോളം പുകഴ്ത്തിക്കൊണ്ട് യേശുദാസ് വാചാലനായി. കണ്ണൂർ രാജനെപ്പോലുള്ള യുവപ്രതിഭകൾ അവസരങ്ങൾക്കായി കാത്തിരിക്കുകയാണെന്നും അവരെ കാണാതിരിക്കരുതെന്നും യേശുദാസ് ഓർമ്മിപ്പിച്ചു. ചിത്രത്തിൻറെ പൂജാവേള ആയിരുന്നതിനാൽ പത്രപ്രവർത്തകരും നിർമ്മാതാക്കളും മറ്റ് സാങ്കേതിക വിദഗ്ധരുമടങ്ങുന്ന വലിയൊരു സംഘം സ്റ്റുഡിയോയിൽ സന്നിഹിതരായിരുന്നു. യേശുദാസിൻറെ വാക്കുകൾ കോടമ്പാക്കത്തും പരിസരത്തും വലിയ ചർച്ചാ വിഷയമായി.

അവസരങ്ങളുടെ കുത്തൊഴുക്ക് തന്നെയാകും ഇനി സംഭവിക്കുക എന്ന് അഭ്യുദയകാംക്ഷികളൊക്കെ കണക്കുകൂട്ടി. പക്ഷെ സംഭവിച്ചതു മറിച്ചാണ്. കുറച്ചു ദിവസത്തെ ചർച്ചയ്ക്കു ശേഷം യേശുദാസിൻറെ വാക്കുകൾ വിസ്മരിക്കപ്പെട്ടു. 'പല്ലവി'യുടെ കഥയും തിരക്കഥയും ഗാനങ്ങളും രചിച്ച പരത്തുള്ളി രവീന്ദ്രനെ മറ്റൊരവസരം തേടിയെത്തിയില്ല. പുതിയ ചിത്രത്തിനായി കണ്ണൂർ രാജന് വീണ്ടും വളരെക്കാലം കാത്തിരിക്കേണ്ടി വന്നു. മദിരാശിയിൽ ട്രാവൽ ഏജൻസി ഉടമയായ, അഭിനയത്തിൽ അതീവ താത്പര്യം പുലർത്തിയിരുന്ന സതീഷ് എന്ന യുവാവ് ബിച്ചു തിരുമല രചിച്ച ഒരു നാടകം രംഗത്തവതരിപ്പിക്കാൻ മുന്നൊരുക്കങ്ങൾ ആരംഭിച്ചു. സിനിമയിൽ ഒളിഞ്ഞും തെളിഞ്ഞും പ്രത്യക്ഷപ്പെട്ടിരുന്ന ചില താരങ്ങളെ സംഘടിപ്പിച്ചാണ് അദ്ദേഹം പ്രവർത്തനം തുടങ്ങിയത്.



രാഘവൻ മാസ്റ്റർ

ടകത്തിൽ പാടിയ ലതിക അമ്പതാം വർഷത്തെ 'ഇരട്ട നഗരം' എന്ന പുതിയ നാടകത്തിൽ വീണ്ടും പാടാൻ കഴിഞ്ഞ ചാരിതാർത്ഥ്യത്തിലാണ്.

'ദണ്ഡകാരണ്യ'ത്തിൽ ലതിക പാടിയ ഗാനം രചനാപരമായും സംഗീതപരമായും മികച്ചു നിന്നു. ബിച്ചു തിരുമല ആ ഗാനം ടേപ് റെക്കോഡറിൽ പകർത്തി സംവിധായകൻ ഐവി ശശിയെ കേൾപ്പിച്ചു. ചലച്ചിത്ര മേഖലയിൽ ചുവടുറപ്പിക്കാനുള്ള ബിച്ചു തിരുമലയുടെ പരിശ്രമം തുടരുന്ന കാലം. 'ഉത്സവം' എന്ന തൻറെ കന്നി ച്ചിത്രത്തിൻറെ വിജയത്തിനു ശേഷം അടുത്ത ചിത്രത്തിൻറെ പണിപ്പുരയിലായിരുന്നു ഐവി ശശി. ബിച്ചു തിരുമല- കണ്ണൂർ രാജൻ ടീമിൻറെ ഗാനം ഇഷ്ടപ്പെട്ടതോടെ ആ ഗാനം അടുത്ത ചിത്രത്തിൽ ഉൾപ്പെടുത്താനും ചിത്രത്തിൻറെ സംഗീതച്ചുമതല കണ്ണൂർ രാജനു നൽകാനും ഐവി ശശി തീരുമാനിച്ചു. ലതികയെ പുതിയ ചിത്രത്തിലൂടെ

**കൊല്ലം യൂണിവേഴ്സൽ തിയേറ്റേഴ്സിൻറെ നാടകത്തിന് പാടാൻ വന്ന നിലമ്പൂർ കാർത്തികേയനെ അങ്ങനെയാണ് പരിചയപ്പെട്ടത്. അദ്ദേഹം അക്കാലത്ത് തിരുവനന്തപുരം സ്വാതി തിരുനാൾ സംഗീത അക്കാദമിയിൽ ഗാനപ്രവീണ വിദ്യാർത്ഥി ആയിരുന്നു. നടനും ഡബ്ബിംഗ് കലാകാരനും ഗായകനുമായ കൃഷ്ണചന്ദ്രൻറെ സംഗീത ഗുരുവാണ് കാർത്തികേയൻ. പിൽക്കാലത്ത് ദേവരാജൻ മാസ്റ്ററുടെയും മറ്റും നിരവധി ഗാനങ്ങൾ പാടിയതിനു ശേഷം അദ്ദേഹം സകുടുംബം അമേരിക്കയിലേക്ക് കുടിയേറി.**

സംവിധായകൻ പിജി വിശ്വംഭരൻറെ അസോസിയേറ്റ് ആയിരുന്ന ശ്രീകുമാർ 'ദണ്ഡകാരണ്യം' എന്ന നാടകം സംവിധാനം ചെയ്തു. ബിച്ചു തിരുമലയുടെ ഗാനങ്ങൾക്ക് കണ്ണൂർ രാജൻ സംഗീത സംവിധാനം നിർവഹിച്ചു. പശ്ചാത്തല സംഗീതം ഒരുക്കുന്ന ചുമതല എനിക്കായിരുന്നു. മദിരാശിയിൽ രൂപം കൊണ്ട നാടകം കേരളത്തിലെ വിവിധ വേദികളിൽ അരങ്ങേറി. കവിയും ഗാനരചയിതാവും പത്രപ്രവർത്തകനുമായിരുന്ന ചാത്തന്നൂർ മോഹൻ, ലതിക എന്നിവർ ഗാനങ്ങൾ ആലപിച്ചു. പ്രവീണാ മ്യൂസിക് ക്ലബ്ബിലെ വാദ്യകലാകാരന്മാർ പശ്ചാത്തല സംഗീതത്തിന് അകമ്പടി ഒരുക്കി. സതീഷിൻറെ സംവിധാനത്തിലും അവതരണത്തിലും മികച്ചു നിന്ന 'ദണ്ഡകാരണ്യം' വേദികൾ കീഴടക്കിയതോടെ 'കൊച്ചിൻ സംഗമിത്ര' എന്ന നാടക സമിതിയും സതീഷ് സംഗമിത്ര എന്ന സംവിധായക നടനും കേരളത്തിൽ വിജയക്കൊടി പാറിച്ച് മുന്നേറി. ആദ്യനാ



ശരത് ,രാജൻ ലാൽ

പിന്നണിഗാന രംഗത്ത് അവതരിപ്പിക്കാമെന്നും കണ്ണൂർ രാജൻ ആഗ്രഹിച്ചു. ഐവി ശശിക്ക് പാട്ട് ഇഷ്ടപ്പെട്ടതിനാൽ ആ നിർദ്ദേശം സ്വീകാര്യമായിരിക്കുമെന്ന് കണ്ണൂർ രാജൻ പ്രതീക്ഷിച്ചു. പക്ഷെ നിർമ്മാതാവ് രാമചന്ദ്രൻറെ നിസ്സഹകരണം മൂലം കണ്ണൂർ രാജന് നറുക്ക് വീണില്ല. 'ഉത്സവ'ത്തിൻറെ സംഗീത സംവിധായകൻ എടി ഉമ്മറിന് പ്രതിഫലം മുഴുവൻ കൊടുത്തു തീർക്കാതിരുന്നതിനാൽ അദ്ദേഹത്തെ തന്നെ പുതിയ ചിത്രത്തിൻറെയും സംഗീത സംവിധായകനായി ഉറപ്പിച്ചു. ഐവി ശശിയുടെ സ്നേഹപൂർവമായ നിർബന്ധത്തിനു വഴങ്ങി തൻറെ ഗാനം പുതിയ ചിത്രത്തിനായി കണ്ണൂർ രാജൻ വിട്ടുകൊടുത്തു. പ്രത്യുപകാരമായി മറ്റൊരു ചിത്രം കണ്ണൂർ രാജന് വാഗ്ദാനം ചെയ്തു. 'തുഷാര ബിന്ദുക്കളേ' എന്ന ഗാനം അങ്ങനെ എടി ഉമ്മറിൻറെ 'സംഗീത സംവിധാന'ത്തിൽ എസ് ജാനകി പാടി. സംസ്ഥാന ചലച്ചിത്ര അവാർഡുകൾ പ്രഖ്യാപിച്ചപ്പോൾ ഐവി ശശിയുടെ 'ആലിംഗനം' എന്ന ചിത്രത്തിൽ 'തുഷാര ബിന്ദുക്കളേ' ആലപിച്ച എസ് ജാനകി ഏറ്റവും മികച്ച ഗായികയായി. മികച്ച സംഗീത സംവിധായകൻ എടി ഉമ്മറും.

**ഇനിയൊരിക്കലും മദിരാശിയിലേക്കില്ല എന്നു ശപഥമെടുത്താണ് കണ്ണൂർ രാജൻ കേരളത്തിലേക്കു മടങ്ങി നാടക രംഗത്ത് സജീവമായത്. എന്നാൽ തൻറെ ഗുരുനാഥനായ കെ രാഘവൻ മാസ്റ്റർ ഒരു പുതിയ ചിത്രത്തിൻറെ സംഗീത സംവിധാനത്തിൽ അസിസ്റ്റൻറ് ആയി പ്രവർത്തിക്കാൻ കണ്ണൂർ രാജനെ ക്ഷണിച്ചപ്പോൾ വീണ്ടും അദ്ദേഹം മദിരാശിയിലേക്ക് മടങ്ങുകയായിരുന്നു. ജി അരവിന്ദൻ സംവിധാനം ചെയ്ത 'ഉത്തരായനം' എന്ന ചിത്രത്തിന് രാഘവൻ മാസ്റ്ററുടെ കൂടെ ജോലി ചെയ്ത ശേഷം മദിരാശിയിൽ വീണ്ടും ഒരു ഭാഗ്യ പരീക്ഷണത്തിന് കണ്ണൂർ രാജൻ മുതിർന്നു.**

എസ്എൽ പുരം സദാനന്ദൻറെ 'സൂര്യ സോമ' എന്ന നാടക സമിതിയുടെ 'നിധി' എന്ന നാടകത്തിന് സംഗീതമൊരുക്കാൻ താൻ വരുന്നുണ്ടെന്നും ക്യാമ്പിൽ എത്തണമെന്നും അറിയിച്ചതനുസരിച്ച് രാവിലെ തന്നെ ക്യാമ്പിലെത്തിയ ഞാൻ പത്രം വായിച്ചിരിക്കുന്ന കണ്ണൂർ രാജനെയാണ് കണ്ടത്. എന്നെ കണ്ടതും എല്ലാ നിയന്ത്രണവും വിട്ട് അദ്ദേഹം എൻറെ തോളിൽ ചാഞ്ഞ് പൊട്ടിക്കരഞ്ഞു. അവാർഡ് വാർത്ത പത്രത്തിൽ ഉണ്ടായിരുന്നു. 'തുഷാര ബിന്ദുക്കളെ' എന്ന ഗാനം ഐവി ശശിക്ക് ദാനം നൽകിയ വിവരം വൈകിയാണ് ഞാൻ അറിഞ്ഞത്. വൈകുന്നേരങ്ങളിൽ സിനിമാ പ്രവർത്തകർ കോടമ്പാക്കത്തെ ഹോളിവുഡ് ഹോട്ടലിനു മുന്നിൽ ഒത്തുകൂടുക പതിവായിരുന്നു. ഗാനം ദാനം നൽകിയ വിവരം ബിച്ചുവാണ് ഹോളിവുഡിനു മുന്നിൽ വച്ച് എന്നോട് പറഞ്ഞത്. ഐവി ശശിയുടെ ഓഫർ നഷ്ടപ്പെട്ട നിരാശയിലായിരുന്നു കണ്ണൂർ രാജൻ.

മനോഹരമായ ഒരു ഗാനത്തിലൂടെ കണ്ണൂർ രാജന് ഐവി ശശിയുടെ പുതിയ ചിത്രവും ലതികയുടെ പിന്നണിഗാന പ്രവേശവും സ്വപ്നം കണ്ടിരുന്ന ഞാൻ വിവരമറിഞ്ഞ് പകച്ചുപോയി. ദീർഘമായ മൗനത്തിനു ശേഷം, 'ഈ പാട്ടിന് അവാർഡ് ലഭിച്ചാൽ ആരു വാങ്ങും. കണ്ണൂർ രാജനോ എടി ഉമ്മറോ?' എന്ന എൻറെ അപ്രതീക്ഷിതമായ ചോദ്യം കേട്ട് രണ്ടുപേരും അക്ഷരാർത്ഥത്തിൽ ഞെട്ടി. എൻറെ പ്രവചനാത്മകമായ ചോദ്യം യാഥാർത്ഥ്യമായത് പത്രവാർത്തയിലൂടെ അറിയേണ്ടി വന്ന കണ്ണൂർ രാജൻ എങ്ങനെ പൊട്ടിക്കരയാതിരിക്കും. അവാർഡ് ചോദ്യം ചെയ്യണമെന്ന് ധാർമ്മിക രോഷത്തോടെ എസ്എൽ പുരം സദാനന്ദൻ പ്രതികരിച്ചു.



തുഷാര ബിന്ദുക്കളെ –റാണി ചന്ദ്ര

പക്ഷെ കണ്ണൂർ രാജൻ അതിനു വഴങ്ങിയില്ല. ദാനം നൽകിയ ഗാനത്തിൻറെ പേരിൽ ഒരു വിവാദം വേണ്ടെന്ന നിലപാടിലായിരുന്നു അദ്ദേഹം. പുതിയ നാടകത്തിൻറെ ഗാനങ്ങൾ മാത്രം സംവിധാനം ചെയ്ത ശേഷം പശ്ചാത്തല സംഗീതം ഒരുക്കുന്ന ചുമതല എന്നെ ഏൽപ്പിച്ച് കണ്ണൂർ രാജൻ മദിരാശിയിലേക്കു മടങ്ങി.

മാനസികമായി അദ്ദേഹം അത്രയേറെ തളർന്നിരുന്നു.

● ചെറുകഥ






◉ പി വി വിശ്വനാഥൻ

# ഒരു രൂപ തരുവോ.. ഒരു രൂപ

വര :
പി ആർ രാജൻ

പുതിയ ജോലിസ്ഥലത്തേക്കുള്ള ആദ്യ യാത്രയിൽ, ബസ് സ്റ്റാൻഡിൽ ഇറങ്ങി രഘു ചുറ്റും നോക്കി. പരിചയമില്ലാത്ത ചെറുപട്ടണം. ഓഫീസിൽ എത്താൻ അഞ്ചു കിലോമീറ്റർ ഉള്ളിലേക്ക് ജീപ്പ് യാത്ര എന്നാണ് പറഞ്ഞിരിക്കുന്നത് .

പെട്ടന്നാണയാൾ മുന്നിൽ എത്തിയത്. എവിടെനിന്നോ ഓടി എത്തുകയായിരുന്നു. ഒരു നിമിഷം പകച്ചു പോയ രഘുവിനോട് അയാൾ വന്നയുടൻ ചോദിച്ചു.

‘ഒരു രൂപ തരുവോ ... തരുവോ? ഒരു രൂപ... ഒരു രൂപ തരുവോ ?’’

ചോദ്യത്തിന് ഒരു പ്രത്യേക ഈണം ഉള്ളതുപോലെ രഘുവിന് തോന്നി ..

തൻറെ മുന്നിൽ നിൽക്കുന്ന മനുഷ്യനെ ചെറിയ ഒരങ്കലാപ്പോടെ രഘു നോക്കി. അല്പം മുഷിഞ്ഞ വസ്ത്രങ്ങളും, കുറച്ചൊക്കെ അഴുക്ക് പിടിച്ച കൈകാലുകളും, നന്നായി നര കയറിയ ചിട്ടയില്ലാത്ത താടി രോമങ്ങളും മുടിയും എല്ലാം.. കണ്ണുകളിൽമാത്രം ഒരു ചെറുപ്രകാശം, ജീവൻ.. ഒന്നോ രണ്ടോ നിമിഷം. രഘുവിന് ആലോചിക്കാൻ പോലും സമയം നൽകാതെ അയാൾ പെട്ടന്ന് തുടർന്നു .

“തരില്ലാല്ലേ .. ഒരു രൂപ.. തരില്ലാല്ലേ..?’’

അയാൾ രഘുവിനെ നോക്കി ചിരിച്ച് കാണിച്ചു. അഴുക്ക് പിടിച്ച പല്ലുകൾ. ഇടയ്ക്ക് ഒന്നോ രണ്ടോ വിടവുകളും.

രഘു ചുറ്റും നോക്കി. ബസ് സ്റ്റാൻഡിൽ ഏറെ ആളുകൾ ഉണ്ട്. ‘ഇയാൾ എന്തിന് തൻറെ മുന്നിലേക്ക് വന്നെത്തി ? എന്താവും ഇങ്ങിനെ ?’’ രഘു സ്വയം ചോദിച്ചു. അയാളെ അവഗണിച്ചുകൊണ്ട് നോട്ടം വേറെ ദിശയിലേക്ക് തിരിച്ചു. സ്റ്റാൻഡിന്

എതിർവശത്തുതന്നെ നിരനിരയായി ജീപ്പുകൾ ഉണ്ടാവും എന്നും, ഓരോ ബസ് വരുമ്പോഴും ഗ്രാമത്തിലേക്കുള്ളവർ അതിൽ കയറിയാണ് പോകുന്നതെന്നും നേരത്തെതന്നെ അറിഞ്ഞിരുന്നു.

അയാളുടെ മുന്നിൽ നിന്നും രക്ഷപ്പെടാം എന്നു കൂടി മനസ്സിൽ കരുതി ജീപ്പിനടുത്തേക്ക് നീങ്ങാൻ ശ്രമിക്കുമ്പോഴേക്കും അയാൾ രഘുവിൻറെ കയ്യിൽ മുഷിഞ്ഞ  കൈകൊണ്ടു തോണ്ടി വീണ്ടും വിളിച്ചു ചോദിച്ചു..

'ഒരു രൂപ തരുവോ.. തരുവോ? ഒരു രൂപ.... ഒരു രൂപ തരുവോ? '

പഴയപോലെ  ഒരു നിമിഷത്തെ ഇടവേളക്കുള്ളിൽ തുടരുകയും ചെയ്തു 'തരില്ലാല്ലേ.. ഒരു രൂപ തരില്ലാല്ലേ..'

ഈ രണ്ടു ചോദ്യങ്ങളും  അതിനുള്ള ആയാളുടേതന്നെ ഉത്തരവും കാണാപാഠം എന്നപോലെ  അയാൾ പറയുകയാണ് എന്ന് രഘുവിന്  തോന്നി. പുതിയ സ്ഥലം.. ആദ്യം തൻറെ മുന്നിലേക്ക് വരുന്ന മനുഷ്യൻ..  രഘു കൂടുതൽ ആലോചിക്കാതെ പഴ്സ് എടുക്കാൻ തുനിഞ്ഞു.. പെട്ടന്നാണ് അയാൾ പറഞ്ഞത് , ''നിനക്ക്  ഒരു രൂപ വേണോ? വേണോ? ഒരു രൂപ വേണോ  ?''

എന്തു പറയണം എന്നറിയാതെ രഘു പരുങ്ങി.. ''വേണ്ടാല്ലേ.. കുട്ടൻറെ രൂപ ആർക്കും വേണ്ട.. ആർക്കും വേണ്ടാ.. ന്നാ കുട്ടന് നിൻറെ രൂപയും വേണ്ട..''

പിന്നെയും എന്തൊക്കെയോ പുലമ്പിക്കൊണ്ട് അയാൾ രഘുവിനെ ഉപേക്ഷിച്ച്  റോഡിൻറെ മറുവശത്തേക്ക് നടന്നു. രഘുവിൻറെ മനസ്സിനെ ആകെ അസ്വസ്ഥമാക്കിക്കൊണ്ട്..

അയാൾ പോയശേഷവും, ചെറിയൊരു നിമിഷം, അയാളുടെ ചോദ്യവും, മറുപടിയുമെല്ലാം രഘുവിനെ ചെറുതായി അലട്ടിക്കൊണ്ടിരുന്നു. പുതിയ ആളാണെന്ന് മനസ്സിലായിട്ടെന്നപോലെ നിരനിരയായി നിന്ന ജീപ്പുകാരിൽ ഒരുവൻ പറഞ്ഞു 'സാറേ കല്ലുമ്മേലേക്കാണെങ്കില് മുന്നില് തന്നെ കേറിക്കോ'. ജീപ്പിനടുത്തേക്ക് നീങ്ങുന്നതിനിടെ രഘു ഒരിക്കൽ കൂടി അയാൾ പോയ ദിശയിലേക്ക് നോക്കി. വേറെ ഒരാളുടെ മുന്നിൽ അയാൾ  സംസാരിച്ചു നിൽക്കുന്നു. അയാളോടും 'ഒരു രൂപ' ചോദിക്കുകയായിരിക്കും,  രഘുവിന് തോന്നി.

**അയാളുടെ മുന്നിൽ നിന്നും രക്ഷപ്പെടാം എന്നു കൂടി മനസ്സിൽ കരുതി ജീപ്പിനടുത്തേക്ക് നീങ്ങാൻ ശ്രമിക്കുമ്പോഴേക്കും അയാൾ രഘുവിൻറെ കയ്യിൽ മുഷിഞ്ഞ  കൈകൊണ്ടു തോണ്ടി വീണ്ടും വിളിച്ചു ചോദിച്ചു.. 'ഒരു രൂപ തരുവോ.. തരുവോ?  ഒരു രൂപ.... ഒരു രൂപ തരുവോ? ' പഴയപോലെ  ഒരു നിമിഷത്തെ ഇടവേളക്കുള്ളിൽ തുടരുകയും ചെയ്തു 'തരില്ലാല്ലേ.. ഒരു രൂപ തരില്ലാല്ലേ..'**

അയാളെ കൂടുതൽ ശ്രദ്ധിക്കാതെ ജീപ്പിൻറെ മുന്നിലെ സീറ്റിലേക്ക് കയറിക്കൊണ്ട് രഘു ഡ്രൈവറോട് ചോദിച്ചു 'കല്ലുമ്മേൽ  കൃഷി ആഫീസിനടുത്തേക്ക് പോകുമോ?'

'ആളു നിറഞ്ഞാലുടൻ. ഒരു ബസ് കൂടി വരാനുണ്ട്. സാറ് മുന്നിൽ തന്നെ ഇരുന്നോ. ബാഗ് വേണമെങ്കില് പുറകിലെ സീറ്റിനടിയില് വെക്കാം' പുതിയ ആളാണെന്ന് മനസ്സിലായിട്ടെന്നപോലെ അയാൾ  രഘുവിനോട് പറഞ്ഞു.

അതിനിടെ, മുഷിഞ്ഞ വസ്ത്രങ്ങളും കണ്ണുകളിൽമാത്രം ചെറുപ്രകാശവുമുള്ള ആ മനുഷ്യൻ വീണ്ടും രഘുവിൻറെ അടുത്തെത്തി. രഘു ഒന്നമ്പരന്നു.  പഴയപോലെ ചോദ്യം അയാൾ ആവർത്തിച്ചു. എന്തു ചെയ്യണം എന്നറിയാതെ നിന്ന രഘുവിനെ നോക്കി അയാൾ  ചോദ്യവും ഉത്തരവും ആവർത്തിച്ചുകൊണ്ടേ ഇരുന്നു.

''രൂപ നിനക്കു വേണ്ടാല്ലേ.. കുട്ടൻറെ ഒരു രൂപ നിനക്കു വേണ്ടാല്ലേ..''

അയാൾ തന്നെ ആക്രമിക്കുമോ എന്ന് രഘു ഒരു നിമിഷം ഭയന്നു. അത്രയ്ക്കടുത്ത് നിന്നായിരുന്നു അയാളുടെ ചോദ്യവും, ഉത്തരവും ചിരിയുമെല്ലാം .

'പേടിക്കണ്ടാ കുട്ടൻ പാവമാ. രാപ്പകലിവിടെയുണ്ടാവും. കാണുന്നവരോടൊക്കെ ഒരു രൂപ ചോദിക്കും, എന്നിട്ട് പോയിക്കോളും കാര്യമാക്കേണ്ട.'' ജീപ്പിൻറെ പിന്നിലെ സീറ്റിൽ ഇരുന്നയൊരാൾ രഘുവിനോട് പറഞ്ഞു. മറുപടിയിൽ രഘു തൃപ്തനായില്ല എന്നു മനസ്സിലായിട്ടെന്നപോലെ അയാൾ തുടർന്നു,  'ആർക്കും ശല്യമൊന്നുമില്ല. പത്തു പതിനഞ്ചു വർഷമായി ഇവിടെയുണ്ട്. ഇവിടം വിട്ടു പോവില്ല, അതാ .''

കുണ്ടും കുഴിയുമുള്ള വഴിയിലൂടെയുള്ള ഗ്രാമത്തിലേക്കുള്ള യാത്ര, പുതിയ കാഴ്ചകൾ. പതിയെ അയാൾ രഘുവിൻറെ ചിന്തകളിൽ നിന്നും മറഞ്ഞു .

ഓഫീസിലുള്ളവരെ മൂന്നു പേരെയും പരിചയപ്പെട്ടു കഴിഞ്ഞപ്പോൾ പ്യൂൺ ഗോപി ഓഫീസ് മുറിയിലേക്ക് രഘുവിനെ സ്വാഗതം ചെയ്തു . സാമാന്യം വലിയ മുറി. വൃത്തിയും വെടിപ്പുമുള്ള മേശയും കസേരയും. സാധാരണ കാണാത്ത അടുക്കും ചിട്ടയും രഘുവിനെ അൽഭുതപ്പെടുത്തി. ഇതിപ്പോൾ  ആറാമത്തെ ഓഫീസാണ്. അതുകൊണ്ടുതന്നെ ഓഫീസ് മുറിയുടെ രൂപം രഘു സങ്കല്പിച്ചിരുന്നു. പ്രത്യേകിച്ചും കുഗ്രാമത്തിലേക്കാണ് ട്രാൻസ്ഫർ എന്നത്കൊണ്ട്. പക്ഷേ പരിചിതമായതിൽ നിന്നെല്ലാം വ്യത്യാസപ്പെട്ട്, ബാങ്ക്മാനേജരുടെ മുറി പോലെ.. എയർ  കണ്ടീഷനർ ഇല്ല എന്നു മാത്രം.. മുകളിൽ കറങ്ങുന്ന ഫാൻ പോലും വൃത്തിയായി ...

''നമ്മുടെ ഒരു ഓഫീസും ഇത്ര വൃത്തിയായി കണ്ടിട്ടില്ല.. ' തൻറെ ആശ്ചര്യം  പ്രകടിപ്പിക്കാതിരിക്കാൻ രഘുവിനായില്ല.

''ഇതെല്ലാം രാജൻ സാറിൻറെ

നിർബന്ധമാ'' ഗോപി പറഞ്ഞു. ' സാറിന് എല്ലാം വൃത്തിയായിരിക്കണം. അലമാരയും, പുതിയ കസേരകളും ഒക്കെ സാറിൻറെ പരിചയത്തിലെ കള്ബ്ബുകാർ സ്പോൺസർ ചെയ്തതാ. അതുകൊണ്ടുതന്നെ വൃത്തിയായി വെക്കേണ്ടത് നമ്മുടെ ചുമതലയാണെന്ന് സാറെപ്പോഴും പറയും. ഇന്നെന്തോ അത്യാവശ്യത്തിന് ലീവാ. നാളെ വരും. '

'വളരെ സന്തോഷം തോന്നുന്നു. ദൂരെക്കുള്ള ട്രാൻസ്ഫറിൻറെ വിഷമം കുറച്ച് കുറഞ്ഞു.'' ഒരിക്കൽ കൂടി തൻറെ സന്തോഷം പറയാതിരിക്കാനായില്ല രഘുവിന്.

കസേരക്കുപിന്നിലെ ജനാലയുടെ കർട്ടൻ മാറ്റിയപ്പോൾ ചെറുഗ്രാമത്തിലെ ചെറുകിട കടകളുടെയും ജീപ്പ് സ്റ്റാൻഡിൻറെയും ചിത്രം രഘുവിന് മുന്നിൽ തെളിഞ്ഞു. അധികവും മലഞ്ചരക്ക് വ്യാപാരം നടക്കുന്ന കടകളാണെന്ന് കേട്ടത് ശരിയെന്നുറപ്പിക്കാൻ എന്നപോലെ, നിറഞ്ഞ ചാക്കുകളുമായി ചെറുകടകൾ.

ഓഫീസിന് നേരേഎതിരെയുള്ള നാലുമുറി കടയുടെ മുകളിലാണ് രഘുവിന് താമസത്തിന് രാജൻ ഏർപ്പാടാക്കിയിരുന്നത്. വൈകുന്നേരം മുറിയിലേക്ക് എത്തുംമുമ്പേ രഘുവിന് ഒരു കാര്യം മനസ്സിലായി. തൻറെ പഴയ ഓഫീസുപോലെയേയല്ല. മലനാട്ടുകാർ പൊതുവേ നല്ലവരാണ് എന്നു കേട്ടിട്ടുള്ളത് ശരിയാണ് എന്നത് ആദ്യദിവസംതന്നെ മനസ്സിലായി. പ്രത്യേകിച്ച് ഗോപി.. 'എത്ര മാന്യമായ ഭാഷയാണയാളുടേത്.. പഴയ ഓഫീസിലെ 'റൌഡി' നാരായണൻ എവിടെ, ഗോപി എവിടെ? താമസത്തിനായുള്ള മുറിയോ, ഒരാൾക്ക് വേണ്ട അത്യാവശ്യം സൌകര്യങ്ങൾ എല്ലാമുണ്ട്. രഘുവിൻറെ മനസ്സ് ആ ചെറുഗ്രാമത്തെ പെട്ടന്ന്തന്നെ ഉൾക്കൊണ്ടു .

വൈകുന്നേരത്തെ കുളിക്കുശേഷം, തുറന്നിട്ടിരുന്ന ജനലിലൂടെ സുഖമുള്ള, നേർത്ത തണുപ്പ് മുറിയിലേക്ക് വരുന്നത് രഘുവറിഞ്ഞു. ശുദ്ധ വായു കയറി ഇറങ്ങിയപ്പോൾ



**രാജൻ ഇറങ്ങിയതോടെ, അവനെ പരിചയപ്പെട്ട നാളുകൾ രഘുവിൻറെ മനസ്സിൽ ഓടിവന്നു. അന്നുതന്നെ, വീട്ടിലെ ചുറ്റുപാടുകളൊക്കെ ചുരുങ്ങിയ വാക്കുകളിൽ 'പലതരം ബുദ്ധിമുട്ടുകളാണ്' എന്നുമാത്രം പറഞ്ഞ് ഒഴിഞ്ഞിരുന്നു. കിട്ടിയ ജോലി കുടുംബത്തിന് വലിയൊരു സഹായമായി എന്നും, പോസ്റ്റിങ് എങ്ങിനെയെങ്കിലും നാട്ടിൽത്തന്നെ ലഭിക്കാൻ ആരെയൊക്കെയോ കണ്ടിട്ടുണ്ട് എന്നുമൊക്കെ പറഞ്ഞത് രഘു ഒരിക്കൽ കൂടി ഓർത്തു. 'മുടങ്ങാതെ എല്ലാ ജനുവരി ഒന്നിനും പുതുവത്സര ആശംസകളുമായി വരുന്ന പോസ്റ്റ്മാൻ രാജനെ ഓർമിപ്പിക്കും**

ശരീരത്തിനാകെ ഒരു ഉന്മേഷം തോന്നി രഘുവിന്. രാത്രി അടുത്ത് തന്നെയുള്ള ചെറിയ ഹോട്ടലിൽ ചൂട് കഞ്ഞിയും ചമ്മന്തിയും കിട്ടും, എല്ലാം പറഞ്ഞ് ഏർപ്പാടാക്കിയിട്ടുണ്ട് എന്നും, വേറെ നേരംപോക്കിനായി ഒന്നുമില്ലെന്നും ഫോണിൽ രാജൻ പറഞ്ഞിരുന്നു.

വീട്ടിൽനിന്നും അകലെ വന്നതിൻറെ വിഷമം രഘുവിൽനിന്നും പയ്യെ പയ്യെ ഒഴിയുകയായിരുന്നു. കൈവിട്ടുതുടങ്ങിയ നല്ല സ്വഭാവങ്ങൾ കുറച്ചൊക്കെ പൊടിതട്ടി എടുക്കാനാവും എന്നും മനസ്സ് പറഞ്ഞു. പ്രത്യേകിച്ചും വായന. ഓരോ നാടിനും വായുവിനും ജലത്തിനും അതിൻറെതായ പ്രത്യേകതയുണ്ടെന്ന് രഘു ഒരിക്കൽകൂടി ഉറപ്പിച്ചു. ഒന്നു രണ്ടു വർഷം ഇവിടെത്തന്നെയെങ്കിലും കുഴപ്പമില്ലെന്നും മനസ്സു പറഞ്ഞു. യാത്രയുടെ ബുദ്ധിമുട്ട് ഉണ്ടെങ്കിലും, അടുത്ത പ്രമോഷൻ വരെ ഇവിടെ തുടരാമെന്ന് മനസ്സു മന്ത്രിച്ചു .

അറിയാതെ, രാവിലെ വന്നിറങ്ങിയപ്പോൾ മുന്നിൽ വന്നുപെട്ട അന്നാട്ടുകാരുടെ 'കുട്ടേട്ടനെ' ഒരിക്കൽകൂടി രഘുവിന് ഓർമ വന്നു. രാവിലെതന്നെ അയാളെ മറക്കാൻ ശ്രമിച്ചെങ്കിലും, വെറുതെ ഇരുന്നപ്പോൾ അയാൾ വീണ്ടും മനസ്സിലേക്ക് മടങ്ങി വരികയായിരുന്നു. ഗീതയുടെ ഫോൺ, അയാളുടെ ചിന്തകളിൽനിന്നും രഘുവിനെ മോചിപ്പിച്ചു. വർഷങ്ങൾക്ക് ശേഷം കുട്ടികളുടെകൂടെ വീട്ടിൽ തന്നെയായതിൻറെ വിഷമം സമയമെടുത്ത്, വിശദമായിത്തന്നെ ഗീത അവതരിപ്പിച്ചു. ഒരു ദിവസത്തിനകം ഇത്ര മാത്രം വിശേഷങ്ങളോ? രഘുവിന് അതിശയമായി .

''തനിയെ ഇരുന്നു മടുക്കുന്നുണ്ടാവും. അല്ലേ ?' എന്ന ഗീതയുടെ ചോദ്യത്തിന് സത്യസന്ധമായി മറുപടി പറഞ്ഞാൽ അവൾക്ക് വിഷമമാകും. രഘു ചെറുതായൊന്ന് മൂളി. അവളെ വിഷമിപ്പിക്കരുത് എന്നുകരുതി തുടർന്നു. ''ഇന്നൊരു ദിവസം കൊണ്ട് അങ്ങിനെ വലിയ മടുപ്പൊന്നുമായിട്ടില്ല.. നാളെ രാജനും എത്തും. നേരത്തെ പരിചയമുള്ള ഒരാളുള്ളത് നന്നായി. അടുത്തയാഴ്ച വരുമ്പോ ഒന്നുരണ്ടു പുസ്തകം കൊണ്ടുവരണം. കുറച്ചൊക്കെ വായിക്കാൻ ഏതായാലും സമയം കിട്ടും. കല്യാണം കഴിഞ്ഞതോടെ നിന്നതാ.''

**ഒരിക്കൽ.. ഒരിക്കൽ മാത്രം ഗോപിയോട് ചോദിച്ചു. ' അധികമൊന്നും അറിയില്ല സാറേ.. വീട്ടു കാര്യം ഒന്നും പറയാറില്ല.. അടുത്ത സ്റ്റോപ്പിൽനിന്നു കുറച്ചു മലകയറി പോകണം രാജൻ സാറിൻറെ വീട്ടിലേക്ക്. ഭാര്യ കല്യാണം കഴിഞ്ഞ അടുത്ത ദിവസംതന്നെ ഉപേക്ഷിച്ചുപോയി എന്നൊക്കെ കേട്ടിട്ടുണ്ട്. ഞങ്ങളാരും ചോദിക്കാറില്ല. സാറ് പറയാറുമില്ല. ഇവിടം വിട്ടുപോകില്ല എന്നു മാത്രമറിയാം." അതോടെ ആ അന്വേഷണം രഘു എന്നെന്നേക്കുമായി മതിയാക്കുകയായിരുന്നു.**

'' ഓ പിന്നെ.. കല്യാണം കഴിഞ്ഞതോടെ. ലോഡ്ജ് ജീവിതമാണല്ലോ എന്നതാ എനിക്കു വിഷമം.. ഭക്ഷണവും..''

''ഇത് ലോഡ്ജ് ഒന്നുമല്ല.. ഒരു മുറി.. പക്ഷേ കൊള്ളാം, നല്ല മുറി.. അത്യാവശ്യം എല്ലാം ഉണ്ട്.. പിന്നെ, ലോഡ്ജ് എന്നു കരുതിയാണോ നിൻറെ വിഷമം ? ' രഘു ചിരിച്ചുകൊണ്ട് പറഞ്ഞു.

'' ഓ .. അങ്ങിനെയുള്ള പേടി ഒന്നുമില്ല എനിക്ക്.'' വാക്കിൻറെ മുനയൊടിച്ച് ഗീത വിശ്വാസം രേഖപ്പെടുത്തി.

'' ശരി.. ഞാൻ രാവിലെ വിളിക്കാം. കഞ്ഞി എങ്ങിനെയുണ്ട് എന്നു നോക്കട്ടെ. കുറെ നാളായില്ലേ സ്വാദായിട്ട് എന്തെങ്കിലും കഴിച്ചിട്ട് ' രഘു ചിരിച്ചു.

'എന്നാ കഞ്ഞിയും കപ്പയുമായി ആ മലയിൽത്തന്നെ കൂടിക്കോ.''. തമാശയും പരിഭവവും ചേർന്ന മറുപടി രഘു ആസ്വദിച്ചു

''ഓക്കെ .. നാളെ വിളിക്കാം..''

''ശരി രഘുവേട്ടാ.. തണുപ്പടിക്കാതെ നോക്കിക്കൊള്ളണം കേട്ടോ..''

തണുപ്പ് അതിൻറെ സ്വഭാവം മാറ്റിത്തുടങ്ങിയിരുന്നു എന്നത് പുറത്തിറങ്ങിയതും രഘുവിന് ബോധ്യമായി.

'രാജൻ സാറ് പറഞ്ഞിരുന്നു' ഹോട്ടലുകാരൻ പ്രത്യേക പരിഗണന നല്കി സ്വാഗതം ചെയ്തു. സ്റ്റീൽ പ്ലേറ്റ് ഒന്നുകൂടെ കഴുകി മുന്നിൽവെച്ചു. ചൂടുകഞ്ഞിക്കും ചെറുപയറുതോരനും തേങ്ങാചമ്മന്തിക്കും സ്റ്റീലുകൊണ്ടുള്ള പ്ലാവിലസ്പൂണിനുമൊപ്പം മുത്തശ്ശിയെക്കുറിച്ചുള്ള ഓർമകളും രഘുവിൻറെ മുന്നിലും മനസ്സിലും നിറഞ്ഞു

ആവി പറക്കുന്ന കഞ്ഞി ആർത്തിയോടെ കുടിച്ചുകൊണ്ടിരിക്കെ അയാൾ പ്ലേറ്റ് വീണ്ടും നിറച്ചു. രഘു ചോദ്യഭാവത്തിൽ അയാളുടെ മുഖത്തേക്ക് നോക്കി 'രാജൻ സാറിന് ഉച്ചയ്ക്ക് രണ്ടു പ്ലെയ്റ്റ് കഞ്ഞിയാണ് കണക്ക്.. കൂട്ടത്തില് ഒരു പച്ചമുളക് പൊട്ടിക്കാൻ ചോദിക്കും. സാറിനും ഒരു മുളകിടട്ടെ ? '

'രാജൻറെ ഉശിരോന്നും എനിക്കില്ലെന്ന് കൂട്ടിക്കൊള്ളൂ. ചമ്മന്തിക്കു തന്നെ നല്ല എരിവുണ്ട്. ഇനി മുളകുംകൂടി വേണ്ട.'' പ്ലേറ്റിലെ കഞ്ഞി എങ്ങിനെ തീർക്കും എന്ന ചിന്തക്കിടയിൽ രഘു പറഞ്ഞു.

സുഖകരമായ കാലാവസ്ഥയിൽ യാത്രാക്ഷീണവുമായി മുറിയിലെത്തിയ രഘുവിനെ കോളിങ് ബെൽ ശബ്ദമാണ് രാവിലെ ഉണർത്തിയത്. ഒരു മാറ്റവുമില്ലാതെ മുന്നിൽ രാജൻ. രഘുവിന് താനൊരല്പം വയസ്സനായിരിക്കുന്നു എന്നാണാദ്യം തോന്നിയത്. അത് വാക്കുകളായി പുറത്തുവരികയും ചെയ്തു.

''നിനക്കൊരു മാറ്റവുമില്ലല്ലോ.. നിനക്കു വയസ്സാവുകയേ ഇല്ലേ?..''

''നിന്നെപോലെയുള്ള സുഹൃത്തുക്കൾ എന്നിലെ ചെറുപ്പം നിലനിർത്തുന്നതാവും' ചിരിച്ചുകൊണ്ടുള്ള രാജൻറെ മറുപടി, സ്വഭാവത്തിലും അവനൊരു മാറ്റവും വന്നിട്ടില്ല എന്നു

റപ്പിച്ചു.

'രാവിലെതന്നെ കവിത കേൾക്കുന്ന ഒരു സുഖമുണ്ട്. നീ അകത്തു വാ' രഘു രാജനെ അകത്തേക്ക് ക്ഷണിച്ചു.

''വേണ്ട. നിൻറെ കാര്യങ്ങളൊക്കെ നടക്കട്ടെ. എല്ലാം സൌകര്യമായോ എന്നറിയാൻ നേരെ എത്തിയതാ. എനിക്കൊരല്പം പരിപാടി വേറെയുണ്ട്. ' കയ്യിലെ ബാഗ് ഉയർത്തിക്കൊണ്ട് രാജൻ പറഞ്ഞു. ''ജാതിപത്രിയാ.'' അവൻ ചിരിച്ചു. 'അനിയൻറെ ,വലിയച്ചൻറെ മകൻറെ, കടയുണ്ട്. അവിടെ എന്നും പത്തുമിനിട്ട് ഹാജർ വെക്കണം. അതുമുണ്ട് പരിപാടിയിൽ .'' രാജൻ ചിരിച്ചു.

''ഓ .നിനക്ക് ജോലി സൈഡ് ബിസിനസ്സല്ലേ. നടക്കട്ടെ'

ഒമ്പത് മണിക്കിറങ്ങാം . ബ്രേക്ക്ഫാസ്റ്റ് ഇന്നലെ കഞ്ഞി കുടിച്ച സ്ഥലം തന്നെ. ഇന്ന് ഞാനും കൂടാം ' രാജൻ ചിരിച്ചുകൊണ്ട് പറഞ്ഞു.

'നിൻറെ വേഷം' അപ്പോഴാണ് രാജൻറെ വേഷം രഘു ശ്രദ്ധിച്ചത്. ടീ ഷർട്ടും , ട്രൌസറും. ആദ്യമായാണ് രാജനെ അങ്ങിനെ കാണുന്നത്. വെളുത്ത ഖദർ ഷർട്ടും ഖദർ മുണ്ടുമായി മാത്രമേ ഇതിനുമുന്നേ രഘു രാജനെ കണ്ടിട്ടുള്ളൂ, മീറ്റിങ്ങുകൾക്കു പോലും.

''ഓ .. എൻറെ ദിവസം രാവിലെ അഞ്ചു മണിക്ക് തുടങ്ങും. ഏഴുമണി ഉറക്കമൊന്നും എനിക്കു വയ്യ. പല കാര്യങ്ങൾ ഉണ്ട്. ഇതാണ് അതിനു പറ്റിയ വേഷം. കൂട്ടത്തിൽ രാവിലെയുള്ള നടത്തവും. എട്ടര വരയേയുള്ളൂ ഈ വേഷം. പിന്നെ നിനക്ക് പഴയ വേഷത്തില് കാണാം. ഇവിടെ അനിയൻറെ കടയോട് ചേർന്ന് എനിക്കൊരു മുറിയുണ്ട്. കുളിച്ച് വേഷം മാറി വരാം. പറഞ്ഞപോലെ ഒമ്പത് മണിക്ക്.''

ഇറങ്ങുന്നതിന് മുൻപ്, രഘുവിൻറെ ചെറു കുടവയർ നോക്കി രാജൻ തുടർന്നു 'എൻറെ കൂടെ കൂടിയാല്, ഇവിടുന്നു പോവുമ്പോഴേക്കും ഇതും കളയാം'.

''നോക്കാം.. ന്നാ ഒമ്പത് മണിക്ക്. ഞാനും രാവിലത്തെ കലാപരിപാടിയൊക്കെ തീർക്കാം'

രാജൻ ഇറങ്ങിയതോടെ, അവനെ പരിചയപ്പെട്ട നാളുകൾ രഘുവിൻറെ മനസ്സിൽ ഓടിവന്നു.

അന്നുതന്നെ, വീട്ടിലെ ചുറ്റുപാടുകളൊക്കെ ചുരുങ്ങിയ വാക്കുകളിൽ 'പലതരം ബുദ്ധിമുട്ടുകളാണ്' എന്നു മാത്രം പറഞ്ഞ് ഒഴിഞ്ഞിരുന്നു. കിട്ടിയ ജോലി കുടുംബത്തിന് വലിയൊരു സഹായമായി എന്നും, പോസ്റ്റിങ് എങ്ങിനെയെങ്കിലും നാട്ടിൽത്തന്നെ ലഭിക്കാൻ ആരെയൊക്കെയോ കണ്ടിട്ടുണ്ട് എന്നുമൊക്കെ പറഞ്ഞത് രഘു

നല്ല വായു. കുറച്ചേറെ പുരയിടം. പത്രാസിന് സർക്കാർ ജോലി. പ്രമോഷൻ താല്പര്യമില്ലാത്തതു കൊണ്ടുള്ള സ്വസ്ഥത. സ്വന്തം നാട്. ഇതല്ലാതെന്താ വേണ്ടത്. വെറുതെയല്ല രാജൻ ഇവിടെത്തന്നെ കൂടിയത്, രഘുവിന് കൂടുതൽ ആലോചിക്കേണ്ടി വന്നില്ല . രാജൻ എത്താൻ എന്നപോലെ സമയം ഒമ്പത് മണിക്ക് കാത്തുനിന്നു. ഒമ്പത് മണിയും രാജനും ഒരേ സമയം രഘുവിന് മുന്നിൽ എത്തി.

''റെഡി അല്ലേ? നമുക്ക് പോകാം. താല്പര്യമെങ്കിൽ രാവിലെ നല്ല പറോട്ടയും, ബീഫ് കറിയും കിട്ടും

**സ്ഥിരം ചോദ്യത്തിനായി ഒരുനിമിഷം കൂടി കാത്തുനിന്നു. ഒന്നുമുണ്ടായില്ല. വഴി തടഞ്ഞ് നിൽക്കുക മാത്രം. അടുത്ത നിമിഷം ലോറിയിൽ അട്ടിയായി വെച്ചിരുന്ന ചാക്കുകൾ ആരോ തള്ളിയിട്ടപോലെ ലോറിയുടെ ഒരു വശത്തേക്ക്. നിറഞ്ഞ ചാക്കുകളുടെ ഒരു കുത്തൊഴുക്ക്. ഒന്നിന്മേലേ ഒരു കൂട്ടമായി. ഒരു നിമിഷം.. ഒരു നിമിഷം മുന്നേ നടന്നു നീങ്ങിയിരുന്നെങ്കിൽ? കുമിഞ്ഞു കൂടിയ ചാക്ക് കെട്ടുകൾ വലിച്ചുമാറ്റി എടുക്കുമ്പോഴേക്കും, കഴുത്തൊടിഞ്ഞ് ഒരു ചുമട്ടുകാരനും, ചാക്കുകൾക്കടിയിൽ ഞെരിഞ്ഞു ചത്ത ഒരു തെണ്ടി പട്ടിയും.**

ഒരിക്കൽകൂടി ഓർത്തു. 'മുടങ്ങാതെ എല്ലാ ജനുവരി ഒന്നിനും പുതുവത്സര ആശംസകളുമായി വരുന്ന പോസ്റ്റ്മാൻ രാജനെ ഓർമിപ്പിക്കും. നന്ദിയില്ലാത്തവനെ പോലെ ഒരിക്കൽപോലും മറുപടി അയച്ചിട്ടുമില്ല. ഈ നാട്ടിലെ പോസ്റ്റിങ് വേണ്ടിവന്നു രാജനെ വീണ്ടും ഓർത്തെടുക്കാനും ഫോണിൽ വിളിക്കാനും. പക്ഷേ, ഒരൊറ്റ ഫോൺ വിളി മാത്രം. അവനോ ഇവിടെ എത്താനുള്ള വഴി, ബസ് സമയം, താമസം എല്ലാം ഏറ്റവുമടുത്ത സുഹൃത്തിനെന്നപോലെ ഉടൻതന്നെ ചെയ്തു തന്നെ കുറെ കൂടി ചെറുതാക്കി. തുടക്കംമുതൽ സ്വന്തം നാട്ടിൽ. പ്രൊമോഷനും ശ്രമിക്കാതെ .'

രഘുവിൻറെ അൽഭുതം അവൻറെ നാട്ടിൽ എത്തിയപ്പോൾ കുറച്ചൊക്കെ ഇല്ലാതായി. ചെറിയ ഗ്രാമം.


നമ്മുടെ ആശാൻറെ കടയിൽ .'' വാതിൽക്കൽ നിന്നുതന്നെ രാജൻ പറഞ്ഞു.

'' രാവിലെ തന്നെയോ? അല്പം മയമുള്ളത് ഒന്നും കിട്ടില്ലേ.. ദോശ, അപ്പം.?''

രാജൻ ഒന്നുകൂടി ചിരിച്ചു.. ' എന്നെ പോലെയാവണ്ട.. ഞാൻ രാവിലെ അപ്പം, പുട്ട് ഏതെങ്കിലും.. ഉച്ചക്ക് ആശാൻറെ സ്പെഷ്യൽ കഞ്ഞി, ചമ്മന്തി.. പച്ചമുളക്. വൈകിട്ട് വീട്ടിലും കഞ്ഞി. നോൺ എനിക്കു പറ്റില്ല..''

''സമാധാനം. എനിക്കും നോൺ നിർബന്ധമില്ല. രാവിലെ ഏതായാലും വേണ്ട. നമുക്കിറങ്ങാം' ചിരിച്ചുകൊണ്ട് രഘു മുറി പൂട്ടി ഇറങ്ങി.

രാവിലെ രാജൻറെകൂടെ കൂടിയപ്പോഴാണ് തൻറെ പഴയ സുഹൃത്ത് മനസ്സിലാക്കിയിരുന്നതിലും വ്യത്യസ്




തനാണെന്ന് രഘു തിരിച്ചറിയുന്നത്. ഒരുമിച്ച് ജോലിയിൽ പ്രവേശിച്ചപ്പോഴും പരിശീലനകാലത്ത് ട്രെയിനിങ് സ്കൂളിൽ ഒരേ മുറിയിൽ കുറച്ചുനാൾ താമസിച്ചിരുന്നപ്പോഴും അറിഞ്ഞിരുന്നയാൾ അല്ല ഇപ്പോൾ. അന്നൊക്കെ അധികം സംസാരിക്കാത്ത ആൾ, ഗൌരവമുള്ള ഒന്നിലും വലിയ താല്പര്യമില്ല. വേഷം മുണ്ടും ഷർട്ടും മാത്രം. അധികവും മിണ്ടാതെ മുറിയിൽ ഏതെങ്കിലും പുസ്തകവുമായി ചുരുങ്ങിയിരുന്ന മലയോര യുവാവ്. ഇന്നിപ്പോ, നിറഞ്ഞ് ചിരിക്കുന്നു. തമാശകൾ പറയുന്നു. അല്പം തടിവെച്ചെങ്കിലും നല്ല ഉറപ്പുള്ള ശരീരം. രാജൻറെ മാറ്റത്തിൽ രഘുവിന് സന്തോഷം തോന്നി.

അതൊരു പുതിയ തുടക്കമായിരുന്നു. തൻറെ കൂടെ ജോലിയിൽ പ്രവേശിച്ചയാൾ തനിക്ക് താഴെ എന്നത് ആദ്യ ഒന്നു രണ്ടു ദിവസങ്ങളിൽ രഘുവിന് അല്പം ബുദ്ധിമുട്ട് തോന്നി. എന്നാൽ രാജന് അങ്ങിനെയൊരു ചിന്തയേ ഉണ്ടായിരുന്നില്ല. ഒരേ ചിട്ടയിൽ, രാവിലെ മുതൽ വൈകിട്ട് വരെയുള്ള ദിനചര്യകൾ. രാജൻറെ കൂടെയുള്ള ദിവസം രാവിലെ ഒമ്പത് മണിക്ക് തുടങ്ങിയാൽ വൈകിട്ട് അഞ്ചു മണി.. ആറു മണി വരെ. ആറുമണിയാവുന്നത് അപൂർവം. അഞ്ചുമണിക്ക് മുന്നേതന്നെ രാജന് പോകാനുള്ള തിടുക്കമാവും. മൂന്നോ നാലോ കിലോമീറ്റർ അകലെയുള്ള വീട്ടിലേക്ക് .

''രാജൻറെ വീട്ടില് ആരൊക്കെ' എന്ന ചോദ്യത്തിന് മറുപടി പറയാനുള്ള താല്പര്യക്കുറവ് ആദ്യ ദിവസങ്ങളിൽതന്നെ രഘുവിന് മനസ്സിലായി. ''അതൊന്നും അത്ര സുഖമുള്ള കാര്യങ്ങളല്ല രഘു. ഞാനിവിടെ നാട്ടിൽ സുഖം. അത്രമാത്രം മതി.'' പരിചയപ്പെട്ട കാലത്തെ മുഖം ഓർമിപ്പിച്ചുകൊണ്ടു രാജൻ മറുപടി പറഞ്ഞു. അതോടെ രഘു ആ ശ്രമം തീർത്തും ഒഴിവാക്കി. ഒരിക്കൽ.. ഒരിക്കൽ മാത്രം ഗോപിയോട് ചോദിച്ചു. ' അധികമൊന്നും അറിയില്ല സാറേ.. വീട്ടു കാര്യം ഒന്നും പറയാറില്ല..അടുത്ത സ്റ്റോപ്പിൽനിന്നു കുറച്ചു മലകയറി പോകണം രാജൻ സാറിൻറെ വീട്ടിലേക്ക്. ഭാര്യ കല്യാണം കഴിഞ്ഞ അടുത്ത ദിവസംതന്നെ ഉപേക്ഷിച്ചുപോയി എന്നൊക്കെ കേട്ടിട്ടുണ്ട്. ഞങ്ങളാരും ചോദിക്കാറില്ല. സാറ് പറയാറുമില്ല. ഇവിടം വിട്ടുപോകില്ല എന്നു മാത്രമറിയാം.'' അതോടെ ആ അന്വേഷണം രഘു എന്നെന്നേക്കുമായി മതിയാക്കുകയായിരുന്നു. അറിയുന്ന കാര്യങ്ങൾ മുഴുവനായി ഗോപി പറയാതിരുന്നതാണോ എന്നും രഘുവിന് തോന്നി.

എല്ലാ ആഴ്ചകളിലും നാട്ടിലേക്കുള്ള യാത്രകളും തിരക്കുകുറഞ്ഞ ഗ്രാമത്തിലെ ജോലിയുമായി ദിവസങ്ങളും വർഷങ്ങളും നീങ്ങിയത് വേഗത്തിലായിരുന്നു. ഒരിക്കലും മറക്കാനാവാത്ത ആ അപകടദിവസം പേടിസ്വപ്നം പോലെ രഘുവിൻറെ മനസ്സിൽ ഒരിക്കൽ കൂടി തെളിഞ്ഞു . പതിവുപോലെ ബസ്സിറങ്ങി ജീപ്പുകൾക്ക് അടുത്തേക്ക് നടക്കാൻ തുടങ്ങിയ സമയം.. മലഞ്ചരക്ക് കയറ്റിയ ചാക്കുകൾ വടംകെട്ടി മുറുക്കി

വഴിയുടെ ഒരു വശത്തിൻറെ അധികഭാഗവും നിറഞ്ഞ് നിന്നിരുന്ന ലോറി. അതിനരികിലൂടെ ജീപ്പ് നിൽക്കുന്ന ഭാഗത്തേക്ക് ഒരല്പം ഞെരുങ്ങി നീങ്ങാൻ തുടങ്ങുമ്പോഴാണ് അയാൾ പ്രത്യക്ഷപ്പെട്ടത്. വഴി മുഴുവനായി തടഞ്ഞു കൊണ്ട്. പ്രതീക്ഷിച്ച സ്ഥിരം ചോദ്യമുണ്ടായില്ല. പക്ഷേ മങ്ങിയ പല്ലുകൾ കാട്ടി പരിചിതമായ ചിരി. സ്ഥിരം ചോദ്യത്തിനായി ഒരുനിമിഷം കൂടി കാത്തുനിന്നു. ഒന്നുമുണ്ടായില്ല. വഴി തടഞ്ഞ് നിൽക്കുക മാത്രം. അടുത്ത നിമിഷം ലോറിയിൽ അട്ടിയായി വെച്ചിരുന്ന ചാക്കുകൾ ആരോ തള്ളിയിട്ടപോലെ ലോറിയുടെ ഒരു വശത്തേക്ക്. നിറഞ്ഞ ചാക്കുകളുടെ ഒരു കുത്തൊഴുക്ക്. ഒന്നിന്മേലേ ഒരു കൂട്ടമായി. ഒരു നിമിഷം.. ഒരു നിമിഷം മുന്നേ നടന്നു നീങ്ങിയിരുന്നെങ്കിൽ? കുമിഞ്ഞു കൂടിയ ചാക്ക് കെട്ടുകൾ വലിച്ചുമാറ്റി എടുക്കുമ്പോഴേക്കും, കഴുത്തൊടിഞ്ഞ് ഒരു ചുമട്ടുകാരനും, ചാക്കുകൾക്കടിയിൽ ഞെരിഞ്ഞു ചത്ത ഒരു തെണ്ടി പട്ടിയും. ആ ഒരു നിമിഷം അയാൾ വന്നിരുന്നില്ലെങ്കിൽ ? ഇതിനിടക്ക് അയാൾ എവിടെയോ ഓടി പോയിരുന്നു. ആരോടൊ ‘ഒരു രൂപ‘ ചോദിക്കാൻ. ‘തന്നെ രക്ഷിക്കാൻ മാത്രമായിട്ടാവുമോ ദേവദൂതനെപോലെ അയാൾ അന്ന് വന്നത്? ‘ രഘുവിൻറെ മനസ്സ് ഒരിക്കൽ കൂടി സ്വയം പറഞ്ഞു.

പുതിയ സ്ഥലത്തെത്തിയശേഷമുള്ള ഓർമകൾ ബസ് യാത്രക്കിടയിലെ കാഴ്ചകൾപോലെ രഘുവിൻറെ മനസ്സിലൂടെ ഒന്നൊന്നായി കടന്നുപോയി. പട്ടണത്തിൽ കാണാറുള്ള കുട്ടേട്ടനടക്കം എല്ലാം തനിയാവർത്തനം പോലെ രണ്ടു വർഷമായി തുടർന്നു. ബസ് ഇറങ്ങിയാൽ അയാൾ എവിടെയെന്ന്, കണ്ണുകൾ തിരഞ്ഞു. ‘ഒരു രൂപ തരുവോ? ഒരു രൂപ ?‘ എന്ന അയാളുടെ പരുക്കൻ ശബ്ദത്തിനായി കാതുകൾ കാത്തിരുന്നു. ഇപ്പോഴും തന്നിൽ ജീവൻ തുടിക്കുന്നതിന് അയാൾ നിമിത്തമായശേഷം, ഓരോ യാത്രയിലും രഘുവിൻറെ കണ്ണുകൾ എല്ലാവരവിലും അയാളെ തിരഞ്ഞു.

**പതിവ്പോലെ, സ്റ്റാൻഡിൽ ഇറങ്ങിയ വഴി അയാളെയാണ് രഘുവിൻറെ കണ്ണുകൾ തിരഞ്ഞത്. കണ്ണുകൾ ഒന്നുചുറ്റി മടങ്ങിയപ്പോഴാണ് രഘു ശ്രദ്ധിച്ചത്, എല്ലാ കടകളും അടഞ്ഞിരിക്കുന്നു. ഒന്നോ രണ്ടോ മുറുക്കാൻ കടകളൊഴികെ. പെട്ടന്ന് ആരോ ബന്ദ് പ്രഖ്യാപിച്ചതു പോലെ. എന്താകും കാരണമെന്ന ആശങ്കയോടെ ജീപ്പുകൾ നിറുത്തിയിരുന്ന സ്റ്റോപ്പിലേക്ക് രഘു നടന്നു.**

മൊബൈൽ ഫോണിലെ മെസ്സേജ് ഒരിക്കൽ കൂടി രഘു നോക്കി. ഗോപിയുടെ ചെറിയ മെസ്സേജ്. ' സർ .. രാജൻ സാറിൻറെ അച്ഛൻ മരിച്ചു. ഇന്നലെ രാത്രി. നാളെ രാവിലെയോടെ ദഹിപ്പിക്കുമായിരിക്കും. ബാക്കി വിവരങ്ങൾ ഇവിടെ വരുമ്പോൾ പറയാം. '

മെസ്സേജ് കിട്ടിയ വഴി ഇറങ്ങിയതാണ്. ഇനി ഒരു അര മണിക്കൂറിൽ ബസ്സ്സ്റ്റാൻഡിൽ എത്തും. ജീപ്പിൽ വീണ്ടും കുറച്ചു സമയം. എങ്ങിനെയായാലും സമയത്തിനെത്തും.

പതിവ്പോലെ, സ്റ്റാൻഡിൽ ഇറങ്ങിയ വഴി അയാളെയാണ് രഘുവിൻറെ കണ്ണുകൾ തിരഞ്ഞത്. കണ്ണുകൾ ഒന്നുചുറ്റി മടങ്ങിയപ്പോഴാണ് രഘു ശ്രദ്ധിച്ചത്, എല്ലാ കടകളും അടഞ്ഞിരിക്കുന്നു. ഒന്നോ രണ്ടോ മുറുക്കാൻ കടകളൊഴികെ. പെട്ടന്ന് ആരോ ബന്ദ് പ്രഖ്യാപിച്ചതു പോലെ. എന്താകും കാരണമെന്ന ആശങ്കയോടെ ജീപ്പുകൾ നിറുത്തിയിരുന്ന സ്റ്റോപ്പിലേക്ക് രഘു നടന്നു.

'' ഇതെന്താ.. ഇന്നിങ്ങനെ.. ലോക്കൽ ബന്ദാണോ? കടകളെല്ലാം അടച്ച് '

‘അല്ല സാറേ.. സാറ് കണ്ടിട്ടുണ്ടാവുമല്ലോ.. കുട്ടേട്ടൻ. ഒരു രൂപ കുട്ടേട്ടൻ. അയാളെ ഇന്നലെ ഏതോ കള്ളമ്മാര് രാത്രി തള്ളിയിട്ടു, തലപൊട്ടി. ചോര ഒഴുകി, ആള് മരിച്ചു പോയി. രാത്രി എപ്പോഴോ ആണ്.''

ഒരു നിമിഷം രഘുവിന് കേൾക്കുന്നത് വിശ്വാസിക്കാനായില്ല. ചുറ്റും ഒന്നുകൂടി കണ്ണോടിച്ചു. എല്ലാ കടകളും അടഞ്ഞുതന്നെ. അടുത്തുള്ള ഇലക്ട്രിക് പോസ്റ്റിൽ ‘കുട്ടേട്ടന് ആദരാഞ്ജലികൾ‘ എന്ന ബോർഡിൽ, ചിരിച്ചുകൊണ്ട് നിൽക്കുന്ന കുട്ടേട്ടൻറെ മങ്ങിയ ഫോട്ടോ. അയാളോട് എന്തു പറയണം എന്നറിയാതെ രഘു മുന്നിലെ ചിരിക്കുന്ന ‘കുട്ടേട്ടനെ‘ത്തന്നെ നോക്കി ജീപ്പിനകത്ത് ഇരുന്നു.

ഗോപി പറഞ്ഞ വഴിയിൽ നീങ്ങാൻ രഘുവിന് കൂടുതൽ ബുദ്ധിമുട്ടുണ്ടായില്ല. ഒരല്പം കയറ്റമുള്ള വഴി. നടക്കുമ്പോൾ പലവിധ ചിന്തകളും കൂടെ കൂടി. അല്പം വിയർക്കുകയും ചെയ്തു. ആദ്യത്തെ വളവ് കഴിഞ്ഞപ്പോൾ ‘ കുട്ടേട്ടന് ആദരാഞ്ജലികൾ ‘ എന്ന ബോർഡും, ചിരിക്കുന്ന ചിത്രവും വീണ്ടും കണ്ടപ്പോൾ രഘു ശരിക്കും ഞെട്ടി, ഹൃദയമിടിപ്പ് കൂടി, നടത്തക്ക് വേഗവും.

കുട്ടേട്ടൻറെ ചിതക്കരികെ രാജൻ. ഏതോ ഒരുൾവിളിയിലെന്ന പോലെ രഘു പഴ്സ് തുറന്നു. കുട്ടേട്ടൻ എപ്പോഴും ചോദിക്കാറുള്ള ഒരു രൂപ കയ്യിൽ തെളിഞ്ഞു. ആ നാണയം, കലങ്ങിയ മുഖവുമായി നിൽക്കുന്ന രാജന് മുന്നിലൂടെ, കുടുംബത്തിൻറെ തീരാത്ത കടപ്പാട് വീട്ടാൻ എന്നപോലെ, കുട്ടേട്ടൻറെ കാൽക്കൽ വെച്ചു. ഒരു നിമിഷം, മറഞ്ഞുപോയ കുട്ടേട്ടൻറെ ചിരി രഘുവിൻറെ മനസ്സിൽ തെളിഞ്ഞു.

മുന്നിലെ ചിരിമറഞ്ഞ മുഖത്തേക്ക് ഒരിക്കൽ കൂടി നോക്കുവാനാവാതെ രഘു പയ്യെ ആൾകൂട്ടത്തിനിടയിൽ ലയിച്ചു.

*(പി വി വിശ്വനാഥൻ. 1965 ൽ കോതമംഗലം തൃക്കാരിയൂരിൽ ജനനം . സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ അസി .ജനറൽ മാനേജർ .ലിപി പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച ദേവൂമ്മ (2023 ) മുരുകൻറെ രാത്രി യാത്രകൾ (2024 ) എന്നിവ ചെറുകഥാസമാഹാരങ്ങൾ )*

# JOYFUL HOME CARE

Caring for your loved ones with a joyful spirit

**With the new changes in CDPAP, are you looking for a licensed Home Care Agency? Reach out to us**

**631-737-1000**

ഒരു
മലയാളി
സ്ഥാപനം

**SERVING SUFFOLK, NASSAU & QUEENS COUNTY**

*Joy Mekkatte, CEO*

**MAIN OFFICE:**
1344 Middle Country Rd, Centereach, NY 11720
info@joyfulhomecare.com • www.joyfulhomecare.com

**QUEENS OFFICE:**
201-16 Hillside Ave, Hollis, NY 11423




**പപ്പുവിന്റെ കോമഡിയിൽ ഒരു കുതിരവട്ടം സ്കൂൾ തന്നെ ഉണ്ടെന്നു പറയാം. അനന്യമായ കോഴിക്കോടൻ ശൈലീ , അസാമാന്യ ടൈമിംഗ് , കഥാപാത്രങ്ങളുമായി കിറു കൃത്യമായി ഇഴകിച്ചേരാനുള്ള കഴിവ്**

# മലയാളി മറക്കാത്ത കിടിലൻ 'കുതിരവട്ടം' പ്രയോഗങ്ങൾ

**ആന്റണി കണയംപ്ലാക്കൽ**

'ഇങ്ങള് പപ്പുവിനെ വെട്ടിക്കുമല്ലോ' ചപ്പാത്തിക്കല്ലിന്റെ ഇളകുന്ന കൈപ്പിടി ദിപ്പൊ ശരിയാക്കിത്തരാം എന്ന് അറിയിച്ചപ്പോൾ ഭാര്യയുടെ കമന്റ് . 'വെള്ളാനകളുടെ നാട്ടിൽ' പപ്പുവിന്റെ റോഡ് റോളർ റിപ്പയർ പണി കണ്ടവർ ആരും മറക്കത്തില്ല ആ കോഴിക്കോടൻ ഡയലോഗ്. അതെ അതായിരുന്നു കുതിരവട്ടം പപ്പു. പറഞ്ഞു ചിരിക്കാൻ എന്തെല്ലാം ഡയലോഗുകൾ ഏതെല്ലാം അവസരങ്ങളിൽ എടുത്തു പ്രയോഗിക്കാൻ പാകത്തിൽ ബാക്കി വെച്ച് കടന്നു പോയിട്ട് ഈ ഫെബ്രുവരി 25 നു 25 വർഷങ്ങൾ. ''താനാരാണെന്ന് തനിക്കറിയില്ലെങ്കിൽ താനെന്നോട് ചോദിക്ക് താനാരാണെന്ന്'..... 'നീ ടാസ്കി വിളിയെടാ'.... 'പടച്ചോനെ ഇങ്ങള് കാത്തോളി' ... വർഷങ്ങൾ എത്ര കഴിഞ്ഞിട്ടും , തലമുറകൾ എത്ര മറിഞ്ഞിട്ടും , മലയാളി മറക്കാത്ത കിടിലൻ 'കുതിരവട്ടം' പ്രയോഗങ്ങൾ .



അമ്മയും ഫെഫ്കയും തമ്മിൽ അടുത്തയിടെ ഉണ്ടായ തർക്കത്തിൽ ഒരു പക്ഷവും ചേരാതെ പപ്പു ഉറപ്പായും പ്രാർത്ഥിച്ചേനെ , 'പടച്ചോനെ ഇങ്ങള് കാത്തോളി' . പപ്പു അത് ഇന്നും പറഞ്ഞിട്ടുണ്ടാവും . തന്റേതായ കോഴിക്കോടൻ ശൈലിയിൽ...ശബ്ദം താഴ്ത്തി കാരണം പടച്ചോൻ തൊട്ടടുത്തു ഉണ്ടല്ലോ.

പപ്പുവിൽ നിന്നും ഉണ്ണി മുകുന്ദന്റെ മാർക്കോയിലേക്കുള്ള ദൂരം ഒന്ന് മനസ്സിൽ കുറിക്കുകയായിരുന്നു. കഴിഞ്ഞ ദിവസം മകന്റെ വക .'..അപ്പാ...മാർക്കോ കാണണോ ? ' താക്കീത് അല്ല , ചെറിയ ഉപദേ

ശം മാത്രം . എന്താണെന്നൊക്കെ അറിഞ്ഞിരിക്കാനുള്ള ആകാംഷ കൊണ്ട് മാർക്കോ കണ്ടു . അത് കഴിഞ്ഞപ്പോൾ പറയണമെന്ന് തോന്നി .'മകനെ നീ കാണണമായിരുന്നോ ? ' ..

അഭിനയ, സംവിധാന, സാങ്കേതിക മികവും ബോക്സ് ഓഫീസ് വിജയവും എല്ലാം മുഴുവനായി അംഗീകരിച്ചുകൊണ്ട് പപ്പുവിന്റെ കാലത്തെ സിനിമകളുടെ ആസ്വാദന സാർവത്രീകത ഒന്നു ഓർത്തുപോയി എന്ന് മാത്രം . നടനും എഴുത്തുകാരനുമായ അമേരിക്കൻ മലയാളി തമ്പി ആന്റണി മാർക്കോയെക്കുറിച്ച് ക്രിയാത്മകമായ ഒരു ആസ്വാദനം കഴിഞ്ഞ ദിവസം ഫെയ്സ് ബുക്കിൽ പങ്കുവച്ചുതു വായിച്ചു . ഫോക്കസ് അക്രമത്തിന്റെ അതിപ്രസരത്തിൽ നിന്നും മാറ്റി, സിനിമയുടെ നിർമാണ തലത്തിലേക്ക് ഒന്ന് നോക്കിയാൽ ഇത് മതസൗഹാർദ്ദത്തിന്റെ പടമാണെന്ന് . കലയിൽ മതമില്ലെന്നും അത് ചേർക്കരുതെന്നും തമ്പിയുടെ അപേക്ഷ .

മാർക്കോയിൽ നിന്നും തിരിച്ചു പപ്പുവിലേക്കു....

ശരിക്കുള്ള പേര് പദ്മദളാക്ഷൻ. ജനനം ഫറോക്കിൽ 1936 ലെ ക്രിസ്മസ് തലേന്ന് ഡിസംബർ 24 നു. മാതാപിതാക്കൾ പാങ്ങോട് രാമനും ദേവിയും. പദ്മദളാക്ഷൻ സ്കൂൾകുട്ടി ആയിരുന്നപ്പോൾത്തന്നെ മാതാപിതാക്കൾ കോഴിക്കോട് നഗരത്തിൽ കുതിരവട്ടത്തേക്കു താമസം മാറ്റി. കുതിരവട്ടത്തെ മാനസിക ആരോഗ്യ കേന്ദ്രത്തിനു സമീപം അല്പം തെക്കോട്ടു മാറി. കുതിരവട്ടം പപ്പുവിന്റെ ഓർമക്കായി വീടിന്റെ മുന്നിലൂടെയുള്ള റോഡിനെ പിന്നീട് കുതിരവട്ടം പപ്പു റോഡായി നാമകരണം ചെയ്തു .

കുതിരവട്ടം ദേശപോഷിണി വായനശാലയിലെ നിമിഷ നാടക



കളരിയാണ് പപ്പുവിനിലെ നടനെ കോഴിക്കോടൻ നാടക അരങ്ങത്തും , അവിടെനിന്നും വെള്ളിത്തിരയിലും എത്തിച്ചത്. നിമിഷ നാടകങ്ങൾ ( സ്കിറ്റ്) ഒന്നും രണ്ടുമല്ല , ആയിരത്തിൽപരം എണ്ണത്തിൽ അഭിനയിച്ചു .

നെല്ലിക്കോട് ഭാസ്കരൻ, കെ. ടി. മുഹമ്മദ്, തിക്കോടിയൻ, കുഞ്ഞാണ്ടി, വാസു പ്രദീപ് തുടങ്ങിയ പ്രശസ്തർ അന്നത്തെ കോഴിക്കോടൻ നാടക കളരിയിൽ വളരെ സജീവമായിരുന്നു. 'മുടിയനായ പുത്രന'ലിലെ അഭിനയ മികവ് കണ്ടു രാമു കാര്യാട്ടാണ് പദ്മദളാക്ഷനെ സിനിമയിൽ എത്തിക്കുന്നത് . പടം മൂടുപടം . മൂടുപടത്തിൽ തുടങ്ങി നരസിംഹത്തിൽ അവസാനിച്ച മൂന്ന് പതിറ്റാണ്ടിലധികം നീണ്ടുനിന്ന അഭിനയ ജീവിതം. 1500 റോളം സിനിമകൾ . അപ്പോൾ പദ്മദളാക്ഷൻ എങ്ങനെ കുതിരവട്ടം പപ്പുവായി .

അതിന്റെ ക്രെഡിറ്റ് ബേപ്പൂർ സുൽത്താനുള്ളതാണ് . 1964 ൽ വൈക്കം മുഹമ്മദ് ബഷീർ തിരക്കഥ എഴുതിയ ഭാർഗവിനിലയത്തിലെ പദ്മദളാക്ഷന്റെ കഥാപാത്രത്തിന് ബഷീർ നൽകിയ പേരാണ് കുതിരവട്ടം പപ്പു.

സുൽത്താൻ കൈയൊപ്പു ചാർത്തിയ പേരുമായി പിന്നീട് ആയിരത്തഞ്ഞൂറിൽപരം സിനിമകളിലും മലയാളി മനസ്സിലും. മണിച്ചിത്രത്താഴ്, തേന്മാവിൻ കൊമ്പത്ത് , വെള്ളാനകളുടെ നാട് , ദി കിംഗ്, അങ്ങാടി, അവളുടെ രാവുകൾ എത്രയെത്ര അവിസ്മരണീയ സിനിമകൾ മലയാളിക്ക് സമ്മാനിച്ച അനുഗ്രഹീത നടന വിസ്മയം. പപ്പുവിന്റെ കോമഡിയിൽ ഒരു കുതിരവട്ടം സ്കൂൾ തന്നെ ഉണ്ടെന്നു പറയാം. അനന്യമായ കോഴിക്കോടൻ ശൈലി , അസാമാന്യ ടൈമിംഗ് , കഥാപാത്രങ്ങളുമായി കിറു കൃത്യമായി ഇഴകിച്ചേരാനുള്ള കഴിവ്.

പപ്പു ഒരു ഹാസ്യ നടൻ മാത്രമായിരുന്നോ . ഒരിക്കലും അല്ല . മമ്മൂട്ടിയുടെ 'ദി കിങ്ങി'ലെ പപ്പുവിന്റെ സ്വാതന്ത്ര്യസമര സേനാനി കൃഷ്ണൻ മാത്രം മതി അദ്ദേഹത്തിലെ അസാധാരണമായ സ്വഭാവ നടന്റെ മികവ് മനസിലാക്കാൻ .

മലയാള ചലച്ചിത്ര കാണികൾ (മക്കൾ) കുതിരവട്ടം പപ്പുവിനെ അദ്ദേഹത്തിന്റെ ഓർമദിവസമായ ഫെബ്രുവരി 25 നു കോഴിക്കോട്ട് അനുസ്മരിച്ചു . കുതിരവട്ടം പപ്പു സ്മാരക പുരസ്കാരം ഗൃഹലക്ഷ്മി പ്രൊഡക്ഷൻസ് -എസ് ക്യൂബ് ഫിലിംസ് സാരഥി ഷെറിൻ ഗംഗാധരന് സമ്മാനിച്ചു . ഓട്ടോമൊബൈൽ മേഖലയിൽനിന്നും 'ഉയരെ' പറന്ന കോഴിക്കോടൻ വനിതാ പ്രതിഭകൾ. കുതിരവട്ടം പപ്പുവിന്റ കാലത്തെ ഫലിതം മലയാള സിനിമക്കു നഷ്ടപ്പെടുന്നു എന്ന വികാരത്തോടൊപ്പം മലയാള സിനിമ ചിത്രീകരണത്തിന്റെ തലസ്ഥാനമായിരുന്ന കോഴിക്കോടിന് ആ സുവർണകാലവും കൈവിട്ടു പോയിരിക്കുന്നു എന്ന വികാരവും ഒത്തുകൂടിയവർ പങ്കുവച്ചു.

കൈവിട്ടുപോയ കാര്യം പറഞ്ഞാൽ ഇന്നാ പിടിച്ചോ പപ്പുവിന്റെ മറുപടി ..'ദിപ്പോ ശരിയാക്കിത്തരാം' .

കുതിരവട്ടം പപ്പുവിനു പ്രണാമം .

● ചെറുകഥ



# സമാധാനത്തിന്റെ മാലാഖമാർ

◉ ദിലീപൻ ശ്രീധരൻ

ഇനിയും ഒരു മണിക്കൂർ കൂടി യാത്രയുണ്ട് ലണ്ടനിലേക്ക്. ഡൽഹിയിൽ നിന്ന് വിമാനം കയറിയിട്ട് ഇപ്പോൾ എട്ടു മണിക്കൂർ കഴിഞ്ഞു. ഫ്ലൈറ്റിൽ കയറാൻ നേരം ട്രീസയെ കണ്ടതാണ്. ഇപ്പോൾ അവൾ എവിടെയാണോ ആവോ.

ട്രീസയുടെ കൂടെ കൂടിയിട്ട് ഒരു വർഷം കഴിഞ്ഞു. പീസ് എന്നാണ് അവൾ എന്നെ വിളിക്കുന്നത്. അവളുടെ കൂട്ടുകാരും.


ഇതൊരു രണ്ടാം ജന്മമാണ്. പഴയ പേരുപോലും മറന്നു പോയി. ഓർക്കാൻ ഇഷ്ടമില്ലാത്തതെല്ലാം സൗകര്യപൂർവ്വം മറക്കുക തന്നെ വേണം.

ഏകദേശം രണ്ടുകൊല്ലം മുമ്പാണ് തലയിലെ പുഴുവരിച്ച വ്രണവുമായി ആ തെരുവിൽ നിന്നിറങ്ങിയത്. എങ്ങോട്ടോ തിരിഞ്ഞ്, എത്രയോ ദൂരം നടന്ന്, ആന്റിയുടെ വീട്ടിലെത്തി.

എല്ലാദിവസവും ഒരു കറുത്ത സ്വിഫ്റ്റ് കാറിൽ എന്നെപ്പോലെ തെരുവ് അഭയമാക്കിയവർക്കുള്ള ഭക്ഷണവുമായി ആന്റി വരാറുണ്ടായിരുന്നു. ഞാനെന്തോ അവിടേക്ക് പോകാറില്ല. അതുകൊണ്ടുതന്നെ ആന്റി എന്നെ കണ്ടിരിക്കാൻ വഴിയില്ല.

അങ്ങനെയിരിക്കെ, ഞങ്ങളുടെ തെരുവിൽ എപ്പോഴും നടക്കാറുള്ള ബഹളത്തിൽ ഒന്ന് പെട്ടുപോയതാണ്. കല്ലേറ് കിട്ടിയത് തലയിൽ തന്നെ. ഒരു വലിയ മുറി

**ഇതൊരു രണ്ടാം ജന്മമാണ്. പഴയ പേരുപോലും മറന്നു പോയി. ഓർക്കാൻ ഇഷ്ടമില്ലാത്തതെല്ലാം സൗകര്യപൂർവ്വം മറക്കുക തന്നെ വേണം. ഏകദേശം രണ്ടുകൊല്ലം മുമ്പാണ് തലയിലെ പുഴുവരിച്ച വ്രണവുമായി ആ തെരുവിൽ നിന്നിറങ്ങിയത്. എങ്ങോട്ടോ തിരിഞ്ഞ്, എത്രയോ ദൂരം നടന്ന്, ആന്റിയുടെ വീട്ടിലെത്തി.**



വ്. മുറിവിൽ ഇൻഫെക്ഷനുമായി.

ആര് ശ്രദ്ധിക്കാൻ. ആകെ വലഞ്ഞു എന്ന് പറഞ്ഞാൽ മതിയല്ലോ.

മുറിവുണങ്ങിയില്ല. ഏതാനും ദിവസങ്ങൾക്കുള്ളിൽ അതിനു മഞ്ഞ നിറമായി. പഴുത്തു വേദന കലശലായി. പുഴുക്കൾ വന്നു. ഒന്നനങ്ങിയാൽ ചോര പൊടിയുന്ന അവസ്ഥ. തലയിൽ എപ്പോഴും എന്തോ അരിച്ചിറങ്ങുന്നത് പോലെ.

അവശത കൂടിയതോടെ ആഹാരത്തിനു വകയില്ലാതായി. ഒറ്റപ്പെടൽ അസഹ്യമായി. ദുർഗന്ധം കൊണ്ട് എല്ലാവരും മുഖം ചുളിച്ചു. ഇത്തിരി ഭക്ഷണത്തിനായി പലരെയും ദൈന്യതയോടെ നോക്കി. അവരെല്ലാം ഒഴിഞ്ഞു മാറുകയോ എന്നെ ആട്ടിയോടിക്കുകയോ ചെയ്തു.

ഒന്നും കഴിക്കാനില്ലാതെ, വേദന കൊണ്ടു പുളഞ്ഞ്, അവശനായി, നിസ്സഹായനായി, മരണം മാത്രം മുന്നിൽ കണ്ടു ഞാൻ ചുരുണ്ടുകൂടി കിടന്നു.

എന്റെ മേലായ്ക കണ്ട ഒരുത്തൻ പറഞ്ഞു, ' നീയാ ആന്റിയുടെ അടുത്തൊന്നു പോ. അവര് സഹായിക്കും.'

പ്രതീക്ഷയുടെ അവസാനകിരണം ആയിരുന്നു അത്. ഏന്തിവലിഞ്ഞും കുഴഞ്ഞുവീണും ഒരു വിധം ഞാൻ നടന്നു.

അങ്ങനെയാണ് മെയിൻ റോഡിൽ നിന്ന് രണ്ട് കിലോമീറ്റർ നടന്ന്, ഹ്യൂണ്ടായി കാർ ഷോറൂമിലേക്ക് തിരിയുന്ന റോഡിലേക്ക് കയറി, ഇടതുതിരിഞ്ഞ്, 8 മെയിൻ എ ക്രോസിന്റെ അങ്ങേയറ്റത്ത് എത്തിയത്. ആന്റിയുടെ വീട്ടിലെത്തും മുൻപേ മരിച്ചു പോയേക്കുമോ എന്ന് ഭയന്നു. അത്രയുണ്ടായിരുന്നു വേദനയും വിശപ്പും.

അവിടെ സംശയിച്ചു നിന്നപ്പോഴാണ് അലക്സിയെ കണ്ടത്. അവനെ എനിക്ക് പണ്ടേ അറിയാം.

കാര്യം പറഞ്ഞപ്പോ അവൻ ആ വീടിന്റെ മുന്നിൽ വരെ എന്നെ കൊണ്ടെത്തിച്ചു.

അഞ്ചു നിലയുള്ള വലിയൊരു വീട്. താഴത്തെ രണ്ടുനില വീടും മുകളിലെ മൂന്നുനില ഓഫീസും ആയിരുന്നുവെന്ന് പിന്നെ മനസ്സിലായി. ധാരാളം കാറുകളും ബൈക്കുകളും അതിനു മുന്നിൽ പാർക്ക് ചെയ്തിട്ടുണ്ടായിരുന്നു.

പതുക്കെ ഗേറ്റ് കടന്ന് ഉള്ളിലെത്തി. അപ്പോഴേക്കും ക്ഷീണം കൊണ്ട് കുഴഞ്ഞു പോയിരുന്നു. തലകറങ്ങി. വലതുവശത്തു കണ്ട സ്റ്റെപ്പുകളിൽ ഒന്നിൽ തളർന്നു കിടന്നു.

മുറിവിലെ ദുർഗന്ധം എനിക്ക് മുൻപേ മുകളിലെത്തിയിട്ടുണ്ടാവണം, അവിടെനിന്നും ആരോ വേഗത്തിൽ താഴേക്കിറങ്ങി വരുന്നതും, ഒന്നു നിന്ന്, വീണ്ടും മുകളിലേക്ക് തന്നെ അതിനേക്കാൾ വേഗത്തിൽ തിരിച്ചു കയറുകയും ചെയ്യുന്ന ശബ്ദം കേട്ടു.

പിന്നാലെ ആന്റി വന്നു. ഞാന വരെ ആദ്യമായിട്ടാണ് ഇത്രയും അടുത്ത് കാണുന്നത്. എന്റെ വിഷമവും പരവേശവും ഒറ്റനോട്ടത്തിൽ തന്നെ അവർക്ക് മനസ്സിലായി. പെട്ടെന്ന് തന്നെ എന്നെ ആശുപത്രിയിൽ എത്തിച്ചു. ഒരാഴ്ച. മുറിവ് കരിയും വരെ ഞാൻ ആശുപത്രിയിൽ കിടന്നു.

ജീവിതത്തിൽ ആദ്യമായി നല്ല ഭക്ഷണം കഴിച്ചത് അപ്പോഴാണ്. പൊടിയും ചെളിയും ഇല്ലാത്ത മുറിയിൽ കിടന്നുറങ്ങി. വൃത്തിയായി കുളിച്ചു. ആരോരുമില്ലാത്ത എനിക്ക് വേണ്ടി ആന്റി കുറെയേറെ പൈസ ചെലവാക്കി.

ഹോസ്പിറ്റലിൽ നിന്നും ഡിസ്ചാർജ് ആയ എന്നെ ആന്റിയുടെ ഒരു ഫ്രണ്ട്, ഇളങ്കോ, കൂട്ടിക്കൊണ്ടു പോയി. പിന്നീടുള്ള ആറുമാസക്കാലം ആന്റിയുടെ ആ കൂട്ടുകാരന്റെ വീട്ടിൽനിന്നു. അവരുടെ വീട്ടിലെ രാത്രി ഭക്ഷണത്തിനു മുൻപുള്ള പ്രാർത്ഥനകളിൽ എന്നെയും ഉൾപ്പെടുത്തി. എനിക്കുവേണ്ടിയും പ്രാർത്ഥിച്ചു. അവർ പറയാറുള്ള കാവൽ മാലാഖമാരിൽ എപ്പോഴും എന്റെ ശ്രദ്ധ കുരുങ്ങി.

നല്ല ഭക്ഷണം. മരുന്ന്. എക്സർസൈസ്. അടുക്കും ചിട്ടയുമുള്ള ജീവിതം. എന്റെ രണ്ടാം ജന്മത്തിന്റെ ആരംഭമായിരുന്നു അത്.

പിന്നെ ഇളങ്കോയുടെ വീട്ടിൽ നിന്ന് ട്രീസയുടെ ഫ്ലാറ്റിലേക്ക്.

ആരുമില്ലാത്ത രണ്ടുപേർ എവിടെനിന്നോ വന്ന് ഒരുമിച്ചു ചേരുന്നു. പരസ്പര സ്നേഹമെന്ന നൂലുകൊണ്ട് ഹൃദയത്തിലേറ്റ മുറിവുകൾ തുന്നിച്ചേർക്കുന്നു. അതായിരുന്നു എന്റെയും ട്രീസയുടെയും ജീവിതം.

കോറമംഗലയിലെ ആ ഫ്ലാറ്റിൽ ട്രീസ ഒറ്റയ്ക്കായിരുന്നു.

ആരോടെങ്കിലും ഒന്നും മിണ്ടാൻ വീർപ്പുമുട്ടി നിൽക്കുകയായിരുന്നു അവൾ. എന്നോടവൾ വർത്തമാനം പറഞ്ഞു കൊണ്ടേയിരുന്നു. കുറെ സങ്കടങ്ങളു ണ്ടായിരുന്നു ആ പാവത്തിന്. പക്ഷേ അതൊക്കെ ആരോടെങ്കിലും ഒന്ന് തുറന്നു പറയാൻ അവൾക്കാരും ഉണ്ടായിരുന്നില്ല.

അല്ലെങ്കിലും മനുഷ്യരങ്ങനെയാണല്ലോ. ഹൃദയം പൊട്ടി നിൽക്കുമ്പോൾ ഒന്ന് ചേർത്തു നിർത്തുകയോ വാക്കുകൾ കൊണ്ട് ആശ്വസിപ്പിക്കുകയോ ചെയ്യാതെ വിള്ളലുകളിൽ വിരലമർത്തി ചോര വാർന്നുവീഴുന്നത് കണ്ട് അവരത് ആസ്വദിക്കും. നിസ്സഹായതയുടെ തുരുത്തിൽ ഒറ്റപ്പെട്ടു പോയവരെ ഒപ്പം ചേർക്കാൻ പലർക്കും സമയമുണ്ടാവില്ല, മനസ്സും.

അടുക്കാൻ കുറച്ചു സമയമെടുത്തെങ്കിലും ട്രീസയും ഞാനും കൂട്ടായി.

അവൾ എപ്പോഴും എന്നോട് സംസാരിച്ചുകൊണ്ടിരുന്നു. പാചകം ചെയ്യുമ്പോഴും, ബാൽക്കണിയിലെ ചെടി നനയ്ക്കുമ്പോഴും, ചുമ്മാ ഇരിക്കുമ്പോഴും... പക്ഷേ എത്ര സ്നേഹത്തോടെ സംസാരിച്ചുകൊണ്ടിരുന്നാലും ഞാൻ ശ്രദ്ധിക്കുന്നില്ല എന്ന് തോന്നിയാൽ ട്രീസയുടെ വിധം മാറും. ചിലപ്പോൾ ചീത്ത പറയും, കയ്യിൽ കിട്ടുന്നതുകൊണ്ട് എറിയും, അതും അല്ലെങ്കിൽ മുഖം വീർപ്പിച്ചു മിണ്ടാതിരിക്കും.

എത്രയായാലും അവളുടെ പിണക്കം മാറ്റാൻ എനിക്കധികം സമയം വേണ്ടായിരുന്നു. മടിയിൽ തല വച്ച് കിടന്നും, കഴുത്തിൽ ചെറുതായി മുഖം ഒന്നുരസിയും, ഞാൻ അങ്ങനെ ഒന്നും വിചാരിച്ചില്ല എന്ന മട്ടിൽ നിഷ്കളങ്കതയോടെ നോക്കിനിന്നും, ഞാനവളെ എന്റെ വഴിക്ക് കൊണ്ടുവരും. ട്രീസ പിന്നെയും വർത്തമാനം തുടരും. ഞാൻ ശ്രദ്ധയോടെ കേട്ടിരിക്കാനും.

**ഹോസ്പിറ്റലിൽ നിന്നും ഡിസ്ചാർജ് ആയ എന്നെ ആന്റിയുടെ ഒരു ഫ്രണ്ട്, ഇളങ്കോ, കൂട്ടിക്കൊണ്ടു പോയി. പിന്നീടുള്ള ആറുമാസക്കാലം ആന്റിയുടെ ആ കൂട്ടുകാരന്റെ വീട്ടിൽനിന്നു. അവരുടെ വീട്ടിലെ രാത്രി ഭക്ഷണത്തിനു മുൻപുള്ള പ്രാർത്ഥനകളിൽ എന്നെയും ഉൾപ്പെടുത്തി. എനിക്കുവേണ്ടിയും പ്രാർത്ഥിച്ചു. അവർ പറയാറുള്ള കാവൽ മാലാഖമാരിൽ എപ്പോഴും എന്റെ ശ്രദ്ധ കുരുങ്ങി**

ഫിലോസഫി തലയ്ക്കുപിടിക്കുന്ന വെള്ളിയാഴ്ച രാവുകളിൽ ട്രീസ മാലാഖമാരെക്കുറിച്ചു പറയും. ശനിയാഴ്ച ഓഫീസിൽ പോകണ്ടല്ലോ. ഒന്നോ രണ്ടോ ബിയർ കുപ്പികൾ കാലിയാക്കി അവൾ കൂർക്കം വലിച്ചുറങ്ങും. ഉണരുമ്പോൾ അവളെ നോക്കിയിരിക്കുന്ന എന്നെ ചൂഴ്ന്നു നോക്കും. ആ നേരം അവളെ കാണാൻ മാലാഖയെ പോലിരിക്കും.

രാവിലെ നടക്കാനും ഷോപ്പിങ്ങിന് പോകുമ്പോഴും ട്രീസ എന്നെയും കൂട്ടി. ചില വീക്കെന്റുകളിൽ കബ്ബൻ പാർക്കിലും റിച്മണ്ട് സ്ട്രീറ്റിലും മറ്റു ചിലപ്പോൾ തിരക്കിൽ നിന്നകന്നു ഔട്ടർ ബാംഗ്ലൂരിലെ സുന്ദരമായ ഗ്രാമങ്ങളിലും ഒക്കെ പോയി. മറ്റു ദിവസങ്ങളിലെല്ലാം പകൽ മുഴുവൻ അവൾ ഓഫീസിലായിരിക്കും. എനിക്ക് പ്രത്യേകിച്ചു പണിയൊന്നുമില്ലാത്തത് ഞാൻ ബാൽക്കണിയിൽ ഇരുന്നു താഴെ സ്ട്രീറ്റിൽ നടക്കുന്നതെല്ലാം നോക്കി അങ്ങനിരിക്കും.

ഒരു ദിവസം ട്രീസ പറഞ്ഞു, അവൾക്ക് ഡൽഹിയിലേക്ക് ട്രാൻസ്ഫറായീന്ന്. നല്ലത്. നേര് പറഞ്ഞാൽ എനിക്കും ബാംഗ്ലൂർ മടുത്തു തുടങ്ങിയിരുന്നു. എന്നും ഒരേ കാഴ്ചകൾ തന്നെ.

ട്രീസയുടേതിനേക്കാൾ വലിയ ബാഗിൽ എന്റെ സാധനങ്ങൾ കുത്തിനിറച്ച് ട്രെയിനിന്റെ വിൻഡോ സീറ്റിൽ ഞാൻ ഇരുപ്പുറപ്പിച്ചു.

എന്റെ ആദ്യത്തെ ട്രെയിൻ യാത്ര അതായിരുന്നു.

എത്രയോ കാഴ്ചകൾ. കണ്ടിട്ടും കണ്ടിട്ടും തീർക്കാൻ ആവാത്ത കാഴ്ചകൾ ട്രെയിനിനിരുവശവും.

പുതിയ ഓഫീസിൽ അവൾ ജോയിൻ ചെയ്തു.

ഡൽഹി ദിനങ്ങൾ ആരംഭിച്ചത് എയർപോർട്ടിന് മുന്നിലൂടെയുള്ള ഞങ്ങളുടെ പ്രഭാത സവാരിയിലൂടെ ആയിരുന്നു. ആകാശത്തേക്ക് പറന്നുപോകുന്ന വിമാനം നോക്കി ഞാൻ നിൽക്കും. ട്രീസ പറഞ്ഞ മാലാഖമാരെ വിമാനത്തിൽ പോകുന്നവർക്ക് കാണാൻ പറ്റുമായിരിക്കും. മേഘങ്ങൾക്കിടയിലാണല്ലോ അവരുടെ താമസം.

ഡൽഹിയുമായി ഒന്ന് പരിചയപ്പെട്ടു വന്നപ്പോഴേക്കും ട്രീസയ്ക്ക് അടുത്ത ട്രാൻസ്ഫർ. ലണ്ടനിലേക്കാണ്. മൂന്നുമാസത്തിനുള്ളിൽ ജോയിൻ ചെയ്യണം.

ഇത്തവണ ട്രീസ വിയർത്തു. ബാംഗ്ലൂരിൽ നിന്നും ഡൽഹിയിലേക്ക് വന്നതുപോലെ അല്ലല്ലോ മറ്റൊരു രാജ്യത്തിലേക്കു പോകുന്നത്. പാസ്പോർട്ടും വേറെ കുറെ നൂലാമാലകളും ഉണ്ട്.

ഞാനും അവളും ഇതിനോടകം അത്രയേറെ അടുത്തു കഴിഞ്ഞിരുന്നു. എന്നെ ആന്റിയുടെ അടുത്തേക്ക് തിരിച്ചയക്കണോ, ട്രാൻസ്ഫർ വേണ്ടെന്നു വയ്ക്കണോ, അങ്ങനെയെല്ലാം ആലോചിച്ചു ട്രീസയുടെ ഉറക്കം നഷ്ടപ്പെട്ടു. അവസാനം പോകാൻ തന്നെ തീരുമാനിച്ചു, എന്നെയും കൊണ്ട്.

ട്രീസ പിന്നെ സ്വസ്ഥമായി ഒന്നിരുന്നിട്ടുണ്ടാവില്ല. എവിടെയെല്ലാമോ ഓടിനടന്ന് എനിക്ക് പോകേണ്ട എല്ലാ പേപ്പറും രണ്ടു മാസം കൊണ്ട് അവൾ റെഡിയാക്കി.

അങ്ങനെ ഇന്നു കാലത്ത് ഒന്നരമണിക്ക് ഫ്ലൈറ്റിൽ കയറിയതാണ്. എന്റെ ആദ്യത്തെ വിമാന യാത്ര.

**കോറമംഗലയിലെ ആ ഫ്ലാറ്റിൽ ട്രീസ ഒറ്റയ്ക്കായിരുന്നു. ആരോടെങ്കിലും ഒന്നും മിണ്ടാൻ വീർപ്പുമുട്ടി നിൽക്കുകയായിരുന്നു അവൾ. എന്നോടവൾ വർത്തമാനം പറഞ്ഞു കൊണ്ടേയിരുന്നു. കുറെ സങ്കടങ്ങളുണ്ടായിരുന്നു ആ പാവത്തിന്. പക്ഷേ അതൊക്കെ ആരോടെങ്കിലും ഒന്ന് തുറന്നു പറയാൻ അവൾക്കാരും ഉണ്ടായിരുന്നില്ല.**

ആ ചെറിയ ജനലിലൂടെ കുറെ നേരം പുറത്തേക്കു നോക്കിയിരുന്നു. ആ മേഘങ്ങൾക്കിടയിൽ എവിടെയെങ്കിലും ഒരു മാലാഖയെയെങ്കിലും കാണാൻ പറ്റുമോ? പിന്നെ ചിന്തിച്ചു, ഞാൻ കണ്ട പലർക്കും മാലാഖയുടെ മുഖം ആയിരുന്നല്ലോ എന്ന്. ആന്റിയുടെ വീട്ടിലേക്കുള്ള വഴി കാണിച്ചു തന്ന അലക്സിക്ക്, ആന്റിക്ക്, ഇളങ്കോയ്ക്കും വീട്ടുകാർക്കും, ട്രീസയ്ക്ക്...

കുറേദൂരം പറന്നു. ഇപ്പോൾ ഏകദേശം ഒമ്പതരയായിട്ടുണ്ടാവും.

പൈലറ്റിന്റെ അനൗൺസ്മെന്റ് വന്നു. ഇനി ഒരു 15 മിനിറ്റിനുള്ളിൽ ലണ്ടനിൽ ഇറങ്ങുമത്രേ.


ലാൻഡ് ചെയ്ത ശേഷം പതിനഞ്ചു മിനിറ്റ് കഴിഞ്ഞിരിക്കുന്നു. ആരോ വന്നു വാതിൽ തുറന്നു. അതേ നിമിഷം തന്നെ അടുത്തെവിടെയോ എന്നെ കാത്തുനിൽക്കുന്ന ട്രീസയുടെ മണം കിട്ടി. ആവേശത്തോടെ ഞാൻ വാലാട്ടി. കുരച്ചു. നാവു പുറത്തേക്ക് നീട്ടി, ദേഹമാസകലം ഒന്നു കുടഞ്ഞു.

കാർഗോ ഹോൾഡിന്റെ വാതിൽ തുറന്നു വന്നത് ഒരു ഇംഗ്ലീഷ് കാരൻ ആയിരുന്നു. ട്രീസയിലേക്ക് കുതിക്കാൻ വേണ്ടി നിൽക്കുന്ന എന്നെ കണ്ട് അദ്ദേഹം പറഞ്ഞു, ' ഓ ഹിയറീസേ ഡോഗ് ഫ്രം ഇന്ത്യ. '




MALABAR PALACE RESTAURANT
Malabar Palace
Authentic Indian Cuisine
Flavors from the Heart with Love
A Taste of Tradition!
Authenticity on Every Plate!
Handpicked spices, Fresh ingredients
Spice, Aroma & Love
Our chefs bring generations-old Indian recipes to life
Homestyle cooking and flavors from the Heart with Love
Located at 44 Route 303, Valley Cottage, NY 10989
Tel:1-914-688-9000
www.malabarpalace.us
malabarpalaceny@gmail.com

കവിത



രമ പിഷാരടി

# മഹാശിവരാത്രി

ജ്വലനകാന്തങ്ങൾ മിഴിയിലേറ്റി നീ
വരുന്നുവോ മേഘപഥങ്ങളിലായി


ഒരു കരത്തിലായ് തിളങ്ങും താരകൾ
മറുകരത്തിലായ് കടുംതുടിയൊന്നും
ഇളകും രുദ്രാക്ഷം മിഴിനീരൊപ്പുന്ന
കനൽച്ചിമിഴിലെ വിഭൂതിയതും
നടനമാടുമ്പോൾ മുകിലുകൾ തട്ടി-
യുടഞ്ഞുയുടഞ്ഞഗ്നി ചിതറി വീഴുന്നു

ഹിമകണങ്ങളിൽ ഒഴുകും ഗംഗ തൻ
ചിലമ്പൊലിയുടെ മനോഹരനാദം
പുരാവൃത്തമൊരു കഥയിലെ ദുഗ്ദ-
മഹാസാഗരത്തിൻ മഥനം കാണുന്നു

ഒരു താളിയോലയിതളിലായ് തപ-
പരിണയത്തിന്റെ ശുഭാന്ത്യവീചികൾ

ഒരു കൃഷ്ണപക്ഷമഴകിന്റെ
കറുപ്പണിയുന്ന നാളിൻ വ്രതകലശത്തിൽ
അഭിഷേകക്കുളിരണിയും സന്ധ്യതൻ
നിറമണിയുന്ന പ്രപഞ്ചമൂലത്തിൽ
നിറഞ്ഞുതൂവുന്ന വിഷക്കുടങ്ങളെ
നുകരുന്ന ലോകപ്രിയങ്ങളെയോർത്ത്
ഒരു മാത്ര ഭൂമി തരിച്ചു നിന്നുവോ?

കടലുകൾ തിരയൊതുക്കി നിന്നുവോ
പിനാകവും, പിന്നെ കപാലവും നേർത്ത
സുഗന്ധമേറ്റുന്ന ഹരിതവില്വവും
കരമതിൽ, ജടമുടിയതിൽ നിന്നും
വരമൊഴുകുന്ന മഹാതരംഗങ്ങൾ
വിരലിലായ് വിശ്വഭ്രമണമുദ്രകൾ
നിടിലത്തിലഗ്നിയൊളിക്കും നേത്രവും
ജപപ്രവാഹങ്ങളൊഴുകും പുണ്യത്തിൻ
തിളക്കമേറ്റുന്ന മഹാശിവരാത്രി..



● കവിത



**സോയ നായർ**
**ഫിലാഡൽഫിയ**

# ഒരാൾ..!

വർഷങ്ങൾക്കു ശേഷം
ഇന്നവൻ എന്നെ കാണാൻ വന്നു

ഇൻഡോർ ചെടികളെ തലോടി,
വീടകമാകെ കണ്ണാലുഴിയവെ
ചുവരൊട്ടി കിടക്കും ചിത്രങ്ങൾ
മിന്നിമിന്നി തെളിയും പ്രകാശബൾബുകൾ
ചില്ലുഗ്ലാസ്സിൽ വാലിട്ടടിച്ച്
സ്വാതന്ത്ര്യം നിഷേധിച്ച അലങ്കാരമത്സ്യങ്ങൾ
അടുക്കിയൊതുക്കിയ പുസ്തകത്തട്ടുകൾ
മുറിക്കോണിലെ ചില്ലലമാരിയിൽ
അലങ്കരിച്ച യാത്രാസുവനീറുകൾ

എൻ കണ്ണുകളിലേക്ക് ഒന്നു നോക്കി
ഒരപരിചിതനെപ്പോലെ സോഫയിലിരുന്നു

അവൻ പറഞ്ഞു,
നീ അന്ന് പറഞ്ഞ പോലെ തന്നെ എല്ലാം.
'നല്ല ഭംഗി'

പിന്നണിയിൽ ശാന്തമായൊരു സംഗീതം പടരവെ
ഒരായിരം ചോദ്യങ്ങളൊളിപ്പിച്ച നിശബ്ദത
ഞങ്ങളെ നോക്കി കൊഞ്ഞനം കുത്തി.

ഒരിക്കൽ തളിർത്തു നിന്നിരുന്ന
സ്വപ്നങ്ങളുടെ കരിന്തിരിമണം
മനസ്സിനുള്ളിൽ പുകഞ്ഞു.

മരുന്നുകൾ കയറിയിറങ്ങി
ചുക്കിച്ചുളിഞ്ഞ എൻ കൈവിരലുകളിൽ
ഒന്നു തൊടാൻ കൊതിയെന്ന്
അവൻ ശബ്ദമിടറി പറയവേ
നാലുകൺകോണുകളിൽ പൊടിഞ്ഞ നീർക്കണം
തുളുമ്പാതെ
ചിരിക്കാൻ ശ്രമിച്ച് പരാജിതരായി
ഉരിയാടാപ്പക്ഷികളായ് തളരവെ
'എന്റെ അവസാനക്കാഴ്ചയായ്
ഒന്നു കാണണമെന്ന് തോന്നി'
എന്നുര ചെയ്യെ ഞാൻ
അവന്റെ കണ്ണുകളിൽ കണ്ട
നഷ്ടപ്രണയത്തിന്റെ നോവിനു
ഒരായുഷ്കാലത്തെ ഓർമ്മകളുടെ നിറമായിരുന്നു.

ഇത്ര നാൾ കാണാൻ കൊതിച്ച
ആളെത്തിയപ്പോൾ,
ഞാൻ ആ ഓർമകളിലൂടെ
കണ്ണിൽ കത്തി നിന്ന പ്രണയത്തിന്റെ ചിതയിൽ
സ്വയം ഉരുകവെ
'എല്ലാം കഴിഞ്ഞു, ഇനി കണ്ണ് തിരുമ്മിയടച്ചോളൂ'
ആരോ പറഞ്ഞു..!

# MUKKUT MONUMENTS INC.





## PHONE (C) 972-342-0041

E-mail: mukkutmonuments@gmail.com
www.mukkutmonuments.com









**We Specialize in Custom Creation and Installation of Cemetery Granites, Bronze Memorials Sculptures, Large Stone Cross for Churches.**

**WE SERVICE ALL OVER USA, CANADA & INDIA**

കവിത



ജേക്കബ് ജോൺ
(ജെ സി ജെ)

# ഗജേന്ദ്രമോക്ഷം (തുടർച്ച)

സടയില്ലാത്തത് കൊണ്ടല്ലല്ലോ
സസ്യഭുക്കായതു കൊണ്ടല്ലേ
കരുത്തുമഴകും തികഞ്ഞ കൊമ്പന്
വഴുതിപ്പോയതു മൃഗേന്ദ്ര പദവി.

ചിലർക്ക് ജന്മം കൊണ്ടു ലഭിക്കും
നായകപദവി തണ്ണീർ വാർത്ത്,
അവരുടെയാസനസ്പർശനമേൽക്കു-
മിടങ്ങൾ സിംഹാസനമായ്മാറും.

അങ്ങിനെ കാലം പോകെ പോകെ
മൃഗേന്ദ്രനുണ്ടായ് വന്നൊരു തോന്നൽ
ഗജേന്ദ്രനൊരു ഗർവ്വിന്റെ തിടമ്പു തലപ്പൊക്കത്താ
ലേറ്റുന്നില്ലേ

വയറു വിശന്നിട്ടല്ലല്ലീഗോ
കേറി മുഴുത്തതി പരവശനായി,
നിനച്ചിരിക്കാ നേരത്തതു വഴി
ഒറ്റ തിരിഞ്ഞു നടക്കും, പകയാ-
ലുള്ളു പുകഞ്ഞെരിയുന്നൊരു കൊമ്പനെ
തന്നുടെ കാലക്കേടിന് രാജാ-
വായൊരു സിംഹമെതിർക്കാൻ ചെന്നു.

നേരെ നിന്നൊരു പോരിനു ചെന്നൊരു
നേരം കൊമ്പിന് കോരിയെറിഞ്ഞു.
പിന്നിൽക്കൂടിയൊളിപ്പോർ തുടരും
നേരം തിരുനെഞ്ചിൽ തൊഴിയേറ്റു
ഇടവലമെത്തിയടുത്തപ്പോഴോ
തുമ്പിക്കരമാം ചാട്ട പുളഞ്ഞു
തൃക്കവിളിൽ പൊന്നീച്ച പറന്നു.
വാലാൽ തല്ലൊരു ചൂലാൽ തല്ലായ്
മാനക്കേടിൻ മഷി പുരളുന്നു
ചാനല് തോറും പാട്ടാവുന്നു.

സിംഹിണിമാരവരോടിക്കൂടി
പടയിൽ പഴകിയ വീരന്മാരെ
പെറ്റുള്ളവരും, കല്യാണത്തിനു
കാലമടുത്തു കഴിഞ്ഞുള്ളോരും.
കണ്ടുസഹിച്ചില്ലവരുടെയാണ്മ
കണ്ടവരാലടികൊള്ളും കാഴ്ച.

സടയും കിടയും ഇല്ലാത്തവരവ-
രൊറ്റക്കെട്ടായ് പോരിനിറങ്ങി
വനിതകൾ മർമ്മം നോക്കിയടിച്ചാ-
ലവിടെ പൌരുഷമിടറിപ്പോകും.

പെൺപട കണ്ടത് കൊമ്പനെയല്ല
അവരുടെ വംശവിനാശകനാവാൻ
പോന്ന കറുത്ത കരുത്തിനെയത്രെ,
അവരുടെ നിലനില്പിന്നായുള്ളൊരു
പെരുതാം മാംസള മധുരാകാരം.

ആരാണുലകിതിലുരുവാക്കുന്നു
കരളലിവില്ലാനിഷ്ഠൂരതയെ.

വന്മദമിളകെ തന്നെത്തന്നെ
മറന്നു പായും മത്തദ്വിരദം,
കേവലമൊരു പർണ്ണാശീ കൊമ്പൻ,
മര്യാദയ്ക്കൊരു വഴിയേ പോയോൻ,
പെൺതല്ലേറ്റു തുലഞ്ഞീടുന്നു,
കാലപ്പെരുവഴി വീണീടുന്നു.

*(സുഗതകുമാരി ടീച്ചറുടെ പ്രസിദ്ധമായ ഗജേന്ദ്രമോക്ഷം ഉണ്ട്. അതിനാലാണ് (തുടർച്ച) എന്ന് ചേർത്തത്.)*

# Got into an accident?

# NEVER TO WORRY



CALL

GLOBAL COLLISION

& BODY WORKS LLC

# 1-845-727-4022

**We will pick up the vehicle and repair it fully to your satisfaction!**









**'സത്യാന്വേഷിയും കള്ളിച്ചെടികളും'**
കവിതാ സമാഹാരം
**ഡോ ആശ പ്രഭാകരൻ**
*പ്രസാധകർ* – **കൈരളി ബുക്സ്, കണ്ണൂർ**

# കൽത്താമരപ്പൂവിന്റെ കവിത

**അവനവന്റെ വ്യഥകളെ,ആശങ്കകളെ,നിലപാടുകളെ, സാമൂഹികബോധ്യത്തെ മൊഴികളിലൂടെ ചേർത്തുനിർത്താനുള്ള തീവ്രശ്രമത്തിന്റെ മുദ്രകൾ ഡോ ആശ പ്രഭാകരന്റെ കവിതകൾ പേറുന്നുണ്ട്. പച്ചയുടെ ഞരമ്പുകൊണ്ടാണ് ഇവ രേഖപ്പെടുത്തിയിട്ടുള്ളത് എന്നതാണ് ഈ കൃതിയുടെ വ്യതിരിക്തത.**

**◉ രാമകൃഷ്ണൻ കുമരനല്ലൂർ**



കാടിന്റെ ഉന്മാദഗന്ധം മാടിവിളിച്ചപ്പോഴുണ്ടായ കാവ്യപ്രതികരണമാണ് ഡോ. ആശ പ്രഭാകരന്റെ 'സത്യാന്വേഷിയും കള്ളിച്ചെടികളും' എന്ന സമാഹാരം. (കൈരളി ബുക്സ്, കണ്ണൂർ) സഹ്യപർവ്വത സാനുക്കളിലെ തനതു കൽത്താമരപ്പൂക്കൾക്കു കൂടിയാണ് പച്ചയുടെ കുളിരുള്ള ഈ കൃതി സമർപ്പിച്ചിരിക്കുന്നത്.

ചതുപ്പിൽ വീണുകിടക്കുന്ന സത്യത്തെ നിരന്തരം അന്വേഷിക്കുമ്പോഴുണ്ടാവുന്ന വേവും വേവലാതിയും വാങ്മയമായി വിന്യസിക്കുകയാണിവിടെ.

' തലയിൽ തീചൂടി നിൽക്കുവാൻ
കൽത്താമരപ്പൂവിനാകുമോ?'
എന്നു കവി സന്ദേഹിക്കുന്നു.

'ഇരയാണു ഞാൻ' എന്ന അനുനിമിഷ ബോധ്യത്തിൽ നിന്ന് തിടംകൊണ്ട രചനകൾക്ക് പൊള്ളലുണ്ട്. അത് ഓരോരുത്തരുടേയും നീറ്റലാവുന്നുമുണ്ട്!

'മുഖം മൂടിയാണു സത്യം
മുഖം എന്നതുതന്നെ ഒരു തോന്നൽ '(തനിമുഖം)
എന്ന് വർത്തമാനകാലത്തെ വരയ്ക്കുന്നു.

' സ്നേഹരാഹിത്യം വിജയത്തിന്റെ കൊടിയടയാളം ' (ഹരിതകം) എന്ന ന്യൂനോക്തിയിലൂടെയാണ് നിരുപാധിക സ്നേഹത്തെഅടയാളപ്പെടുത്തുന്നത്.

' എത്ര മായ്ച്ചിട്ടും
മായാതെ ബാക്കിയായ
ചില നിലവിളികളുടെ ചരിത്രം'
(തോറ്റവളുടെ ചരിത്രം)

നെഞ്ചിൽ പേറുന്നതിനാൽ ഈ കവി എഴുതുന്നു. ' വെട്ടം തെളിക്കുവാൻ നെഞ്ചിലെ തീമാത്ര' (ഇരുളും വെളിച്ചവും) മേയുള്ളൂവെന്ന യാഥാർത്ഥ്യം അവർക്കറിയാവുന്നതുമാണല്ലോ.

അവനവൻറെ വ്യഥകളെ,ആശങ്കകളെ,നിലപാടുകളെ, സാമൂഹികബോധ്യത്തെ മൊഴികളിലൂടെ ചേർത്തുനിർത്താനുള്ള തീവ്രശ്രമത്തിന്റെ മുദ്രകൾ കവിതകൾ പേറുന്നുണ്ട്. പച്ചയുടെ ഞരമ്പുകൊണ്ടാണ് ഇവ രേഖപ്പെടുത്തിയിട്ടുള്ളത് എന്നതാണ് ഈ കൃതിയുടെ വ്യതിരിക്തത.

' ശരിക്ക് തെറ്റിന്റെ തോളിലും തെറ്റിന് ശരിയുടെ തോളിലും തലചായ്ക്കാൻ ഇടമുണ്ട് 'എന്ന ദർശനത്തിലേയ്ക്ക് വായനക്കാരൻ മിഴി തുറക്കാതിരിക്കില്ല.

'ദുരന്തങ്ങളുടെ തോരാപ്പെയ്ത്തിൽ അലമുറയിട്ടുകരയുന്ന ദൈവത്തിന്
ചിലപ്പോൾ പിശാച്
ഒരു മോർഫിൻ ഇഞ്ചക്ഷൻ കൊടുക്കുന്നു..
ഒരു ദിവസമെങ്കിലും വേദനയില്ലാതെ സമാധാനമായി ദൈവം ഉറങ്ങുമ്പോൾ
പിശാച്, ഒരു ദീർഘനിശ്വാസത്തോടെ
ദൈവത്തിൻറെ ഉറക്കത്തിന് കാവലിരിക്കുന്നു '
(ആശുപത്രി വാർഡ്)

ആശുപത്രിവാർഡ് എന്ന കവിത വ്യത്യസ്തമായ കാഴ്ച തരുന്നു, ഒരു ഭിഷഗ്വരയുടെ തനതായ നിരീക്ഷണം.

ആരും കാണാതെ ഒഴുകുന്ന കണ്ണീരിലാണ് കവി തൻറെ സ്നേഹം അടയാളപ്പെടുത്തിവച്ചിട്ടുള്ളത്. അതിന്റെ ഉൾക്കടച്ചിലും നിസ്സഹായതയും അതിജീവനവും സ്പഷ്ടം.ഒഴുക്കും ഒതുക്കവും ലാളിത്യവും ദർശനവുമാർന്ന പ്രണയപ്പച്ചയുടെ കവിതകളുമായി ഡോ.ആശ പ്രഭാകരൻ തന്നെ കവിതയുടെ വഴിയിൽ കൃത്യമായി അടയാളപ്പെടുത്തിയിരിക്കുന്നു.

# ചിത്രലോകം

ബാബു സേവിയർ








THE BIGGEST JEWELLERY SALE
THE INCREDIBLE FLAT
50%
OFF
ON MAKING CHARGES
FOR GOLD, DIAMONDS, POLKI & PRECIOUS JEWELLERY
Offer valid from 21ST Feb. to Mar. 23rd, 2025
*T&C Apply. Not applicable for Gold coins & bars.
GET 100% VALUE ON DIAMOND EXCHANGE
EASY PAYMENT PLANS
joyalukkas.com
Joyalukkas
World's favourite jeweller
ATLANTA
3155 PEACHTREE PKWY, SUWANEE GA 30024, USA, TEL: +1 470 835 6136
NEW JERSEY
1665 OAK TREE ROAD, SUIT #325, EDISON, NEW JERSEY. TEL: +1 732 515 9902
HOUSTON
5901 HILCROFT AVENUE, #C7-A, HOUSTON, TEXAS. TEL: +1 713 784 2992
CHICAGO
2642 WEST DEVON AVENUE, CHICAGO, ILLINOIS. TEL: +1 773 856 3013
DALLAS
7055 PRESTON ROAD FRISCO, DALLAS, TEXAS - 75034. TEL: +1 972 292 9936


LAWSON
travel
Enjoy Your
Vacations
With Us
214-631-2458
www.LawsonTravel.com


MALABAR
GOLD & DIAMONDS
Celebrate with Savings!
Pay 10%
Advance & Get
Gold Rate Protection
Advance valid until
30th April, 2025
Get a FREE
Diamond Gift Voucher
worth USD 50
On first booking until
13th April, 2025
*T&C Apply